# യേശുവിന്റെ ആത്മകഥ

(ഒരു ഭാവനാവിഷ്കാരം)

വാല്യം 7



ഫാദർ. സി. സി. ചെറിയാൻ

# യേശുവിന്റെ ആത്മകഥ


(ഒരു ഭാവന ആവിഷ്കാരം)

വാല്യം – 7

**ഫാദർ. സി. സി. ചെറിയാൻ**
**കോട്ടയം**

സി.സി. ബുക്ക്സ്, കോട്ടയം.

2021



Yeshuvinte Athmakadha - Volume 7
(Auto Biography of Jesus Christ)
By : Fr . C C Cherian
Mob: +91 944 73 02 518
frcccherian@gmail.com
Cover Design: Cyril Cherian
Page Setting : Cyril Cherian
Digital book: May 2021
Published by: C C Books, Kottayam.
Ptinted At: Manipal Technologies (Tel:  919995655111)

# സമർപ്പണം

എന്റെ പ്രിയ മാതാപിതാക്കൾ, എന്നെ
വൈദികപദവിയിലേയ്ക്ക് കൈവെപ്പ് നൽകി
ഉയർത്തിയ കാലം ചെയ്ത അഭിവന്ദ്യ യൂഹാനോൻ മാർ
സേവേറിയോസ് തിരുമേനി, ആധ്യാത്മികതയുടെ
അടിസ്ഥാനപ്രമാണങ്ങൾ പകർന്നു തന്ന
കാലം ചെയ്ത അഭിവന്ദ്യ ഡോ. പൗലോസ്
മാർ ഗ്രീഗോറിയോസ് തിരുമേനി, കോട്ടയം
വൈദികസെമിനാരിയിൽ എന്നെ സഭാജീവിതം
പരിശീലിപ്പിടച്ച വന്ദ്യരായ ഗുരുക്കൻമാർ, എന്നെ
സ്നേഹിക്കുകയും, കരുതുകയും പ്രോത്സാഹിപ്പിക്കുകയും
ചെയ്ത പ്രിയ കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ തുടങ്ങി
എല്ലാവർക്കുമായി ഈ ഗ്രന്ഥം ഞാൻ സമർപ്പിക്കുന്നു.

# ഉള്ളടക്കം

(വാല്യം – 7)


| | |
|---|---|
| പ്രസ്താവന : ഫാ. സി. സി. ചെറിയാൻ. | 5 |
| അവതാരിക: "സഭാ ഗുരുരത്നം" റവ. ഫാ. ഡോ. T. J. ജോഷ്വാ | 7 |
| വാങ്മുഖം: റവ.ഫാ.ഡോ. ജേക്കബ് കുര്യൻ | 9 |
| അവലോകനം: റവ.ഫാ. ഡോ. ഓ. തോമസ് | 11 |
| ആസ്വാദനം: റവ. ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ | 15 |
| 91. മാളികയിലെ പ്രബോധനവും ശിഷ്യന്മാരുടെ കാൽകഴുകലും. | 19 |
| 92. അന്ത്യ അത്താഴവും പുതിയനിയമ ബലിയും | 28 |
| 93. മുഅപ്പോസ്തലൻമാരോടുള്ള എന്റെ വ്യക്തിഗത സംഭാഷണങ്ങൾ. | 35 |
| 94. പരിശുദ്ധാത്മാവായ ദൈവം നിങ്ങളെ സകല സത്യത്തിലും വഴി നടത്തും | 43 |
| 95. സ്വർഗ്ഗപിതാവിനോടുള്ള എന്റെ മഹാപുരോഹിത പ്രാർത്ഥന | 52 |
| 96. ഗത്സമനയിലെ അറസ്റ്റും മഹാ പുരോഹിതരുടെ ന്യായവിസ്താരവും | 62 |
| 97. പീലാത്തോസ് എന്നെ വിസ്തരിച്ച് ക്രൂശിപ്പാനായി വിട്ടുകൊടുത്തു | 70 |
| 98. കുരിശിന്റെ വഴിയും കാൽവരിയിലെ ക്രൂശീകരണവും | 79 |
| 99. എന്റെ മരണവും കബറടക്കവും | 86 |
| 100. കണ്ടാലും ഞാൻ ഉയർത്തെഴുന്നേറ്റു! പലർക്കും പ്രത്യക്ഷനായി! | 96 |
| 101. ഉയിർപ്പിന്ശേഷം 40 ദിവസങ്ങൾ പലസ്ഥലങ്ങളിൽ പ്രത്യക്ഷനായി | 104 |
| 102. അപ്പോസ്തലന്മാർക്ക് മാത്രമായി ഞാൻ മൂന്ന് പ്രാവശ്യം പ്രത്യക്ഷപ്പെട്ടു | 111 |
| 103. സകല മനുഷ്യരെയും എന്റെ ശിഷ്യരാക്കി കൊൾവിൻ | 117 |
| 104. സ്വർഗ്ഗാരോഹണവും പെന്തിക്കൊസ്തിയും | 124 |
| 105. സ്വർഗ്ഗരാജ്യവുംഎന്റെ രണ്ടാം വരവും | 132 |
| ആത്മഗതം | 142 |
| അനുബന്ധം 1 – ഉള്ളടക്കം (വാല്യം – 1, 2, 3, 4, 5, 6) | 147 |
| വിഷയ അനുക്രമണിക | 151 |
| അനുബന്ധം 2– About the Author | 156 |
| Books by the Author | 157 |

# പ്രസ്താവന

സൃഷ്ടാവായ ദൈവതിരു മുൻപാകെ ആയിരമായിരം സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു. യേശുക്രിസ്തുവിനെ കൂടുതലായി അടുത്തറിയാൻ ലക്ഷ്യംവച്ചുകൊണ്ട്, എഴുതിത്തുടങ്ങിയ ഗ്രന്ഥ പരമ്പര പൂർത്തിയാക്കുവാൻ ദൈവം ബലഹീനനായ എന്നെ ഉപയോഗിച്ചു എന്നതിൽ നിറഞ്ഞ സംതൃപ്തിയോടെ ദൈവത്തോട് നന്ദി കരേറ്റുന്നു. യേശുക്രിസ്തുവു മായുള്ള നിരന്തര സംസർഗ്ഗം ഒട്ടും വീഴ്ച കൂടാതെ തുടർന്ന് പോകണമെന്ന ആഗ്രഹവും വിധേയത്വവും മനസ്സിൽ നിന്ന് മാറി പോകരുതേ എന്ന പ്രാർത്ഥന തുടരുക തന്നെയാണ്. എഴുതി കഴിഞ്ഞതിലോ വായിച്ചു കഴിഞ്ഞതിലോ സംതൃപ്തി കണ്ടെത്താതെ, അനുദിനം യേശുവുമായുള്ള മധുര സംസർഗ്ഗം പുലർത്തുവാൻ നിങ്ങളെപ്പോലെ ബലഹീനനായ എനിക്കും സാധിക്കുവാൻ നമുക്ക് ഒരുമിച്ച് ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. പരിശുദ്ധാത്മാവിലൂടെ യേശുക്രിസ്തുവിന്റെ അദൃശ്യസാന്നിധ്യം അനസ്യൂതം അനുഭവിക്കുവാൻ, നാം വിനയത്തോടെ പരിശ്രമിച്ചാൽ നമുക്ക് കഴിയും എന്ന് എനിക്ക് ഉറപ്പുണ്ട്.

ഈ ഗ്രന്ഥത്തിന്റെ ഒടുവിൽ കൊടുത്തിരിക്കുന്ന എന്റെ "ആത്മഗതം" നിങ്ങൾ വായിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. നിങ്ങളോരോരുത്തരും യേശുക്രിസ്തുവിനെ അടുത്തറിയാനും അനുസരിക്കുവാനും ആശ്രയിക്കാനും മറ്റുള്ളവർക്ക് യേശുവിനെ ജീവിതത്തിലൂടെ കാണിച്ചു കൊടുക്കുവാനും പരിശ്രമിക്കണം എന്ന ആഗ്രഹം ഞാൻ ഒരിക്കൽകൂടി പ്രകടിപ്പിക്കുന്നു.

ഈ ഗ്രന്ഥപരമ്പരയിലെ വിഷയങ്ങൾ പല അധ്യായങ്ങളിലായി ചിതറിക്കിടക്കുകയാണല്ലോ. അവയെ ഒരു പരിധിവരെ എളുപ്പത്തിൽ കണ്ടുപിടിക്കാൻ ഒരു "ലഘു വിഷയാനുക്രമണിക"(Index) ഒടുവിലായി ചേർത്തിട്ടുണ്ട്. അത് അപൂർണ്ണവും ഭാഷാപരമായി വേണ്ടത്ര കൃത്യതയില്ലാത്തതു മാണെങ്കിലും ഈ ഗ്രന്ഥ പാരായണത്തിന് അൽപമെങ്കിലും പ്രേരണ നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ഓരോ വാക്കുകൾ കൃത്യമായി കണ്ടെത്തുവാൻ ചിലപ്പോൾ ഒരു പേജ് മുഴുവൻ കണ്ണോടിക്കേണ്ടിവരും. ഇത്തരത്തിലുള്ള സാങ്കേതിക പോരായ്മകൾ സദയം ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു.

ഈ ഗ്രന്ഥപരമ്പരയുടെ രചയിതാവായി ബലഹീനനായ എന്റെ പേരാണ് എഴുതപ്പെടുന്നത് എങ്കിലും, ഇത്തരത്തിൽ എഴുതുവാൻ

പ്രചോദനവും പ്രേരണയും പ്രോത്സാഹനവും ആലോചനകളും തിരുത്തലുകളും എല്ലാം എനിക്ക് നൽകിയിരുന്ന നാല് സമുന്നതരായ വൈദിക ശ്രേഷ്ഠരെ ഞാൻ വളരെ നന്ദി ബഹുമാനങ്ങളോടെ ഇവിടെ എടുത്തു പറയുകയാണ്. വിശേഷണങ്ങൾ ആവശ്യമില്ലാത്ത ലോകപ്രസിദ്ധനായ എന്റെ അഭിവന്ദ്യ ഗുരുനാഥൻ "സഭാ ഗുരുരത്നം" റവ. ഫാ. ഡോ. ടി. ജെ. ജോഷ്വ, എന്റെ പ്രിയ സതീർത്ഥ്യനും വേദശാസ്ത്ര പണ്ഡിതനും കോട്ടയം വൈദിക സെമിനാരി മുൻ പ്രിൻസിപ്പാളുമായ റവ.ഫാ. ഡോ. ജേക്കബ് കുര്യൻ, വിദ്യാർത്ഥി കാലംമുതൽ എന്റെ സുഹൃത്തും കൗൺസിലിംഗ് വിദഗ്ധനും കോട്ടയം വൈദിക സെമിനാരി മുൻ പ്രിൻസിപ്പാളുമായ റവ. ഫാ. ഡോ. ഒ.തോമസ്, കോട്ടയം സെമിനാരി പ്രൊഫസറും അക്ഷരലോകത്തും മാധ്യമരംഗത്തും എന്റെ സുഹൃത്തും വഴികാട്ടിയുമായ റവ. ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ എന്നീ സമാരാധ്യരായ വൈദിക ശ്രേഷ്ഠരോടുള്ള എന്റെ ഹൃദയം നിറഞ്ഞ നന്ദിയും കടപ്പാടും ഒരിക്കൽ കൂടി സ്നേഹപൂർവ്വം സമർപ്പിക്കുന്നു. പലപ്പോഴായി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകിയ എല്ലാ സുഹൃത്തുക്കൾക്കും എന്റെ പ്രിയ കുടുംബാംഗങ്ങൾക്കും അകമഴിഞ്ഞ നന്ദി അറിയിക്കുന്നു.

ഈ ഗ്രന്ഥപരമ്പരയിലെ ഒന്നാം വാല്യത്തിന്റെ പേജ് സെറ്റിങ്ങ്, മിനുക്കുപണികൾ എന്നിവ കമ്പ്യൂട്ടർ സഹായത്തോടെ ഏറെ ശ്രദ്ധാപൂർവ്വം വളരെ ഭംഗിയായി നിർവ്വഹിച്ച, ബഥനി ആശ്രമ അംഗവും എന്റെ ഉത്തമ സുഹൃത്തുമായ റവ. ഫാ. ഇയ്യോബ് ഓ. ഐ. സി. യോട് എനിക്കുള്ള നിസ്സീമമായ നന്ദിയും കടപ്പാടും പ്രത്യേകം രേഖപ്പെടുത്തുന്നു. എല്ലാ ഗ്രന്ഥങ്ങൾക്കും മനോഹരമായ കവർ ഡിസൈൻ, പേജ് സെറ്റിംഗ്, ഡിജിറ്റൽ ബുക്ക് എന്നിവ തയ്യാറാക്കി സഹായിച്ച എന്റെ മകൻ സിറിൽ ചെറിയാൻ, കൊച്ചുമകൻ ക്രിസ് സിറിൽ, അച്ചടി ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കിയ "മണിപ്പാൽ ടെക്നോളജി" ഭാരവാഹികൾ, പ്രസാധനം ഏറ്റെടുത്ത "സി. സി. ബുക്സ് കോട്ടയം" എന്നിവരോടുള്ള നന്ദിയും കടപ്പാടും പ്രത്യേകം രേഖപ്പെടുത്തുന്നു.

സർവോപരി, പരമകാരുണ്യവാനായ ദൈവ പിതാവിനും, മനുഷ്യാവതാരം ചെയ്ത് ജീവിതമാതൃക കാണിച്ചുതന്ന ദൈവപുത്രനായ യേശു ക്രിസ്തുവിനും, എന്നേക്കും കൂടെ വസിച്ചു വഴിനടത്തുന്ന പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിച്ചുകൊണ്ട് വിരാമം കുറിക്കട്ടെ.

വിനയപൂർവ്വം,

ഫാ. സി. സി. ചെറിയാൻ
കോട്ടയം,
സ്വർഗ്ഗാരോഹണ പെരുന്നാൾ, 13–5–2021.

# അവതാരിക

"സഭാ ഗുരുരത്നം" റവ. ഫാ. ഡോ. T. J. ജോഷ്വാ

ഏഴ് പൂർണതയുടെ സംഖ്യയാണെന്ന് ചില പാരമ്പര്യങ്ങളിൽ പരിഗണിക്കുന്നു. അങ്ങനെയെങ്കിൽ "യേശുവിന്റെ ആത്മകഥ" എന്ന ആഖ്യാനത്തിന്റെ സമാപനം കുറിക്കുന്ന ഏഴാമത്തെ വാല്യമായതിൽ ഗ്രന്ഥ കർത്താവിന് സംതൃപ്തിയും കൃതജ്ഞതയും സ്തോത്രവു മെല്ലാം അനുഭവപ്പെടുന്ന സന്ദർഭം! ഈ കൃതിയുടെ രചന ഒരു യജ്ഞം പോലെ ഏകാഗ്രതയോടെ നടത്തുകയായിരുന്നു. ദൈവാത്മാവിന്റെ പ്രചോദനവും പ്രോത്സാഹനവും തിരുവചന ധ്യാനവും എല്ലാം അതിന്റെ പിമ്പിൽ നിസ്തന്ദ്രമായിട്ടു ണ്ടായിരുന്നു. ഏഴു വാല്യ ങ്ങളും വായിക്കുവാൻ എനിക്ക് അവസരമുണ്ടായി എന്നുള്ളതും അവയ്ക്കെല്ലാം അവതാരിക എഴുതുവാനുള്ള സുവർണ്ണ അവസരവും എനിക്കുണ്ടായി എന്നുള്ളതും അസാധാരണമായ ഒരു സംരംഭം എന്ന് വിശേഷിപ്പിക്കേണ്ടിയിരിക്കുന്നു.

സുവിശേഷ സത്യങ്ങളോട് വിശ്വസ്തത പുലർത്തി ക്കൊണ്ടും, താൻ മുറുകെപിടിക്കുന്ന ഓർത്തഡോക്സ് വിശ്വാസത്തെ ഉയർത്തി പ്പിടിച്ചുകൊണ്ടുമാണ്, ആധുനിക പ്രവണതകളെയും പ്രതിഭാസങ്ങളെയും വിലയിരുത്താനും വിശദീകരിക്കാനും ശ്രമിച്ചിട്ടുള്ളത്. ഈ വാല്യത്തിലും 15 അധ്യായങ്ങളിലായി യേശുക്രിസ്തുവിന്റെ പെസഹാ ഭക്ഷണം മുതൽ പുനരാഗമന പ്രതീക്ഷ വരെയുള്ള വിഷയങ്ങൾ വിചിന്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം പ്രതിപാദിക്കുന്നതാണ് മാളികയിൽ വെച്ച് പെസഹായിക്കു ശേഷം ശിഷ്യന്മാരുമായി നടത്തുന്ന ദീർഘ പ്രഭാഷണം. ആ പ്രഭാഷണത്തിലെ വിഷയങ്ങൾ വേർതിരിച്ച് വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ടതാണ് പരിശുദ്ധാത്മാവിനെ കുറിച്ചുള്ള പ്രതിപാദനം. പരിശുദ്ധാത്മാവ് ഒരു ആളത്വം ആണെന്നും, സവിശേഷമായ പ്രവർത്തനങ്ങളുടെ സ്രോതസ്സാണെന്നും വ്യക്തമാക്കുന്നു. പരിശുദ്ധാത്മാവിനെ പറ്റി ഓർത്തഡോക്സ് സഭയ്ക്ക് ഉൽകൃഷ്ടമായ വീക്ഷണവും വിശ്വാസവും ഉണ്ടെങ്കിലും പരിശുദ്ധാത്മാവിനെ കുറിച്ചുള്ള പ്രബോധനങ്ങൾ കുറവാണ്. എന്നാൽ ഈ കൃതിയിൽ ആ പോരായ്മ പരിഹരിക്കുവാൻ തക്കവണ്ണം വിശദമായി പരിശുദ്ധാത്മാവിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുന്നു. മാളികയിലെ പ്രഭാഷണത്തിന്റെ അവസാനത്തിൽ യേശുക്രിസ്തു നടത്തുന്ന ദീർഘമായ പ്രാർത്ഥന("മഹാ പുരോഹിത പ്രാർത്ഥന") ഒലിവ് മലയിൽ വച്ച് നടത്തുന്നത് ആയിട്ടാണ്

ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. അതി ന് തെളിവൊന്നുമില്ല. പ്രാർത്ഥനയുടെ അപഗ്രഥനം ഹൃദ്യമായി നടത്തിയിട്ടുണ്ട്. സഭകളുടെ ഐക്യ പ്രസ്ഥാനത്തിന് പ്രചോദനം നൽകിയിട്ടുള്ളത് ഈ പ്രാർത്ഥനയുടെ സമാപന ചിന്തകളാണ്.

ക്രൂശീകരണകത്തോ ടനുബന്ധിച്ചുള്ള വസ്തുതകൾ വിശദമായും ഹൃദയസ്പർശിയായും രേഖപ്പെടുത്തുന്നു. അനുവാചകരുടെ കണ്മുൻപിൽ ആ രംഗങ്ങൾ തെളിഞ്ഞുനിൽക്കും. നാല് സുവിശേഷങ്ങളിലായി കാണുന്ന ക്രൂശിലെ 7 മൊഴികൾക്ക് പാരമ്പര്യമായി ഒരു ക്രമം നൽകപ്പെട്ടിട്ടുണ്ട്. അതുതന്നെ ഇവിടെയും പിന്തുടരുന്നു.

യേശുവിന്റെ ഉയർപ്പാണ് സുവിശേഷ സത്യങ്ങളിലെ "ക്ലൈമാക്സ്" എന്ന് പറയുന്നത്. സുവിശേഷത്തി ന്റെ അടിസ്ഥാനശില എന്നും വിശേഷിപ്പിക്കാം. അക്കാര്യം പൗലോസ് ശ്ലീഹ കൊരിന്ത്യ ലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉയർ പ്പിന് ശേഷം പല രംഗങ്ങളിൽ പലർക്കും യേശു പ്രത്യക്ഷപ്പെടുന്നതായി സുവിശേഷങ്ങളിൽ വായിക്കാം. അതിന്റെ ലക്ഷ്യം കേവലം സന്ദർശനം എന്നതല്ല, തന്റെ പുനരുദ്ധാന സത്യം അവരുടെ ഹൃദയങ്ങളിൽ ദൃഢമൂലമാക്കുന്നതിനാണ്. പ്രാർത്ഥനയ്ക്കായി കൂടി വരുമ്പോൾ, വഴിയാത്ര ചെയ്യുമ്പോൾ, അധ്വാനത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ, ഇങ്ങനെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഘട്ടങ്ങളിലും തിരുസാന്നിധ്യം ഉറപ്പാക്കുകയായിരുന്നു ലക്ഷ്യം. ഈ കൃതിയിൽ പല ഭവനങ്ങളും യേശു സന്ദർശിക്കുന്നതായി പറഞ്ഞിട്ടുള്ളത് കേവലം ഭാവന മാത്രമാണ്.

അവിടുത്തെ സ്വർഗ്ഗാരോഹണം ശിഷ്യന്മാർക്ക് നഷ്ടബോധം വരുത്തിയില്ല. കാരണം, അദൃശ്യമായ സാന്നിധ്യം അവർക്ക് അത്രയ്ക്ക് ഉറപ്പായിരുന്നു. മാത്രമല്ല, 10 ദിവസം കഴിഞ്ഞപ്പോൾ മറ്റൊരു കാര്യസ്ഥനായ പരിശുദ്ധാത്മാവിനെ അവർക്ക് ലഭിക്കുകയും ചെയ്തു. പുതുശക്തിയും സുവിശേഷം അറിയിക്കുവാ നുള്ള തീക്ഷ്ണതയും അതുമൂലം കൈവന്നു.

കർത്താവിന്റെ പുനരാഗമന ത്തെപ്പറ്റി സുവിശേഷത്തിലും വെളിപാട് പുസ്തകത്തിലും പരാമർശിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ നല്ല പ്രത്യാശ ഉണർത്തുന്ന ചിന്തകൾ ഉന്നയിച്ചിട്ടുണ്ട്. അവസാനം, ഗ്രന്ഥകാരനെപ്പറ്റി യേശു നൽകുന്ന സാക്ഷ്യം ശ്രദ്ധേയമായിട്ടുണ്ട്.

തപസ്സനുഷ്ഠിച്ച് ഈ ഗ്രന്ഥാവലിയുടെ പൂർത്തീകരണം അഭിനന്ദനാർഹമാംവണ്ണം സാധിച്ചതിൽ ഗ്രന്ഥകാര നോടൊപ്പം ഞാനും സന്തോഷിക്കുന്നു. അദ്ദേഹത്തെ അനുമോദിക്കുന്നു. ദൈവത്തിന് ആയിരമായിരം സ്തോത്രം സമർപ്പിച്ചുകൊണ്ട് വിശ്വാസികൾക്കായി ഈ ഗ്രന്ഥം അവതരിപ്പിക്കുന്നു..

സചിവോത്തമപുരം, കോട്ടയം
8 ഏപ്രിൽ, 2021.

# വാങ്മുഖം

റവ.ഫാ.ഡോ. ജേക്കബ് കുര്യൻ

യേശുവിന്റെ മനസ്സറിഞ്ഞ്, യേശുവിന്റെ കൂടെ ആയിരുന്ന്, യേശുവിന്റെ വാക്കുകേട്ട്, യേശുവിന്റെ ആത്മകഥ രചിച്ച് 7 വാല്യങ്ങൾ പൂർത്തീകരിച്ചി രിക്കുകയാണ് ബഹുമാനപ്പെട്ട സി. സി. ചെറിയാനച്ചൻ. സത്യം പറഞ്ഞാൽ, ഒരു വലിയ ചങ്കുറ്റമുണ്ടെങ്കിലേ ഇപ്രകാരം ഒരു രചനയിൽ ഏർപ്പെടാൻ കഴിയൂ. കാരണം എവിടെയെങ്കിലും യേശു ചിന്തിക്കാത്തത് ചിന്തിച്ചും യേശു പറയാൻ ആഗ്രഹിച്ചത് മാറ്റംവരുത്തി പറഞ്ഞും വല്ലതും യേശുവിന്റെ പേരിൽ എഴുതിയാൽ, അത് ആപത്താണെന്നു അറിഞ്ഞേ ഇപ്രകാരമൊരു ഒരു ഉദ്യമം ഏറ്റെടുക്കുവാൻ കഴിയൂ. അക്കാര്യം അറിഞ്ഞുകൊണ്ട് ഈ ഉദ്യമം നിറവേറ്റിയത് ഏത് ചേതോവികാരത്തോടെ ആയിരിക്കും എന്ന് ആർക്കും ചോദിക്കാം. ഒരു ദൈവീകമനസ്സ് തനിക്ക് ഉണ്ടായി എന്നാണോ? ഒരു ബൈബിൾ പണ്ഡിതൻ എന്ന അവബോധം ആണോ? യേശു എന്ന "ദൈവ–മനുഷ്യന്റെ" മനസ്സ് താൻ സ്വാംശീകരിച്ചെന്ന അവകാശബോധമാണോ? താൻ പറയുന്നതിനപ്പുറം യേശു പറയാൻ പോകുന്നില്ല എന്ന അഹങ്കാരമാണോ?

അതൊന്നുമല്ല എന്ന് ആണയിട്ടു പറഞ്ഞുകൊണ്ട് എഴുത്തുകാരൻ പറയും,തന്റെചങ്കുറ്റംയേശുവിന്റെമടിയിൽകയറിയിരിക്കുന്നബാലമനസ്സിന്റെ ചങ്കുറ്റം മാത്രമാണെന്ന്; യേശുവിന്റെ മാറിൽ ചാരി കിടന്ന, യേശു സ്നേഹിച്ച ശിഷ്യന്റെ ചങ്കുറ്റം മാത്രമാണെന്ന്. "നിങ്ങൾ തിരിഞ്ഞ് ശിശുക്കളെ പോലെ ആകുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" എന്നും, "നീ ഇത് ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തി യതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു" എന്നും പറഞ്ഞ യേശുവിന്റെ വാക്കുകൾ ഇവിടെയാണ് പ്രസക്തമായി വരുന്നത്. ചുരുക്കത്തിൽ യേശുവിന്റെ സന്നിധിയിലെ ഒരു ശിശുവിന്റെ സുതാര്യത യിലേക്കുള്ള തീർത്ഥാടനമാണ് ഈ ഉദ്യമത്തിന്റെ പിന്നിലെ ചേതോവികാരം.

ആംഗലേയ ഭാഷയിൽ യേശുവിനെ ഏറ്റവുമധികം പ്രിയപ്പെടുത്തിയ രണ്ട് കൃതികൾ ഉണ്ട്. ഒന്ന് ഒരു നോവലാണ്. മറ്റേത് ഒരു ജീവചരിത്രാഖ്യാനം

ആണ്. ലോയിഡ് സി. ഡഗ്ലസിന്റെ "ദി റോബ്" (മേലങ്കി) എന്നതും, ബിഷപ്പ് ഫുൾട്ടൻ. ജെ. ഷീനി ന്റെ"ലൈഫ് ഓഫ് ക്രൈസ്റ്റ്" (ക്രിസ്തുവിന്റെ ജീവിതം) എന്നതുമാണ് അവ. ഈ രണ്ടു കൃതികളും മനുഷ്യ മനസ്സിലേക്ക് യേശുവിന്റെ ജീവാംശത്തെ സന്നിവേശിപ്പിക്കാൻ എത്രമാത്രം വിജയിച്ചു എന്ന് കൂടുതൽ വിശദീകരിക്കേണ്ടതില്ല. അത ത്രമാത്രം ശക്തവും വ്യക്തവുമായ ചരിത്ര സാക്ഷ്യമാണ്.

ഈ രണ്ട് കൃതികളുടെയും ആധികാരികത അവയു ള്ളിലെ "ക്രിസ്തു സ്പർശമാണ്."ഇതുപോലെ ഒരു ആധികാരികത "യേശുവിന്റെ ആത്മകഥ"യ്ക്കും ഉണ്ടാകുമെന്ന് നിശ്ചയമായും പ്രതീക്ഷിക്കാം. ക്രിസ്തീയ സഭകളിലും ക്രൈസ്തവ നേതൃത്വത്തിലും പൊതുവെ നഷ്ടമായിക്കൊണ്ടിരിക്കുന്നത് ഒരു "ക്രിസ്തു ഘടകം" (Christ – factor) അഥവാ "ക്രിസ്തുസ്പർശം"(Christ–touch) ആണ്. ക്രിസ്തുവി ലേക്കുള്ള ഒരു മടങ്ങിവരവ് മനസ്സാക്ഷികളിൽ ആഗ്രഹിക്കുന്ന, നിർബന്ധിക്കുന്ന സംഭവങ്ങളിലേക്കാണ് വ്യക്തികളും കുടുംബങ്ങളും സമൂഹങ്ങളും സഭകളും ചെന്ന് വീണു കൊണ്ടിരിക്കുന്നത്.

ക്രിസ്തുവിന്റെ പ്രബോധനങ്ങളും സഹന സാക്ഷ്യങ്ങളും മരണവും ഉയിർപ്പും രണ്ടാമത്തെ വരവും യുഗാന്ത്യസംഭവങ്ങളും ഈ ഗ്രന്ഥപരമ്പരയിലൂടെ,അനുസ്മരണംഎന്നതിനേക്കാൾഅനുഭവതലത്തിൽ ആവിഷ്ക്കരിക്കുക എന്ന ഏകലക്ഷ്യമാണ് ഈ ഗ്രന്ഥ രചനയിലൂടെ ബഹുമാനപ്പെട്ട സി. സി. ചെറിയാൻ അച്ചൻ അനാവരണം ചെയ്യുന്നത്. ആ ലക്ഷ്യം നിറവേറ്റിയോ എന്ന് 'കാലം' ആണ് ഉത്തരം നൽകുന്നത്,എങ്കിലും അതിന്റെ ശുഭോദർക്കമായ ലക്ഷണങ്ങൾ ഈ ഗ്രന്ഥങ്ങളിലും അനുവാചക സ്പന്ദനങ്ങളിലും ആവോളം ഉണ്ടെന്ന് ധൈര്യമായി പറയാം.

കോട്ടയം, ഈസ്റ്റർ 2021.

# അവലോകനം

റവ. ഫാ. ഡോ. ഓ. തോമസ്

**നസ്രായൻ എഴുതിപ്പിച്ചതിനെ പരിശുദ്ധാത്മാവ് പൂർത്തീകരിക്കുന്നു.**

വന്ദ്യനായ ചെറിയാനച്ചന്റെ "യേശുവിന്റെ ആത്മകഥ"യുടെ ഒന്നാം വാല്യത്തിന് "നസ്രായൻ എഴുതിപ്പിച്ചത്" എന്നാണ് ഞാൻ തലക്കെട്ട് നൽകിയത്. ഏഴാം വാല്യം വായന പൂർത്തീകരിച്ചപ്പോൾ പരിശുദ്ധാത്മാവ് പൂർത്തീകരിച്ചു എന്ന് വിശേഷിപ്പിക്കാൻ ആഗ്രഹിക്കുന്നു. വന്ദ്യ. അച്ചൻ ഒരു ബഹുമുഖ പ്രതിഭയാണ്. എന്നാൽ "നസ്രായന്റെ ആത്മകഥ" പൂർത്തീകരിക്കാൻ അദ്ദേഹത്തെ സഹായിച്ചത് ഉയരത്തിൽനിന്നുള്ള ശക്തിയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അറിവും വായനയും പഠനവുമൊക്കെ ആ പ്രക്രിയയെ സഹായിച്ചിട്ടുണ്ടാകും.

ആത്മകഥയുടെ ഭാവനാവിഷ്കരണം ഏഴാം വാല്യത്തിൽ അതിന്റെ അത്യുച്ചകോടിയിൽ എത്തിയിരിക്കുന്നു. വേദപുസ്തകത്തിൽ കാണപ്പെടാത്ത ചില ഭാവനാവിഷ്കാരങ്ങൾ, പക്ഷേ വേദപുസ്തക ചരിത്രത്തിനും വേദശാസ്ത്രത്തിനും നിരക്കാത്ത ഒന്നായി തോന്നിയില്ല. കഥാപാത്രങ്ങളോട് ഇഴുകിചേരുമ്പോഴാണല്ലോ നടീനടന്മാർ ഉൽകൃഷ്ടരായിതീരുന്നത്. ഇവിടെ ഇഴുകിചേരൽ കുറേക്കൂടി കട്ടപ്പമുള്ള പ്രക്രിയയിലാണ് ഗ്രന്ഥകർത്താവ് പങ്കുചേർന്നത്. ത്രിത്വത്തിൽ രണ്ടാമനായ ലോകരക്ഷകനായ ക്രിസ്തുവിന്റെ മനസ്സിനോട് താദാത്മ്യപ്പെടുവാൻ മനുഷ്യരാൽ ആർക്കും സാധ്യമല്ല."ഞാൻ നിങ്ങളിലും നിങ്ങൾ എന്നിലും"വസിക്കും എന്ന"പെരികൊറേസിസ്" സാധ്യതയും സകല സത്യത്തിലും വഴിനടത്തുന്ന പരിശുദ്ധാത്മാവിന്റെ പ്രേരണയുമാണ് ഈതരത്തിൽ ഒരു ഭാവനാവിഷ്ക്കരണം സാധ്യമാക്കി തീർത്തത്. ജഡരക്തങ്ങൾക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമായിരിക്കുന്നു.

ഭാവനയിലൂടെ ശ്രേഷ്ഠമായ ഒട്ടേറെ വെളിപ്പെടുത്തലുകൾ ഈ വാല്യത്തിൽ നൽകിയിരിക്കുന്നു. യൂദായുടെ രഹസ്യ ആലോചനയെകുറിച്ചുള്ള യാക്കോബിന്റെ അടക്കം പറച്ചിലുകൾ, അന്ത്യഅത്താഴത്തിന് സെഹിയോൻ മാളിക കണ്ടെത്തിയത്, ശിഷ്യന്മാരെ വിട്ടുപിരിയുന്ന ഗുരു

നൽകുന്ന യാത്രയയപ്പ് വിരുന്ന് (Kiddush), അന്ത്യ അത്താഴത്തിന്റെ ദൃശ്യവിവരണം, മാതാവിനോടും ഓരോ ശിഷ്യനോടുമുള്ള പ്രത്യേകമായ പ്രബോധനങ്ങൾ, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനെപ്പറ്റി വ്യക്തവും ശക്തവുമായ പ്രബോധനങ്ങൾ എന്നിവ അവയിൽ ചിലത് മാത്രമാണ്. കാലികപ്രാധാന്യമുള്ള പരിശുദ്ധാത്മാവിന്റെ പ്രബോധനം ഒന്ന് ശ്രദ്ധിക്കുക. "ദൈവികനീതിയും ലോകനീതിയും തമ്മിൽ തിരിച്ചറിയാനാകാതെ, ലോകത്തിൽ നീതി നടപ്പാക്കാനുള്ള "നീതിന്യായ കോടതികൾ" ദൈവിക കാര്യങ്ങൾ മനസ്സിലാക്കി തീർപ്പു കൽപ്പിക്കാൻ പര്യാപ്തമല്ലെന്ന് ഒരിക്കൽ കൂടി ഞാൻ സത്യവിശ്വാസികളെ ഓർമ്മിപ്പിക്കുന്നു".

ക്രിസ്തുവിനെ ന്യായം വിസ്തരിക്കുമ്പോൾ ശിഷ്യനായ യോഹന്നാനെ കൂടെ നിർത്തുന്നതും, പിലാത്തോസ്, യേശുവിന്റെ പേരിലുള്ള കുറ്റം എഴുതി നൽകുവാൻ മഹാപുരോഹിതനോട് ആവശ്യപ്പെടുന്നതും, യാക്കോബിന്റെ രഹസ്യാന്വേഷണ സംഘത്തിന്റെ കണ്ടെത്തലുകളും, അവസാന നിമിഷത്തിലെ സാത്താന്റെ പ്രലോഭന ത്താൽ "എന്റെ ദൈവമേ, എന്റെ ദൈവമേ എന്നെ കൈവിട്ടത് എന്ത്?" എന്ന ക്രിസ്തുവിന്റെ പ്രാർത്ഥനയും, കുരിശുമരണത്തിന്റെ വേദന കുറയ്ക്കുവാനുള്ള പാനീയം കുടിക്കാതെ "മരണ ക്കാസാ" പൂർണതോതിൽ യേശു അനുഭവിക്കുവാൻ നിശ്ചയിച്ചതും, പ്രാണൻ വിട്ട് അശരീരിയായി ക്രിസ്തു ദേവാലയത്തിൽ പ്രവേശിച്ച് തിരശ്ശീല രണ്ടായി വലിച്ചു കീറിയതും യുക്തിസഹമായ ചോദ്യങ്ങളിലേക്കല്ല, മറിച്ച് ക്രൂശ്ശാരോഹണ സംഭവങ്ങളുടെ യാഥാർത്ഥ്യത്തിലേക്കാണ് വിശ്വാസിയുടെ വായനയെ തിരിച്ചുവിടുന്നത്.അതുപോലെ ഉയർത്തെഴുന്നേറ്റ കർത്താവ് പത്രോസിനും ലാസറിനും, ലാസറിന്റെ സഹോദരിമാർക്കും അവിടെയുണ്ടായിരുന്ന തന്റെ അമ്മ മറിയാമിനും മറ്റ് ശിഷ്യസ്ത്രീകൾക്കും, അരിമത്യക്കാരൻ യൗസേപ്പിന്റെ ഭവനത്തിനും, ഗ്രീക്ക് യഹൂദന്മാർക്കും, അലക്സാണ്ട്രിയായിലുമൊക്കെ പ്രത്യക്ഷപ്പെടുന്നത് ആക്ഷരികമായി വേദപുസ്തകത്തിൽ ഇല്ലെങ്കിലും, "ഈപുസ്തകത്തിൽ എഴുതപ്പെടാത്ത ഒട്ടനവധി കാര്യങ്ങൾ ഉണ്ടെന്ന" യോഹന്നാന്റെ സാക്ഷ്യപ്പെടുത്തലിൻ്റെ അടിസ്ഥാനത്തിൽ, അവയെ ആത്മീയമായി ഭാവനയിൽ കാണുന്നതിൽ തെറ്റില്ല എന്ന് തോന്നുന്നു. യേശു ശിഷ്യർക്ക് പ്രത്യക്ഷപ്പെടുമ്പോൾ തോമസ് അലഞ്ഞുതിരിഞ്ഞു നടക്കുന്നതും, യൂദായുടെ ചിന്നിച്ചിതറിയ മൃതശരീരം കണ്ടെത്തിയതും, സഹ ശിഷ്യർക്ക് ഭക്ഷണം വാങ്ങി കൊണ്ട് വന്നതുമൊക്കെ വായിക്കുമ്പോൾ യാഥാർത്ഥ്യമെന്ന് തന്നെ തോന്നി പോകും. ഭാവന അതിന്റെ ഉത്തുംഗത്തിൽ എത്തിയ താഴെ സൂചിപ്പിക്കുന്ന 3 വിവരണങ്ങൾ അവാച്യമായ അനുഭൂതിദായകവും ഹൃദയസ്പർശിയുമായിരുന്നു. ഗത്സമന തോട്ടത്തിലെ അന്ത്യനിമിഷങ്ങളും, കുരിശിന്റെ വഴിയും കുരിശിലെ

യാതനയുടെ വിവരണവും സ്വർഗാരോഹണത്തിന്റെ ദൃശ്യാവിഷ്കാരവും സൃഷ്ടിച്ച അനിർവചനീയമായ അനുഭൂതി വിവരിക്കുവാൻ വാക്കുകൾ ലഭിക്കുന്നില്ല.

ഈ ഏഴ് വാല്യങ്ങൾക്കും പൊതുവായ ഒരു അന്തർധാരയുണ്ട്. അത് പൗരസ്ത്യവേദ ശാസ്ത്രത്തിലൂന്നിയ അടിസ്ഥാനങ്ങൾ തന്നെയാണ്. മനുഷ്യൻ ആത്യന്തികമായി ദൈവീകരണവും തേജസ്കരണവും പ്രാപിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. മനുഷ്യാവതാരം ചെയ്ത, വിശുദ്ധ ത്രിത്വത്തിൽ രണ്ടാമനായ യേശുക്രിസ്തുവിന്റെ ക്രൂശ്ശാരോഹണവും ഉയിർപ്പും നേടിത്തന്ന കൃപയാലാണ് അത് സാധ്യമാകുന്നത്. അത് വിശ്വാസികൾക്ക് മാത്രമല്ല ലോകത്തിന് മുഴുവനുമായി ലഭിക്കാനുള്ള മുഖാന്തരമായി പ്രവർത്തിക്കാനാണ് പുതിയ യെരുശലേമായ സഭയെ തെരഞ്ഞെടുത്തിരിക്കുന്നത്. നിർഭാഗ്യവശാൽ ഈ വലിയ ദൗത്യം സഭകൾ മറന്നതിനാൽ ചില വൈകല്യങ്ങൾ കാലാകാലങ്ങളിൽ സംഭവിച്ചിട്ടുണ്ട്. ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാ മെങ്കിലും വ്യവസ്ഥാപിത സഭകൾക്കെല്ലാം ഈ കുറവുകൾ സംഭവിച്ചിട്ടുണ്ട്. അവയെ ചുരുക്കമായി ഒന്ന് വിലയിരുത്തട്ടെ.

**1. സ്ഥാപനവൽക്കരണം**

ക്രിസ്തു പഠിപ്പിച്ചതും ജീവിച്ചു കാണിച്ചതുമായ ദൈവരാജ്യ മൂല്യങ്ങളെ മറന്ന് സ്ഥാപന സംരക്ഷണങ്ങൾക്ക് അമിതമായി ഊന്നൽ നൽകി.

**2. പരീശത്വം.**

കർത്താവ് ഏറ്റമുട്ടിയതും, പ്രത്യക്ഷത്തിൽ കർത്താവ് ക്രൂശിൽ തറയ്ക്കപ്പെടാൻ ഇടയായതും പരീശമതത്തിന് നേതൃത്വം നൽകിയവരിലൂടെയാണല്ലോ. ആത്മാവില്ലാതെ അക്ഷരങ്ങളിലുള്ള ബാഹ്യമായ അനുഷ്ഠാനങ്ങളിലാണ് ഇന്നും വ്യവസ്ഥാപിത സഭകൾ കൂടുതൽ ഊന്നൽ നൽകുന്നത്.

**3. ക്രിസ്താനുഭവത്തേ ക്കാൾ വിശ്വാസപ്രമാണങ്ങളിൽ കേന്ദ്രീകൃതം.**

സത്യവിശ്വാസം കൂടുതൽ ക്രിസ്താനുഭവത്തിലേക്കും പരിശുദ്ധാത്മ നടത്തിപ്പിലേക്കും നയിക്കപ്പെടേണ്ടതാണ്. സഭകൾ തങ്ങളുടെ വിശ്വാസപ്രമാണങ്ങളുടെ ആധികാരികത തെളിയിക്കേണ്ടത് ക്രിസ്തീയ സാക്ഷ്യം കൂടുതൽ നൽകുന്നതിലൂടെയാണ്; അല്ലാതെ, വാദപ്രതിവാദങ്ങളിലൂടെയല്ല.

### 4. ചരിത്രത്തിന്റെ തടവറയിൽ

സഭകളുടെ ചരിത്രങ്ങളിൽ ഒട്ടനവധി അതിക്രമങ്ങൾ നടന്നിട്ടുണ്ട്. അത്തരം അതിക്രമങ്ങളോട് പ്രതികാര മനോഭാവം വളർത്തി മുന്നോട്ടുപോകാനല്ല, അവയെ ക്ഷമിച്ചും പൊറുത്തും ആനുകാലിക സെക്കുലർ സമൂഹം ഉയർത്തുന്ന വെല്ലുവിളികളോട് ക്രിയാത്മകമായി പ്രതികരിക്കാനാണ് ഇനി സഭകൾ യത്നിക്കേണ്ടത്.

ഈ തരത്തിൽ നസ്രായനായ യേശു തന്റെ ആത്മകഥയിലൂടെ തിരുത്തലുകൾ ആവശ്യപ്പെടുന്നത് എല്ലാ സഭകളോടുമാണ്. അതിനാൽ ഈ ആത്മകഥ എല്ലാവർക്കും സ്വീകാര്യമായതു തന്നെ. ഇതിന്റെ തർജ്ജമകൾ മറ്റു ഭാഷകളിലേക്കും ഉണ്ടാകുവാൻ വളരെ സാധ്യതയുണ്ട്. നിക്കോദിമോസിനോട് കർത്താവ് വെളിപ്പെടുത്തിയ "ഇഷ്ടമുള്ളിടത്തേക്ക് ഊതുന്ന പരിശുദ്ധാത്മാവിനാൽ" വന്ദ്യനായ ചെറിയാനച്ചനിലൂടെ വിരചിതമായ ഈ കൃതി അനേകരെ ആഴമേറിയ ക്രിസ്താനുഭവത്തിലേക്ക് നയിക്കട്ടെ.

അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. ഭൂമിയിൽ, വന്ദ്യനായ ചെറിയാനച്ചന് ഹൃദയംഗമമായ അഭിനന്ദനങ്ങൾ.

ചേപ്പാട്,

5-4-2021.

# ആസ്വാദനം

റവ. ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

## സ്നേഹത്തിന്റെ ഇതിവൃത്തം

"യേശു എന്ന പേരിൽ ലോക രക്ഷകനായി ഭൂമിയിൽ പിറന്ന എന്നെക്കുറിച്ച് പലരും പലതും അറിഞ്ഞു കാണും . എന്നാൽ ഞാൻ എന്നെത്തന്നെ എന്റെ ഓർമ്മയിൽ നിന്നും നിങ്ങളുടെ മുമ്പിൽ എന്റെ ആത്മകഥ അവതരിപ്പിക്കുവാൻ ശ്രമിക്കുയാണ് " എന്ന് പറഞ്ഞ് ആരംഭിക്കുന്ന യേശുവിന്റെ ആത്മകഥ ഏഴ് വാല്യങ്ങളിൽ വന്ദ്യ സി.സി. ചെറിയാൻ അച്ചൻ പൂർത്തീകരിക്കുന്നു. കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ നാലു പതിറ്റാണ്ടിലധികം ചീഫ് ലൈബ്രേറിയൻ, ആർക്കൈ വിസ്റ്റ് എന്നി നിലകളിൽ പ്രവർത്തിച്ചശേഷം വിരമിച്ച് വിശ്രമ ജീവിതം നയിക്കുന്ന അദ്ദേഹത്തിന്റെ ബൈബിൾ വിജ്ഞാനിയത്തിലുള്ള നൈപുണ്യം വിളിച്ചറിയിക്കുന്നതാണ് ഈ കൃതി. വിശുദ്ധനാടായ യേറുശലേമിൽ ക്രിസ്തീയ ആത്മീയതയെക്കുറിച്ച് നടത്തിയ ഗവേഷണവും വേദശാസ്ത്രത്തിലെ ബിരുദാനന്തരബിരുദ പഠനവും ബൈബിൾ സംസ്കാരവും ദർശനവും അർത്ഥവത്തായി ഉൾക്കൊള്ളുവാൻ സർഗ്ഗശേഷി നേടി. ഇടയ ശുശ്രൂഷയിലെ സുദീർഘമായ ജീവിതാനുഭവവും ക്രിസ്തുവിന്റെ ആത്മകഥയുടെ ഭാവാവിഷക്കാരത്തിന് ജീവനും ചൈതന്യവും പകർന്നു.

യേശുവിന്റെ പരസ്യജീവിതത്തിന്റെ അകവും പുറവും 105 അധ്യായങ്ങളിൽ ആകർഷകമായ ഭാഷയിൽ അവതരിപ്പിക്കുന്ന യേശുവിന്റെ ആത്മകഥയുടെ ഏഴാം ഭാഗമാണ് 91 മുതൽ 105 വരെയുള്ള 15 അദ്ധ്യായങ്ങൾ. യേശു മാളികയിൽ നടത്തിയ പ്രബോധനത്തിൽ ആരംഭിച്ച് രണ്ടാമത്തെ വരവിൽ അവസാനിക്കുന്ന 15 അധ്യായങ്ങളാണ് യേശുവിന്റെ ആത്മകഥയുടെ ഏഴാം ഭാഗത്തിന്റെ അകത്തളം.

യേശുവിന്റെ പരസ്യജീവിത സമാപനത്തിലെ സുപ്രധാന സംഭവങ്ങളായ കാൽകഴുകൽ, പെസഹ, അന്ത്യപ്രഭാഷണങ്ങൾ, മഹാപുരോഹിതപ്രാർത്ഥന, ന്യായവിസ്താരം, കുരിശിന്റെ വഴി, മരണം,

കബറടക്കം , ഉയിർത്തെഴുന്നേൽപ്പ്, പ്രത്യക്ഷപ്പെടൽ, സ്വർഗ്ഗാരോഹണം, പെന്തിക്കോസ്തി , രണ്ടാം വരവ് എന്നിവ അതീവ സാന്ദ്രമായ ഭാഷയിലും ഭാവനയിലും വന്ദ്യ.സി.സി. ചെറിയാൻ അച്ചൻ ആവിഷ്കരിച്ചിരിക്കുന്നു. ബൈബിളിൽ സുദീർഘമായും സങ്കീർണ്ണ ഘടനയിലും ഉൾക്കൊള്ളുന്ന വിവരണങ്ങൾ സുന്ദരവും സുവ്യക്തവുമായ രീതിയിൽ ഈ കൃതിയിൽ പുനരാവിഷ്ക്കരിക്കുന്നു. സമയ ക്ലിപ്തതയോടെ ഇത് എങ്ങനെ സാധ്യമായി എന്നതിന് വന്ദ്യ സി.സി. ചെറിയാൻ അച്ചന്റെ ഉത്തരം "2020 നവംബറിൽ എഴുതി തുടങ്ങി 2021 മാർച്ചിൽ ഏഴ് വാല്യങ്ങൾ എഴുതി പൂർത്തിയാക്കിയത് ഞാനാണെന്ന് പറയാമെങ്കിലും യഥാർത്ഥത്തിൽ പരിശുദ്ധാത്മാവ് എന്റെ കൈ പിടിച്ച് എഴുതിപ്പിക്കുകയായിരുന്നു" എന്നാണ്. യേശുവിനെ കൂടുതൽ അടുത്തറിയുവാൻ എഴുത്തുകാരന് ലഭ്യമായ അതേ അനുഭവം വായനക്കാർക്കും ലഭിക്കുന്ന നിമിഷങ്ങളാണ് യേശുവിന്റെ ആത്മകഥയുടെ വായനാനുഭവം.

പീഡാനുഭവത്തിനും ക്രൂശുമരണത്തിനും ഒരുങ്ങിയ യേശു, ശിഷ്യരുടെ കാൽ കഴുകുന്നത് ത്യാഗത്തിന്റെയും വിനയത്തിന്റെയും മാതൃകയാണ്. ശിഷ്യരുടെ കാൽകഴുകി സ്നേഹത്തിന്റെ പുതിയ സുവിശേഷം പകർന്നു. ഇതിന്റെ പരിസമാപ്തിയാണ് കുരിശും കിരീടവും . കുരിശു മരത്തിലുള്ള യാഗാർപ്പണം പരിത്യാഗവും ആത്മബലിയുമാണ്. കുരിശിൽ നിറയുന്നത് സഹനം, അപമാനം, തിരസ്ക്കരണം, വിമോചനം എന്നിവയാണ്. ഇത് ലോക പ്രകാരം ഭോഷത്വവും ബലഹീനവും കുലഹീനവും നികൃഷ്ടവുമാണ് (1 കൊരി 1 : 27–28 ). എന്നാൽ കുരിശിന്റെ വഴികളിലേക്ക് യേശു വിളിക്കുന്നത് ക്രൂശിക്കപ്പെടുവാനായിട്ടാണ്. മരിച്ച്, അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് അനേകർക്ക് പ്രത്യക്ഷമായ ശേഷം സ്വർഗ്ഗാരോഹണം ചെയ്ത യേശുവിന്റെ സന്ദേശം സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ശുശ്രൂഷയുടെതുമാണ്. സത്യവും സ്നേഹവും ജീവനും സമാധാനവും വാഗ്ദാനം ചെയ്യുന്ന ജീവന്റെ ഉത്സവമാണ് ഉയിർപ്പ്. ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന ജീവ സന്ദേശമാണ് പത്രോസിന്റെയും പൗലോസിന്റെയും പ്രഭാഷണ വിഷയം. ഉയിർപ്പിന്റെ വിവരണവും ഭാഷ്യവും ആദിമ സഭയ്ക്ക് ജീവോത്സവമായിരുന്നു.

പെസഹാ മുതൽ ക്രിസ്തുവിന്റെ രണ്ടാം വരവു വരെ പ്രതിപാദിക്കുന്ന ഈ ആത്മകഥയിൽ മരണവും കബറടക്കവും ഉയിർത്തെഴുന്നേൽപ്പും സ്വയം കണ്ട് അനുഭവിക്കുന്ന വിവരണങ്ങൾ നൽകുമ്പോൾ ക്രിസ്തുവിന്റെ അതീന്ദ്രിയ മായ കാഴ്ചകൾ വെളിപ്പെടുത്തുന്നു. അന്ത്യ അത്താഴത്തിനു ശേഷം ശിഷ്യന്മാരോട്

നടത്തുന്ന വ്യക്തിഗത സംഭാഷണവും പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ദീർഘപ്രബോധനവും മഹാപുരോഹിത പ്രാർത്ഥനയുടെ വിവരണവും ഭാവാത്മകവും വൈജ്ഞാനികവും കാലാനുക്രമവുമായി ആവിഷ്ക്കരിച്ചിരിക്കുന്നു. യേശുവിന്റെ ജീവിതാന്ത്യ സംഭവങ്ങൾ കാലക്രമത്തിൽ വിവരിച്ചിരിക്കുന്നത് അത്യന്തം ആകർഷകമാണ്. സ്നേഹത്തിന്റെ ജീവിത മാതൃക പകർന്ന ക്രിസ്തുവിനെ ആത്മാവിൽ അനുഭവച്ചറിയുവാൻ ഈ കൃതിയുടെ വായനയും പഠനവും സഹായിക്കും. യേശുവിന്റെ പേരിൽ സംഘടിതമായി നടക്കുന്ന പലതിലും ക്രിസ്തു ദർശനമില്ല എന്ന തിരിച്ചറിവ് ഫാ. സി.സി. ചെറിയാന്റ ഹൃദയത്തെ അഗാധമായി മുറിപ്പെടുത്തിയപ്പോൾ ലഭ്യമായ ആന്തരിക വെളിച്ചവും ദൈവിക സ്പർശവുമാണ് യേശുവിന്റെ ആത്മകഥ. "മനസ്സ് മുറിവേറ്റ് ആന്തരിക ദുഃഖഭാരത്തിൽ കഴിയുമ്പോൾ യേശു തന്നെ എന്നോട് പറയുന്നതായി ഭാവനയിൽ കണ്ടു കൊണ്ടാണ് യേശുവിന്റെ ആത്മകഥ എഴുതിയത് " എന്നാണ് അദ്ദേഹത്തിന്റെ ഈ എഴുത്തിലെ ജീവിത സാക്ഷ്യം. ഏഴ് വാല്യങ്ങളിൽ 105 അദ്ധ്യായങ്ങളിലുള്ള യേശുവിന്റെ ആത്മകഥയിൽ പ്രകാശം പരത്തുന്നത് യേശുവിന്റെ സാന്നിധ്യമാണ്. അക്ഷരങ്ങളിലൂടെ ക്രൂശിക്കപ്പെടുവാനായി ക്ഷണിക്കുന്ന സ്നേഹത്തിന്റെ സുവിശേഷമാണിതിന്റെ ഇതിവൃത്തം. ജീവിത്തിൽ യേശുവിനെ അനുഭവച്ച് അറിയുന്നതിനായി വായനാലോകത്തേക്ക് ഇത് സമർപ്പിക്കുന്നു.

ബോധി, പന്തളം
10 – 4– 20 21



## അദ്ധ്യായം 91

# മാളികയിലെ പ്രബോധനവും ശിഷ്യന്മാരുടെ കാൽകഴുകലും

മത്തായി 26:14–20; മർക്കോസ് 14:10–18;
ലൂക്കോസ് 22: 1–18; യോഹന്നാൻ13:1–30

ഓശാന ഞായർ ദിനത്തിലെ ഓർമ്മകൾ എന്റെ മനസ്സിൽ മിന്നിമറഞ്ഞു. തിങ്കളാഴ്ച നടത്തിയ ദേവാലയ ശുദ്ധീകരണചിന്തകൾ മനസ്സിനെ അസ്വസ്ഥമാക്കി. ചൊവ്വാഴ്ച നടന്ന സംഭാഷണങ്ങളും സംവാദങ്ങളും എന്റെ അവസാനത്തെ പൊതുജനസമ്പർക്ക പരിപാടിയായിരുന്നു. ഇന്ന് ബുധനാഴ്ചയാണ്. ഇനിയും കേവലം രണ്ടോ മൂന്നോ ദിവസം കൂടി മാത്രമേ ഞാൻ ഈ ലോകത്തിൽ മർത്ത്യനായി പ്രവർത്തിക്കാൻ എന്റെ സ്വർഗ്ഗപിതാവ് എന്നെ നിയോഗിച്ചിട്ടുള്ളൂ. പൊതുജനങ്ങളുമായുള്ള എന്റെ എല്ലാ സംഭാഷണങ്ങളും ഇന്നലെത്തോടെ അവസാനിപ്പിച്ചു. ഇന്ന് ശിഷ്യന്മാർക്ക് എല്ലാം പൊതുവേ ഒരു വിശ്രമദിനം ആകട്ടെ എന്ന് ഞാൻ കരുതി. അവരെ എല്ലാം അവരുടെ സ്വാതന്ത്ര്യത്തിന് വിട്ടു, ഞാനും യോഹന്നാനും കൂടി അടുത്തുള്ള ഏകാന്ത സ്ഥലത്ത് പോയി, ആരും കാണാതെ ധ്യാനനിരതനായി. എന്നെയും ശിഷ്യന്മാരെയും നിരീക്ഷിക്കാനായി ഒറ്റുകാരെ യഹൂദപ്രമാണിമാർ ഏർപ്പെടുത്തിയിരുന്നതിനാൽ ഞങ്ങളുടെ എല്ലാ നീക്കങ്ങളും രഹസ്യത്തിൽ ആയിരുന്നു. ശിഷ്യന്മാർ ആരുംതന്നെ പട്ടണത്തിലേക്ക് പോകരുതെന്ന് പ്രത്യേകം ഞാൻ നിർദ്ദേശിച്ചു. ഇന്നലെ തന്നെ ലാസറിനെ ഒരു അജ്ഞാത കേന്ദ്രത്തിൽ സുരക്ഷിതമായി എത്തിക്കുവാൻ യാക്കോബ് നടപടി സ്വീകരിച്ചിരുന്നു.

ഞാനും യോഹന്നാനും രാവിലെ മുതൽ ധ്യാനത്തിലും സംഭാഷണത്തിലും ഏർപ്പെട്ടു. സ്നേഹത്തെപ്പറ്റി കുറെയേറെ കാര്യങ്ങൾ യോഹന്നാൻ എന്നോട് ചോദിച്ചു മനസ്സിലാക്കി. ഞാൻ പറയുന്ന കാര്യങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധയോടെ ഗ്രഹിക്കുവാൻ യോഹന്നാനാണ് പ്രത്യേക

കഴിവുണ്ടായിരുന്നത്. ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെപ്പറ്റി ചുരുങ്ങിയ ചിത്രം ഞാൻ അവനു പറഞ്ഞുകൊടുത്തു. അവൻ എന്നോട് കേട്ട്,ഗ്രഹിച്ച കാര്യങ്ങളാണ് സുവിശേഷമായും ലേഖനങ്ങളായും വെളിപാട് ആയും പിന്നീട് നിങ്ങൾക്ക് എഴുതി നൽകിയത്. എന്റെ മനസാക്ഷി സൂക്ഷിപ്പുകാരനായിരുന്നു യോഹന്നാൻ. എന്റെ ക്രൂശുമരണം നേരിട്ട് കാണുവാനും എന്റെ അമ്മയെ അവനെ ഏൽപ്പിക്കുവാനുമൊക്കെ കഴിഞ്ഞത് അവന്റെ പ്രത്യേക മേന്മ കൊണ്ടായിരുന്നു.

യോഹന്നാന്റെ സഹോദരൻ യാക്കോബായിരുന്നു എന്റെ അടുത്ത വിശ്വസ്ത ശിഷ്യൻ. യഹൂദപ്രമാണിമാരുടെ ഞങ്ങൾക്ക് എതിരെയുള്ള നീക്കങ്ങളൊക്കെ അറിഞ്ഞു ഞങ്ങൾക്ക് വാർത്ത നൽകുവാൻ യാക്കോബ് ചില രഹസ്യദൂതന്മാരെ നിയോഗിച്ചിരുന്നു. ഞാൻ യോഹന്നാനെയും കൂട്ടി ഉച്ചയോടെ ഒലിവ് മലയിലെ ഞങ്ങളുടെ താൽക്കാലിക രഹസ്യസങ്കേതത്തിൽ തിരിച്ചെത്തി. അതുവരെ ലഭിച്ച വാർത്തകളൊക്കെ യാക്കോബ് എന്നോട് പറഞ്ഞു. എന്റെ അമ്മയെയും കൂട്ടി ജെറുസലേമിൽ എത്താനായി അവന്റെ അമ്മ ശലോമിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഇന്നലെ തന്നെ ലാസറിനെ രഹസ്യസ്ഥലത്ത് സുരക്ഷിതമായി എത്തിച്ചു എന്നും അവൻ എന്നോട് പറഞ്ഞു. ഞാൻ പറഞ്ഞത് അനുസരിക്കാതെ ഒറ്റുകാരൻ യൂദാ പട്ടണത്തിൽ പോയി അവന്റെ ബന്ധുവായ ഒരുത്തനെയും കൂട്ടി പുരോഹിതപ്രമാണിമാരെ കണ്ടു രഹസ്യധാരണ ഉണ്ടാക്കിയതായും യാക്കോബ് എന്നോട് പറഞ്ഞു. യൂദാ പോകുന്നതിനു മുൻപ് പണസഞ്ചി യാക്കോബിനെ ഏൽപ്പിക്കാനുള്ള പരിശ്രമവും നടത്തിയെന്ന് എന്നോട് പറഞ്ഞു. പെസഹായിക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുവാൻ അവനോട് പണം ചോദിച്ചപ്പോൾ പണസഞ്ചി മുഴുവനുമായി എനിക്ക് നീ ട്ടിയതാണെന്നും അവൻ ചിലപ്പോൾ വരുവാൻ താമസിക്കും എന്നും പറഞ്ഞാണ് പോയതത്രേ. യൂദാ തിരിച്ചു വന്നിട്ടുണ്ടെങ്കിലും കൂട്ടത്തിൽ ഒന്നും വരാതെ മാറി മൗനമായ് നിൽക്കുകയാണെന്നും യാക്കോബ് എന്നോട് പറഞ്ഞു. അവൻ എന്തൊക്കെയോ ഗൂഢാലോചന നടത്തിയിട്ടുണ്ട് എന്ന് യാക്കോബ് സംശയിക്കുന്നതായി എന്നോട് പറഞ്ഞു. എന്നാൽ അവൻ പറയുന്നതിന് മുൻപ് തന്നെ യൂദായുടെ പദ്ധതി മുഴുവനും എനിക്ക് അറിയാമായിരുന്നു.

ഞങ്ങൾ സംസാരിച്ചു കൊണ്ടിരുന്നപ്പോൾ അരിമത്യക്കാരൻ യൗസേപ്പ് തന്റെ ഭവനത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ താമസിച്ചിരുന്ന ഗ്രീക്ക യഹൂദന്മാരുമായി എന്റെ അടുക്കൽ വന്നു. യെരുശലേമിൽ നിന്നും ദൂരെയുള്ള ഒരു ഗ്രീക്ക് പ്രദേശത്തേക്ക് എന്നെ കൊണ്ടുപോയി

രഹസ്യമായി സംരക്ഷിക്കുവാനുള്ള നിർദേശം അവർ എന്നോട് പറഞ്ഞു. ഞാനത് സ്നേഹപൂർവ്വം നിരസിച്ചു. സ്വർഗ്ഗപിതാവിന്റെ നിർദ്ദേശപ്രകാരം എന്റെ മരണത്തിനു സമയമടുത്തു എന്ന് ഞാൻ അവരോട് പറഞ്ഞു. ഞാൻ ശിഷ്യന്മാരെ എല്ലാവരെയും അടുത്തു വിളിച്ചുകൂട്ടി, കുറേസമയം അവരുമായി സംസാരിച്ച് അവരെ ആശ്വസിപ്പിച്ചു. എന്റെ മുഖം മ്ലാനമായി രിക്കുന്നത് കണ്ട് അവരും ദുഃഖഭാവത്തിലായിരുന്നു. ഇന്നും നാളെയും കൂടി മാത്രമേ ശിഷ്യന്മാരോട് കൂടി സമയം ചെലവഴിക്കാൻ കഴിയൂ എന്ന് ഓർത്ത് എനിക്ക് ഉള്ളിൽ ഒരു തേങ്ങൽ ഉണ്ടായിരുന്നു. നേരം വൈകിയതിനാൽ ശിഷ്യന്മാരും ഞാനും ഉറങ്ങാൻ ഒരുങ്ങി. നേരത്തെ ചെയ്തതുപോലെ ശിഷ്യന്മാർ രണ്ട് പേർ വീതം ഉറങ്ങാതെ ആയുധവും എടുത്തു എനിക്ക് കാവൽ നിന്നിരുന്നു.

വ്യാഴാഴ്ച രാവിലെ തന്നെ എല്ലാവരും ഒത്തുകൂടി ദൈവ സ്നേഹത്തെപറ്റിയും ദൈവരാജ്യ അനുഭവത്തെപ്പറ്റിയുമൊക്കെ ശിഷ്യന്മാരുമായി കുറെ കാര്യങ്ങൾ എനിക്ക് പങ്കുവെക്കാൻ കഴിഞ്ഞു. യൂദാ എന്റെ അടുക്കൽ വന്ന് സംസാരിക്കുന്നത് കണ്ടപ്പോൾ പെസഹായുടെ ഒരുക്കത്തിനു വേണ്ടി ഞാൻ അവനോട് പറഞ്ഞതായിരിക്കുമെന്ന് അവർ കരുതി. ഫിലിപ്പോസ് എന്റെ അടുത്ത് വന്ന് പെസഹ ഒരുക്കുന്ന കാര്യം ഓർമിപ്പിച്ചു. പത്രോസിനെയും യോഹന്നാനെയും വിളിച്ചു കൊണ്ടുവരാൻ അവനോട് പറഞ്ഞു. ഞാൻ ശിഷ്യന്മാരുടെ കൂട്ടത്തിൽ നിന്നും അല്പം മാറി മൂന്നു പേരോടും മാത്രമായി രഹസ്യമായി പെസഹ ഒരുക്കേണ്ട സ്ഥലത്തെപറ്റി പറയാൻ തുടങ്ങി. അതുകണ്ട് യൂദായും ഞങ്ങളുടെ സംസാരം കേൾക്കാൻ വേണ്ടി അടുത്തുവന്നു. ഉടനെ യാക്കോബ് യൂദായെ വിളിച്ച് മറ്റു ചില കാര്യങ്ങൾ സംസാരിച്ചതിനാൽ ഞാൻ പറഞ്ഞതൊന്നും യൂദാ കേട്ടില്ല. പത്രോസിനെയും യോഹന്നാനെയും പറഞ്ഞ യച്ചപ്പോൾ ഞാൻ അവർക്ക് അടയാളം പറഞ്ഞുകൊടുത്തു."നിങ്ങൾ പട്ടണത്തിൽ എത്തുമ്പോൾ ഒരു കുടം വെള്ളം ചുമന്നുകൊണ്ടു ഒരാളെ കാണും. അയാൾ കയറി പോകുന്ന ഭവനത്തിലേക്ക് നിങ്ങളും കടന്നു ചെല്ലണം. അവിടുത്തെ വീട്ടുടമസ്ഥൻ നിങ്ങളോട് കാര്യം അന്വേഷിക്കുമ്പോൾ "ഞാനെന്റെ ശിഷ്യന്മാരുമായി പെസഹ കഴിപ്പാനുള്ള ശാല എവിടെ എന്ന് ഒരു ഗുരു ചോദിക്കുന്നു,"എന്ന് പറയണം. അവൻ വിരിച്ച് ഒരുക്കിയ ഒരു വൻമാളിക കാണിച്ചുതരും. അവിടെ ഒരുക്കുക".(ലൂക്കോസ് 22: 10– 13).പത്രോസും യോഹന്നാനും ഞാൻ പറഞ്ഞതുപോലെ പോയി മാളിക കണ്ട് ഏറെ സന്തോഷത്തോടെ തിരിച്ചെത്തി. ആ സ്ഥലം എവിടെയാണെന്നറിയാൻ കഴിയാത്തതിൽ യൂദാ വളരെ കോപത്തിൽ ആയിരുന്നു.

നേരം ഇരുട്ടാകുന്നത് വരെ ഞാൻ ശിഷ്യന്മാരോട് കുറെക്കൂടി ഉപദേശങ്ങളും നിർദേശങ്ങളും നൽകി. ആരുംതന്നെ യഹൂദന്മാർക്ക് പിടി കൊടുക്കരുതെന്ന് പ്രത്യേകം പറഞ്ഞു. കാരണം, എന്റെ ഉപദേശങ്ങൾ ലോകം മുഴുവനും പ്രചരിപ്പിക്കുവാൻ എന്റെ അപ്പോസ്തലന്മാർ ജീവിച്ചിരിക്കേണ്ടത് ആവശ്യമായിരുന്നു. "ദൈവരാജ്യം", "ദൈവമക്കൾ"എന്നീ വിഷയങ്ങളെപറ്റി കുറെയേറെ സംശയങ്ങൾ അവർക്കുണ്ടായിരുന്നത് ഞാൻ വിശദീകരിച്ചപ്പോൾ അവർക്ക് കൂടുതൽ ധൈര്യമായി. യഹൂദാ പ്രമാണിമാരുടെ ഉപദേശങ്ങളുടെ ആധികാരികതയെ ചോദ്യം ചെയ്യരുതെന്നും എന്നാൽ അവരുടെ ജീവിത മാതൃക സ്വീകരിക്കരുതെന്നും ഞാൻ പ്രത്യേകം ശിഷ്യന്മാരോട് പറഞ്ഞു. ദൈവരാജ്യത്തിന്റെ പുതിയ സന്ദേശം മനുഷ്യമനസ്സുകളിൽ വ്യാപിപ്പിക്കുവാൻ രക്തസാക്ഷികളായി മരിക്കാൻ പോലും തയ്യാറായി കൊണ്ട് ജീവിക്കണം എന്ന് ഞാൻ അവരോട് പ്രത്യേകം ആവശ്യപ്പെട്ടു. അതിനുള്ള മാതൃകയാണ് എന്റെ ക്രൂശുമരണം എന്നും അവരോട് പറഞ്ഞു. എപ്പോഴും സത്യത്തിനു വേണ്ടി നിലകൊള്ളണം, സ്നേഹമാണ് എപ്പോഴും വിജയിക്കുന്നത്, ത്യാഗത്തിലൂടെയാണ് സ്നേഹം പ്രകടിപ്പിക്കേണ്ടത്, താഴ്മയാണ് എല്ലാ വിജയത്തിനും അടിസ്ഥാനം, പരിശുദ്ധാത്മനടത്തിപ്പ് ലഭിക്കാനായി വിശ്വാസത്തോടെ വിശുദ്ധ ജീവിതം നയിക്കണം, ശത്രുക്കളെപ്പോലും അനുഗ്രഹിക്കാൻ നിങ്ങൾക്ക് കഴിയണം, എല്ലാവരോടും കരുണ കാണിക്കണം, രാജ്യത്തിന്റെ വിശ്വസ്ത പ്രജകളായി ജീവിക്കണം, അതേസമയം സ്വർഗ്ഗരാജ്യത്തിലാണ് നിങ്ങളുടെ "സ്ഥിരപൗരത്വം" എന്ന് മറക്കരുത്, രാജ്യനിയമങ്ങൾ പാലിക്കണം, നല്ല അയൽക്കാരായിരിക്കണം, ദൈവം പിതാവും നിങ്ങൾ മക്കളും ആകയാൽ എല്ലാവരും ഏകോദര സഹോദരങ്ങളായികരുതി പെരുമാറണം, എപ്പോഴും പരിശുദ്ധാത്മസഹായം നിങ്ങൾ തേടണം, ഇങ്ങനെ പല ഉപദേശങ്ങളും ഞാൻ അവർക്ക് നൽകി.

നേരം ഇരുട്ടിത്തുടങ്ങി. പത്രോസ് അടുക്കൽ വന്ന് മാളിക പൂർണമായി ഒരുങ്ങിയിരിക്കുകയാണ്, അങ്ങോട്ട് യാത്ര പുറപ്പെടാനുള്ള സമയമായി എന്ന് ഓർമിപ്പിച്ചു. ഞാൻ എഴുന്നേറ്റ് എന്റെ ശിഷ്യന്മാരോട് കൂടെയുള്ള അവസാന യാത്രക്ക് തയ്യാറായി. ഇനിയും ഞങ്ങളൊന്നിച്ച് ഇതുപോലുള്ള ഒരു യാത്ര ഉണ്ടാകില്ല എന്ന് ഞാൻ ഓർത്തു. ജനങ്ങളുടെ ശ്രദ്ധയിൽപ്പെടാതെ കിദ്രോൺ താഴ്വര വഴി ഗത്സമന തോട്ടത്തിനരികിലൂടെ ഒലിവ് മലയുടെ പടിഞ്ഞാറെ ഓരം ചേർന്ന് കുറച്ചു ദൂരം നടന്ന്, ബദനിയിൽ നിന്നും യെരുശലേമിലേക്ക് പോകുന്ന പ്രധാന വഴിയിലേക്ക് പ്രവേശിച്ചു. ഓശാന യാത്രയിൽ അവിടെനിന്ന്

യെരുശലേമിനെ നോക്കി കരഞ്ഞകാര്യം ഞാൻ അപ്പോൾ ഓർത്തു. ഒലിവു മലയുടെ ഇറക്കം വഴി ഞങ്ങൾ നിശബ്ദരായി മുന്നോട്ടുനീങ്ങി. പത്രോസും യോഹന്നാനും ഫിലിപ്പോസും അല്ലാതെ മറ്റു ശിഷ്യന്മാർക്കു ആർക്കും എങ്ങോട്ടാണ് പോകുന്നതെന്ന് വഴി അറിയില്ലായിരുന്നു. യൂദാ സ്ഥലം തിട്ടപ്പെടുത്താനായി ഇരുവശങ്ങളിലേക്കും നോക്കുന്നുണ്ടായിരുന്നു. ഒടുവിൽ ദാവീദ് രാജാവിന്റെ കല്ലറയ്ക്കു മുകളിലുള്ള സെഹിയോൻ മാളികവരെ ഞങ്ങൾ എത്തിയപ്പോൾ വീട്ടുടമസ്ഥൻ ഞങ്ങളെ കാത്ത് നിൽപ്പുണ്ടായിരുന്നു. വഴിയരികിൽ ചിലരൊക്കെ ഞങ്ങളെ കണ്ടെങ്കിലും ഇരുട്ടായതിനാൽ ആരും ഞങ്ങളെ തിരിച്ചറിഞ്ഞില്ല

കൂടുതൽ സമയം പുറത്തു നിൽക്കാതെ ശിഷ്യന്മാരോട് അകത്ത് പ്രവേശിക്കുവാൻ ഞാൻ പറഞ്ഞു. ഞങ്ങൾ മാത്രം മതി എന്ന് കരുതിയതിനാൽ ഭക്ഷണം വിളമ്പാനും മറ്റുമായി മറ്റാരെയും ക്രമീകരിച്ചിരുന്നില്ല. വീട്ടുടമസ്ഥനുമായി ഞാൻ കുറച്ചുനേരം കുശലം പറഞ്ഞു. പിന്നീട് വിരുന്നു ശാലയിൽ പ്രവേശിച്ചു. വളരെയേറെ ഭക്ഷണസാധനങ്ങൾ ഒരുക്കിയിരുന്നു. എങ്കിലും പെസഹായുടെ ഭക്ഷണ വിഭവങ്ങൾ ഒന്നുമായിരുന്നില്ല അവിടെ കണ്ടത്. പെസഹായിക്ക് ചീര, ആട്ടിറച്ചി,പുളിപ്പില്ലാത്ത അപ്പം എന്നിവ നിർബന്ധമായിരുന്നു. എന്നാൽ ഞങ്ങളുടെ ഭക്ഷണം പെസഹ നിയമപ്രകാരമുള്ള തായിരുന്നില്ല. അരകെട്ടി, ചെരിപ്പിട്ട്, വടി കയ്യിൽ പിടിച്ചു, നിന്നുകൊണ്ട്,ധൃതിയിൽ ഭക്ഷിക്കണം എന്നായിരുന്നു പെസഹായുടെ നിയമം.(പുറ. 12:1– 25). പെസഹാദിനത്തിന് മുൻപ് നടത്തിയ ഈ ഭക്ഷണം, ഗുരുവും ശിഷ്യന്മാരും കൂടി പരിശീലനശേഷം വേർപിരിയുന്ന സമയത്ത് സാധാരണ നടത്തുന്ന ഒരു യാത്രയയപ്പ് വിരുന്നായിരുന്നു. Kiddush or Khabura എന്നും ഈ വിരുന്നിന് പേര് പറയുന്നുണ്ട്. യഹൂദ റബ്ബിമാർ പഠനം പൂർത്തിയാക്കിയ ശിഷ്യന്മാരോട് യാത്ര പറയുന്ന സമയത്ത് നടത്തിയിരുന്നതാണ് ഇത്തരം വിരുന്നുകൾ. ഏറെ സമയമെടുത്ത് സാവധാനം ഇരുന്നും, ചാഞ്ഞുകിടന്നും, പല പ്രാവശ്യം പല വിഭവങ്ങൾ വിളമ്പുന്ന ആഘോഷമായ ഒരു സന്ദർഭമായിരുന്നു അത്. പുളിപ്പുള്ള അപ്പവും വീഞ്ഞും പ്രധാന വിഭവങ്ങളായിരുന്നു. ചുരുങ്ങിയത് നാല് കപ്പുകളിലും പാത്രങ്ങളിലുമായി വിഭവങ്ങൾ വിളമ്പും.

എന്റെയും ശിഷ്യന്മാരുടെയും സാധാരണ ഭക്ഷണം വളരെ ലളിതമായിരുന്നു. എന്നാൽ ഈ "അന്ത്യഅത്താഴം" വളരെ വിപുലമായി തന്നെ നടത്തിയത്, സ്വർഗ്ഗീയവിരുന്നിന്റെ മുൻകൂർ ആസ്വാദനം എന്ന വിധത്തിലായിരുന്നു. പെസഹായുടെ വിരുന്നിൽ ഞാൻ മുൻപൊക്കെ

സംബന്ധിച്ചപ്പോഴും ആട്ടിറച്ചി ഇല്ലാത്തതിനാൽ ഇവിടെയും ആട്ടിറച്ചി കാണാതെവന്നതിൽശിഷ്യന്മാർക്കുംപ്രയാസംതോന്നിയില്ല.സാധാരണ കല്യാണ വിരുന്നിൽ സംബന്ധിക്കുന്നതിനുമുൻപ് ഗൃഹനാഥനോ, അല്ലെങ്കിൽ ദാസൻമാരോ സംബന്ധിക്കുന്നവരുടെ കാൽ കഴുകുന്ന പതിവുണ്ടായിരുന്നു. ഞങ്ങൾ മാത്രം മതി എന്നതിനാലാണ് വേറെ ദാസന്മാരെ ചുമതലപ്പെടുത്താതെയിരുന്നത്. ശിഷ്യന്മാർ ആരെങ്കിലും കാൽകഴുകി കൊടുക്കും എന്നാണ് ഞാനും കരുതിയത്.

ശിഷ്യത്വത്തിന്റെ വ്യവസ്ഥകൾ ഞാൻ അവരെ പഠിപ്പിച്ചു എങ്കിലും അതൊന്നും അവർക്ക് വേണ്ട വിധത്തിൽ മനസ്സിലായില്ല. അവരെല്ലാം കാൽ കഴുകാതെ തന്നെ ഭക്ഷണത്തിന് ഇരുന്നു. ഞാനവർക്ക് ശുശ്രൂഷയുടെ മാതൃക കാണിച്ചു കൊടുക്കാൻ തീരുമാനിച്ചു. എന്റെ മേലങ്കി അഴിച്ചുവച്ച്, ചെറിയ ഒരു തോർത്തുമുണ്ട് അരയിൽ ചുറ്റി, ഒരു പാത്രത്തിൽ വെള്ളമെടുത്ത് ഓരോരുത്തരുടെയും കാലു കഴുകി തുടച്ചു. ശിഷ്യന്മാർ എല്ലാവരും അത് കണ്ട് സ്തബ്ധരായി. അവർക്ക് ആകെ ലജ്ജയും കുറ്റബോധവും ഉള്ളതായി അവരുടെ മുഖങ്ങളിൽ തെളിഞ്ഞു കാണാമായിരുന്നു.

പ്രായം കുറഞ്ഞവർ മുതലാണ് കഴുകാൻ തുടങ്ങിയത്. ഒടുവിൽ പത്രോസിന്റെ അടുക്കൽ എത്തിയപ്പോൾ എന്നോട് ഇങ്ങനെ തടസ്സം പറയാൻ തുടങ്ങി,"കർത്താവേ നീ എന്റെ കാൽ കഴുകുന്നുവോ?" "ഞാൻ ചെയ്യുന്നത് നീ ഇപ്പോൾ അറിയുന്നില്ല പിന്നെ അറിയും" എന്ന് ഞാൻ പറഞ്ഞു."നീയൊരു നാളും എന്റെ കാൽ കഴുകുക ഇല്ല" എന്ന് പത്രോസ് പറഞ്ഞപ്പോൾ,"ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്ക് എന്നോടുകൂടെ പങ്കില്ല"എന്ന് ഞാൻ അവനോട് പറഞ്ഞു.

ഉടനെ അവൻ "കർത്താവേ, കാൽ മാത്രമല്ല, കയ്യും തലയും കൂടെ കഴുകണമേ" എന്ന് പറഞ്ഞു. ഞാനിങ്ങനെ ഉടനെ മറുപടി പറഞ്ഞു: "കുളിച്ചിരിക്കുന്നവന് കാൽ അല്ലാതെ കഴുകുവാൻ ആവശ്യമില്ല. അവൻ മുഴുവനും ശുദ്ധിയുള്ളവൻ; നിങ്ങൾ ശുദ്ധിയുള്ളവർ ആകുന്നു,എല്ലാവരും അല്ല താനും." ഞാൻ എഴുന്നേറ്റ് വസ്ത്രം ധരിച്ച് അവരോട് സംസാരം തുടർന്നു."ഞാൻ നിങ്ങൾക്ക് ചെയ്തത് എന്താണെന്ന് നിങ്ങൾക്ക് മനസ്സിലായോ? നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. ഞാൻ അങ്ങനെ ആയതിനാൽ നിങ്ങൾ പറയുന്നത് ശരി. കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽകഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കഴുകേണ്ടത് ആകുന്നു. ഞാൻ നിങ്ങൾക്ക്

ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു. ആമേൻ ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു,: ദാസൻ യജമാനനേക്കാൾ വലിയവനല്ല. ദൂതൻ തന്നെ അയച്ചവനെക്കാൾ വലിയവനുമല്ല. ഇത് നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ. ഞാൻ നിങ്ങളെ എല്ലാവരെയും കുറിച്ച് പറയുന്നില്ല. ഞാൻ തെരഞ്ഞെടുത്തവരേ ഞാനറിയുന്നു. എന്നാൽ എന്റെ അപ്പം തിന്നവൻ എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു എന്നുള്ള തിരുവചനത്തിനു നിവൃത്തി വരേണ്ടതാകുന്നു. ഞാൻ മശിഹാ എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിന് ഇപ്പോൾ അത് സംഭവിക്കും മുൻപേ നിങ്ങളോട്പറയുന്നു". (യോഹന്നാൻ 13: 1– 20).

**ഈ സംഭവത്തോട് ചേർന്ന് ചില പ്രധാന കാര്യങ്ങൾ കൂടി നിങ്ങളോട് ഞാൻ പറയാം.**

1) ഞാൻ സാധാരണ ഒരു മീൻപിടുത്തക്കാരന്റെ ഭവനത്തിലായിരുന്നു പെസഹ ആചരിച്ചിരുന്നത്.എന്നാൽ ഇവിടെ വലിയ വിരുന്ന് ക്രമീകരിച്ചത്, എന്റെ മനസ്സ് തുറന്ന് അവസാനമായി ചില കാര്യങ്ങൾ നിങ്ങളെ പഠിപ്പിച്ച ചുമതല ഏൽപ്പിക്കുന്ന തിനായിട്ടാണ്. അത് ഞാനും നിങ്ങളും അറിയാതെ സ്വർഗ്ഗപിതാവ് ഒരുക്കിയത് ആണെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇപ്രകാരം വലിയ ഒരു വിരുന്ന് സ്വർഗ്ഗത്തിൽ ദൈവപിതാവ് ഒരുക്കിയിട്ടുണ്ട്. നിങ്ങൾ അവിടെ എത്തുമ്പോൾ ഞാനും നിങ്ങളെ സ്വീകരിക്കുവാൻ ഉണ്ടാകും. പരിശുദ്ധാത്മാവ് ജീവകിരീടം നിങ്ങളെ അണിയിക്കുകയും യിചെയ്യും.

2) ഈ ഗൃഹനാഥൻ എനിക്ക് വിരുന്നൊരുക്കിയ പോലെ നിങ്ങളും എന്റെ നാമത്തിൽ മറ്റുള്ളവർക്ക് വിരുന്ന് ഒരുക്കുവാൻ മനസ്സുവെച്ചാൽ ദൈവപിതാവ് നിങ്ങളെയും അതിനു ശക്തരാക്കും എന്ന് മാത്രമല്ല, നിങ്ങളുടെ അവശ്യഘട്ടങ്ങളിൽ നിങ്ങൾക്ക് വിരുന്നൊരുക്കി തരാൻ ദൈവപിതാവ് മറ്റൊരാളെ ക്രമീകരിക്കും ചെയ്യും എന്ന് കൂടി അറിയുക.

3) യൂദാ എന്നെ ഒറ്റി കൊടുക്കുവാൻ ഇടയായത്, അവൻ അടിസ്ഥാനപരമായി ദ്രവ്യാഗ്രഹം നിറഞ്ഞവനും അവിശ്വസ്തനും സ്വാർത്ഥ മോഹിയും ലോകസ്നേഹിയും ജഡ സ്വഭാവമുള്ളവനും ആയിരുന്നതിനാലാണ്. അപ്രകാരമുള്ള സ്വഭാവ വൈകല്യങ്ങൾ ഉള്ളവരാണെങ്കിൽ നിങ്ങളും എന്നെ ഒറ്റികൊടുക്കുന്നവർ ആയിത്തീർന്ന്, യൂദായുടെ ദുരന്തം ഏറ്റുവാങ്ങും എന്ന മുന്നറിയിപ്പ് നൽകുന്നു.

4). ഞാൻ അങ്കി അഴിച്ച് ദാസവേഷം ധരിച്ചത് എന്തിനാണെന്ന് നിങ്ങൾ ശരിയായി മനസ്സിലാക്കണം. മാന്യനായി മനുഷ്യരുടെ മുൻപിൽ ഞെളിഞ്ഞു നടക്കുന്നതിനേക്കാൾ ദാസനായി മറ്റുള്ളവരെ ശുശ്രൂഷിക്കുവാനുള്ള മനസ്സുമായി ദൈവമുമ്പാകെ മാന്യത ലഭിക്കാനുള്ള മാർഗ്ഗം ഞാൻ പഠിപ്പിച്ചത് ഞാൻ തന്നെ നിങ്ങൾക്ക് ചെയ്തു കാണിക്കുകയായിരുന്നു. ഞാൻ സ്വർഗ്ഗമഹത്വം മാറ്റിവെച്ച്, ഇറങ്ങിവന്നതിന്റെ ഒരു പ്രതീകമായിട്ടായിരുന്നു അങ്കി ഊരിയത്. അതുമൂലം എന്റെ സ്വർഗ്ഗത്തിലെ സ്ഥാനം ഒട്ടും കുറഞ്ഞുപോയില്ല എന്ന് നിങ്ങൾ അറിയുക.

5). പത്രോസിനെ കഴുകുവാൻ ആദ്യം അവൻ വിസമ്മതിച്ചപ്പോൾ ഞാൻ പറഞ്ഞല്ലോ "ഇതിന്റെ അർത്ഥം ഇപ്പോൾ നീ അറിയുന്നില്ല, പിന്നെ അറിയുമെന്ന്". ജീവിതത്തിൽ ഞാൻ നിങ്ങൾക്ക് ചെയ്യുന്ന കാര്യം ചിലപ്പോൾ നിങ്ങൾക്ക് മനസ്സിലാകാത്തത് ആകും. നിങ്ങളുടെ ഇഷ്ടത്തിന് എതിരാകും. എന്നാലും ഞാൻ നിങ്ങളുടെ നന്മയ്ക്ക് ആയിട്ടാണ് എല്ലാം ചെയ്യുന്നത് എന്ന് നിങ്ങൾ തിരിച്ചറിയണം. അവിടെയാണ് നിങ്ങളുടെ വിശ്വാസം പരിശോധിക്കപ്പെടുന്നത്.

6) നിങ്ങൾ പരസ്പരം കാലു കഴുകണം എന്ന് പറഞ്ഞത് പ്രത്യേകം ശ്രദ്ധിക്കുക. പരസ്പരം ആദരിക്കുകയും സഹായിക്കുകയും ചെയ്യണമെന്നാണ് ഞാൻ അർത്ഥമാക്കിയത്. ഇക്കാര്യം നിങ്ങൾ ശരിയായി മനസ്സിലാക്കണം."കാൽ കഴുകൽ"നാടകീയമായി അവതരിപ്പിക്കാനുള്ള ശുശ്രൂഷ അല്ല. അനുദിന ജീവിതത്തിൽ എല്ലാ രംഗങ്ങളിലും സേവന–ശുശ്രൂഷ മനോഭാവം നിങ്ങൾക്ക് ഉണ്ടാകാൻ വേണ്ടിയുള്ളതാണ്. നിങ്ങൾ ശരിയാണെന്ന് മനസ്സിലാക്കിയ കാര്യങ്ങൾ നിങ്ങൾക്ക് തന്നെ ചെയ്യാൻ കടപെട്ടതാണെന്ന് ഞാൻ കാണിച്ചുതരികയാണ്.(യോഹന്നാൻ 13: 12– 17).

7). കൂട്ടായ്മയിൽ പങ്കെടുക്കുവാൻ ശുദ്ധീകരണം ആവശ്യമാണ്. വിശുദ്ധ മാമോദിസയിൽ കൂടി പാപമോചനം ലഭിച്ചു കഴിഞ്ഞാൽ പിന്നീട് വ്യക്തികളായി ചെയ്യുന്ന പാപങ്ങൾ മോചിക്കാൻ വീണ്ടും മാമോദിസ ആവശ്യമില്ല. എന്നാൽ അശുദ്ധി മാറ്റാൻ കാൽ കഴുകുന്നത് പോലെ, ആത്മീയജീവിതത്തിൽ "ക്ഷമ ചോദിക്കലും, ഏറ്റുപറച്ചിലും, ക്ഷമ നൽകലും" എല്ലാം ആവശ്യമാണ് എന്നോർക്കുക. നിങ്ങൾ ആരോടെങ്കിലും തെറ്റ് ചെയ്തതായി ഓർമ്മ വന്നാൽ പെട്ടെന്ന് തന്നെ അയാളോട് ക്ഷമ ചോദിച്ചു നിരപ്പായ ശേഷം, കഴുകി ശുദ്ധീകരണം പ്രാപിക്കുന്നതിനുവേണ്ടി പാപമോചനത്തിനായുള്ള വിശുദ്ധ കുമ്പസാരം, അധികാരമുള്ള

പട്ടക്കാരന്റെ അടുക്കൽ നടത്തി പൂർണ്ണ പാപമോചനം പ്രാപിക്കണം. പരസ്പരം നിരപ്പ് ആകാതെ കുമ്പസാരിക്കുന്നതും തിരുശരീര രക്തങ്ങൾ അനുഭവിക്കുന്നതും കുറ്റകരവും ശിക്ഷാർഹവുമാണ് എന്നോർക്കുക. ഒരിക്കൽ മാമോദിസ സ്വീകരിച്ചശേഷം വീണ്ടും സ്നാനം ഏൽക്കണം എന്ന് പറയുന്ന വ്യാജ ഉപദേഷ്ടാക്കളുടെ കെണിയിൽ നിങ്ങൾ വീണു പോകരുത്."എന്നെ മുഴുവനും കഴുകണമേ എന്ന് പത്രോസ് എന്നോട് ആവശ്യപ്പെട്ടതുപോലെ നിങ്ങളും നിങ്ങളുടെ വീഴ്ചകളെ പറ്റി ഓർത്തു പശ്ചാത്തപിച്ച് പരസ്പരം ക്ഷമിച്ചു രമ്യമായി പൂർണമായ പാപമോചനത്തിനായി നിങ്ങളുടെ പട്ടക്കാർ വഴി എന്നെ സമീപിക്കണം. നിങ്ങൾ പരസ്പരം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥ പിതാവും നിങ്ങളോട് ക്ഷമിക്കുകയില്ല എന്ന കാര്യം മറക്കരുത്.

1-3-2021.

## അദ്ധ്യായം 92

# അന്ത്യ അത്താഴവും പുതിയനിയമ ബലിയും

**മത്തായി 26: 26– 35; മർക്കോസ്. 14: 22– 31;**
**ലൂക്കോസ്. 22:14–23; യോഹന്നാൻ 13: 18 –33**

ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയശേഷം ഞാൻ മേലങ്കി ധരിച്ച് ഇരുന്നപ്പോൾ ശിഷ്യന്മാരും അവരവരുടെ സ്ഥാനങ്ങളിൽ ഇരുന്നു. എനിക്ക് അവസാനമായി കുറേക്കൂടി കാര്യങ്ങൾ അവരോട് പറയാനുണ്ടായിരുന്നു കുറച്ചുനേരം മൗനമായിരുന്ന ശേഷം ഞാൻ ഇങ്ങനെ പറഞ്ഞു തുടങ്ങി:" നിങ്ങൾ ഓർക്കുന്നുണ്ടോ? അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ തീറ്റി തൃപ്തി ആക്കിയ ശേഷം 'ഞാൻ ജീവന്റെ അപ്പം ആകുന്നു എന്നും എന്റെ ശരീരം ഭക്ഷിക്കാതെയും എന്റെ രക്തം കുടിക്കാതെയും നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല എന്നും, ഞാൻ കൊടുക്കാൻ ഇരിക്കുന്ന അപ്പം എന്റെ മാംസം ആകുന്നു' എന്നും ഞാൻ പറഞ്ഞ കാര്യങ്ങൾ നിങ്ങൾ കേട്ടത് ആണല്ലോ? അന്ന് അത് കേട്ട് വിശ്വസിക്കാനാവാതെ "കഠിന വാക്ക്" എന്ന് പറഞ്ഞു പലരും എന്നെ വിട്ടുപോയി. അപ്പോൾ ഞാൻ നിങ്ങളോട് 'എന്നെ വിട്ടു പോകാൻ നിങ്ങൾക്കും മനസ്സ് ഉണ്ടോ ?'എന്ന് ചോദിച്ചപ്പോൾ 'നിത്യജീവന്റെ വചനങ്ങൾ എന്റെ പക്കലുണ്ടെന്നും എന്നെ വിശ്വസിച്ചു അറിഞ്ഞിരിക്കുന്നു എന്നും അതുകൊണ്ട് എങ്ങും പോകുന്നില്ല' എന്നൊക്കെ പത്രോസ് പറഞ്ഞത് നിങ്ങൾ മറന്നിട്ടില്ലല്ലോ? ഞാൻ അന്ന് പറഞ്ഞത് നല്ലവണ്ണം ഇപ്പോഴും ഓർക്കുന്നുണ്ട്,

"ഞാൻ നിങ്ങളെ 12 പേരെ തിരഞ്ഞെടുത്തു എന്നും നിങ്ങളിൽ ഒരുത്തൻ പിശാച് ആണെന്നും" ഞാൻ പറഞ്ഞിരുന്നു. (യോഹന്നാൻ 6: 51– 71). ഇന്ന് ഞാൻ അതിനോട് ചേർന്ന് കുറേ കാര്യങ്ങൾ പറയുകയാണ്."നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുത്ത് മരണത്തിന് ഏൽപ്പിക്കും." അത് കേട്ടപ്പോൾ ആദ്യം ഞെട്ടിയത് പത്രോസ് ആയിരുന്നു.

ഞാൻ അവനെ ഒരിക്കൽ സാത്താനെ എന്നു വിളിച്ചത് അവൻ ഓർത്തു. (മത്തായി 16: 23). എല്ലാ ശിഷ്യന്മാരും പരസ്പരം സംശയിച്ചും പേടിച്ചും കൊണ്ട് പരിഭ്രമിക്കുന്നത് ഞാൻ ശ്രദ്ധിച്ചു."ഞാനോ കർത്താവേ"എന്ന് ഓരോരുത്തരായി എന്നോട് ചോദിച്ചു തുടങ്ങി. എന്റെ അടുത്ത് ഇരിക്കുന്ന യോഹന്നാനോട്, ആരാണ് എന്ന് ചോദിക്കാനായി പത്രോസ് ആംഗ്യം കാണിക്കുന്നത് ഞാൻ കണ്ടു.

യൂദാ എന്നോട് അടുത്ത് വന്ന് രഹസ്യമായി "ഞാനോ റബ്ബി?" എന്ന് ചോദിച്ചു.(മത്തായി 26: 26)"നീ തന്നെ" എന്ന് ഞാൻ അവനോട് രഹസ്യമായി തന്നെ പറഞ്ഞു. യോഹന്നാൻ എന്റെ മാറിൽ ചാരികൊണ്ട് ചോദിച്ചു"കർത്താവേ, ആരാണ് നിന്നെ ഒറ്റി കൊടുക്കുന്നവൻ?"ഞാൻ അപ്പോൾ പരസ്യമായി ഇങ്ങനെ പറഞ്ഞു,:"ഞാൻ അപ്പക്കഷണം മുക്കി കൊടുക്കുന്നവൻ തന്നെ". യൂദാ ആ സമയം തന്നെ എന്നോടുകൂടെ താലത്തിൽ അപ്പം എടുക്കാൻ കൈ നീട്ടുന്നത് കണ്ടു, ഞാൻ അപ്പക്കഷണം കറിയിൽമുക്കിവായിൽകൊടുത്തിട്ട്അവനോട്പറഞ്ഞു:"നീചെയ്യാനുള്ളത് വേഗം ചെയ്യുക"(യോഹന്നാൻ 13: 21 –30). എന്ത് ചെയ്യാനാണ് ഞാൻ അവനോട് പറഞ്ഞതെന്ന് ശിഷ്യന്മാർക്ക് മനസ്സിലായില്ല. പെരുന്നാളിന് ആവശ്യമായ എന്തെങ്കിലും കാര്യത്തിന് പറഞ്ഞതായിരിക്കും എന്ന് അവർ കരുതി. അവൻ കുറച്ച് മണിക്കൂറുകൾ ഇനിയും വൈകിയാൽ എന്റെ അറസ്റ്റിനുള്ള ക്രമീകരണങ്ങൾ നാളത്തേക്ക് മാറ്റി വയ്ക്കുവാൻ ഇടയാകാതെ ഇരിപ്പാൻ എത്രയും വേഗം മഹാപുരോഹിന്റെ അടുക്കൽ ഞാൻ അവനെ പറഞ്ഞയക്കുകയായിരുന്നു. അതുമാത്രമല്ല, ഞാൻ സ്ഥാപിക്കാൻ ഇരിക്കുന്ന പുതിയനിയമ ഉടമ്പടിയിലും ബലിയിലും എന്റെ ശരീരരക്തങ്ങൾ അനുഭവിക്കുന്നതിലും പങ്കെടുക്കാൻ യോഗ്യത നഷ്ടപ്പെടുത്തിയതിനാൽ അവൻ പുറത്ത് പോകേണ്ടത് ആവശ്യവുമായിരുന്നു. ഞാൻ യൂദായുടെ വായിൽ അപ്പം വച്ച് കൊടുത്തത് എന്റെ അവനോടുള്ള അവസാനത്തെ സ്നേഹപ്രകടനമായിരുന്നു. പിന്നീടാണെങ്കിലും അവൻ തെറ്റ് ബോധ്യപ്പെട്ടശേഷം തിരിച്ചുവരാനുള്ള ഒരു സൂചനയാണ് ഞാൻ അവന് നൽകിയത്. പക്ഷേ അതും അവന് മനസ്സിലായില്ല. അപ്പം കഴിച്ച ഉടനെ അവൻ ധൃതിയായി എഴുന്നേറ്റ് മുറി വിട്ടു പോയി. "ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും" എന്ന പ്രവചനം പൂർത്തിയാക്കുകയാണ് എന്ന് ഞാൻ ആശ്വസിച്ചു. (സങ്കീർത്തന. 49: 9). യൂദാ പോയത് സത്യപ്രകാശമായ എന്നെ വിട്ടു തിന്മയുടെ അന്ധകാരത്തിലേക്ക് ആയിരുന്നു. എന്റെ മരണം സുനിശ്ചിതമായി എന്നും അതുമൂലം ഞാൻ താമസിയാതെ സ്വർഗത്തിലേക്ക് എടുക്കപ്പെടും എന്നും എനിക്ക് സ്വർഗ്ഗപിതാവ് വെളിപ്പെടുത്തിയതിനാൽ ഞാൻ ദൈവത്തിന് മഹത്വം പാടി.

യൂദാ പോയി കഴിഞ്ഞപ്പോൾ എനിക്ക് കുറെ കൂടി ധൈര്യം തോന്നി. ശിഷ്യന്മാർ എല്ലാം ഓരോരുത്തരായി പല ഇടങ്ങളിലേക്ക് ചിതറി പോകാൻ ഉള്ളവരാണെന്ന് എനിക്കറിയാമായിരുന്നു. എന്റെ ഈ ലോക ജീവിതത്തിൽ എന്നോടുകൂടെ പ്രവർത്തിച്ച അവരെ കൂടുതൽ ഉറപ്പിക്കേണ്ടതിനുള്ള അവസാന നിമിഷങ്ങൾ ആയിരുന്നു അത്. മുഖവുരയായി ഞാൻ ഇങ്ങനെ പറഞ്ഞു,: "കുഞ്ഞുങ്ങളെ കുറഞ്ഞോന്ന് മാത്രം ഞാൻ നിങ്ങളോട് കൂടിയിരിക്കും. നിങ്ങൾ എന്നെ അന്വേഷിക്കും. ഞാൻ പോകുന്നേടത്തേക്ക് നിങ്ങൾക്ക് വരുവാൻ ഇപ്പോൾ കഴിയില്ല. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെനിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നെ. നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങളെന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും" (യോഹന്നാൻ 13: 33– 35). വിശദമായി പിന്നെ പറയാം എന്ന് ചിന്തിച്ച് എല്ലാവരോടും ഭക്ഷണം കഴിക്കാൻ ആവശ്യപ്പെട്ടു.

എല്ലാവരും അന്ത്യഅത്താഴം കഴിച്ചുതുടങ്ങി. അത്താഴത്തിന്റെ അവസാനഘട്ടം ആയപ്പോൾ , നേരത്തെ പഴയനിയമത്തിലെ പെസഹായുടെ ആടിനെ അറക്കുന്ന ഓർമ്മ എന്റെ മനസ്സിൽ തെളിഞ്ഞു വന്നു. നാളെയാണ് പെസഹാ ആട് അറുക്കപ്പെടുന്നത്. എന്നാൽ ആ സമയത്ത് ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ആയ ഞാൻ അറുക്കപ്പെടുന്നതാണെന്ന് പിതാവ് എന്നോട് ഉറപ്പ് പറഞ്ഞു. ഫറവോ രാജാവിന്റെ അടിമത്വത്തിൽനിന്നും മോശെമുഖാന്തരം കനാൻദേശത്തേക്കുള്ള കടന്നുപോക്ക് (Passover) ഓർത്തുകൊണ്ടാണ് പഴയനിയമ പെസഹാ ആചരിച്ചിരുന്നത്. (പുറപ്പാട് 12: 1– 28). പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാൾ ഏഴു ദിവസം നീണ്ടു നിൽക്കുന്നതായിരുന്നു.(ആവർത്തനം 16: 1–8). എന്നാൽ ഞാൻ സ്ഥാപിക്കുന്ന ഈ പുതിയ നിയമപെസഹ, പിശാചിന്റെ സാമ്രാജ്യമായ മര്ത്യലോകത്തിൽനിന്നും മോചനം നേടി നിത്യജീവൻ ആകുന്ന സ്വർഗ്ഗലോകത്തിലേക്കുള്ള കടന്നുപോക്കായി, അഥവാ മരണത്തിൽ നിന്നും ജീവനിലേക്കുള്ള പ്രവേശനമായി കരുതി ആചരിക്കുവാനാണ് ഞാൻ ശിഷ്യന്മാരെ ഏൽപ്പിക്കുന്നത്. "പെസഹ കുഞ്ഞാട്" ആയ എന്റെ "മാംസ, രക്ത"ങ്ങളുടെ പ്രതീകമായി "അപ്പ– വീഞ്ഞു"കൾ ആണ് ഞാൻ പുതിയനിയമ ബലി വസ്തുക്കളായി സ്വീകരിച്ചത്. അബ്രഹാമിന് അപ്പവും വീഞ്ഞും നൽകി ശാലേം രാജാവായിരുന്ന "മൽക്കിസദേക്" സ്ഥാപിച്ച പൗരോഹിത്യക്രമം ആണ് ഞാൻ ഏർപ്പെടുത്തിയത്. അങ്ങനെ ഞാൻ "മൃഗബലി" എന്നേക്കുമായി അവസാനിപ്പിക്കുകയായിരുന്നു.(ഉൽപ്പത്തി. 14: 18; സങ്കീർത്ത. 110: 4; എബ്രായർ 5: 6 ,10; 6:20;7:1–21).

അത്താഴം കഴിഞ്ഞശേഷം ഞാൻ അപ്പം എടുത്തു, വാഴ്ത്തി, നുറുക്കി, അവർക്ക് കൊടുത്തു. അവരോട് ഇങ്ങനെ പറഞ്ഞു: " വാങ്ങി ഭക്ഷിക്കുവിൻ. ഇത് എന്റെ ശരീരമാകുന്നു."പിന്നെ പാനപാത്രത്തിലേ വീഞ്ഞ് വാഴ്ത്തി, "എല്ലാവരും ഇതിൽ നിന്ന് കുടിക്കുവിൻ. ഇത് അനേകർക്ക് വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം. എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോട് കൂടി പുതുതായി കുടിക്കുന്ന നാൾവരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽ നിന്നും ഇനി കുടിക്കുകയില്ല"എന്ന് ഞാൻ അവരോട് പറഞ്ഞു. (മത്തായി 26: 26– 29).

എല്ലാ അപ്പോസ്തോലന്മാരും ഞാൻ പറഞ്ഞതനുസരിച്ച് വ്യക്തമായിത്തന്നെ ഞാൻ വാഴ്ത്തി നൽകിയ അപ്പ വീഞ്ഞുകൾ എന്റെ "ശരീരവും രക്തവും" ആണെന്ന വിശ്വാസത്തോടെ അനുഭവിക്കുന്നതുകണ്ട് ഞാൻ സംതൃപ്തനായി. ഞാൻ മുൻകൂട്ടി അവരോട് പറഞ്ഞത് വിശ്വസിച്ചതനുസരിച്ച് ആർക്കും സംശയമില്ലായിരുന്നു. (യോഹന്നാൻ 6: 53–59).ഞാൻഅനുഭവിക്കാൻ പോകുന്ന "മരണ കാസ"യിൽ നിന്നും അവരും പാനം ചെയ്തപ്പോൾ എനിക്കുവേണ്ടി മരണം വരിക്കാനുള്ള സന്നദ്ധത അവരും അറിയിക്കുകയായിരുന്നു. എന്റെ മാംസം എന്ന് വിശ്വസിച്ചുകൊണ്ട് ഞാൻ വാഴ്ത്തിയ അപ്പത്തിൽ നിന്നും ഭക്ഷിച്ചതിനാൽ, അവരും അവരുടെ ശരീരം മരണം വരെ എന്നെപോലെ പിതാവിനോടുള്ള അനുസരണത്തിൽ ജീവിക്കുവാനും മരിക്കുവാനുമുള്ള സാക്ഷ്യ ജീവിതത്തിനായി അവർ സമർപ്പിച്ചുകഴിഞ്ഞു എന്നും എനിക്ക് മനസ്സിലായി .

ലോകത്തെ മുഴുവനും രക്ഷയിലേക്ക് നയിക്കുവാനുള്ള ദൗത്യം ഇവരെ ഏൽപ്പിക്കാം എന്ന് എനിക്ക് ഉത്തമബോധ്യമായി. ഞാൻ രണ്ടാമത് വരുന്നതുവരെയും എന്നിലുള്ള വിശ്വാസം പ്രകടിപ്പിക്കാനായി ഈ പുതിയ നിയമബലി അനുഷ്ഠാനത്തിൽ എല്ലാ വിശ്വാസികളും പങ്കുകൊള്ളണമെന്ന് എന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. അപ്പത്തിന്റെ സ്ഥാനത്ത് വിശ്വാസികളായ നിങ്ങളെ ഓരോരുത്തരെയും ഭാവനയിൽ സങ്കൽപ്പിച്ചു നോക്കുക. ഞാൻ നിങ്ങളെ എന്റെ കയ്യിൽ എടുക്കുന്ന അനുഭവം നിങ്ങൾക്ക്സന്തോഷവും സുരക്ഷ ബോധവും നൽകുന്നുണ്ടാകും. എന്നാൽ എന്റെ കയ്യിൽ ഒതുങ്ങി ഇരിക്കുമ്പോൾ നിങ്ങളുടെ സ്വന്തം ഇഷ്ടപ്രകാരം ജീവിക്കാൻ കഴിയില്ല എന്ന് ഓർക്കുക. ഞാൻ നിങ്ങളെയും കൊണ്ട് ഏത് പ്രതിസന്ധിഘട്ടങ്ങളിലൂടെ പോയാലും എന്നെ വിശ്വസിച്ച് എന്റെ കയ്യിൽ തന്നെ ഉറച്ചി രിക്കുവാൻ ശ്രമിക്കുക. അവരുടെ

ഇഷ്ടപ്രകാരം ചെയ്യാത്തതുകൊണ്ട് ചിലരൊക്കെ എന്റെ കയ്യിൽ നിന്നും ഇറങ്ങി ഓടി പോകാറുണ്ട്. അവരെക്കുറിച്ച് ഞാൻ സഹതപിക്കുന്നു. എന്റെ കയ്യിൽ ഇരിക്കുന്ന വരെ ഞാൻ വാഴ്ത്തി അനുഗ്രഹിക്കുകയും, അപ്പം മാംസം ആയതുപോലെ നിങ്ങൾ ആന്തരികമായ രൂപാന്തരം പ്രാപിക്കുകയും ചെയ്യും. അപ്രകാരമുള്ള ആന്തരിക രൂപാന്തരം എന്നിൽ വസിക്കുന്നത് മൂലം നിങ്ങൾക്ക് ഉണ്ടാകണം. ബാഹ്യമായി അപ്പമായി തന്നെ കാണപ്പെട്ടാലും ആന്തരികമായി എന്റെ ശരീരം പോലെ പ്രവർത്തിക്കുവാൻ രൂപാന്തരപ്പെട്ടു എന്ന് നിങ്ങൾ വിശ്വസിച്ചു കൊണ്ട് എന്നെപ്പോലെ സമൂഹത്തിൽ ജീവിക്കണം. നിങ്ങളെ എടുക്കുന്നതും അനുഗ്രഹിക്കുന്നതും മുറിക്കപ്പെടാനും നുറുക്കപ്പെടാനും ആണെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. ഞാൻ മറ്റുള്ളവർക്ക് വേണ്ടി അർപ്പിക്കപ്പെട്ടതുപോലെ നിങ്ങളും മറ്റുള്ളവർക്കുവേണ്ടി നുറുക്കപ്പെടാനാണ് ഞാൻ നിങ്ങളെ എടുത്ത്, വാഴ്ത്തി അനുഗ്രഹിക്കുന്നത് എന്ന് മറന്നുപോകരുത്. എന്റെ ഈ പുതിയനിയമ ബലിയിൽ സംബന്ധിക്കുന്ന എല്ലാവരും എന്നെപ്പോലെ മറ്റുള്ളവരാൽ വെറുക്കപ്പെട്ടവരായി അനേകർക്ക് വേണ്ടി ജീവൻ നൽകുവാൻ പ്രത്യേകം വിളിക്കപ്പെട്ടവരും എടുക്കപ്പെട്ടവരും വാഴ്ത്തപ്പെട്ടവരും മുറിക്കപ്പെട്ടവരും ആണെന്ന ആത്മബോധത്തിൽ ജീവിക്കണം. എല്ലാവർക്കും വേണ്ടി കൊടുക്കപ്പെടുവാനാണ് ഞാൻ ബലിയർപ്പിക്കപ്പെട്ടത് എന്ന സന്ദേശം നിങ്ങൾ ഒരിക്കലും മറന്നു പോകരുത്.

ഞാൻ സ്ഥാപിച്ച പുതിയനിയമ ബലിയിലൂടെ എന്റെ സാക്ഷാൽ "ശരീരവും രക്തവും" തന്നെയാണ് ഞാൻ നിങ്ങൾക്ക് നൽകുന്നത്. "മനുഷ്യൻ" ആയി കാണപ്പെടുന്ന ഞാൻ "ദൈവമാണെന്ന്" നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയുമെങ്കിൽ, അപ്പ വീഞ്ഞുകൾ ആയി കാണപ്പെടുന്ന ബലിവസ്തു എന്റെ ശരീരരക്തങ്ങളായി വിശ്വാസത്തോടെ സ്വീകരിക്കുവാൻ നിങ്ങൾക്ക് സാധിക്കണം. അപ്രകാരം വിശ്വസിക്കുന്നവർക്ക് മാത്രമേ അത് ഫലപ്രദമാകുന്നുള്ളൂ. എന്നിലുള്ള വിശ്വാസം പരസ്യമായി സാക്ഷ്യപ്പെടുത്താനുള്ള അവസരമാണ് വിശുദ്ധകുർബാന അനുഭവത്തിൽ കൂടെ നിങ്ങൾക്ക് ലഭിക്കുന്നത്. നിങ്ങൾ ആത്മശോധന നടത്തി മാത്രമേ എന്റെ "ശരീരരക്തങ്ങൾ" അനുഭവിക്കുവാൻ അനുവാദമുള്ളൂ എന്ന കാര്യം പൗലോസ് പ്രത്യേകം എടുത്തു പറയുന്നത് നിങ്ങൾ ഗൗരവമായി ചിന്തിക്കണം. അദ്ദേഹം എഴുതിയിരിക്കുന്നത് കാണുക,: "ഞാൻ കർത്താവിൽ നിന്ന് പ്രാപിക്കുകയും നിങ്ങൾക്ക് ഏൽപ്പിക്കുകയും ചെയ്തു എന്തെന്നാൽ, കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ........അങ്ങനെ നിങ്ങൾ

ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെ കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയൊ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാർ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ട് വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്യാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്ക് ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. ഇത് ഹേതുവായ നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു. അനേകരും നിദ്ര കൊള്ളുന്നു."(1 കൊരി 11: 23– 31).

ഞാൻ പറഞ്ഞ കാര്യത്തിൽ ചിലർക്ക് ചില സംശയങ്ങൾ ഒക്കെ ഉണ്ടെന്നറിയാം. ഞാൻ പറഞ്ഞത് അതുപോലെ വിശ്വസിക്കുന്നവർക്ക് മാത്രമേ അതുകൊണ്ട് പ്രയോജനമുള്ളൂ."എന്റെ ഓർമ്മയ്ക്കായി" ഞാൻ വരുവോളം ചെയ്യുവാൻ പറഞ്ഞപ്പോൾ, അതു ബലിയിൽ സംബന്ധിക്കുന്ന ആ സമയത്ത് വെറുതെ ഒന്ന് ഓർത്താൽ മതി എന്നും പിന്നീട് സ്വന്തം കാര്യം മാത്രം ഓർത്ത് ജീവിച്ചാൽ മതി എന്നും കരുതുന്നവർ ഉണ്ടെങ്കിൽ അവർക്ക് തെറ്റ് പറ്റി. എന്നിലുള്ള വിശ്വാസം നിങ്ങൾക്ക് കുറഞ്ഞു പോകാതിരിക്കാൻ നിങ്ങൾ ഇത് അക്ഷരംപ്രതി വിശ്വസിച്ച് അനുസരിച്ചേ മതിയാകൂ. ഞാൻ ദൈവം ആയിരിക്കെ എങ്ങനെ മനുഷ്യനായി?, മാതാവിൽ നിന്നും പിതാവില്ലാതെ ഞാനെങ്ങനെ മനുഷ്യജന്മം എടുത്തു? ദൈവം ആയിരിക്കുന്ന എനിക്ക് എങ്ങനെ മരിക്കാൻ കഴിഞ്ഞു? ഇങ്ങനെയുള്ള ബുദ്ധിപൂർവമായ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കിട്ടിയില്ലെങ്കിലും ഭക്തിപൂർവ്വം നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ, വിശുദ്ധ കുർബാന വഴിയായി നൽകുന്ന അപ്പ വീഞ്ഞുകൾ എന്റെ സാക്ഷാൽ "ശരീര– രക്തങ്ങൾ" തന്നെയാണെന്ന് വിശ്വസിക്കുവാനും നിങ്ങൾക്ക് കഴിയണം. ബാഹ്യദൃഷ്ടിയിൽ അപ്പ വീഞ്ഞുകളായി തന്നെ കാണപ്പെട്ടാലും, അപ്പോസ്തോലിക അധികാരം കൈവെപ്പിലൂടെ ലഭിച്ച ശുശ്രൂഷകർ അവ എടുത്തു വാഴ്ത്തി നുറുക്കി കൊടുത്തു കഴിഞ്ഞാൽ,അവ യഥാർത്ഥത്തിൽ എന്റെ "ശരീരരക്തങ്ങൾ" തന്നെയാണെന്ന് വിശ്വസിച്ച് യോഗ്യതയോടെ അനുഭവിക്കണം. ഉള്ളിൽ ജീവൻ നിലനിർത്തി നിത്യജീവനിൽ എത്തിച്ചേരുവാൻ ആയി അപ്പോസ്തോലിക കൈവെപ്പ് ഉള്ളവരെ ഏൽപ്പിച്ചിരിക്കുന്ന ഈ അനുഷ്ഠാനം വിശ്വാസപൂർവ്വം എന്റെ രണ്ടാമത്തെ വരവുവരെയും നിങ്ങൾ അനുഷ്ഠിക്കണം എന്ന് ഞാൻ എന്റെ പ്രിയ വിശ്വാസികളോട് ഒരിക്കൽ കൂടി ആഹ്വാനം ചെയ്യുന്നു.

കാനാവിൽ വെച്ച് വെള്ളം വീഞ്ഞാക്കിയത് എന്റെ ആദ്യ അത്ഭുതമായിരുന്നു. എന്നാൽ അന്ത്യ അത്താഴ സമയത്ത് ഞാൻ വീഞ്ഞു വാഴ്ത്തി രക്തമാക്കി നിങ്ങൾക്ക് നിത്യജീവന്റെ അടിസ്ഥാനമായി നൽകിയതാണ് മനുഷ്യാവതാര കാലത്ത് ചെയ്ത അവസാനത്തെതും ഏറ്റവും വലിയതുമായ അത്ഭുതം.!! ഇത് നിങ്ങൾ വിശ്വസിച്ചേ മതിയാകൂ.

നിങ്ങളുടെ ഈലോക ജീവിതത്തിലെ ദുഷിപ്പുകൾ ആകുന്ന പുളിപ്പ് മാറ്റാനായി ജീവന്റെ പുളിപ്പുള്ള "അപ്പ– വീഞ്ഞുകൾ" ആകുന്ന എന്റെ "തിരുശരീര– രക്തങ്ങൾ" നിങ്ങൾ നിരന്തരം അനുഭവിച്ചു ജീവിക്കണം. ഇസ്രായേൽ മക്കൾ ആദ്യപെസഹ നടത്തിയപ്പോൾ പുളിപ്പില്ലാത്ത അപ്പം ഭക്ഷിച്ച വരായി മിസ്രയീമിൽ നിന്നും യാത്ര തുടങ്ങി. അതിന്റെ ശക്തിയാൽ അവർക്ക് മരുഭൂമിയിലെ 40 വർഷങ്ങളോളം പ്രത്യേകിച്ച് മാരകരോഗങ്ങൾ ഒന്നുമില്ലാതെ ആരോഗ്യമുള്ളവരായി കഴിഞ്ഞ കാര്യം നിങ്ങൾ ഓർക്കുക. ശരീരപ്രകാരമുള്ള മാരകരോഗങ്ങളും അകാലമരണങ്ങൾ പോലും വരാതിരിക്കുവാൻ എന്റെ "ശരീരരക്തങ്ങൾ"ഒരു വലിയ ദിവ്യ ഔഷധമാണ്. ആകയാൽ വിശ്വാസപൂർവ്വം ആത്മശോധന നടത്തി അനുഭവിക്കുന്നവരായി ജീവിക്കുക. ശാരീരികവും മാനസികവും ആത്മീയവുമായ ആനന്ദവും സ്വസ്ഥതയും സമാധാനവും നിങ്ങൾക്ക് അത് മൂലം ലഭിക്കും.

ഞാൻ പറഞ്ഞുകൊണ്ടിരുന്നത് എല്ലാം വേണ്ട വളരെ ശ്രദ്ധയോടെ കേട്ടു. ഞാൻ എവിടെ പോകുന്നു എന്നറിയാൻ പത്രോസിന് തിടുക്കമായി. എന്നെ എങ്ങനെയെങ്കിലും മരണത്തിൽനിന്ന് രക്ഷിക്കണമെന്ന് അവൻ ചിന്തിക്കുന്നുണ്ടായിരുന്നു. എന്നെ എവിടെയെങ്കിലും ഒളിപ്പിക്കണം എന്ന ആഗ്രഹം അപ്പോഴും അവനുണ്ടായിരുന്നു. ശത്രുക്കളോട് വേണ്ടിവന്നാൽ വാളെടുത്ത് പോരാടി മരിക്കാൻ പോലും തയ്യാറാണെന്ന് പ്രകടിപ്പിക്കുന്ന അവന്റെ മുഖഭാവം ഞാൻ ശ്രദ്ധിച്ചു. അവന്റെ അമിതാവേശം തണുപ്പിക്കാനായി ഞാൻ ഇങ്ങനെ പറഞ്ഞു,: "പത്രോസേ, ഞാൻ നിന്നോട് പറയുന്നു, നീ മൂന്നുപ്രാവശ്യം എന്നെ തള്ളിപ്പറയും വരെ ഇന്ന് കോഴി കൂവുക ഇല്ല."പത്രോസിന് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല.

മാളികയിൽ വച്ചുള്ള അത്താഴവിരുന്നു എന്റെ സമാപന പ്രാർത്ഥന നടത്തി കഴിഞ്ഞ് എല്ലാവരും കൂടി ഒലിവ് മലയിലെ രഹസ്യ സങ്കേതത്തിലേക്ക് പോകാൻ ഞാൻ പറയുമെന്നാണ് അവർ കരുതിയത്.എന്നാൽ കുറേക്കൂടി കാര്യങ്ങൾ അവരോട് എനിക്ക് പറയാൻ ഉണ്ടായിരുന്നതിനാൽ ആ മാളികമുറിയിൽ തന്നെ ഇരിക്കുവാൻ ആവശ്യപ്പെട്ടു. അല്പം ഇടവേളയ്ക്ക് ഞങ്ങൾ പിരിഞ്ഞു.

2–3–2021

## അദ്ധ്യായം 93

# അപ്പോസ്തലൻമാരോടുള്ള എന്റെ വ്യക്തിഗത സംഭാഷണങ്ങൾ

ചെറിയ ഇടവേളയ്ക്ക് ശേഷം ഞാൻ മാളികമുറിയിൽ ഇരുന്നപ്പോൾ ശിഷ്യന്മാർ ചുറ്റുമായിവന്നിരുന്നു.ഞാൻശിഷ്യന്മാരെ ഓരോരുത്തരെയായി കുറച്ചുനേരം നോക്കിയിരുന്നു. ഇനിയും ഏതാനും മണിക്കൂറുകൾ മാത്രമേ എനിക്ക് അവരോടൊന്നിച്ച് ചെലവഴിക്കാൻ ബാക്കിയുള്ളൂ. അവരെ ഓരോരുത്തരെ സമീപിച്ച് വ്യക്തിപരമായി സംസാരിക്കുവാൻ ഞാൻ എഴുന്നേറ്റു. എല്ലാവരെയുംകാൾ ഏറ്റവും ദുഃഖിക്കുന്ന പത്രോസിന്റെ അടുത്തേക്കാണ് ഞാൻ ആദ്യം ചെന്നത്. കോഴി കൂവും മുൻപേ എന്നെ തള്ളിപ്പറയും എന്ന് ഞാൻ പറഞ്ഞത് കേട്ട് വിഷമിച്ചിരിക്കുകയായിരുന്നു അവൻ. ഞാനവനെ അല്പം ആശ്വസിപ്പിക്കാൻ ശ്രമിച്ചു, അവനോട് പറഞ്ഞു: "പത്രോസെ, എന്റെ സമാധാനം നിറഞ്ഞ നാളുകളിൽ നിനക്ക് നല്ല അനുഭവങ്ങൾ ഉണ്ടായിരുന്നല്ലോ. ഇനിയുള്ള രണ്ടു ദിവസങ്ങളിൽ എനിക്ക് സംഭവിക്കാനിരിക്കുന്ന അനുഭവങ്ങൾ നീ കണ്ടു തളർന്നു പോകാതിരിക്കാൻ വേണ്ടിയാണ് ഞാൻ ഒരു മുന്നറിയിപ്പ് നൽകിയത്. കഴിഞ്ഞ മൂന്നു വർഷം എന്നോട് പഠിച്ചതിനേക്കാൾ ഏറെ കാര്യങ്ങളാണ് ഇനിയുള്ള മൂന്നുദിവസംകൊണ്ട് നീ പഠിക്കാൻ ഇരിക്കുന്നത്. അങ്ങനെ എന്നെ കൂടുതൽ അറിയുവാനും നിന്റെ സഹോദര ശിഷ്യന്മാരെ ബലപ്പെടുത്താനും നിനക്ക് കഴിയും. എന്റെ ദൈവരാജ്യസന്ദേശം ലോകം മുഴുവനും പ്രചരിപ്പിക്കുവാൻ നീ നേതൃത്വം കൊടുക്കേണ്ടു തായതിനാൽ എന്റെ സഭയുടെ പ്രധാന താക്കോൽ ഞാൻ നിനക്ക് തരുന്നു. എല്ലാവരെയും സ്വർഗരാജ്യത്തിലേക്ക് എത്തിക്കുവാൻ നീ പരമാവധി അധ്വാനിക്കണം."

ഏറ്റവും പ്രായം കുറഞ്ഞ യോഹന്നാനെ ആണ് ഞാൻ പിന്നെ സമീപിച്ചത്. അവനോട് ഇങ്ങനെ പറഞ്ഞു:" എന്റെ അമ്മയെ നിന്നെയാണ് ഞാൻ ഏൽപ്പിക്കുന്നത്. സമരിയക്കാരെ തീ ഇറക്കി

നശിപ്പിക്കുവാൻ നീ പറഞ്ഞ കാര്യം മറന്നിട്ടില്ല. എന്റെ ശിഷ്യന്മാർക്ക് അപ്രകാരം പ്രതികാരമനോഭാവം ഒരിക്കലും ഉണ്ടാകാൻ പാടില്ല. സ്നേഹത്തിന്റെ മാർഗ്ഗം ശരിയായി മനസ്സിലാക്കുകയും മറ്റുള്ളവരെ പഠിപ്പിക്കാൻ തക്കവണ്ണം സ്നേഹം ജീവിച്ച് കാണിക്കുകയും ചെയ്യണം. നിനക്ക് മറ്റുള്ളവരെ ശരിയായി സ്നേഹിക്കാൻ കഴിയണമെങ്കിൽ സ്വർഗ്ഗ പിതാവിന്റെ സ്നേഹം അനുഭവിക്കുവാൻ തക്കവിധം ദൈവത്തെ പ്രസാദിപ്പിച്ച് ജീവിക്കാൻ ശ്രമിക്കുക. ആ ദൈവീകസ്നേഹം നിന്നിലേക്ക് ഒഴുകി വരുമ്പോൾ നിനക്ക് അത് മറ്റുള്ളവരിലേക്ക് ഒഴുക്കി കൊടുക്കുവാൻ കഴിയും. സ്നേഹത്തിന്റെ അപ്പോസ്തലനായി നീ അറിയപ്പെടണം.

എരിവ്കാരൻ ശീമോൻ എന്റെ സന്ദർശനത്തിനായി കാത്തിരിക്കുന്നുണ്ടായിരുന്നു. ഞാൻ അവനോട് പറഞ്ഞു, "നീ രാജ്യസ്നേഹി ആയതിനാൽ തീക്ഷ്ണതയോടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയവനാണ്. എന്നാൽ യഥാർത്ഥ പൗരത്വം സ്വർഗ്ഗത്തിലാണ് എന്ന് നീ തിരിച്ചറിഞ്ഞു ധീരതയോടെ നിത്യസ്വാതന്ത്ര്യത്തിനായി പോരാടി വിജയിക്കുക. നിന്റെ ശത്രു മനുഷ്യരല്ല, സാത്താനും അവന്റെ സൈന്യങ്ങളുമാണ്. അവനെ തോൽപ്പിക്കാനുള്ള എന്റെ പോരാട്ടം എന്റെ ക്രൂശ് മരണത്തോടെ വിജയിക്കും. ആ പോരാട്ടം നീയും തുടരേണ്ടത് ആവശ്യമാണ്. അതിനാവശ്യമായ സർവ്വായുധവർഗ്ഗം എടുത്ത് ദൈവരാജ്യത്തിനുവേണ്ടിശക്തിയോടെപോരാടുക."ദൈവരാജ്യസന്ദേശം അവന് മനസ്സിലായതിനാൽ മരണംവരെയും അത് പ്രചരിപ്പിക്കുവാൻ സർവ്വശക്തിയും സമയവും ഉപയോഗിക്കുമെന്നും അവൻ എനിക്ക് ഉറപ്പുനൽകി. ഞാനവനോട് വീണ്ടും പറഞ്ഞു," എന്റെ രാജ്യം ഈ ലോകത്തിന്റേതല്ല; ഈ ലോകപ്രമാണങ്ങൾ സംരക്ഷിക്കുവാനും നടപ്പാക്കാനും അല്ല ദൈവരാജ്യരഹസ്യങ്ങൾ ശരിയായി മനസ്സിലാക്കി ജീവിച്ചു കാണിക്കേണ്ട തിനാണ് നിങ്ങൾ അധ്വാനിക്കേണ്ടത്. ലോക പ്രകാരം വാളെടുക്കുന്നവൻ വാളുകൊണ്ട് തന്നെ മരിക്കും."

മത്തായി എന്ന ലേവിയുടെ അടുത്തുചെന്ന് ഞാൻ പറഞ്ഞു," നിങ്ങളെല്ലാവരും പല ഇടങ്ങളിലേക്ക് ചിതറി പോകും. നിങ്ങൾപോകുന്നിടത്ത് സഹപ്രവർത്തകരെ കണ്ടെത്തണം. ഭൂമിയുടെ അതിരുകളോളം എന്റെ സന്ദേശം എത്തിക്കുവാൻ നിങ്ങൾ കൂട്ടുപ്രവർത്തകരെ കണ്ടെത്താൻ ശ്രമിക്കണം. ഞാൻ പോയാൽ നിങ്ങൾക്ക് മറ്റൊരു കാര്യസ്ഥനായി പരിശുദ്ധാത്മാവിനെ അയക്കും. നിങ്ങളെ സകല സത്യത്തിലും അവൻ വഴി നടത്തും. അതെപ്പറ്റി ഞാൻ നേരത്തെ പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. കുറച്ചുകൂടി കാര്യങ്ങൾ

കൂടുതലായി ഞാൻ പൊതുവായി പിന്നീട് പറയാം. ആദ്യം നിങ്ങൾ യഹൂദന്മാരുടെ അടുക്കൽ പോയി ദൈവരാജ്യസന്ദേശം പ്രസംഗിക്കണം. പിന്നീട് വിജാതിയരോടും."

സെബതി പുത്രനായ യാക്കോബിനെയാണ് ഞാൻ പിന്നെ കണ്ടു സംസാരിച്ചത്. അമ്മയോടൊപ്പം വന്നു പ്രധാന സ്ഥാനം കിട്ടാനായി ശുപാർശ ചെയ്ത കാര്യം ഞാൻ ഓർത്തു. യാക്കോബ് നൽകിയ ശക്തമായ രഹസ്യന്വേഷണ ക്രമീകരണത്തിന് ഞാൻ അവനെ അഭിനന്ദിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു," ഇനിയും പൈശാചിക തന്ത്രങ്ങൾക്കെതിരെ ജാഗ്രതയോടെ അന്വേഷണം നടത്തി പൈശാചിക പദ്ധതികളെ പരാജയപ്പെടുത്താൻ ഉത്സാഹിക്കണം. കൂടുതൽ ക്ഷമശീലവും പക്വതയും ലഭിക്കേണ്ടതിന് പരിശുദ്ധാത്മ നേതൃത്വത്തിന് ബോധപൂർവ്വം വിധേയനാകണം. ഞാൻ നേരത്തെ പലപ്രാവശ്യം പറഞ്ഞതുപോലെ ദൈവശക്തിയും മനുഷ്യവിശ്വാസവും ചേർന്ന് പ്രവർത്തിക്കുന്ന അത്ഭുത അന്തരീക്ഷം ജീവിതകാലം മുഴുവൻ സംരക്ഷിക്കുവാൻ പരിശ്രമിക്കണം. ആ കാര്യം മറ്റുള്ളവരെ പരിശീലിപ്പിക്കുകയും ചെയ്യണം."

അന്ത്രയോസ് എന്നെ പ്രതീക്ഷിച്ച് നില്ക്കു കയായിരുന്നു. ശിഷ്യന്മാരെ ഒന്നിച്ച് ചേർത്ത് കൊണ്ടുപോകുവാൻ അവൻ കാണിച്ച നേതൃത്വത്തെ ഞാൻ അഭിനന്ദിച്ചു. ഓരോരുത്തരുടെയും കഴിവുകൾക്കനുസരിച്ച് പ്രോത്സാഹിപ്പിക്കുന്ന അവന്റെ മനോഭാവം എനിക്ക് വളരെ ഇഷ്ടമായിരുന്നു. സ്വയം പിന്മാറി മറ്റുള്ളവർക്ക് അവസരം കൊടുക്കുന്ന അവന്റെ സ്വഭാവം എല്ലാവർക്കും ഒരു മാതൃക തന്നെയാണ്. ആരോടും പക്ഷപാതം കാണിക്കാതെ അവൻ നൽകിയ നേതൃത്വത്തെ ഞാൻ അംഗീകരിച്ചു പറഞ്ഞപ്പോൾ മറ്റുള്ളവർ അതിനെ ശരിവയ്ക്കുന്നതായി ഞാൻ കണ്ടു. ഞാൻ നേതൃത്വം നൽകിയത് പോലെ പരിശുദ്ധാത്മാവും തുടർന്ന് നിങ്ങളെ നയിക്കുമെന്ന് ഞാൻ പറഞ്ഞപ്പോൾ വളരെ ആശ്വാസത്തോടെ തലകുനിച്ച് സ്വീകരിച്ചു.

അൽഫായിയുടെ മക്കളായ യാക്കോബു, (യൂദാ) തദേവൂസ് എന്നിവർ ചേർന്നിരുന്നതിനാൽ രണ്ടുപേരെയും ഒന്നിച്ച് ഞാൻ സംബോധന ചെയ്തു. അവരുടെ സഹോദരസ്നേഹം ശ്രേഷ്ഠമാണെന്നും അത് എന്നും നിലനിൽക്കണമെന്നും, അതേസമയം എല്ലാവരെയും ദൈവമക്കൾ എന്ന നിലയിൽ സഹോദരങ്ങളായി കാണണമെന്നും ഞാൻ അവരോട് പറഞ്ഞു. ദൈവ പിതാവിനെ ശരിയായി അറിയുന്തോറും നിങ്ങൾ ദൈവമക്കൾ ആണെന്നും മറ്റുള്ള എല്ലാവരും സഹോദരങ്ങളാണെന്നും

നിങ്ങൾക്ക് ബോധ്യമാകും. നിങ്ങൾ മറ്റുള്ളവർക്ക് ചെയ്യുന്ന സേവനങ്ങൾ എന്റെ നാമത്തിൽ സ്വർഗ്ഗപിതാവ് അംഗീകരിച്ച് പ്രതിഫലം തരുമെന്ന് ഞാൻ പറഞ്ഞത് കേട്ടപ്പോൾ അവരുടെ കണ്ണുകൾ തിളങ്ങി.

ഫിലിപ്പോസ് എന്റെ വാക്കുകൾ കേൾക്കാൻ കാത്തിരിക്കുന്നുണ്ടായിരുന്നു. ദൈവപിതാവിനെ കാണണമെന്ന് അവൻ ആവശ്യപ്പെട്ടപ്പോൾ "ഞാനും പിതാവും ഒന്നാകുന്നു, എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" എന്ന് ഞാൻ നേരത്തെ അവനോട് പറഞ്ഞിരുന്നു. എന്നെപ്പറ്റി തിരിച്ചറിഞ്ഞ കാര്യങ്ങൾ മറ്റുള്ളവർക്ക് ജീവിതത്തിലൂടെ കാണിച്ചു കൊടുക്കണമെന്നു ഞാൻ അവനോട് പ്രത്യേകം പറഞ്ഞു. എന്നിൽനിന്നും ലഭിച്ചിരിക്കുന്ന ആത്മീയ വെളിച്ചം ചുറ്റുപാട് പ്രതിഫലിപ്പിച്ച് മറ്റുള്ളവരെ കൂടി തിന്മയുടെ അന്ധകാരത്തിൽ നിന്നും മോചിപ്പിക്കണമെന്ന് ഞാനവനെ പ്രത്യേകം ഓർമപ്പെടുത്തി. ഈ ലോകത്തിലെ ദൗത്യം ശ്രേഷ്ഠമായി പൂർത്തിയാക്കി സ്വർഗ്ഗത്തിൽ എത്തുമ്പോൾ എന്റെ പിതാവിനെ നേരിട്ട് കാണിച്ചു കൊടുക്കാം എന്ന് ഞാൻ പറഞ്ഞപ്പോൾ അവന്റെ കവിളുകൾ സന്തോഷത്തോടെ വികസിക്കുന്നത് ഞാൻ ശ്രദ്ധിച്ചു.

ഞാൻ പിന്നെ നഥാനിയേലിന്റെ അടുത്തുചെന്നു. ബഹുമാനപൂർവ്വം എഴുന്നേറ്റപ്പോൾ അവന്റെ തോളിൽ കൈവെച്ച് ഇങ്ങനെ പറഞ്ഞു,:" നീ സാക്ഷാൽ ഇസ്രായേല്യൻ ആണെന്ന് ഞാൻ നിന്നെപറ്റി പറഞ്ഞപ്പോൾ,ഞാൻ ദൈവപുത്രനാണെന്നും ഇസ്രായേലിന്റെ രാജാവാണ് എന്നും ആദ്യദർശനത്തിൽ തന്നെ നീ പറഞ്ഞത് ഞാൻ മറന്നിട്ടില്ല. ദൈവമക്കളുടെ സ്വഭാവവും ഉത്തരവാദിത്വങ്ങളും എന്താണെന്ന് ഞാൻ നിങ്ങൾക്ക് ജീവിച്ചു കാണിച്ചു തന്നത് പോലെ, നിങ്ങളും അപ്രകാരം ദൈവമക്കളായി ജീവിക്കുവാനും അങ്ങനെ ദൈവപിതാവിനെ സന്തോഷിപ്പിച്ച് മഹത്വപ്പെടു പെടുത്തുവാനുമാണെന്ന് മറന്നുപോകരുത്. നിന്റെ നിഷ്കളങ്കത നിലനിർത്തുകയും അതേസമയം മറ്റാരും അതിനെ ചൂഷണം ചെയ്യാൻ ഇടയാകാതെ സൂക്ഷിക്കുകയും വേണം. ഞാൻ പറഞ്ഞ കാര്യങ്ങൾ മുഴുവനായി ഗ്രഹിക്കുവാനും ഗ്രഹിച്ച കാര്യങ്ങൾ പൂർണ്ണമായി അനുസരിക്കാനും അവന് കഴിയുന്നില്ല എന്ന് എന്നോട് പറഞ്ഞു. പരിശുദ്ധാത്മാവ് നിങ്ങളുടെ ഉള്ളിൽ പ്രവേശിച്ച് നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം തക്കസമയത്ത് നിങ്ങളെ ബോധ്യപ്പെടുത്തുമെന്നും, നിങ്ങൾ മനസ്സുകൊണ്ട് തയ്യാറാണെങ്കിൽ എന്നെ അനുസരിച്ച് ജീവിക്കാൻ ശക്തി നൽകുമെന്നും ഞാനവനോട് പറഞ്ഞത് അവൻ സന്തോഷത്തോടെ വിശ്വസിച്ചു.

ഏറ്റവുമൊടുവിലാണ് തോമസിനെ കണ്ട് സംസാരിച്ചത്. അവന്റെ ധൈര്യത്തെ ഞാൻ അഭിനന്ദിച്ചെങ്കിലും അവന്റെ സംശയസ്വഭാവത്തെ ഞാൻ ഓർമ്മപ്പെടുത്തി. കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാനുള്ള അവന്റെ ആഗ്രഹം നല്ലതായിരുന്നു. വ്യാജ സുവിശേഷം പറഞ്ഞ് ജനത്തെ വഞ്ചിക്കുന്നവരിൽ നിന്നും ഒഴിഞ്ഞു മാറുവാൻ തോമസിനെപോലെ സംശയദൃഷ്ടിയോടെ ടെയുള്ള അന്വേഷണ സ്വഭാവം എല്ലാവർക്കും ആവശ്യമാണ്. തോമസിന്റെ ആഹ്വാനം മറ്റ ശിഷ്യന്മാരെ ധൈര്യപ്പെടുത്തുവാനും, അവന്റെ സംശയം മറ്റുള്ളവരുടെ സംശയങ്ങൾ മാറ്റി കൊടുക്കാനും, അവന്റെ അന്വേഷണം മറ്റുള്ളവർക്ക് ശരിയായ വഴി കണ്ടെത്തുവാനും ഇടയാക്കി എന്ന കാര്യത്തിൽ ഞാൻ തോമസിനെ അഭിനന്ദിച്ചു. അത് മറ്റ് ശിഷ്യന്മാരും ശരിവച്ചപ്പോൾ അവനു സന്തോഷമായി.

എല്ലാവരെയും ഞാൻ വ്യക്തിപരമായ സമീപിച്ചപ്പോൾ അവർക്കെല്ലാം പ്രത്യേകമായ ഒരു ഊർജ്ജവും ധൈര്യവും ലഭിച്ചതായി ഞാൻ മനസ്സിലാക്കി. ഇനിയും പൊതുവായി കുറെ കാര്യങ്ങൾ കൂടി അവരോട് പറയാനുണ്ട്. എല്ലാവരോടും അവരുടെ സ്ഥാനത്ത് ഇരുന്നു ധ്യാനിക്കുവാൻ ആവശ്യപ്പെട്ടു, കുറച്ച് സമയം ഞാൻ സ്വർഗ്ഗപിതാവുമായി മൗനമായി സംസർഗ്ഗം ചെയ്തു. സമയം കളയാതെ ഞാൻ എല്ലാ അപ്പോസ്തോലന്മാരെയും കൂട്ടി വരുത്തി പഴയനിയമ ഉടമ്പടികളെപറ്റി കുറച്ചുകൂടി കാര്യങ്ങൾ പറഞ്ഞു.

1). നോഹയോട് ദൈവം ഉണ്ടാക്കിയ ഉടമ്പടി."ഭൂമിയുള്ള കാലത്തോളം വിതയും കൊയ്ത്തും ശീതവും ഉഷ്ണവും വേനലും വർഷവും രാവും പകലും നിന്ന് പോകില്ല" (ഉല്പത്തി 8: 22)."ഇനി സകലജഡവും ജലപ്രളയത്തിൽനശിക്കുകയും ഇല്ല...... മേഘത്തിൽ മഴവില്ല് അടയാളമായി നൽകുകയും ചെയ്തു. (ഉല്പത്തി 9: 8 –17).

2) അബ്രഹാമിനോട് പരിച്ഛേദന നടത്തുന്നതിനായി നിയമംവഴി ചെയ്ത ഉടമ്പടി. "നിങ്ങളുടെ അഗ്രചർമ്മം പരിച്ഛേദന ചെയ്യണം. അത് എനിക്കും നിങ്ങൾക്കും മദ്ധ്യേയുള്ള നിയമത്തിന്റെ അടയാളം ആകും". (ഉല്പത്തി 17: 11).

3) പിന്നെയും 400 വർഷം കഴിഞ്ഞ് മോശയോട് ചെയ്ത ഉടമ്പടി,:"ഏഴു ദിവസം നീ പുളിപ്പില്ലാത്ത അപ്പം തിന്നേണം. ഏഴാം ദിവസം യഹോവയ്ക്ക് ഒരു ഉത്സവം ആയിരിക്കണം. നീ ആണ്ടുതോറും നിശ്ചയിക്കപ്പെട്ട സമയത്തു ഈ ചട്ടം (പെസഹാ) ആചരിക്കണം.(പുറപ്പാട് 13: 6– 10).

ഈ മൂന്ന് പഴയനിയമ ഉടമ്പടികളും പുതിയ നിയമ ഇസ്രായേൽ ആകുന്ന എന്റെ സഭയിലും പുതിയ അർത്ഥത്തോടെ നിങ്ങൾ ആചരിക്കുന്നത് നല്ലതാണ്. രക്തം ഭക്ഷിക്കരുത് എന്ന നിയമവും (അ. പ്ര.15:29), ഹൃദയത്തിന് പരിച്ഛേദന നടത്തണമെന്നും, (ഗലാത്യ 6: 12 –),മോശ നൽകിയ 10കല്പനകൾ കൽപ്പലകകളിൽ എഴുതി തന്നത്പോലെ സ്നേഹമെന്ന എന്റെ ഏക കൽപ്പന നിങ്ങളുടെ ഹൃദയ പലകകളിൽ എഴുതി തന്നിട്ടുള്ളത് (2 കൊരി 3: 2–3) നിങ്ങൾ ഓർത്തു കൊള്ളണം.

മോശ പറഞ്ഞതനുസരിച്ച് ഇസ്രായേൽ മക്കളെ ഫറവോനിൽ നിന്ന് മോചിപ്പിക്കുന്നതിനായി സംഹാരദൂതനെ അയച്ച സമയത്ത്, ആട്ടിൻകുട്ടിയെ അറുത്ത് അതിന്റെ രക്തം രക്ഷയുടെ അടയാളമായി കട്ട്ള പടികളിൽ തളിച്ചതിനെ സൂചിപ്പിച്ചുകൊണ്ടാണ് "പുതിയ നിയമ ഉടമ്പടി" എന്റെ കാൽവറിയിലെ ബലിയുടെ രക്തം മൂലം നടപ്പാക്കാൻ തീരുമാനിച്ചത്.

ഞാൻ "അപ്പ –വീഞ്ഞുകൾ" എടുത്ത്, വാഴ്ത്തി, നുറുക്കി നൽകിയപ്പോൾ, അത് എന്റെ ശരീരരക്തങ്ങൾ ആണെന്ന് ഞാൻ പറഞ്ഞത് നിങ്ങൾ വിശ്വസിച്ച് അനുഭവിച്ചവരാണല്ലോ. അതുമൂലം എന്റെ തന്നെ അദൃശ്യസാന്നിധ്യം നിങ്ങളിലേക്ക് പ്രവേശിക്കുന്നു എന്ന് നിങ്ങൾ തിരിച്ചറിയണം. ഇതുമൂലം ഞാൻ നിങ്ങളിലും നിങ്ങൾ എന്നിലും വസിക്കുന്നവരായിത്തീർന്ന് നിങ്ങൾ പോകുന്നിടത്തെല്ലാം എന്റെ ജീവിക്കുന്ന സാക്ഷികളാകുവാനും എന്റെ രക്തസാക്ഷികളായി മരണം സ്വീകരിക്കുവാനും നിങ്ങൾക്ക് ഞാൻ ധൈര്യവും സഹനശക്തിയും നൽകുമെന്ന് വിശ്വസിക്കുക. ഈ പുതിയനിയമ ബലിയുടെ ഉടമ്പടി നിങ്ങൾ കൂടി വരുമ്പോഴൊക്കെ എന്റെ ഓർമ്മയ്ക്കായി ചെയ്യണമെന്ന് ഒരിക്കൽ കൂടി ഞാൻ നിങ്ങളോട് പറയുന്നു. ഈ ബലിയർപ്പണത്തിന് നേതൃത്വം നൽകുന്ന കാർമികത്വം വഹിക്കുന്നവരും അതിൽ സംബന്ധിക്കുന്ന എല്ലാവരും വിശുദ്ധിയോടും ഒരുക്കത്തോടും ഐക്യത്തോടും സ്നേഹത്തോടും കൂടി അതിൽ പങ്കെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ഏതെങ്കിലും വിധത്തിൽ വീഴ്ചവരാൻ ഇടയായാൽ അതിനുള്ള പാപമോചനവും പ്രായശ്ചിത്തവും നടത്തിയശേഷം മാത്രം സംബന്ധിക്കുക. കാർമ്മികരും സംബന്ധിക്കുന്നവരും എന്തുമാത്രം വിശ്വാസത്തോടും ഒരുക്കത്തോടെയും പങ്കെടുക്കുന്നുവോ അത്രമാത്രം അത് ഫലപ്രദവും അനുഗ്രഹപൂർണവും ആകുമെന്ന് ഓർക്കണം. എന്നിൽ വസിച്ചുകൊണ്ട് പിതാവായ ദൈവവുമായും, ദൈവമക്കൾ ആയ സഹോദരങ്ങളുമായും എന്റെ രണ്ടാമത്തെ വരവുവരെയും പ്രത്യാശയോടെ ജീവിക്കുവാൻ ഞാൻ

സ്ഥാപിച്ച പുതിയനിയമബലി വീഴ്ച വരുത്താതെ പാലിക്കണമെന്ന് ഞാൻ എന്റെ "അന്ത്യശാസനം" ആയി പറയുന്നു.

എന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ "ഗിരിപ്രഭാഷണം" ആയി ഞാൻ കുറെ കാര്യങ്ങൾ നിങ്ങളോട് പറഞ്ഞത്, പൊതുവായി പഴയനിയമവും പുതിയനിയമവുമായി ബന്ധിപ്പിക്കാൻ ഉദ്ദേശിച്ചായിരുന്നു. സ്വർഗ്ഗരാജ്യപ്രമാണങ്ങളെപറ്റിയുള്ള ഉൾക്കാഴ്ചകൾ നൽകി അതിലേക്ക് പ്രവേശിക്കാനുള്ള ആഹ്വാനമാണ് അതുവഴി ഞാൻ നിങ്ങൾക്ക് നൽകിയത്. എന്നാൽ ഇപ്പോൾ ഞാൻ നിങ്ങൾക്ക് നൽകുന്ന മാളികയിലേ ഈ "അന്ത്യപ്രഭാഷണം"എന്റെ ശിഷ്യരായ നിങ്ങൾ ശ്രദ്ധാപൂർവം കേട്ട് ജനങ്ങളോട് ജീവിച്ചു കാണിക്കേണ്ട കാര്യങ്ങളാണ്.

ഞാൻ നിങ്ങളെ വിട്ടുപോയാലും നിങ്ങളെ ആശ്വസിപ്പിക്കാനും ധൈര്യപ്പെടുത്തുവാനുമാണ് ഞാൻ ഈ കാര്യങ്ങൾ മുൻകൂട്ടി പറയുന്നത്. എന്റെയും എന്റെ സ്വർഗ്ഗപിതാവിന്റെയും ഹൃദയാഭിലാഷങ്ങൾ ഞാൻ നിങ്ങളുടെ ഹൃദയങ്ങളിലേക്ക് പകരുകയാണ്ന്നറിയുക. ഇവിടെ പറയുന്ന കാര്യങ്ങൾ, പാപചിന്തകൾ നിറഞ്ഞ മനസ്സുള്ളവർക്ക് വേണ്ടിയുള്ളതല്ല; ദൈവത്തെ പിതാവായും എന്നെ ദൈവപുത്രനായ സഹോദരനുമായി മനസ്സുകൊണ്ട് സ്വീകരിച്ച ദൈവമക്കൾക്ക് വേണ്ടിയുള്ളതാണ്.

എന്റെ ഈ "അന്ത്യപ്രഭാഷണം" നൽകുന്ന മൂന്ന് പ്രധാന ചിന്തകൾ കാണുക:

1) സ്നേഹം (യോഹന്നാൻ 14: 21; 15 :9).

2) സന്തോഷം (യോഹന്നാൻ 15 :11; 16: 22 –24; 17: 13).

3) സമാധാനം. (യോഹന്നാൻ 14: 27 ;16: 33).

ഈ ചിന്തകൾ ഒന്നാമതായി, സ്നേഹത്തിൽ നിറഞ്ഞു വരുവാൻ നിങ്ങളെ സഹായിക്കും.(യോഹന്നാൻ 15:10, 12,17).

രണ്ടാമതായി,ഞാനും പിതാവും ഒന്നായിരിക്കുന്നതുപോലെ നിങ്ങൾ എല്ലാവരും ഒന്നായി തീർന്നു സന്തോഷത്തോടെ ജീവിക്കുവാനും നിങ്ങളെ പ്രാപ്തരാക്കും.(യോഹന്നാൻ 15: 4 –7; 17: 20– 21).

മൂന്നാമതായി, എന്നിലുള്ള വിശ്വാസവും ആശ്രയവും സമാധാനവും നിങ്ങളിൽ വർദ്ധിക്കും. (യോഹന്നാൻ 14: 11– 12).

ഇതോടൊപ്പം ഞാൻ നിങ്ങൾക്ക് ചില വാഗ്ദാനങ്ങൾ കൂടി നല്കുകയാണ്:

1) ഞാൻ ചെയ്തതിനേക്കാൾ വലിയ കാര്യങ്ങൾ ചെയ്യാൻ നിങ്ങൾക്ക് കഴിയും. (യോഹന്നാൻ 14: 12).

2) എന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും പിതാവിന്റെ നാമ മഹത്വത്തിനായി ഞാൻ നിങ്ങൾക്ക് ചെയ്തുതരും. (യോഹന്നാൻ 14 :13).

3). ഞാൻ നിങ്ങളെ ചുമതലപ്പെടുത്തുന്ന കാര്യങ്ങൾ ചെയ്യേണ്ടതിന് നിങ്ങളെ ധൈര്യപ്പെടുത്തി സഹായിച്ച് , വഴി നടത്തുന്നതിനായി പരിശുദ്ധാത്മാവിനെ അയച്ചുതരും. (യോഹന്നാൻ 14: 16, 26).

4). ഞാനും നിങ്ങൾക്ക് വേണ്ടി പിതാവിനോട് പ്രാർത്ഥിക്കും. (യോഹന്നാൻ 14: 16; 17:9,15).

"നിങ്ങളുടെ ഹൃദയം കലങ്ങി പോകരുത് ദൈവത്തിൽ വിശ്വസിപ്പിൻ എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഞാൻ പോയി സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും"(യോഹന്നാൻ 14: 1 –3).

ഒരു കാര്യം പ്രത്യേകം ഓർക്കുക:സാത്താൻ നിങ്ങളെ വശീകരിച്ച് എന്നിലുള്ള വിശ്വാസം നശിപ്പിച്ച് നിങ്ങളെ നരകത്തിലേക്ക് കൊണ്ടു പോകാൻ സാധ്യതയുണ്ട് എന്ന് അറിഞ്ഞു ജാഗ്രതയോടെ എന്നിലുള്ള വിശ്വാസത്തിൽ നിലനിൽക്കുക. നീതിമാന്മാർ പിന്തിരിഞ്ഞു പോയാൽ നരകശിക്ഷ ലഭിക്കുമെന്ന മുന്നറിയിപ്പ് പ്രവാചകൻ നൽകുന്നത് നിങ്ങൾക്കറിയാമല്ലോ?(എസക്കിയേൽ. 18: 24 –32). ആകയാൽ എന്റെ സ്നേഹം തിരിച്ചറിഞ്ഞവരായി എന്നിൽ വസിക്കുക. എന്നാൽ ഞാൻ നിങ്ങളിലും വസിക്കും. അതിനു വേണ്ടിയുള്ള ശക്തമായ ഉപാധിയാണ് ഞാൻ സ്ഥാപിച്ച "പുതിയനിയമബലി". എന്നിൽ വസിക്കുക ഞാൻ നിങ്ങളിലും വസിക്കും എന്ന് ഒരിക്കൽ കൂടി പറയുന്നു. എന്റെ"ശരീരവും രക്തവും"യോഗ്യതയോടെ അനുഭവിച്ചാൽ സാത്താന് നിങ്ങളെ തൊടാൻ പോലും കഴിയില്ല."നിങ്ങൾക്ക് സമാധാനം ഉണ്ടാകേണ്ടതിന് ഇത് ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്നു.

3–3–2021.

## അദ്ധ്യായം 94

# പരിശുദ്ധാത്മാവായ ദൈവം നിങ്ങളെ സകല സത്യത്തിലും വഴി നടത്തും

**യോഹന്നാൻ 14:15– 29;16:7–13;**
**1കോരി12:1–; ഗലാത്യർ. 5 :22;**

ഞാനെന്റെ സ്വർഗ്ഗമഹത്വം വിട്ട് മനുഷ്യാവതാരം ചെയ്ത സമയത്ത് ദൈവപുത്രൻ എന്ന നിലയിൽ എനിക്കുണ്ടായിരുന്ന മഹത്വവും അധികാരങ്ങളും പിതാവായ ദൈവത്തെ പൂർണമായും ഭരമേൽപ്പിച്ച സന്ദർഭം ഞാൻ ഓർക്കുകയായിരുന്നു. ഇനിയും തിരിച്ച് ചെന്ന് എനിക്കുണ്ടായിരുന്ന മഹത്വവും അധികാര അവകാശങ്ങളും പിതാവിൽ നിന്നും ഏറ്റുവാങ്ങാനുള്ള സന്തോഷവും മനസ്സിൽ നിറഞ്ഞു വരുന്നു. ഞാനീ ശരീരം വിട്ടുപോകുന്നതിനു മുൻപ് ഞാൻ ജീവിച്ചു കാണിച്ചു കൊടുത്ത "യഥാർത്ഥ മനുഷ്യത്വം" അപ്പോസ്തലന്മാരെ ഏൽപ്പിക്കുന്ന അവസാനഘട്ടത്തിലെത്തിയിരിക്കുകയാണ്. എന്റെ "ശരീരരക്തങ്ങൾ" അനുഭവിച്ചത് വഴി എന്റെ മനുഷ്യത്വപൂർണത സ്വീകരിക്കുക മാത്രമല്ല എന്റെ ദൈവപുത്രത്വത്തിലേക്കുള്ള പ്രവേശനം ഞാൻ അവർക്ക് നൽകുകയും ചെയ്തു. എന്നാൽ ആ ദൈവപുത്രപദവിയിൽ മനുഷ്യരായി,എന്നെപ്പോലെ അവർക്ക് ഈ ലോകത്തിൽ ജീവിച്ചു ,മറ്റുള്ളവർക്ക് സ്വർഗ്ഗ പിതാവിനെ ഞാൻ അനുസരിച്ച് കാണിച്ചത് പോലെ അവർക്ക് എന്നെ കാണിച്ചു കൊടുക്കുവാൻ കഴിയണമെങ്കിൽ, പരിശുദ്ധാത്മാവിനെ അവരുടെ "ഉള്ളിൽ" ലഭിക്കേണ്ടിയിരിക്കുന്നു. അതിനായി ഈ മാളികമുറിയിൽ തന്നെ കാത്തിരിക്കണമെന്ന് അവരെ ബോധിപ്പിക്കുവാൻ ആവശ്യമായിരിക്കുന്നു.

ഞാൻ അവരോട് ഇങ്ങനെ പറഞ്ഞു:" ഞാൻ മനുഷ്യനായി

നിങ്ങളുടെ ഇടയിൽ സ്വർഗ്ഗപിതാവിന് പൂർണമായി അനുസരിച്ച് ജീവിക്കുവാൻ എന്റെ ഉള്ളിൽ എന്നെ നിയന്ത്രിച്ചിരുന്നത് ദൈവാത്മാവ് ആയ പരിശുദ്ധാത്മാവാണ്. അതുപോലെ ഞാൻ നൽകിയിരിക്കുന്ന കൽപനകളും മാതൃക ജീവിതവും പൂർണമായും നിങ്ങൾക്ക് ഈ ലോകജീവിതത്തിൽ മരണം വരെയും നിർവഹിക്കുവാൻ കഴിയണമെങ്കിൽ, പരിശുദ്ധാത്മാവ് നിങ്ങളുടെ ഉള്ളിൽ കടന്ന് നിങ്ങളെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. ആയതിലേക്ക് നിങ്ങൾ വിനയത്തോടും വിശുദ്ധിയോടും വിശ്വാസത്തോടുകൂടി പ്രാർത്ഥനാപൂർവ്വം മാളികമുറിയിൽ കാത്തിരിക്കണം. അതുവരെയും പരസ്യ പ്രവർത്തനങ്ങളിൽ ഒന്നും നിങ്ങൾ ഏർപ്പെടരുത്. ശരീരത്തോട് കൂടി "പൂർണ്ണദൈവമായി" തന്നെ ഭൂമിയിൽ ഞാൻ പ്രവർത്തിച്ചപ്പോഴും "പൂർണ്ണമനുഷ്യനായി" മാത്രമേ എന്നെ നിങ്ങൾക്ക് ഞാൻ വെളിപ്പെടുത്തിയിട്ടുള്ളൂ. മനുഷ്യാവതാരദൗത്യം പൂർത്തിയാക്കി ഞാൻ ഈ ലോകം വിട്ട് സ്വർഗ്ഗാരോഹണം ചെയ്താലും എന്റെ അദൃശ്യ സാന്നിധ്യമായി പരിശുദ്ധാത്മാവ് നിങ്ങളെ വഴി നടത്തും. ഞാൻ ശരീരം എടുത്തു നിങ്ങളുടെ ഇടയിൽ പ്രവർത്തിച്ചത് മുഴുവനും പിതാവിന്റെ ഇഷ്ടം പൂർത്തിയാക്കുവാൻ വേണ്ടി മാത്രമായിരുന്നു. അതുപോലെ അദൃശ്യരൂപത്തിൽ നിങ്ങളോട് കൂടി പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവ്, ഞാൻ പ്രവർത്തിക്കുകയും പഠിപ്പിക്കുകയും ചെയ്ത കാര്യങ്ങൾ മാത്രം കൂടുതൽ വ്യക്തമായി ഗ്രഹിക്കുവാനും ശക്തമായി നടപ്പാക്കുവാനും നിങ്ങളെ സഹായിക്കും. ഞാൻ നിങ്ങളെ ശരീരത്തോടെ എപ്രകാരം മാതൃക കാണിച്ചു തന്നുവോ അപ്രകാരം തന്നെ ആന്തരികമായി നിങ്ങളെ പരിശുദ്ധാത്മാവ് അശരീരിയായി നിങ്ങളെ വഴി നടത്തും. ശരീരപ്രകാരം വളരെ കുറച്ച് പ്രദേശത്ത് മാത്രമേ പരിമിതകാലം പ്രവർത്തിക്കുവാൻ എനിക്ക് ഇടയായിട്ടുള്ളൂ. എന്നാൽ എന്നെപ്പോലെ ലോകം മുഴുവനും എന്റെ സ്വർഗ്ഗരാജ്യ സന്ദേശമെത്തിക്കാൻ നിങ്ങളെ ഓരോരുത്തരെയും പ്രാപ്തരാക്കാൻ വേണ്ടിയാണ് പരിശുദ്ധാത്മാവ് നിങ്ങളിൽ പ്രവേശിക്കുന്നത്. എന്റെ പിതാവ് എന്നെ അയച്ചത് പോലെ ഞാനും നിങ്ങളെ ലോകത്തിന്റെ നാനാഭാഗത്തേക്കും അയയ്ക്കുവാനായി ഒരുക്കുന്നത് വരെ നിങ്ങൾ മാളികമുറിയിൽ തന്നെ, എന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം കാത്തിരിക്കണം. ഞാൻ സ്വർഗ്ഗത്തിൽ ചെന്ന് , ഈ വരുന്ന പെന്തകൊസ്തി പെരുന്നാൾ ദിനത്തിൽ നിങ്ങൾക്ക് പരിശുദ്ധാത്മാവിനെ അയച്ചുതരും. അങ്ങനെ നിങ്ങൾ ഉയരങ്ങളിൽ നിന്നും ശക്തിയോടെ ഇറങ്ങിവരുന്ന പരിശുദ്ധാത്മവരങ്ങൾ പ്രാപിച്ചുകൊണ്ട് ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികളാകാനുള്ളവരാണ്. പരിശുദ്ധാത്മാവിനെപറ്റി ഞാൻ

നേരത്തെ നിങ്ങളോട് പറഞ്ഞ കാര്യങ്ങളെല്ലാം ഓർക്കുന്നുണ്ടല്ലോ. ചില അടിസ്ഥാന കാര്യങ്ങൾ കൂടി നിങ്ങളോട് പറയാം.

A. **പരിശുദ്ധാത്മാവ്:– ചില അടിസ്ഥാന കാര്യങ്ങൾ**

1) ഞാൻ ശരീരത്തിൽ ഇരിക്കുന്നതിനാൽ എനിക്ക് നിങ്ങളെപ്പോലെ ഒരു വ്യക്തിയായി മാത്രമേ പ്രവർത്തിക്കാൻ സാധിച്ചിട്ടുള്ളൂ. എന്നാൽ പിതാവിന്റെ അടുക്കൽ പോയി പരിശുദ്ധാത്മാവിനെ അയച്ചു തരുമ്പോൾ നിങ്ങളിൽ ഓരോരുത്തരിലും വസിച്ച് ദൈവപുത്രനായി ഞാൻ പ്രവർത്തിച്ച പോലെ നിങ്ങളിൽ കൂടെയും നിങ്ങളുടെ പ്രവൃത്തി മൂലം എന്നിൽ വിശ്വസിക്കുന്ന എല്ലാവരിലൂടെയും എനിക്ക് തുടർന്നും പ്രവർത്തിക്കാൻ കഴിയും. അങ്ങനെ സകല മനുഷ്യരേയും ശിഷ്യപ്പെടുത്തി സ്വർഗ്ഗരാജ്യത്തിലേക്ക് കൊണ്ടുപോകണം എന്നാണ് പിതാവായ ദൈവം പദ്ധതിയിട്ടിരിക്കുന്നത്.

2). ലോകത്തിലെ വിവിധ ഭാഗങ്ങളിലുള്ള മനുഷ്യർ പല തരത്തിലായിരിക്കും എന്നെ മനസ്സിലാക്കുന്നതും അനുഗമിക്കുന്നതും. എല്ലാവർക്കും അവരവരുടെ കഴിവും സാഹചര്യവും അനുസരിച്ച് എന്നെ മനസ്സിലാക്കുവാനും അനുസരിക്കുവാനും ഞാൻ അവസരം നൽകും. യഹൂദന്മാരുടെ പശ്ചാത്തലത്തിൽ പ്രമാണിച്ച് നടപ്പാക്കേണ്ട കാര്യങ്ങൾ ആണ് ഞാൻ നിങ്ങൾക്ക് കാണിച്ചു തന്നത്. അത് ശരീരപ്രകാരമുള്ള എന്റെ പരിമിതി ആയിരുന്നു. എന്നാൽ കാറ്റ് ഇഷ്ടമുള്ളിടത്ത് ഊതുന്നതുപോലെ പരിശുദ്ധ ആത്മാവായ ദൈവം വിവിധ മനുഷ്യരിൽ വിവിധ രീതികളിൽ ദൈവരാജ്യപ്രമാണങ്ങളെ അവതരിപ്പിക്കുവാനും കാല,ദേശ,സംസ്കാരം അനുസരിച്ച് മനസ്സിലാക്കി ജീവിക്കുവാനും വിവിധ മനുഷ്യസമൂഹങ്ങളെ പരിശീലിപ്പിക്കുമെന്നതിനാൽ,

ബാഹ്യമായ ഐക്യരൂപം (External Uniformity) ഉണ്ടാക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. അതേസമയം അടിസ്ഥാനപരമായ കാര്യങ്ങളിലും ആന്തരികമായ ഐക്യം(Internal Unity) കാത്തുസൂക്ഷിക്കുവാൻ ശ്രമിക്കുകയും വേണം. ദൈവരാജ്യപ്രമാണമായ "സ്നേഹ മാർഗം" സംരക്ഷിക്കുന്ന കാര്യത്തിന് ഊന്നൽ നൽകിക്കൊണ്ട് നടത്തുന്ന എല്ലാ ആത്മീയ സമീപനങ്ങളും, അത് ഏത് ദേശത്തിലും വർഗ്ഗത്തിലും സഭയിലും സമൂഹത്തിലും മതങ്ങളിലും ഉൾപ്പെട്ടവർ ആയിരുന്നാലും അവരെയെല്ലാം സ്വർഗ്ഗരാജ്യ അനുഭവത്തിലേക്ക് ചേർക്കുവാനുള്ള വളരെ വിപുലമായ പദ്ധതിയാണ് ഞാൻ,നിങ്ങൾ വഴി നടപ്പാക്കാൻ ആരംഭം ഇടുന്നത്. ഞാൻ യഹൂദനായി നിങ്ങളുടെ സമൂഹത്തിൽ ജനിച്ചെങ്കിലും ലോകത്തിലെ

സകല മനുഷ്യരുടെയും "രക്ഷകൻ" ആയിട്ടാണ് പ്രവർത്തിച്ചതും ജീവിച്ചതും മരിക്കുന്നതും എന്ന് നിങ്ങൾ ഒരിക്കലും മറന്നു പോകരുത്. ആ രക്ഷണ്യപദ്ധതിയുടെ തുടർച്ചയാണ് പരിശുദ്ധാത്മാവ് നിങ്ങളിൽ കൂടി ലോകത്തിൽ നടപ്പാക്കുന്നത്.

3). സകല മനുഷ്യരിലും എന്റെ പരിശുദ്ധാത്മാവിനെ പകരുമെന്നും അങ്ങനെ എല്ലാവർക്കും സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ അവസരം നൽകുമെന്നും നിങ്ങൾ അറിയുക. ഞാൻ പറയുന്ന കാര്യങ്ങൾ പൂർണമായി നിങ്ങൾക്ക് മനസ്സിലാകുന്നില്ല എന്ന് എനിക്കറിയാം. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ ഉള്ളിൽ വന്ന് താമസിക്കുമ്പോൾ എല്ലാ കാര്യങ്ങളും നിങ്ങൾക്ക് ഉപദേശിച്ചു തരികയും അങ്ങനെ നിങ്ങൾ ഗ്രഹിച്ച സ്വർഗ്ഗരാജ്യമൂല്യങ്ങൾക്ക നുസരിച്ച് ജീവിക്കുവാൻ നിങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും. അതുകൊണ്ട് നിങ്ങൾ ഒട്ടും ഭയപ്പെടാതെ സമാധാനമായിരിക്കുക. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു,ലോകം തരുന്നത് പോലെയല്ല. ഒരിക്കലും നഷ്ടപ്പെടാത്ത സന്തോഷവും സമാധാനവും എന്റെ ഉയർത്തെഴുന്നേൽപ്പിന് ശേഷം ഞാൻ നിങ്ങൾക്ക് നൽകും. നിങ്ങൾ എന്റെ വാക്കുകൾ വിശ്വസിച്ച് കാത്തിരിക്കുക. നിങ്ങളുടെ വിശ്വാസം നഷ്ടപ്പെടാവുന്ന കഠിനമായ സാഹചര്യങ്ങൾ നിങ്ങൾക്ക് നേരിടേണ്ടിവരും. എന്നാൽ അപ്പോഴൊക്കെയും നിങ്ങളെ ആശ്വസിപ്പിക്കാനും ധൈര്യപ്പെടുത്തുവാനും പരിശുദ്ധാത്മാവ് നിങ്ങളോടൊപ്പം വന്നു നിങ്ങളെ സഹായിക്കും എന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പു തരുന്നു. മനുഷ്യൻ എന്ന നിലയിൽ ഞാൻ നേരിടേണ്ടിവരുന്ന പരിഹാസങ്ങളും പീഡനങ്ങളും ക്രൂശുമരണവും എല്ലാം സമചിത്തതയോടെ നേരിടാൻ പരിശുദ്ധാത്മാവ് എന്റെ കൂടെ ഉള്ളതുപോലെ നിങ്ങളോട്ടുകൂടെയും ഉണ്ടായിരിക്കും. അതുകൊണ്ട് നിങ്ങൾ ഒട്ടും ഭയപ്പെടാതെ ധൈര്യമായിരിക്കുക.

B **മനുഷ്യരുടെ സഹായകനായ പരിശുദ്ധാത്മാവ്**

പരിശുദ്ധാത്മാവ് നിങ്ങളെ പലവിധത്തിൽ സഹായിക്കുമെങ്കിലും പ്രധാനമായ ചില മേഖലകൾ ഞാൻ പറഞ്ഞുതരാം.

1) **ആശ്വാസപ്രദനായ പരിശുദ്ധാ റൂഹ**

നിങ്ങൾക്ക് പ്രചോദനവും ധൈര്യവും സന്തോഷവും സമാധാനവും സഹായവും ഉപദേശവും എപ്പോഴും നൽകിക്കൊണ്ടിരിക്കുന്ന ആശ്വാസപ്രദനായ പരിശുദ്ധാത്മാവ്, നിങ്ങൾക്കുവേണ്ടി പക്ഷവാദം

ചെയ്യുന്നവനും ശരിയായവിധത്തിൽ ന്യായത്തെയും നീതിയെയും തിരിച്ചറിഞ്ഞു ജീവിതത്തിൽ പ്രയോഗിക്കുവാൻ സഹായിക്കുന്നവനും ആയിരിക്കും. തക്കസമയത്ത് എന്താണ് പറയേണ്ടത് എന്ന ഉപദേശം തേടുമ്പോൾ ആലോചന പറഞ്ഞുതരും. ശരിയായ വിധത്തിൽ പ്രാർത്ഥിക്കുവാൻ നിങ്ങളെ സഹായിക്കും. അപ്രകാരം സഹായം നൽകുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യം നിങ്ങളുടെ ഉള്ളിൽ ഉറപ്പുവരുത്തുവാൻ നിങ്ങൾ വിനയത്തോടും വിശുദ്ധിയോടും വിശ്വാസത്തോടുകൂടി പരിശുദ്ധാത്മാവിനെ വിളിച്ച് അപേക്ഷിക്കണം. നിങ്ങളുടെ സ്വന്തം കഴിവിലും സ്വന്തം താൽപര്യത്തിലും സ്വാർത്ഥലക്ഷ്യത്തിലും ഊന്നൽ നൽകുന്ന സ്വഭാവം ആണെങ്കിൽ പരിശുദ്ധാത്മാവ് നിങ്ങളിൽ പ്രവർത്തിക്കുകയില്ല എന്ന് മാത്രമല്ല നിങ്ങളുടെ ഉള്ളിൽ നിന്നും ഇറങ്ങി പോവുകയും ചെയ്യും. ഈ കാര്യം വളരെ ഗൗരവമായി നിങ്ങൾ പരിഗണിക്കണം."ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ ആശ്വാസപ്രദൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും"(യോഹന്നാൻ 16:7).

### 2) സത്യത്തിന്റെ ആത്മാവ്

"ഞാൻ പിതാവിന്റെ അടുക്കൽനിന്ന് നിങ്ങൾക്ക് അയക്കാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്ന് പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെ കുറിച്ച് സാക്ഷ്യംപറയും."(യോഹന്നാൻ 15 :26). മനുഷ്യർ സാത്താന്റെ സ്വാധീനത്താൽ ആരംഭംമുതൽ നുണ വിശ്വസിക്കുന്നവരും നുണ പറയുന്നവരും ആണ്. ഏദൻ തോട്ടത്തിൽ നന്മതിന്മകളുടെ വൃക്ഷഫലം തിന്നുന്ന നാളിൽ ആദാം മരിക്കുമെന്ന് ദൈവം പറഞ്ഞിരുന്ന "സത്യം" വിശ്വസിക്കാതെ മരിക്കില്ല എന്ന് സാത്താൻ പറഞ്ഞ "നുണ" ആദാം വിശ്വസിച്ചതുകൊണ്ടാണ് അനുസരണക്കേട് എന്ന ആദ്യപാപം ഉണ്ടാകാൻ ഇടയായത്. അതുമൂലം പാപവും മരണവും ലോകത്തിൽ പ്രവേശിച്ചു. ദൈവം പറഞ്ഞ സത്യത്തിന് സാക്ഷ്യം നൽകുവാൻ നിങ്ങളെ സഹായിക്കുവാൻ ആണ് പരിശുദ്ധാത്മാവ് നിങ്ങളെ ചേർത്ത് നിർത്തുന്നത്. ആദാം വിലക്കപ്പെട്ട കനി ഭക്ഷിച്ചിട്ടും മരിച്ചില്ലെന്നും അതുകൊണ്ട് സാത്താൻ പറഞ്ഞതാണ് ശരി എന്നും, അങ്ങനെയെങ്കിൽ ദൈവം ആദാമിനെ പുറത്താക്കിയ നടപടി തെറ്റാണെന്നുമൊക്കെ വിശ്വസിപ്പിക്കുവാൻ പിശാച് നിങ്ങളെ സ്വാധീനിക്കാൻ ഇടയുണ്ട്. ആദം ജീവന്റെ വൃക്ഷത്തിന്റെ ഫലം തിന്നിരുന്നതുകൊണ്ട് നിത്യമായി മരണമില്ലാതെ ജീവിക്കുകയായിരുന്നു. പാപം ചെയ്ത നാൾമുതൽ അവന് ജീവവൃക്ഷത്തിലെ

ഫലം ലഭിക്കാതെയായി. അതിനാൽ അന്നുമുതൽ അവൻ മരിക്കുവാൻ തുടങ്ങി. അന്നുമുതലാണ് "ആരംഭവും മാറ്റങ്ങളും അവസാനവും ഉള്ള ചരിത്രം"( Chronos) ആരംഭിച്ചത്. അതിനു മുൻപുണ്ടായിരുന്ന നിത്യതയിൽ (Khairos) ആദാം എത്ര നാൾ ജീവിച്ചു എന്ന് അറിയാൻ നിവൃത്തിയില്ല. പാപം ചെയ്ത ശേഷം ചരിത്രത്തിന്റെ കാലഗണനയിൽ 930 വർഷം എന്ന് ആദമിന്റെ വയസ്സ് രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിന്റെ ഒരു ദിവസം 1000 (ആയിരം) വർഷങ്ങൾ ആണെന്ന് കാണുന്നു. (2പത്രോസ് 3:8; സങ്കീർത്തനങ്ങൾ 90: 4). അങ്ങനെ വരുമ്പോൾ ആദാം ദൈവം പറഞ്ഞ ദൈവത്തിന്റെ "ഒരു ദിവസത്തിനകം" തന്നെ മരിച്ചു. അതുകൊണ്ട് ദൈവം പറഞ്ഞതാണ് സത്യമെന്നും സാത്താൻ പറഞ്ഞത് നുണയാണെന്നും നിങ്ങൾക്ക് മനസ്സിലായല്ലോ. ഇപ്രകാരം സാത്താന്റെ എല്ലാ നുണകളിലും കെണികളിലും നിങ്ങൾക്ക് തിരിച്ചറിവ് നല്കുന്നത് പരിശുദ്ധാത്മാവാണ്. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്ന് വിശ്വസിക്കുവാൻ കഴിയാത്തവർ എല്ലാം നുണയനായ സാത്താന്റെ കെണിയിൽപ്പെട്ടു കിടക്കുന്നവരാണ്. അങ്ങനെയുള്ളവരെ മോചിപ്പിച്ച് എന്നിലൂടെ സ്വാതന്ത്ര്യം നൽകുവാൻ പരിശുദ്ധാത്മാവ് എപ്പോഴും സത്യം നിങ്ങൾക്ക് കാണിച്ചുതരും.ഈ ലോകത്തിലെ"ശാസ്ത്രീയ സത്യങ്ങൾ"വിശ്വസിക്കുവാനും "ആത്മീയ സത്യങ്ങളെ" അവിശ്വസിക്കുവാനും നിങ്ങളെ വശീകരിക്കുന്നത് നുണയനായ സാത്താന്റെ വഞ്ചനയാണെന്ന് നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയണമെങ്കിൽ സത്യത്തിന്റെ പരിശുദ്ധാത്മാവിനെ നിങ്ങളുടെ ഉള്ളിൽ നിരന്തരമായി പ്രവേശിപ്പിച്ചു പ്രവർത്തിക്കുവാൻ, നിങ്ങളുടെ മനസ്സിനെയും ശരീരത്തെയും ആത്മാവിനെയും പൂർണമായി വിട്ടു കൊടുക്കണം. സത്യാത്മാവ് നിങ്ങളിൽ നിറയുമ്പോൾ അവൻ നിങ്ങളെ സകല സത്യം മാർഗ്ഗങ്ങളിലും വഴി നടത്തും (യോഹന്നാൻ 14: 17; 15:26; 16: 12–15).

### 3) **ഉപദേശകനും അധ്യാപകനുമായ പരിശുദ്ധാത്മാവ്**

"പിതാവ് എന്റെ നാമത്തിൽ അയക്കാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെ ഓർമ്മപ്പെടുത്തുകയും ചെയ്യും"(യോഹന്നാൻ 14: 26; 16: 13). സകല ദൈവവചനത്തിനും ഉറവിടം പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മ പ്രേരിതമായി എഴുതപ്പെട്ടിട്ടുള്ള വചനങ്ങൾ പഠിക്കുവാനും ഉപയോഗിക്കുവാനും തക്കസമയത്ത് ഓർക്കുവാനും നിങ്ങൾക്ക് കഴിയണമെങ്കിൽ പരിശുദ്ധാത്മസഹായം തന്നെ വേണം. വിശ്വസ്തനും ആശ്രയിക്കാവുന്നവനുമായ പരിശുദ്ധാത്മാവിനെ നിങ്ങളുടെ ഉപദേശകനും വക്കീലും അധ്യാപകനുമായി പ്രവർത്തിക്കുവാൻ

നിങ്ങൾക്ക് ഞാൻ അയച്ചു തരുന്നുണ്ട്." ഇനിയും കുറെയേറെ കാര്യങ്ങൾ എനിക്ക് നിങ്ങളോട് പറയാനുണ്ട്. എന്നാൽ നിങ്ങൾക്ക് ഇപ്പോൾ അത് വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോൾ.....അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാ നുള്ളത് നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും."(യോഹന്നാൻ 16:12– 14).

### 4). സുബോധം നൽകുന്ന പരിശുദ്ധാത്മാവ്

പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെ കുറിച്ചും ലോകത്തിന് ബോധ്യം വരുത്തുന്നവനാണ് പരിശുദ്ധാത്മാവ്."അവർ എന്നിൽ വിശ്വസിക്കാത്തത് കൊണ്ട് പാപത്തെക്കുറിച്ചും, ഞാൻ പിതാവിന്റെ അടുക്കൽ പോവുകയും നിങ്ങളെന്നെ കാണാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് നീതിയെക്കുറിച്ചും,ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കുന്നതു കൊണ്ട് ന്യായവിധിയെ കുറിച്ചുംതന്നെ."(യോഹന്നാൻ 16: 8– 11). സുബോധം വരുത്തുക എന്നതാണ് പരിശുദ്ധാത്മാവ് (Holy Spirit) ചെയ്യുന്നത്. ധൂർത്ത് പുത്രന് സുബോധം വന്നപ്പോഴാണ് പാപചിന്ത ഉണ്ടായി പശ്ചാത്തപിച്ച് തിരിച്ചു പോകാൻ ഇടയായത്. സുബോധം നഷ്ടപ്പെടുത്തുന്ന മദ്യം (Alchoholic Spirit) സേവിച്ച് പൈശാചിക ജീവിതത്തിന് അടിമപ്പെടുന്നവരെ മോചിപ്പിക്കുവാൻ പരിശുദ്ധാത്മാവ് സഹായിക്കും എന്നറിയുക. ദൈവവിശ്വാസം ഇല്ലാതെ തന്നിൽതന്നെ വിശ്വസിച്ചു അഹങ്കാരത്തോടെ ജീവിക്കുന്നതിനാൽ ആണ് പരിശുദ്ധാത്മാവ് അകന്നു പോയിട്ട് നിങ്ങൾ അശുദ്ധാത്മാവിന് അടിമപ്പെട്ട് പാപം ചെയ്യുവാൻ ഇടയാക്കുന്നത്. അതിനാൽ വിനയത്തോടെ പരിശുദ്ധാത്മ സഹായം തേടിയാൽ പാപബോധം ഉണ്ടായി വിശുദ്ധിയിലേക്ക് വളരുവാൻ മനുഷ്യർക്ക് കഴിയും. ദൈവീകകാഴ്ചപ്പാടിൽ ജീവിക്കുമ്പോൾ മാത്രമേ ദൈവനീതിയെക്കുറിച്ച് നിങ്ങൾക്ക് ബോധ്യം വരികയുള്ളൂ. ദൈവനീതിയും ലോകനീതിയും തമ്മിൽ തിരിച്ചറിയാനാകാതെ ലോകത്തിൽ നീതി നടപ്പാക്കാനുള്ള "നീതിന്യായ കോടതികൾ" ദൈവികകാര്യങ്ങളിൽ തീർപ്പുകൽപ്പിക്കാൻ പര്യാപ്തമല്ലെന്ന് ഒരിക്കൽ കൂടി ഞാൻ സത്യവിശ്വാസികളെ ഓർമിപ്പിക്കുന്നു. ഈ ലോകത്തിന്റെ നാഥനായ സാത്താൻ (2 കൊരി4:4) വിധിക്കപ്പെട്ടിരിക്കുന്നു. അതിനാൽ അന്ത്യന്യായവിധിയിൽ നിന്നും രക്ഷപ്പെടാനുള്ള സാധ്യതയ്ക്കായി നിങ്ങളെ ഒരുക്കുവാൻ നിങ്ങളെ സഹായിക്കും എന്ന് തിരിച്ചറിഞ്ഞ് എല്ലാ കാര്യങ്ങളിലും പരിശുദ്ധാത്മാവിന്റെ സഹായം തേടുക.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് പേരുകളിൽ നിങ്ങൾ ദൈവത്തെ മനസ്സിലാക്കുന്നുണ്ടെങ്കിലും സത്തയിൽ (in the essence) ഞങ്ങൾ മൂന്നല്ല ഒന്നാണ്. സൃഷ്ടികളെ മനസ്സിലാക്കുവാൻ മാത്രമേ നിങ്ങളുടെ ബുദ്ധിക്ക് കഴിവുള്ളൂ. സൃഷ്ടി അല്ലാത്തതും കാണപ്പെടാത്തതുമായ ദൈവീക രഹസ്യങ്ങൾ വിശ്വസിക്കുവാനും ആശ്രയിക്കാനും അനുസരിക്കുവാനും മാത്രമേ നിങ്ങൾക്ക് സാധിക്കൂ. ആകയാൽ ആത്മീയ കാര്യങ്ങൾ ഭക്തിപൂർവം സ്വീകരിച്ച് ആരാധിക്കുക വഴി മാത്രമേ നിങ്ങൾക്ക് ദൈവത്തെയും ദൈവിക കാര്യങ്ങളെയും വിശ്വസിക്കുവാനും ഗ്രഹിക്കുവാനും അനുസരിക്കുവാനും കഴിയുകയുള്ളൂ. സൃഷ്ടി അല്ലാത്തതും കാണപ്പെടാത്തതുമായ ദൈവീക രഹസ്യങ്ങൾ നിങ്ങൾക്ക് വെളിപ്പെട്ടു കിട്ടണമെങ്കിൽ പരിശുദ്ധാത്മസഹായം അത്യാവശ്യമാണ്. സൃഷ്ടിയിലെ എല്ലാകാര്യങ്ങളും "ത്രിമാന" സ്വഭാവം ഉള്ളതാണല്ലോ. നീളം, വീതി, വ്യാപ്തം / ഖരം, ദ്രാവകം,വാതകം, എന്നിങ്ങനെ വസ്തുക്കളെ യും ഭൂതം, വർത്തമാനം, ഭാവി എന്നിങ്ങനെ കാലങ്ങളെയും , പ്രോട്ടോൺ, ന്യൂട്രോൺ, ഇലക്ട്രോൺ എന്നിങ്ങനെ പരമാണുവിനെ യും മനസ്സിലാക്കുവാൻ മനുഷ്യർ ശ്രമിക്കുന്നുണ്ടല്ലോ.

അതുപോലെ, ഐസ്, ജലം, നീരാവി, എന്നീ മൂന്ന് തലങ്ങളിൽ " വെള്ളം" എന്ന ഏക മൂലകത്തെ അവതരിപ്പിക്കാം. ഇതുപോലെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് നാമങ്ങളിൽ വ്യാപരിക്കുന്ന ദൈവം ആന്തരികമായി ഏകനാണ് എന്ന് തിരിച്ചറിയുക. പഴയനിയമത്തിലെ "പാറയാകുന്ന യഹോവ" ഐസ് പോലെ കഠിനം ആണെന്നും, ഞാൻ അവതരിച്ച് പ്രവർത്തിച്ച കാലത്തെ ദൈവപുത്രനായ "ക്രിസ്തു" ഒഴുകി പടരുന്ന ജീവജലം ആണെന്നും, പുതിയനിയമത്തിലെ "ദൈവ ആത്മാവായ പരിശുദ്ധ റൂഹ" പ്രപഞ്ചം നിറഞ്ഞുനിൽക്കുന്ന കാറ്റ് ആണെന്നും വ്യാഖ്യാനിക്കാവുന്നതാണ്. മൂന്ന് തലങ്ങളിലുള്ള ഒരു പ്രിസം (prism) മൂന്നു വശത്തുനിന്നും ഒരുപോലെ പ്രകാശം സ്വീകരിക്കുന്നതുപോലെ, വിശുദ്ധ ത്രിത്വത്തിലെ ആരോട് പ്രാർത്ഥിച്ചാലും "ഏകദൈവം" ആണ് കേട്ട് മറുപടി നൽകുന്നത് എന്നും നിങ്ങൾ തിരിച്ചറിയുക. "വിശുദ്ധ ത്രിത്വരഹസ്യം" ബുദ്ധികൊണ്ട് തർക്കിക്കാൻ ഉള്ളതല്ല ഹൃദയംകൊണ്ട് വിശ്വസിക്കാൻ ഉള്ളതാണ് എന്ന് മറന്നുപോകരുത്. ആകയാൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേക ദൈവം എപ്പോഴും നിങ്ങളോടൊപ്പമുണ്ട് എന്ന് അറിഞ്ഞു, ജാഗ്രതയോടെയും വിശ്വാസത്തോടെയും വിനയത്തോടെയും വിശുദ്ധിയോടെയും ദൈവത്തെ ആരാധിച്ച് അനുസരിച്ച് ജീവിക്കുക.

സെഹിയോൻ മാളികയിലെ അന്ത്യ അത്താഴവും അന്ത്യപ്രഭാഷണവും പൂർത്തിയാക്കി ഞാൻ എല്ലാവർക്കും എല്ലാറ്റിനും വേണ്ടി സ്വർഗ്ഗപിതാവിനോട് സ്തോത്രം പറഞ്ഞു.

ഏറ്റവുമൊടുവിൽ ഇങ്ങനെ പറഞ്ഞു,"ഞാൻ അധർമ്മികളുടെ കൂട്ടത്തിൽ എണ്ണപ്പെടും"(ഏശയ്യ. 53 :12) എന്ന പ്രവചനം പൂർത്തിയാക്കേണ്ടതിന് നാം മോഷ്ടാക്കൾ എന്നും കലാപകാരികൾ ആണെന്നും മറ്റുള്ളവർ നമ്മെ കുറ്റപ്പെടുത്താനായി നിങ്ങൾ മടിശ്ശീലയിൽ പണവും കയ്യിൽ ആയുധങ്ങളും എടുത്തുകൊള്ളുക. അങ്ങനെ ഞാൻ കുറ്റക്കാരനായി പിടിക്കപ്പെടുവാൻ ഇടവരട്ടെ. എന്നാൽ നിങ്ങൾ പിടിക്കപ്പെടാതിരിക്കാൻ എന്നിൽ നിന്നും ദൂരെ മാറി കൊള്ളണം എന്ന് ഓർമിപ്പിക്കുന്നു.

ഇത്രയും പറഞ്ഞു സമാപന പ്രാർത്ഥനയും ആശീർവാദവും നൽകി ഹാലേലൂയ സങ്കീർത്തനം (118) പാടിയശേഷം പാതിരാത്രിയോട് അടുത്ത് ഒലിവ് മലയിലെ രഹസ്യ സങ്കേതത്തിലേക്ക് നിശബ്ദമായി നടന്നു.

5-3-2021.

## അദ്ധ്യായം 95

# സ്വർഗ്ഗപിതാവിനോടുള്ള എന്റെ മഹാപുരോഹിത പ്രാർത്ഥന

**യോഹന്നാൻ, അധ്യായം17**

ഞങ്ങൾ ഒലിവ് മലയിലെ രഹസ്യസങ്കേതത്തിൽ എത്തുമ്പോൾ പാതിരാത്രി കഴിഞ്ഞിരുന്നു. ശിഷ്യന്മാരെ ഏകാന്തധ്യാനത്തിന് വിട്ട്, പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടി മറ്റൊരു സ്ഥലത്ത് ഇരുത്തി. ഞാൻ അല്പം ദൂരെ ഒരു പരന്ന പാറമേൽ മുട്ടുകുത്തിയിരുന്ന് സ്വർഗ്ഗപിതാവിനോട് ഉള്ളുതുറന്ന് പ്രാർത്ഥിച്ചു. ഞാൻ അന്ന് നടത്തിയ പ്രാർത്ഥനയുടെ പൊരുൾ നിങ്ങളോട് പറയുകയാണ്.

ഞാനെന്റെപിതാവുമായിഎന്നുംഎപ്പോഴുംസംസാരിക്കാറുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ ക്രൂശ്മരണത്തിന്റെ അനുഭവത്തിൽ അൽപ സമയത്തേക്ക് ഞാനും പിതാവും തമ്മിൽ വേർപിരിയേണ്ടിവരും എന്ന ഒരു ദുഃഖം എന്റെ മനസ്സിൽ ഉയർന്നു തുടങ്ങി. ഞാൻ രഹസ്യമായി എന്തെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് പ്രാർത്ഥിച്ചിരുന്നത് എന്ന് നിങ്ങൾക്ക് അറിയാമോ? എന്റെ പ്രാർത്ഥനയുടെ ഒരു മാതൃകയാണ് ഞാൻ നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. ഞാൻ നേരത്തെ നിങ്ങളെ പഠിപ്പിച്ച "ശിഷ്യപ്രാർത്ഥന" നിങ്ങൾക്കറിയാം. ഇത് എന്റെ മാത്രമായ് "മഹാ പുരോഹിതപ്രാർത്ഥന"യാണ്.

ഇതിൽ ആദ്യഭാഗത്ത് എനിക്ക് വേണ്ടി തന്നെയാണ് പ്രാർത്ഥിക്കുന്നത്. (യോഹന്നാൻ 17: 1– 5). രണ്ടാമത് എന്റെ പ്രിയ ശിഷ്യർക്ക് വേണ്ടിയാണ്. (6–19). മൂന്നാമത് എന്റെ സഭയ്ക്കുവേണ്ടിയും (20–23), നാലാമത് എല്ലാ മനുഷ്യർക്കും വേണ്ടിയും (24–26) ആണ് ഞാൻ പ്രാർത്ഥിക്കുന്നത്. എന്റെ പ്രിയശിഷ്യനായ യോഹന്നാൻ എന്റെ പ്രാർത്ഥന ശ്രദ്ധാപൂർവ്വം കേട്ട് എഴുതിവെച്ചത് നിങ്ങൾ വായിച്ച്

ഗ്രഹിക്കുവാൻ ശ്രമിക്കുക. ഞാൻ എന്റെ പിതാവിന്റെ സന്നിധിയിൽ മനസ്സ് തുറന്ന് പരസ്യമായി പ്രാർത്ഥിക്കുന്നത് നിങ്ങൾക്ക് ഒരു മാതൃക കാണിച്ച തരുവാൻ വേണ്ടി കൂടിയാണ്. എന്റെ ഏറ്റവും വലിയ പ്രസംഗം "ഗിരിപ്രഭാഷണം" ആണല്ലോ. അതുപോലെ എന്റെ ഏറ്റവും ദീർഘമായ പ്രാർത്ഥന ഈ "മഹാ പുരോഹിതപ്രാർത്ഥന"യാണ്. ഇതേപ്പറ്റി നാല് ഘട്ടങ്ങളായി മനസ്സിലാക്കാൻ ശ്രമിക്കുക.

### A. എന്നെത്തന്നെ വെളിപ്പെടുത്തുന്ന പ്രാർത്ഥന

ഞാനും പിതാവുമായുള്ള ബന്ധത്തെപ്പറ്റി നിങ്ങൾ പലതരത്തിൽ വ്യാഖ്യാനിച്ച് മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ട് എന്ന് എനിക്കറിയാം. അതിന്റെ വെളിച്ചത്തിൽ തർക്കങ്ങളും വേദവിപരീതങ്ങളുടെ വേലിയേറ്റം തന്നെ ഉണ്ടായതും ഓർക്കുന്നു. ഈ പ്രാർത്ഥന ശ്രദ്ധയോടെ ഗ്രഹിക്കുവാൻ കഴിഞ്ഞാൽ നിങ്ങളുടെ തർക്കങ്ങൾ ഒക്കെ മാറി പോകും. ഞാൻ ഈ ഭാഗത്ത് എടുത്തു കാണിക്കുന്ന ചില കാര്യങ്ങൾ ശ്രദ്ധിക്കുക.

1) **എന്റെ കണ്ണുകൾ സ്വർഗ്ഗത്തിലേക്ക് ഞാൻ ഉയർത്തി.** ഈ ആരാധന മനോഭാവം പ്രാർത്ഥനയുടെ പ്രധാന വശമാണ്. ലോകകാര്യങ്ങളിൽ എനിക്ക് ഏറെ പ്രതിസന്ധികൾ ഉണ്ടായപ്പോൾ ഞാൻ സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തി ദൈവത്തിൽ ശരണം തേടുന്നത് നിങ്ങളും മാതൃകയാക്കി സ്വീകരിക്കണം.

2) **എന്റെ "സമയമായി" എന്ന് ഞാൻ അറിഞ്ഞു.** എന്റെ പരസ്യ പ്രവർത്തനകാലത്ത് പലപ്പോഴും "സമയമായിട്ടില്ല" എന്ന തോന്നലാണ് എനിക്കുണ്ടായിരുന്നത്. അങ്ങനെ പല കാര്യങ്ങളും വേണ്ടെന്ന് വെക്കുകയോ നീട്ടി വെക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ, എന്റെ ഈ ലോകജീവിതം അവസാനിപ്പിക്കാനുള്ള സമയമായി എന്നാണ് പിതാവ് എന്നെ അറിയിച്ചത്. ഈ ലോകത്തിൽ മാത്രമേ സമയത്തിനും കാലത്തിനും അർത്ഥമുള്ളു എന്ന് അറിയാമല്ലോ. മണിക്കൂറുകളും ദിവസങ്ങളും ആഴ്ചകളും മാസങ്ങളും വർഷങ്ങളും ഒക്കെ സൂര്യചലനം അനുസരിച്ചുള്ള താൽക്കാലിക ക്രമീകരണങ്ങളാണ്. എന്റെ മനുഷ്യാവതാര ലക്ഷ്യമായ ക്രൂശ് മരണത്തിന് സമയമായെന്ന് ഞാനും സ്വർഗപിതാവും ഒന്നിച്ച് നിത്യതയിൽ തീരുമാനിച്ചതുകൊണ്ടാണ് ചരിത്രത്തിൽ അപ്രകാരം സംഭവിച്ചത്. കുറച്ചുനാൾ കൂടെ സമയം അഥവാ കാലചക്രം ഇതുപോലെ ചരിത്രത്തിൽ മുന്നോട്ടുപോകാൻ അനുവദിക്കും. എല്ലാ മനുഷ്യരും മാനസാന്തരപ്പെടുന്നതിനുവേണ്ടി കരുണയുടെ കാലം അല്പം കൂടി നീട്ടുമെങ്കിലും ആകാശവും ഭൂമിയും എല്ലാം അധികം

താമസിക്കാതെ അഴിഞ്ഞു പോകും എന്ന് നിങ്ങൾ ഓർത്തിരിക്കുക.

3) **പുത്രനെ മഹത്വപ്പെടുത്തുക**.:– "ശിഷ്യപ്രാർത്ഥന" പഠിപ്പിച്ചതു പോലെ ദൈവ നാമം മാത്രം മഹത്വപെടുത്താൻ ആദ്യമേ നിങ്ങളെ ഓർമ്മിപ്പിച്ചിരുന്നു. ഞാൻ പ്രാർത്ഥിച്ചത് ഇങ്ങനെയാണ്," പിതാവേ, നാഴിക വന്നിരിക്കുന്നു. നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്താൻ വേണ്ടി പുത്രനെ മഹത്വപ്പെടുത്തണമേ."(17:1). അതായത് പുത്രനിൽ കൂടി പിതാവും, പിതാവിൽ കൂടി പുത്രനും പരസ്പരം മഹത്വപ്പെടുത്തുകയാണ്. ആരെങ്കിലും ഒരാളെ നിങ്ങൾ മഹത്ത്വപെടുത്തിയാൽ രണ്ടുപേർക്കും മഹത്വം നൽകുകയാണ്. അതുകൊണ്ടാണ് "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" എന്ന് ഞാൻ പറഞ്ഞത്.

ക്രൂശുമരണം ലോകദൃഷ്ടിയിൽ ഏറ്റവും ഹീനമായതാണ്. പിതാവ് എന്നെ ഏൽപ്പിച്ച ദൗത്യം നിവൃത്തിയാക്കുന്നത് ക്രൂശ് മരണത്തോളമുള്ള എന്റെ അനുസരണത്തിലാണ്. ഓട്ടക്കളത്തിൽ ഓടി ഒന്നാം സ്ഥാനം നേടുന്ന വിജയകിരീടം ആയിരുന്നു എന്റെ മുൾക്കിരീടം. നിങ്ങളും ലോകപ്രകാരമുള്ള മഹത്വങ്ങളുടെ പിറകെ പോകാതെ ദൈവ രാജ്യത്തിനു വേണ്ടിയുള്ള സഹന പാതയിൽ ഓട്ടം പൂർത്തിയാക്കി "ജീവകിരീടം" പ്രാപിക്കുവാൻ പിന്തിരിയാതെ യും വഴിമാറി പോകാതെയും ഉത്സാഹിച്ച് ഓടുക. രക്ഷയും നിത്യജീവനും മനുഷ്യർക്ക് സാധ്യമായത് ക്രൂശിലൂടെ ആണെന്ന യാഥാർത്ഥ്യം നിങ്ങൾ ഒരിക്കലും മറക്കരുത്. അതുകൊണ്ടാണ് "തന്നെത്താൻ നിഷേധിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കുവാൻ" എന്റെ ശിഷ്യന്മാരോട് ഞാൻ ആവശ്യപ്പെടുന്നത്.

4) **നിത്യജീവൻ നിങ്ങൾക്ക് നൽകുവാൻ എനിക്ക് പിതാവ് അധികാരം നൽകിയിട്ടുണ്ട്.** ഒരിക്കലും തീർന്നു പോകാത്ത അനന്തമായ ഒരു ചരിത്ര കാലഘട്ടമായി നിത്യജീവനെ കരുതുന്നത് തെറ്റാണ്. അഴിഞ്ഞുപോകുന്ന സ്ഥലകാല പരിമിതിയുമായി ബന്ധപ്പെടുത്തി നിത്യജീവനെ മനസ്സിലാക്കാൻ ശ്രമിക്കരുത്.

ഞാൻ പിതാവിനോട് പ്രാർത്ഥിച്ചത് ഇങ്ങനെയാണ്: "ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു"(17:3). അറിയുക"എന്നത് അനുഭവിക്കുക എന്ന് മനസ്സിലാക്കണം. ബുദ്ധിയല്ല ഭക്തിയാണ് പ്രധാനം. പിതാവിൽ വസിക്കുക, എന്നിൽ വസിക്കുക, അങ്ങനെ നമ്മൾ ഒന്നായി തീരുന്ന അനുഭവത്തിന്നാണ് നിത്യജീവൻ എന്ന് പറയുന്നത്.

എന്നിൽ ജീവൻ ഉള്ളതുപോലെ എന്നിൽ വസിക്കുന്നവർക്കും എന്റെജീവൻ ലഭിക്കുന്നു.

"എന്റെ ശരീരം ഭക്ഷിക്കാതെയും എന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല"എന്ന് ഞാൻ പറഞ്ഞ കാര്യം നിങ്ങൾ ഓർക്കുന്നുണ്ടോ?(യോഹന്നാൻ 6: 47– 59). പൗലോസ്ശ്ലീഹ നിത്യജീവനെപറ്റി പറയുന്നത് നിങ്ങൾ വായിച്ചുനോക്കു.(റോമർ 6: 22, 23). നിരന്തരമായ ദൈവ സംസർഗ്ഗത്തിലൂടെ എന്നിൽ വസിച്ചുകൊണ്ട് സ്വർഗ്ഗപിതാവിനെ അടുത്തറിയുമ്പോൾ ഉണ്ടാകുന്ന ഒരു മധുര അനുഭവമാണ് നിത്യജീവൻ എന്നത്. അത് വാക്കുകൾ കൊണ്ടോ ഉപമകൾ കൊണ്ടോ വിവരിക്കാ വുന്നതല്ല. മാനുഷിക ബുദ്ധിക്കും അപ്പുറത്ത് നിലകൊള്ളുന്ന അവർണ്ണനീയമായ സ്വർഗ്ഗീയ അനുഭൂതിയാണ് നിത്യജീവൻ.

4) "**നിങ്ങൾക്കും എന്നെ മഹത്വപ്പെടുത്താം**":–

പിതാവ് എന്നെ മഹത്വപ്പെടുത്തുന്നത് എന്റെ ഉയർപ്പിന്റെ അനുഭവത്തിലൂടെ ആണ്. മനുഷ്യാവതാരം ചെയ്യുന്നതിന് മുൻപുള്ള എന്റെ മഹത്വം ഞാൻ നിങ്ങളെ കാണിക്കും. എന്നാൽ ഈ ലോകത്തിൽ നിങ്ങൾ വസിക്കുമ്പോൾ തന്നെ എന്നെ മഹത്വപ്പെടുത്താൻ നിങ്ങൾക്ക് രണ്ടുവിധത്തിൽ സാധിക്കും;

1) ഞാൻ ആരാണെന്ന് അറിയുന്നതിലൂടെയും മറ്റുള്ളവരോട് അറിയിക്കുന്നതിലൂടെയും.

2) എന്റെ ഈ ലോകജീവിതത്തിൽ എന്റെ പ്രവൃത്തികളിലൂടെ,ജനനം മുതൽ ക്രൂശുമരണം വരെ ഞാൻ ജീവിച്ചു കാണിച്ചു തന്ന മാതൃക നിങ്ങൾ സ്വീകരിച്ച് നിങ്ങളുടെ ജീവിതമാതൃക വഴി മറ്റുള്ളവരെ എന്നിലേക്ക് കൊണ്ടുവരുന്നതിലൂടെ. ഈ രണ്ടു കാര്യങ്ങളും നിങ്ങൾ ഗൗരവമായി കരുതുക തന്നെ വേണം.

B **ശിഷ്യന്മാർക്ക് വേണ്ടിയുള്ള പ്രാർത്ഥന**

**ഏതാനും ചില കാര്യങ്ങൾ അക്കമിട്ടു പറയാം.**

1) എന്റെ പ്രാർത്ഥനയുടെ രണ്ടാമത്തെ ശ്രദ്ധ എന്നെ അനുഗമിക്കുന്നവരായ എന്റെ ശിഷ്യന്മാർക്ക് വേണ്ടിയായിരുന്നു. ലോകത്തിനു വേണ്ടിയല്ല ഞാൻ രണ്ടാമത് പ്രാർത്ഥിക്കുന്നത്. ലോകത്തെ

രക്ഷിക്കാൻ എന്റെ പിതാവ് എന്നെ അയച്ചത് പോലെ ഞാൻ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ച അധികാരപ്പെടുത്തി ചുമതലപ്പെടുത്തുന്ന 12 അപ്പോസ്തലന്മാർക്കും പിന്നീട് 70 അറിയിപ്പ്കാർക്ക് വേണ്ടിയും, അതിനുശേഷം അവരിലൂടെ എന്നെ കേട്ടറിഞ്ഞു വിശ്വസിക്കുന്ന എന്റെ ശിഷ്യരായ നിങ്ങൾക്ക് എല്ലാവർക്കും വേണ്ടിയും ഞാൻ പിതാവിനോട് പ്രാർത്ഥിക്കുന്നുണ്ട്.

2). എന്നോടൊപ്പം വീടും സ്വത്തും എല്ലാം ഉപേക്ഷിച്ച് എന്റെ ഈ ലോക ശുശ്രൂഷ കാലം സഹപ്രവർത്തകരായി പ്രവർത്തിച്ചവരും തുടർന്നും പ്രവർത്തിക്കുന്നവരുമായ എല്ലാ പ്രിയശിഷ്യന്മാർക്കും വേണ്ടി ഞാൻ സ്വർഗ്ഗ പിതാവിനോട് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. നിങ്ങൾക്ക് കൈമാറി തരുന്ന വിശ്വാസവും ഉപദേശവും, നേരായി എന്നിൽ നിന്നും കണ്ടും കേട്ടും പഠിച്ച വിശുദ്ധ പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിക്കുവാൻ അവർ വളരെയേറെ ക്ലേശങ്ങൾ സഹിച്ചിട്ടുണ്ട്. ആ കാര്യം നിങ്ങൾ വേണ്ടവിധം മനസ്സിലാക്കി അവർക്ക് വേണ്ടി നിങ്ങളും സ്വർഗ്ഗ പിതാവിനോട് പ്രാർത്ഥിക്കണം.

3) അപ്പോസ്തോലിക സമൂഹത്തിൽപെട്ട എല്ലാ ശിഷ്യരും എനിക്ക് തുല്യരാണ്. അവർ എല്ലാവരും ഒരുപോലെ എന്റെ സഹ പ്രവർത്തകരുമാണ്. അവരുടെ കൂട്ട പ്രവർത്തനം വിജയിക്കുന്നത് അവർ എന്നോട് കൂടി ചേർന്ന് പ്രവർത്തിക്കുന്നതിനാലാണ്.

എന്നാൽ അവരുടെ പിൻഗാമികൾ എന്ന "സ്ഥാനമഹിമ" അവകാശപ്പെടുന്ന പ്രവണത ഇന്നത്തെ ചില അപ്പോസ്തോല പിൻഗാമികളിൽ കാണുന്നത് വേദനാജനകമാണ്. അപ്പോസ്തലന്മാർ എന്നെപ്പോലെ എന്റെ ജനത്തെ ശുശ്രൂഷിക്കാൻ നിയോഗിക്കപ്പെട്ടവരാണ്. "ശുശ്രൂഷ" മനോഭാവം ഇല്ലാതെ "ഭരണ" താൽപര്യം കാണിക്കുന്ന ഇന്നത്തെ നേതാക്കന്മാർ എന്നെ ഏറെ വേദനിപ്പിക്കുന്നുണ്ട്. അവർക്ക് വേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നുണ്ട്. എന്റെ പ്രിയ ശിഷ്യൻ യോഹന്നാൻ വെളിപാട് പുസ്തകത്തിൽ ഏഴ് സഭകളുടെ ഇടയന്മാർക്കു എഴുതുന്ന കാര്യങ്ങൾ ഇന്നും എല്ലാ സഭകളും ഇടയന്മാരും ശ്രദ്ധിക്കണം. ഞാൻ തുടങ്ങിവച്ച ശുശ്രൂഷയുടെ തത്വങ്ങൾ വിസ്മരിക്കാൻ ഇടയാകാതെ അവർ ജനത്തെ ശുശ്രൂഷിച്ചു പരിപാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അവരോടും ഞാൻ ആവശ്യപ്പെടുന്നു.

4) ഞാനും പിതാവും ഒന്നാകുന്നതു പോലെ എന്റെ ശിഷ്യന്മാരും എന്റെ നാമത്തിൽ ഒന്നിക്കണം.

യഹോവയുടെ "നാമം" എന്താണെന്ന് പിതാവ് വെളിപ്പെടുത്തിയില്ല."ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" എന്ന് മോശയോട് സ്വർഗ്ഗപിതാവ് പറഞ്ഞതിന്റെ അർത്ഥം മനസ്സിലാകാതെ കർത്താവ് എന്നു അർത്ഥം വരുന്ന "അദോനായ്" എന്ന പദം ആണ് ദൈവത്തിന്റെ പേരായി പറയുന്നത്." അ. ഓ. അ."എന്ന് മൂന്ന് ചില്ലക്ഷരങ്ങൾ (Vowels) കൂട്ടി വായിച്ച് "യഹോവ"എന്ന പേര് ഹിബ്രു ഭാഷയിൽ ഉണ്ടാക്കിയെടുത്തതാണ്. യഥാർത്ഥത്തിൽ കർത്താവ്, മൊറിയോ, ലോർഡ്, എന്നിങ്ങനെ പല ഭാഷകളിൽ "Adonai" എന്ന പദം വിവർത്തനം ചെയ്തു ഉപയോഗിച്ചുവരുന്നു. യഹോവ എന്ന പേരിന് "യേശുക്രിസ്തു" എന്ന നാമം സ്വർഗ്ഗപിതാവ് തന്നെ കൽപ്പിച്ച് നൽകിയതാണ്."അഭിഷേകം ചെയ്യപ്പെട്ട രക്ഷകൻ" എന്നാണ് ആ പേരിന്റെ അർത്ഥം. അങ്ങനെ എന്റെ നാമവുംപിതാവിന്റെ നാമവും ഒന്നുതന്നെ ആയതിനാൽ എന്റേതെല്ലാം പിതാവിന്റേയും പിതാവിന്റെ നാമം ഉൾപ്പെടെ എല്ലാം എന്റേതും ആകുന്നു.(17:10). "ക്രിസ്ത്യാനികൾ" എന്ന നാമം നിങ്ങൾ ധരിക്കുമ്പോൾ ലോകത്തിൽ നിങ്ങൾ എന്നെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്ന് അറിയുക. എന്റെയും എന്റെ പിതാവിനെയും നാമം ദുഷിക്കപ്പെടാതിരിക്കാൻ നിങ്ങളുടെ പ്രവൃത്തികൾ മനുഷ്യരുടെ മുമ്പാകെ എപ്പോഴും നല്ലത് മാത്രം ആയിരിക്കട്ടെ. ഞാൻ പിതാവിന്റെ ഇഷ്ടമനുസരിച്ച് മാത്രം ജീവിച്ചതുകൊണ്ടാണ് പിതാവിന്റെ നാമം മഹത്വപ്പെടുത്തിയത്. അതുപോലെ നിങ്ങളും എന്റെ അനുസരണത്തിലും തമ്മിൽ തമ്മിൽ സ്നേഹത്തിലും ജീവിച്ചാൽ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിഞ്ഞു ദൈവനാമം മഹത്വപ്പെടുത്താൻ ഇടയാകും.(യോഹന്നാൻ 13: 31–38).

5). ഞാൻ ലോകത്തിനു വേണ്ടിയല്ല പ്രാർത്ഥിക്കുന്നത്. (17:9). "ലോകം" രണ്ടുതരമുണ്ട്. ഞാനും എന്റെ പിതാവും സ്നേഹിക്കുന്ന ഇന്ന് ഞങ്ങളെ കേട്ട് അനുസരിക്കുന്ന മനുഷ്യരുടെ ലോകം. ആ ലോകത്തെ സ്നേഹിച്ചത് കൊണ്ടാണ്, (യോഹന്നാൻ 3: 16) ദൈവരാജ്യത്തെ ഈ ഭൂമിയിൽ ശിഷ്യന്മാർ വഴി സ്ഥാപിച്ചു വളർത്തി കൊണ്ടിരിക്കുന്നത്. (17:20–26). രണ്ട്, "ലോകവ്യവസ്ഥിതി" (worldly Systems). ലോക രാഷ്ട്രങ്ങൾ ഭരണസംവിധാനങ്ങൾ വാണിജ്യ–വ്യവസായ മേഖലകൾ, നിയമ നിർമാണ പരിപാലന വ്യവസ്ഥകൾ, ഭൗതിക ശാസ്ത്രീയ മേഖലകൾ, ജഡിക ആസ്വാദന സംവിധാനങ്ങൾ എന്നിങ്ങനെ, ദൈവരാജ്യ സത്യങ്ങളെ അവഗണിച്ച് ഈ ലോകത്തിനപ്പുറത്ത് ഒന്നുമില്ലെന്ന് വിശ്വസിച്ച് ജീവിക്കുന്ന മനുഷ്യരുടെ ലോകം. അവിടെ ദൈവരാജ്യം മൂല്യങ്ങൾ അവഗണിക്കപ്പെടുകയും എതിർക്കപെടുകയും ചെയ്യുന്ന

ഒരു വ്യവസ്ഥിതി നിലനിൽക്കുന്നു. നന്മയുടെ പ്രകാശത്തിന് എതിരായി തിന്മയുടെയും സ്വാർഥതയുടെയും വഞ്ചനയുടെയും പിടിച്ചടക്കലിന്റെയും പ്രതീകമായി നിലകൊള്ളുന്ന ലൗകിക സംവിധാനമാണത്. (യോഹന്നാൻ 15:18–25; 16:1–4; 8–11). ഞാൻ ന്യായം വിധിക്കുമ്പോൾ ഈ രണ്ട് ലോകത്തിലുള്ളവരും കണക്ക് ബോധിപ്പിക്കേണ്ടിവരും.

6) "പരിശുദ്ധാ പിതാവേ"എന്ന് ഞാൻ എന്റെ സ്വർഗ്ഗ പിതാവിനെ വിളിച്ചത് നിങ്ങൾ ശ്രദ്ധിച്ചു കാണും."പരിശുദ്ധനായ ഏക പിതാവും പരിശുദ്ധനായ പുത്രനും പരിശുദ്ധനായ ഏക റൂഹായും അല്ലാതെ പരിശുദ്ധൻ ഇല്ല" എന്ന് ആരാധനയിൽ നിങ്ങൾ ദൈവത്തെ സ്തുതിച്ചു പറയുന്നതു ഞാൻ പിതാവിനോട് പ്രാർത്ഥിച്ച തിന്റെ അടിസ്ഥാനത്തിൽ ആണ്. ലോകത്തിൽ ജീവിക്കുന്നവർക്കാർക്കും കലർപ്പില്ലാത്ത പൂർണ വിശുദ്ധിയി ലഭിക്കുകയില്ല. കാരണം സൃഷ്ടി മുഴുവനും നന്മയും തിന്മയും കൂടിക്കലർന്നതാണ്.വിശുദ്ധ കുദാശ സ്വീകരണം വഴി വിശുദ്ധീകരണം പ്രാപിക്കുവാൻ കഴിയുമെങ്കിലും "പൂർണ്ണ വിശുദ്ധീകരണം" പ്രാപിച്ചു "പരിശുദ്ധൻ" എന്ന നാമം ലോകത്തിൽ മനുഷ്യരായി ജീവിക്കുന്ന ആർക്കും ഉപയോഗിക്കുവാൻ അർഹതയില്ല. എന്റെ സ്ഥാനപതികൾ എന്ന നിലയിൽ പരിശുദ്ധൻ എന്ന നാമം ഉപയോഗിക്കുന്നത് എന്റെ യഥാർത്ഥ ശിഷ്യന്മാർക്ക് യോജിച്ചതല്ല.വിശുദ്ധ മാമ്മോദീസാ സ്വീകരിച്ച എല്ലാവരും വിശുദ്ധന്മാർ എന്ന പദവി ലഭിക്കുന്നത് ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുചേർന്ന് വിശുദ്ധ ജീവിതം നയിക്കുവാൻ പരിശീലിക്കുന്നതിന് വേണ്ടിയാണ്. ആദിമ സഭയിലെ വിശുദ്ധ മാമോദിസ സ്വീകരിച്ച വിശ്വാസികളെ വിശുദ്ധന്മാർ എന്ന് വിളിച്ചിരുന്നത് ഈ അർത്ഥത്തിലാണ്. ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുചേർന്നു ലോക കള ങ്കങ്ങളിൽ നിന്നും വേർപെട്ടു ജീവിക്കുന്നവരാണ് യഥാർത്ഥ വിശുദ്ധന്മാർ.

7). "നാശ യോഗ്യൻ"എന്ന് യൂദാസിനെ പറ്റി ഞാൻ പിതാവിനോട് പരാമർശിച്ചു. യൂദായെ പറ്റിയാണ് ആണ് ഞാൻ അന്ന് പറഞ്ഞത് എങ്കിലും അത്തരത്തിൽ നഷ്ടപ്പെട്ടുപോകുന്ന അനേകർ നിങ്ങളുടെ കൂട്ടത്തിൽ ഉണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. നിങ്ങൾ ആ കൂട്ടത്തിൽ പെട്ടവരല്ലാ എന്ന് സ്വയം പരിശോധിച്ച് ഉറപ്പുവരുത്തുക. അന്ത്യകാല ലക്ഷണമായി അനേകംപേർ ഇപ്രകാരം വീണു പോകും എന്ന് നിങ്ങൾ വായിക്കുന്നുണ്ടല്ലോ. (2 തെസ്സ.2:3).

8). ഞാൻ ലൗകികൻ അല്ലാത്തതുകൊണ്ട് നിങ്ങളും ലൗ കി കന്മാർ ആകരുത്. (17:14,15). ഈ കാര്യം ഞാൻ വിശദമായി നിങ്ങളോട്

നേരത്തെ പറഞ്ഞതാണ്. ലോകം എന്നെ വെറുത്തതു പോലെ നിങ്ങളെയും വെറുക്കും. നിങ്ങളുടെ പൗരത്വം സ്വർഗ്ഗത്തിലാണ്. എന്നിരുന്നാലും നിങ്ങൾ ലോകത്തിൽ വസിച്ചുകൊണ്ട് തന്നെ സ്വർഗ്ഗരാജ്യ പ്രമാണങ്ങളെ പാലിക്കണം. ശരീരം ഭൂമിയിലും മനസ്സ് സ്വർഗ്ഗത്തിലും ആയി കൊണ്ട് ജീവിക്കണം. (റോമാ 12: 1– 2).

ഞാൻ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ച ഇങ്ങനെയാണ്,: "അവരെ ലോകത്തിൽ നിന്ന് എടുക്കണം എന്നല്ല, ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെ അവരെ കാത്തുകൊള്ളേണമേ".(17:15).

9). "സത്യത്താൽ അവരെ വിശുദ്ധീകരിക്കണമേ"(17:17)

ലോക കളങ്കത്തിൽ നിന്നും വേർപെടുത്തി വിശുദ്ധരായി ദൈവജനത്തിന് ഇടയിൽ പ്രവർത്തിക്കുവാൻ വിളിച്ചു പരിശീലിപ്പിക്കണം എന്നാണ് എന്റെ ശിഷ്യന്മാർക്ക് വേണ്ടി ഞാൻ പ്രാർത്ഥിച്ചത്. പരിശുദ്ധാത്മാവാണ് ഇക്കാര്യത്തിൽ പ്രത്യേകം നിങ്ങളെ സഹായിക്കുന്നത്. എന്നിൽ വസിക്കുന്നതി ലൂടെയാണ് നിങ്ങൾ ശുദ്ധീകരിക്കപ്പെടുന്നത് എന്ന് ഓർക്കുക. ഞാൻ തന്നെയാണ് സത്യം എന്ന് നിങ്ങൾ അറിഞ്ഞു എന്നോട് ചേർന്ന് എന്നിൽ വസിക്കുക.

C **എന്റെ സഭയ്ക്ക് വേണ്ടി ഞാൻ പ്രാർത്ഥിച്ചു (17:20–23).**

എന്റെ ശിഷ്യരായ നിങ്ങളോരോരുത്തരും സത്യത്താൽ ശുദ്ധീകരിക്കപ്പെട്ടവരാണ്. വിശുദ്ധ മാമോദിസ സ്വീകരിക്കുന്ന എല്ലാവരും എന്റെ പിതാവിന്റെ മക്കൾ എന്ന നിലയിൽ എന്റെ സഹോദരങ്ങളാണ്. എന്നിൽ വിശ്വസിക്കുന്നവരും വിശ്വസിക്കാൻ ഇരിക്കുന്ന എല്ലാവർക്കും വേണ്ടിയാണ് ഞാൻ പ്രാർത്ഥിച്ചത്. ഞാൻ പിതാവിനാൽ അയക്ക പ്പെട്ടിരിക്കുന്ന സാക്ഷാൽ ദൈവപുത്രനാണ് എന്ന് വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടി ഞാൻ പ്രാർത്ഥിച്ചു. ഇനിയും എന്നെ വിശ്വസിക്കുവാൻ ഇരിക്കുന്ന എല്ലാവർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നുണ്ട്. ദൈവത്തോടും മനുഷ്യരോടും ഒരേസമയം സ്നേഹത്തിൽ നിങ്ങൾ നിലനിൽക്കേണ്ട തിനായിട്ടാണ് ഞാൻ പ്രാർത്ഥിക്കുന്നത്. വിശ്വാസ പാറ ആകുന്ന എന്റെ അടിസ്ഥാനത്തിന്റെ മേൽ തന്നെ വിശ്വാസത്താൽ പാറക്കല്ലുകൾ ആയിതീർന്ന നിങ്ങളെ കൊണ്ട് ഞാൻ എന്റെ സഭയെ പണി തിരിക്കുകയാണ്. അതിനെ തകർക്കുവാൻ അന്ധകാര ശക്തികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും, എന്റെ കൂടെ വിശ്വാസത്തോടെ പ്രവർത്തിക്കുന്ന നിങ്ങളെ കൊണ്ട് ലോകം

മുഴുവനും ദൈവരാജ്യം വികസിപ്പിക്കുവാനുള്ള സ്വർഗ്ഗ പിതാവിന്റെ പദ്ധതി പൂർണമായി നടപ്പാക്കുന്നതു വരെയും നമുക്ക് കൂട്ടായി പ്രവർത്തിക്കാം.

### D) എല്ലാ മനുഷ്യർക്കും വേണ്ടിയും ഞാൻ പ്രാർത്ഥിച്ചു (17:24–26)

ഒടുവിലാണ് എല്ലാ മനുഷ്യർക്കും വേണ്ടി ഞാൻ പ്രാർത്ഥിച്ചത് എങ്കിലും, എന്റെ ഏറ്റവും വലിയ പ്രതീക്ഷയും ശ്രദ്ധാകേന്ദ്രവും "ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യരിൽ" ആണ്. ധൂർത്ത് പുത്രനെ പോലെ അവർ ഈ ലോകത്തിന്റെ ദൈവമായ സാത്താന്റെ കെണിയിൽ അകപ്പെട്ടിരിക്കുകയാണ്. സ്വയം തിരിച്ചറിഞ്ഞു മാനസാന്തരപ്പെട്ടു സ്വർഗ്ഗപിതാവിന്റെ അടുത്ത് വരുവാൻ ഞാൻ എല്ലാവർക്കും അവസരം നീട്ടി കൊടുത്തു കൊണ്ടിരിക്കുകയാണ്. ഞാൻ ദൈവത്താൽ അയക്കപ്പെട്ടവൻ ആണെന്ന് അവർക്ക് ബോധ്യപ്പെട്ടാൽ അവർ എന്നിലേക്ക് അടുത്തുവരും. അതിനുവേണ്ടി,"നീ എന്നിലും ഞാൻ നിന്നിലും ഒന്നായി രിക്കുന്നതുപോലെ അവരും ഒന്നാകണം" എന്നാണ് ഞാൻ പ്രാർത്ഥിക്കുന്നത്. ഈ ഒന്നാകലിന് രണ്ട് വശമുണ്ട്.:1) ദൈവവും മനുഷ്യനുമായുള്ള ബന്ധം ശരി പെടണം.2) പിന്നീട് മാത്രമേ മനുഷ്യനും മനുഷ്യനും തമ്മിലുള്ള സ്നേഹബന്ധം നിലനിൽക്കുകയുള്ളൂ. ഇന്നത്തെ മനുഷ്യബന്ധങ്ങൾ സഭാതലത്തിലും കുടുംബത്തിലും സാമൂഹ്യതലങ്ങളിലും പരാജയപ്പെടുന്നതിന്റെ യഥാർത്ഥ കാരണം, ഞാനും പിതാവും ഒന്നായിരിക്കുന്നതു പോലെയുള്ള ഒരു ആത്മബന്ധം ദൈവവുമായി ആദ്യമേ സ്ഥാപിക്കുവാൻ നിങ്ങൾ പരാജയപ്പെടുന്നതാണ്. ദൈവഹിതം മാത്രം നടപ്പാക്കാനുള്ള ഏക ലക്ഷ്യത്തോടെ ദൈവത്തെ മാത്രം പ്രസാദിപ്പിക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയാൽ അങ്ങനെയുള്ളവരുടെ സമൂഹത്തിൽ യഥാർത്ഥ ഐക്യം ഉണ്ടാകും. എന്നാൽ അപ്രകാരമുള്ള ഒരു അവസ്ഥയിലേക്ക് ജനങ്ങളെ പരിശീലിപ്പിക്കാൻ ഇന്നത്തെ സഭാനേതൃത്വം വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല. വിഭജിച്ച് നിന്നാൽ അതത് സഭകളുടെ "പ്രധാനസ്ഥാനം" സംരക്ഷിക്കാമെന്ന സ്വാർത്ഥ ചിന്തയാണ് സഭകളുടെ ഐക്യം തകർത്തത്.

ഞാൻ ലോകം മുഴുവനുമുള്ള എന്റെ ജനത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന പ്രധാനമായ കാര്യങ്ങൾ ചുരുക്കമായി പറയാം.

1). എനിക്ക് പിതാവ് നല്കിയ മഹത്വം അവർക്ക് നൽകണം.

2). എന്നെ സ്നേഹിക്കുന്നത് പോലെ തന്നെ അവരെയും സ്നേഹിക്കണം.

3). ഞാനും പിതാവും ഒന്നായി രിക്കുന്നതുപോലെ അവരും ആദ്യം ദൈവത്തോട് ചേർന്ന ശേഷം പരസ്പരം ഒന്നാകണം.

4). ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോട് കൂടെ ഇരിക്കണം.

5). പിതാവ് ദൈവസ്നേഹം എനിക്ക് നൽകുന്ന പോലെ തന്നെ അവർക്കും നൽകണം.

ഈ കാര്യങ്ങളൊക്കെയാണ് ഞാൻ സ്വർഗ്ഗപിതാവിനോട് പ്രാർത്ഥിച്ച കൊണ്ടേയിരിക്കുന്നത്. ഇത് ക്രിസ്ത്യാനികൾക്കും, എന്റെ ശിഷ്യന്മാർക്കും എന്റെ സഭാംഗങ്ങൾക്കും വേണ്ടി മാത്രമല്ല,ലോകത്തിലെ സകല ദേശത്തിലും ജാതിയിലും മതത്തിലും പെട്ട "മനുഷ്യവർഗ്ഗം" മുഴുവനും വേണ്ടിയുള്ള എന്റെ മഹാപുരോഹിത പ്രാർത്ഥനയാണ്. എന്റെ പിതാവ് ഇ പ്രാർത്ഥന സ്വീകരിച്ച് ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എനിക്കുവേണ്ടി പരിശുദ്ധാ ദൈവാത്മാവും ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒരുനാൾ നാം എല്ലാവരും ഒന്നായി ചേർന്ന് സ്വർഗ്ഗത്തിൽ സമ്മേളിക്കും, നിശ്ചയം.

6–3–2021.

## അദ്ധ്യായം 96

# ഗത്സമനയിലെ അറസ്റ്റും മഹാ പുരോഹിതരുടെ ന്യായവിസ്താരവും

**മത്തായി 26: 30 –68; മർക്കോസ് 14:26– 65; ലൂക്കോസ് 22: 47 –54; യോഹന്നാൻ.18:1– 24**

എന്റെ മഹാ പുരോഹിത പ്രാർത്ഥന പൂർത്തിയാക്കിയശേഷം ഞാൻ പത്രോസിനെയും യോഹന്നാനെയും യാക്കോബിനെയും കൂട്ടി, കെദ്രോൻ തോട്ടി നക്കരെയുള്ള ഗത്സമന തോട്ടത്തിലേക്ക് നടന്നു. വിശ്രമ സങ്കേതത്തിൽ ഇരിക്കുന്ന ശിഷ്യന്മാരുടെ അടുക്കലേക്ക് ഞാൻ യാക്കോബിനെ പറഞ്ഞയച്ചു. വീണ്ടും ഞാൻ അല്പം മുന്നോട്ട് നടന്ന് ദൂരെ മാറി ഇരുന്നു, സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ എന്റെ ഹൃദയം നിറഞ്ഞ ദുഃഖം പങ്കുവെച്ചു. പത്രോസും യോഹന്നാനും എന്റെ അടുക്കൽ എന്നെ ആശ്വസിപ്പിക്കാനായി വന്നു. എന്നോടുകൂടെ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ എന്ന് ഞാൻ അവരോട് പറഞ്ഞു.

അങ്ങനെയിരിക്കുമ്പോൾ യാക്കോബ് ഓടിവന്ന്, വിശ്രമ സങ്കേതത്തിൽ യൂദായും കൂട്ടരും എന്നെ അന്വേഷിച്ചു വന്ന കാര്യം എന്നോട് പറഞ്ഞു. യൂദായുടെ കൂടെ ആയുധമേന്തിയ രണ്ട് പടയാളികളും ഉണ്ടായിരുന്നു. അവർ നേരത്തെ സെഹിയോൻ മാളികയിൽ പോയിരുന്നു എന്നും യാക്കോബ് പറഞ്ഞു. യൂദായെ കണ്ടപ്പോൾ ശിഷ്യന്മാർ എല്ലാവരും കൂടെ ആയുധങ്ങൾ എടുത്ത് അവനെ ആക്രമിക്കാൻ തുടങ്ങിയപ്പോൾ അവൻ ഭയപ്പെട്ടു ഓടിപ്പോയി എന്നും അതുകഴിഞ്ഞ് മഹാ പുരോഹിതന്മാരുടെ അടുക്കൽ ചെന്ന് കുറെ റോമൻ പടയാളികളുടെ അകമ്പടി ആവശ്യപ്പെട്ടുവെന്നും മഹാപുരോഹിതൻ സൈന്യാധിപന്റെ അടുക്കൽ ആവശ്യപ്പെട്ടതനുസരിച്ച് 60 റോമാ പടയാളികളുമായി മഹാപുരോഹിതന്റെ അരമനയിലെത്തി ദേവാലയ ഭടന്മാരെയും കുറെ

സന്നദ്രിം അംഗങ്ങളെയും കൂട്ടി എന്നെ പിടിച്ചു കെട്ടുവാനായി പുറപ്പെട്ടിട്ടുണ്ട് എന്നും ഞാൻ മനസ്സിലാക്കി. ഞാൻ വളരെ ദുഃഖിച്ചു വ്യാകുലപ്പെട്ടു തുടങ്ങി. എന്റെ ഉള്ളം മരണവേദന പോലെ കലങ്ങിയിരുന്നു. ശിഷ്യന്മാരെ അവിടെത്തന്നെ ഉണർന്നിരുന്നു പ്രാർത്ഥിക്കാൻ പറഞ്ഞിട്ട് ഞാൻ അല്പം മുന്നോട്ടു പോയി ഒരു പാറയുടെ മുൻപിൽ കുമ്പിട്ടു വീണു സ്വർഗ്ഗ പിതാവിനോട് കരഞ്ഞു പ്രാർത്ഥിച്ചു.:"പിതാവേ കഴിയുമെങ്കിൽ ഈ "മരണ കാസ" എങ്കൽ നിന്നും നീങ്ങി പോകണമേ.; എങ്കിലും ഞാൻ ഇച്ഛയ്ക്കും പോലെയല്ല, നിന്റെ ഇഷ്ടം പോലെ തന്നെ ആകട്ടെ". ഞാൻ തിരിച്ചു ചെന്നപ്പോൾ ശിഷ്യന്മാർ മൂന്നുപേരും നല്ല ഉറക്കത്തിലായിരുന്നു. അന്ത്യ അത്താഴം കഴിഞ്ഞ് വയറു നിറഞ്ഞിരുന്നതിനാലും, രണ്ടുദിവസമായി ഉറങ്ങാതിരുന്നതിന്നാലും, ശരീരക്ഷീണത്താലും മനസ്സിന്റെ ഭാരത്താലും അവർ ഉറങ്ങി പോയതിൽ ഞാൻ അവരെ വഴക്കു പറഞ്ഞില്ല. എങ്കിലും അവരുടെ ജാഗരണ കുറവിൽ എനിക്ക് അത്ഭുതം തോന്നി ഞാൻ ഇങ്ങനെ പറഞ്ഞു:

"പത്രോസേ, എന്നോടുകൂടെ ഒരു മണിക്കൂർ പോലും ഉണർന്നിരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ലല്ലോ. പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ. ആത്മാവ് ഒരുക്കമുള്ളത് ജഡമോ ബലഹീനമത്രേ".ഞാൻ രണ്ടാമതും പോയി പാറമേൽ വീണു കിടന്ന് ഇങ്ങനെ പ്രാർത്ഥിച്ചു: " പിതാവേ, ഞാൻ കുടിക്കാതെ അത് നീങ്ങി കൂടാ എങ്കിൽ നിന്റെ ഇഷ്ടം തന്നെ ആകട്ടെ."തിരിച്ചു ചെന്ന് ശിഷ്യൻമാരെ നോക്കിയപ്പോൾ അവർ കണ്ണിനു ഭാരം ഏറുകയാൽ പിന്നെയും ഉറങ്ങുന്നതു കണ്ടു. അവരെ വിട്ട് മൂന്നാമതും ഞാൻ പോയി ആ വചനം തന്നെ ചൊല്ലി പ്രാർത്ഥിച്ചു.(മത്തായി 26: 36– 46). ഞാൻ ഇങ്ങനെ പ്രാണവേദനയിൽ ആയപ്പോൾ എന്നെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്നും ഒരു ദൂതൻ എനിക്ക് പ്രത്യക്ഷനായി. പിന്നെയും ഞാൻ പ്രാണവേദനയിൽ ആയി അതിദുഃഖത്തോടെ പ്രാർത്ഥിച്ചു; എന്റെ വിയർപ്പ് നിലത്ത് വീഴുന്ന വലിയ ചോരത്തുള്ളി പോലെയായി.

(ലൂക്കോസ് 22: 39– 46). അല്പനേരം കഴിഞ്ഞ് ഞാൻ ശിഷ്യന്മാരുടെ അടുക്കൽ ചെന്ന് പറഞ്ഞു," ഇനി നിങ്ങൾ ഉറങ്ങി ആശ്വസിച്ചു കൊൾവിൻ. നാഴിക അടുത്തു, മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏൽപ്പിക്കപ്പെടുന്നു. എഴുന്നേൽക്കുവിൻ, നാം പോകാം. ഇതാ എന്നെ കാണിച്ചു കൊടുക്കുന്നവൻ അടുത്തിരിക്കുന്നു".

ഞാൻ ഇതിനു മുൻപ് പല പ്രാവശ്യം ശിഷ്യന്മാരുമായി

പ്രാർത്ഥിക്കാൻ ഈ സ്ഥലത്ത് വന്നിരുന്നതിനാൽ യൂദാക്ക് ഈ സ്ഥലം അറിയാമായിരുന്നു. "അങ്ങനെ യൂദാ പട്ടാളത്തെയും മഹാപുരോഹിതൻമാരും പരീശന്മാരും അയച്ച ചേവകരെയും കൂട്ടിക്കൊണ്ട് തീപന്തങ്ങളും ആയുധങ്ങളുമായി അവിടെ വന്നു. അവർ വരുന്ന കാര്യവും അതിനുശേഷം സംഭവിക്കാനിരിക്കുന്ന സംഗതികളെല്ലാം സ്വർഗ്ഗ പിതാവ് എനിക്ക് വെളിപ്പെടുത്തി കൊണ്ടിരുന്നതിനാൽ ഞാൻ ധൈര്യത്തോടെ മുന്നോട്ട് ചെന്ന് "നിങ്ങൾ ആരെ തിരയുന്നു?" എന്ന് ചോദിച്ചു. "നസ്രായനായ യേശുവിനെ" എന്നു അവർ ഉത്തരം പറഞ്ഞപ്പോൾ, "അത് ഞാൻ തന്നെ എന്ന് പറഞ്ഞു". എന്റെ ഉത്തരം കേട്ടവർ പെട്ടെന്ന് പിന്നോട്ട് ബോധംകെട്ട് മറിഞ്ഞുവീണു. അവരുടെ കൂട്ടത്തിൽ യൂദായും മറഞ്ഞു നിന്നിരുന്നു. ഞാൻ വീണ്ടും അവരോട്, "ഞാൻ തന്നെയാണ് യേശു എന്ന് പറഞ്ഞുവല്ലോ. എന്നെ ആകുന്നു നിങ്ങൾ തിരയുന്നത് എങ്കിൽ ഇവർ പൊയ്ക്കൊള്ളട്ടെ" എന്ന് പറഞ്ഞു. ഞാൻ യൂദായെ കൊണ്ട് പാപം ചെയ്യാതിരിക്കാൻ ആയിട്ടാണ് സ്വയം ഏൽപ്പിച്ച കൊടുക്കാൻ തീരുമാനിച്ചത്. എന്നിട്ടും അവൻ മുന്നോട്ടു വന്നു എന്നെ ചുംബിക്കുവാൻ ഒരുങ്ങി. പ്രവചന പ്രകാരം അവൻ നാശ പുത്രനാണെന്ന് സ്വയം തെളിയിച്ചു. ഞാൻ അവനോട്, "യൂദായെ, നീ മനുഷ്യപുത്രനെ ചുംബനം കൊണ്ടോ കാണിച്ചു കൊടുക്കുന്നത്?". ഇത് കണ്ട ഉടനെ പത്രോസ് വാളൂരി മഹാപുരോഹിതന്റെ ദാസനായ മൽകോസിനെ വെട്ടി അവന്റെ കാതു അറുത്തു കളഞ്ഞു. ഞാൻ ഉടനെ പത്രോസിനേ ശാസിച്ച്, വാൾ ഉറയിൽ ഇടാൻ പറഞ്ഞു. കാത് തൽസ്ഥാനത്ത് വെച്ച്, അപ്പോൾ തന്നെ ഞാൻ സൗഖ്യമാക്കുകയും ചെയ്തു.

ഞാൻ മഹാപുരോഹിതന്മാ രോടും പടനായകന്മാരോടും മൂപ്പന്മാരോടും ഇങ്ങനെ പറഞ്ഞു,: "ഒരു കള്ളന്റെ നേരെ എന്നപോലെ നിങ്ങൾ വാളും വടിയുമായി പുറപ്പെട്ടു വന്നുവോ? ഞാൻ ദിവസേന ദൈവാലയത്തിൽ നിങ്ങളുടെ കൂടെ ഇരുന്നിട്ടും എന്റെ നേരെ കൈ ഓങ്ങിയില്ല. എന്നാൽ ഇത് നിങ്ങളുടെ നാഴികയും ഇരുളിന്റെ അധികാരവും ആകുന്നു."

(ലൂക്കോ 22: 47 –53). ഞാനവരോട് പിന്നെയും പറഞ്ഞു: " എന്റെ പിതാവിനോട് ഇപ്പോൾ തന്നെ 12 legion ലും അധികം ദൂതന്മാരെ എന്റെ അരികെ നിറുത്തേണ്ടതിന് എനിക്ക് അപേക്ഷിച്ചു കൂടാ എന്ന് തോന്നുന്നുവോ? എന്നാൽ ഇങ്ങനെ സംഭവിക്കണം എന്നുള്ള തിരുവെഴുത്തുകൾ ക്ക് എങ്ങനെ നിവൃത്തി വരും?.

ഞാൻ പറയുന്നത് ഒന്നും അവർക്ക് മനസ്സിലാകുന്നില്ല എന്ന് ഞാൻ അറിഞ്ഞു. പട്ടാളക്കാർ മുന്നോട്ടു വന്നു എന്നെ ബന്ധിച്ചു. അപ്പോൾ സമയം പുലർച്ചെ രണ്ടര മണി ആയിരുന്നു. അത് കണ്ടപ്പോൾ ശിഷ്യന്മാർ ബഹളം കൂട്ടാൻ തുടങ്ങി. പട്ടാളക്കാർ അവരെ കൂടി പിടിക്കാമെന്ന് ആയപ്പോൾ പത്രോസും യാക്കോബും പെട്ടെന്ന് ഓടിപ്പോയി. എന്നാൽ യോഹന്നാൻ ഒരു പുതപ്പുകൊണ്ട് മൂടി എന്നെ അനുഗമിച്ചത് കണ്ടു അവനെയും പട്ടാളക്കാർ പിടിച്ചെങ്കിലും അവൻ പുതപ്പ് ഉപേക്ഷിച്ച് കുതറിമാറി പിടിയിൽ നിന്നും രക്ഷപ്പെട്ടു ഓടിപ്പോയി. യാക്കോബ് നേരെ ഒരു തോട്ടത്തിലെ സങ്കേതത്തിൽ എത്തി സംഭവിച്ച കാര്യങ്ങളെല്ലാം മറ്റു ശിഷ്യന്മാരെ അറിയിച്ചു. കുറച്ചു കഴിഞ്ഞപ്പോഴേക്കും എന്റെ അമ്മയും സഹോദരി സലോമിയും കൂടി അവിടെ എത്തിയതായി ഞാനറിഞ്ഞു.

യോഹന്നാൻ പത്രോസിനെയും കൂട്ടി ദൂരം വിട്ട് എന്നെ അനുഗമിക്കുന്നുണ്ടായിരുന്നു. (മർക്കോസ് 14: 43– 52).

നദാനിയേൽ,മത്തായി, ഫിലിപ്പോസ്,യാക്കോബ് തദ്ദയി എന്നിവർ ബദ്ഫാഗ യിലും, തോമസ്, അന്ത്രയോസ്, യാക്കോബ്, എരിവ്കാരൻ ശീമോൻ, എന്നിവർ നിക്കോദിമോസ്സി ന്റെ ഭവനത്തിലും രഹസ്യമായി തന്നെ കഴിഞ്ഞുകൂടി. ലാസറിന്റെ ഭവനത്തിൽ മാർത്ത യുടെയും മറിയയുടെയും ഒപ്പം എന്റെ അമ്മയും സഹോദരി സലോമിയും മറ്റു ശിഷ്യ സ്ത്രീകളും പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

## എന്നെ മഹാപുരോഹിതന്മാർ വിസ്തരിക്കുന്നു

എന്നെ പിടിച്ചു കെട്ടി കൊണ്ട് പോയ പടയാളികൾ റോമാക്കാരും യഹൂദന്മാരും എന്നിങ്ങനെ രണ്ടു വിഭാഗത്തിൽ ഉള്ളവരായിരുന്നു. ഇരുവിഭാഗത്തെയും ചിന്താഗതികൾ വ്യത്യസ്തമായിരുന്നു. റോമാ ചക്രവർത്തിയെ അനുകൂലിച്ചിരുന്ന ഹന്നാസ്, റോമാ മതത്തിന്റെ ആചാരങ്ങളെ യഹൂദന്മാരുടെ മേൽ നിഷ്കർഷിച്ചു എന്ന് ആരോപിച്ചു സന്നദ്രിം സംഘം ഇയാളെ സ്ഥാനത്തുനിന്ന് പുറത്താക്കി മരുമകനായ കയ്യാഫയെ മഹാപുരോഹിത സ്ഥാനം ഏൽപ്പിച്ചു. യഹൂദ സേവകർ എന്നെ ആദ്യം അധികാരത്തിലിരുന്ന കയ്യഫ യുടെ അടുക്കലേക്ക് കൊണ്ടുപോകാൻ ശ്രമിച്ചപ്പോൾ റോമൻ സൈന്യാധിപൻ ഇടപെട്ടു എന്നെ ആദ്യം ഹന്നാസിന്റെ അടുക്കലേക്ക് ആണ് കൊണ്ടുപോയത് . എന്നാൽ "ജനത്തിനുവേണ്ടി ഒരു മനുഷ്യൻ മരിക്കുന്നത് നല്ലതാണെന്ന്"

നേരത്തെ പ്രവചിച്ചു പറഞ്ഞാ കയ്യഫ എത്രയും വേഗം എന്നെ അവിടെ എത്തിക്കാൻ ആളയച്ചു. ഹന്നാസിന്റെ ചോദ്യങ്ങൾക്കൊന്നും ഞാൻ ആദ്യം ഉത്തരം പറഞ്ഞില്ല. പിന്നെയും കുറെ ചോദിച്ചപ്പോൾ ഞാൻ ഇങ്ങനെ ഉത്തരം പറഞ്ഞു,

"ഞാൻ ലോകത്തോട് പരസ്യമായി സംസാരിച്ചിട്ടുണ്ട്. പള്ളിയിലും എല്ലാ യഹൂദന്മാർ കൂടുന്ന സിനഗോഗുകളിലും ഞാൻ എപ്പോഴും ഉപദേശിച്ചു. രഹസ്യമായി ഒന്നും സംസാരിച്ചിട്ടില്ല. നീ എന്നോട് ചോദിക്കുന്നത് എന്ത്? ഞാൻ സംസാരിച്ചത് എന്താണെന്ന് കേട്ടവരോട് ചോദിക്കുക. ഞാൻ പറഞ്ഞത് അവർക്കറിയാം". ഞാനിത് പറഞ്ഞപ്പോൾ യഹൂദ പടയാളികളിൽ ഒരാൾ, മഹാപുരോഹിതനോട് ഇങ്ങനെയാണോ ഉത്തരം പറയുന്നത് എന്ന് ആക്രോശിച്ചു എന്റെ കന്നത്തടിച്ചു. ഞാൻ അവനോട്," ഞാൻ ദോഷമായി സംസാരിച്ചു എങ്കിൽ തെളിവു കൊടുക്കുക. അല്ലെങ്കിൽ എന്നെ തല്ലുന്നത് എന്ത്?."എന്ന് ചോദിച്ചു. അപ്പോൾ എന്നെ ഹന്നാസ് എന്റെ കൈകൾ ബന്ധിച്ചു കൊണ്ട്, മഹാപുരോഹിതനായ കയ്യാഫ യുടെ അടുക്കലേക്ക് അയച്ചു. (യോഹന്നാൻ 18: 19– 24).

നാലു മണിയോടെ ഹന്നാ സിന്റെ ഭവനത്തിൽ എത്തി. അവിടെ ഔദ്യോഗികമായി എന്നെ വിസ്തരിക്കുന്ന തിനായി 30 പേരടങ്ങിയ ഒരു "അടിയന്തര സന്നദ്രിം സംഘം" തന്നെ ഉണ്ടായിരുന്നു. ഹന്നാസും ഉടനെ അവിടെ എത്തി. ഉടൻതന്നെ വിസ്താരവും ആരംഭിച്ചു. എനിക്കെതിരെ സാക്ഷികളെ കൂടി നിർത്തിയെങ്കിലും അവരുടെ സാക്ഷ്യങ്ങൾ ഒന്നും ഒത്തുവന്നില്ല. കൈപ്പണിയായ യരുശലേം ദേവാലയം പൊളിച്ചു മൂന്നുദിവസംകൊണ്ട് കൈപ്പണി അല്ലാത്ത മറ്റൊന്ന് പണിയുമെന്ന് ഞാൻ പറയുന്നത് അവർ കേട്ടു എന്ന് പറഞ്ഞു. ഞാൻ ഉത്തരം പറയാതെ നിന്നപ്പോൾ കയ്യഫ എഴുന്നേറ്റ് എന്റെ അടുത്ത് വന്ന് ഇങ്ങനെ ചോദിച്ചു,:"ഇവർ നിന്റെ നേരെ സാക്ഷ്യം പറഞ്ഞിട്ടും നീ ഒന്നും പറയാത്തത് എന്ത്? നീ വന്ദ്യനായവന്റെ പുത്രനായ ക്രിസ്തുവോ?"ഞാൻ ഇങ്ങനെ മറുപടി പറഞ്ഞു:"ഞാൻ ആകുന്നു;മനുഷ്യപുത്രൻ സർവ്വശക്തൻ വലത് ഭാഗത്ത് ഇരിക്കുന്നതും ആകാശ മേഘങ്ങളോടെ വരുന്നതും നിങ്ങൾ കാണും." ഇത് കേട്ട ഉടനെ മഹാപുരോഹിതൻ തന്റെ വസ്ത്രം കീറി,"ഇനി സാക്ഷികളെ കൊണ്ട് എന്ത് ആവശ്യം? ദൈവദൂഷണം നിങ്ങൾ കേട്ടുവല്ലോ? നിങ്ങൾക്ക് എന്ത് തോന്നുന്നു?" അവിടെ ഉണ്ടായിരുന്ന സന്നദ്രിം അംഗങ്ങളിൽ ഭൂരിഭാഗവും സ ദുക്ക്യർ ആയിരുന്നു. അവർ മഹാപുരോഹിതന്റെ അഭിപ്രായത്തോട് യോജിച്ചു കൊണ്ട് "ഞാൻ മരണയോഗ്യൻ" എന്ന് വിധിച്ചു. ഉടനെ തന്നെ അവർ എന്നെ തുപ്പുകയും

മുഷ്ടിചുരുട്ടി കുത്തുകയും പ്രവചിക്കുക എന്ന് പറഞ്ഞു എന്നെ ഉപദ്രവിക്കുകയും ചെയ്തു തുടങ്ങി.

അതുകണ്ട് റോമൻ സഹസ്രാ ധിപൻ ഇടപെട്ട് അവരെ തടഞ്ഞു. നേരത്തെ തോട്ടത്തിൽ വച്ച് തന്നെ എന്നെ അനുഗമിക്കുവാൻ യോഹന്നാനേ അയാൾ അനുവദിച്ചിരുന്നു. റോമൻ നിയമമനുസരിച്ച് കുറ്റക്കാരനെ അറസ്റ്റ് ചെയ്യുമ്പോൾ, ശിക്ഷ നടപ്പാക്കുന്നത് വരെയും കുറ്റവാളിയുടെ കൂടെ സ്വന്തം ഒരാൾ ഉണ്ടായിരിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ് യോഹന്നാന് എന്റെ കുരിശുമരണം വരെയുള്ള എല്ലാ അവസരങ്ങളിലും ദൃക്സാക്ഷി ആകുവാൻ കഴിഞ്ഞത്. എന്നെ യഹൂദ പടയാളികൾ കളിയാക്കാനും ഉപദ്രവിക്കാനും തുടങ്ങുമ്പോൾ തന്നെ ഞാൻ യോഹന്നാനോട് ആ മുറിയിൽ നിന്നും പുറത്തു പോകാൻ പറഞ്ഞു. കാരണം അവൻ ഇതെല്ലാം കണ്ട് കോപിച്ച് എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ അവർ അവനെ പിടിച്ചു ഉപദ്രവിക്കുകയും ഒരുപക്ഷേ തടവിലിടുകയും ചെയ്തേക്കും എന്ന് ഞാൻ ഭയപ്പെട്ടു. അതുകൊണ്ട് ഞാൻ അവിടെ വച്ച് സഹിക്കേണ്ടിവന്ന പീഡനങ്ങൾ ഒന്നും മുഴുവനായി അവൻ കണ്ടില്ല.

യഹൂദ നിയമപ്രകാരം ഒരാളെ കൊലക്കുറ്റത്തിന് വിധി ക്കണമെങ്കിൽ ഒരു ദിവസംകൂടി കഴിഞ്ഞ് രണ്ടാം പ്രാവശ്യവും സന്നിദ്രിം സംഘം കൂടി ഭൂരിപക്ഷം അംഗങ്ങളെ പങ്കെടുപ്പിച്ചു തീരുമാനിക്കണമായിരുന്നു. എന്നാൽ പിറ്റേദിവസം ശാബത് ആകയാൽ ഒരു മണിക്കൂർ കൂടി കഴിഞ്ഞു അഞ്ചുമണിക്ക് വീണ്ടും സംഘം കൂടുവാൻ തീരുമാനിച്ചു. സംഘത്തിലെ മറ്റുള്ളവരെ കൂടി വിളിക്കുവാൻ ആളയച്ചു.

അതനുസരിച്ച് പരിസരവാസികളായ ഗമാലിയേൽ, നിക്കോദിമോസ് തുടങ്ങി ഒരു സംഘം അംഗങ്ങൾ കൂടി ഉടനെ എത്തിച്ചേർന്നു. അഞ്ചു മണിക്ക് തന്നെ വിസ്താരം ആരംഭിച്ചു. സാക്ഷി പറയാൻ ആരുമില്ലായിരുന്നു. നേരത്തെ ഞാൻ ദൈവപുത്രനായ ക്രിസ്തു തന്നെ എന്ന പ്രസ്താവന വീണ്ടും അവരുടെ മുൻപാകെ ആവർത്തിച്ചു പറഞ്ഞു. നേരത്തെ വിസ്തരിച്ചതുപോലെ ചില ചോദ്യങ്ങളൊക്കെ അവരും ആവർത്തിച്ചു. ഒടുവിൽ "മരണയോഗ്യൻ" എന്ന ശിക്ഷ നൽകുന്നതായി മഹാപുരോഹിതൻ പ്രഖ്യാപിച്ചു. മുൻകൂട്ടി തയ്യാറാക്കിയ ഈ നടപടിയിൽ ഗമാലിയേൽ, നിക്കോദിമോസ്, കൂടെ മറ്റ് ചിലരും എതിർപ്പും പ്രതിഷേധവും രേഖപ്പെടുത്തി. ഒടുവിൽ അവരും അവരോടൊപ്പം നിന്നിരുന്ന പലരും "വിധി" അംഗീകരിക്കാതെ ഇറങ്ങിപ്പോയി.

ഇത് കണ്ടപ്പോൾ റോമൻ സൈന്യാധിപൻ ഇടപെട്ടു മഹാപുരോഹിതന്റെ നടപടിയെ കുറ്റപ്പെടുത്തി. റോമാ സാമ്രാജ്യത്തിനു കീഴിൽ ഉള്ള ഒരാളെ കൊലപ്പെടുത്തുന്നതിന് വിധിക്കുവാൻ സന്നദ്രിം സംഘത്തിന് അധികാരമില്ലെന്നും, അവരുടെ തീരുമാനം തന്നെ നിലനിൽക്കുന്നില്ല എന്നും ഉറക്കെ പ്രഖ്യാപിച്ചു. മഹാപുരോഹിതനും മറ്റ് അംഗങ്ങളും എതിർ സംസാരിച്ചെങ്കിലും റോമാ യഹൂദന്മാരുടെ ഭരണകർത്താ വായ റോമാ ഗവർണർ പീലാത്തോസിന്റെ അരമനയിൽ വിസ്തരിക്കണം എന്ന് സൈന്യാധിപൻ ശഠിച്ചു. ഹന്നാസും അത് ശരിവെച്ചു.ഉടൻതന്നെ റോമൻ സൈന്യത്തിന്റെ നിയന്ത്രണത്തിൽ എന്നെ പീലാത്തോസിന്റെ അരമനയിലേക്ക് കൊണ്ടുപോയി.റോമൻ സൈന്യം എനിക്ക് ശക്തമായ സംരക്ഷണം നൽകിയിരുന്നതിനാൽ യഹൂദ പടയാളികൾക്ക് അപ്പോൾ എന്നെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. പീലാത്തോസിന്റെ അരമനയോട് ചേർന്നുള്ള "കൽതളത്തിൽ" സൈന്യത്തിന്റെ സംരക്ഷണയിൽ ഞാൻ ബന്ധിതനായി നിന്നു.

നേരത്തെ മഹാപുരോഹിതൻ റെ നടുമുറ്റത്ത് ഞങ്ങൾ പ്രവേശിക്കുമ്പോൾ ആളുകളുടെ കൂട്ടത്തിൽ പത്രോസും തലയിൽ മുണ്ടിട്ട് മറച്ചുകൊണ്ട് അനുഗമിക്കുന്നത് ഞാൻ കണ്ടിരുന്നു.അവിടെ വാതിൽ കാവൽക്കാർ അവനെ തടഞ്ഞപ്പോൾ യോഹന്നാൻ അവിടെ ചെന്ന് കാവല്ക്കാര നോട് പറഞ്ഞു പത്രോസിനെ അകത്തു കയറ്റി. മഹാപുരോഹിതന്റെ ബാല്യ കാര്യത്തികളിൽ ഒരുത്തി വന്നു പത്രോസ് തീ കായുന്ന ത് കണ്ടു അവനെ നോക്കി,"നീയും യേശുവിനോട് കൂടെ ആയിരുന്നു" എന്ന് പറഞ്ഞപ്പോൾ,"നീ പറയുന്നത് എനിക്ക് തിരിയുന്നില്ല; ബോധ്യമാകുന്നുമില്ല" എന്ന് എന്നെ തള്ളി പറഞ്ഞത് ഞാൻ കേട്ടു. അവൻ എഴുന്നേറ്റ് പടിപ്പുരയിലേക്ക് പോയപ്പോൾ കോഴികൂകി. ആ ബാല്യ കരുതി പിന്നെയും കൂടെ നിന്നവരോട് പത്രോസിനെ ചൂണ്ടിക്കാണിച്ച് ഇങ്ങനെ പറഞ്ഞു," ഇവൻ ആ കൂട്ടത്തിൽ ഉള്ളവൻ തന്നെ". പത്രോസ് വീണ്ടും തള്ളിപ്പറഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ അവിടെ നിന്നിരുന്നവർ "നീ ആ കൂട്ടത്തിൽ ഉള്ളവൻതന്നെ സത്യം. നീ ഗലീല കാരനല്ലയൊ?"മൂന്നാം പ്രാവശ്യവും പത്രോസ് എന്നെ അറിയില്ല എന്ന് തള്ളിപ്പറയുക മാത്രമല്ല പ്രാകുവാനും ആണ ഇടുവാനും തുടങ്ങി. ഉടനെ കോഴി രണ്ടാം പ്രാവശ്യവും കൂകി. പത്രോസ് തലയുയർത്തി നോക്കിയത് എന്റെ മുഖത്തേക്കാണ്. ഞങ്ങളുടെ കണ്ണുകൾ തമ്മിൽ മൗനമായി സംസാരിച്ചു."കോഴി രണ്ടു വട്ടം കൂവും മുൻപേ നീ മൂന്നു വട്ടം എന്നെ തള്ളിപ്പറയും എന്ന് ഞാൻ പറഞ്ഞിരുന്നത് അവന് ഓർമ്മ വന്നു. അവൻ വാവിട്ടു നിലവിളിച്ചുകൊണ്ട് പുറത്തേക്ക് ഓടിപ്പോയി. ആരും കാണാതെ നിലത്തിരുന്ന്

നിയന്ത്രിക്കാനാവാത്ത ദുഃഖത്തോടെ വാവിട്ടു കരഞ്ഞു. പിന്നെ അവൻ എഴുന്നേറ്റു ഒലിവ് മലയിലെ വിശ്രമകേന്ദ്രത്തിൽ എത്തി അവിടെ ഒളിച്ചിരുന്ന ശിഷ്യന്മാരോട് സംഭവിച്ച കാര്യങ്ങൾ ഒക്കെ വിശദീകരിച്ച് പറഞ്ഞു. പിന്നീട് അവരെല്ലാവരും വേഷംമാറി എന്നെ അന്വേഷിച്ചു കൊണ്ട് ജനക്കൂട്ടത്തിനകത്ത് ആരുടേയും ശ്രദ്ധയിൽപ്പെടാതെ മറഞ്ഞുനിന്നു.(മർക്കോസ്. 14 :66–73). ഉടൻതന്നെ എന്നെ വിസ്തരിക്കാൻ പീലാത്തോസ് എഴുന്നള്ളുന്നു എന്ന പ്രഖ്യാപനം ഞാൻ കേട്ടു, അവന്റെ വരവിനായി കാത്തുനിന്നു.

7–3–2021.

## അദ്ധ്യായം 97

# പീലാത്തോസ് എന്നെ വിസ്തരിച്ച് ക്രൂശിപ്പാനായി വിട്ടുകൊടുത്തു

**മത്തായി 27: 1 –26; മർക്കോസ് 15:1–15; ലൂക്കോസ് 23: 1–25; യോഹന്നാൻ 18:28–19:16**

ഇന്ന് വെള്ളിയാഴ്ച, എന്റെ ഈ ലോക ജീവിതത്തിലെ അവസാന ദിവസം! യഹൂദ സന്നദ്രിം സംഘം എന്നെ കൊല്ലുവാൻ തീരുമാനം എടുത്തെങ്കിലും  രാവിലെ ആറുമണിയോടെ എന്നെ പീലാത്തോസിന്റെ അരമനയിൽ എത്തിച്ചു. എന്നെ അറസ്റ്റ് ചെയ്യാൻ റോമൻ പടയാളികളെ വിട്ടയക്കാൻ  പാതിരാത്രി ഉത്തരവ് കൊടുത്തിരുന്നതിനാൽ എന്നെ വിസ്തരിക്കുവാൻ തന്നെ പീലാത്തോസ് കാത്തിരിക്കുകയായിരുന്നു. പിലാത്തോസ് നല്ല ഭരണകർത്താവ് ആയിരുന്നെങ്കിലും യഹൂദ മത നേതാക്കന്മാരുമായി പലപ്പോഴും ഏറ്റുമുട്ടേണ്ടി വന്നിട്ടുണ്ട്. യഹൂദന്മാരുടെ മതനിയമങ്ങൾ വളരെ കർക്കശമായിരുന്നതിനാൽ അവർക്ക് സ്വീകാര്യമല്ലാത്ത നടപടികൾ സ്വീകരിച്ചാൽ അതിനെതിരെ വലിയ പ്രതിഷേധം ഉണ്ടാകുമെന്ന് പീലാത്തോസിന് അറിയാമായിരുന്നു. റോമാ സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന യഹൂദന്മാരുടെ ഏക കേന്ദ്രമായ യഹൂദ പ്രദേശത്തിന്റെ ഗവർണറായി ചുമതല എടുത്ത സമയം മുതൽ യഹൂദന്മാരുടെ വാശിയും മത–സമുദായ ഭക്തിയും അയാൾ നല്ലപോലെ മനസ്സിലാക്കിയിരുന്നു. ദൈവാലയകാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയ്ക്കും അവർ തയ്യാറല്ലെന്നും മരിക്കേണ്ടി വന്നാൽ പോലും അവരുടെ വിശ്വാസം നിലനിർത്താൻ അവർ പോരാടുമെന്നും മക്കാബിയരുടെ ചരിത്രത്തിൽ കൂടി പീലാത്തോസ്  മനസ്സിലാക്കിയിരുന്നു.

പീലാത്തോസിന് യഹൂദന്മാരോട് വെറുപ്പാ യിരുന്നെങ്കിലും അവരെ എതിർത്ത് പ്രവർത്തിക്കുവാൻ ഭയമായിരുന്നു. രണ്ടുമൂന്ന് കാരണങ്ങളാൽ അവൻ യഹൂദന്മാരുടെ അപ്രീതി നേരിടേണ്ടിവന്നു.

റോമൻ സൈന്യങ്ങൾ ധരിച്ചിരുന്ന യൂണിഫോമിൽ കൈസറിന്റെ മുദ്ര ഉണ്ടായിരുന്നതിനാൽ അതു നീക്കം ചെയ്യാതെ റോമൻ സൈന്യം ദേവാലയത്തിലും പരിസരപ്രദേശങ്ങളിലും പ്രവേശിക്കരുതെന്ന് യഹൂദന്മാർ നിർബന്ധിച്ചപ്പോൾ, ആദ്യം വിസമ്മതിച്ചെങ്കിലും ഒടുവിൽ മുദ്രകൾ നീക്കം ചെയ്യേണ്ടിവന്നു. കുറേ തീവ്രവാദികളായ യഹൂദന്മാർ (എരിവു കാർ)പീലാത്തോസിന്റെ അരമനയിൽ എത്തി, കൈസരുടെ മുദ്ര നീക്കം ചെയ്തില്ലെങ്കിൽ മരിക്കുമെന്ന ഭീഷണി മുഴക്കിയതിനാലാണ് മുദ്രകൾ നീക്കം ചെയ്യാൻ ഉത്തരവിട്ടത്.

അതുപോലെ യെരുശലേമിലെ ഹെരോദ് രാജാവിന്റെ പഴയ കൊട്ടാരത്തിലെ പ്രധാന കവാടത്തിൽ റോമൻ പ്രതിമ സ്ഥാപിച്ചപ്പോൾ പ്രതിഷേധം മൂലം എടുത്തുമാറ്റാൻ തയ്യാറാകാതെ വന്നപ്പോൾ, യഹൂദന്മാർ കൈസർക്ക് പരാതിനൽകി ചക്രവർത്തി നിർദ്ദേശിച്ചതിനെ തുടർന്നാണ് പ്രതിമ നീക്കം ചെയ്തത്. മൂന്നാമത്തെ എതിർപ്പുണ്ടായത്, ദേവാലയത്തിലെ പണമെടുത്തു, പെരുന്നാൾ സമയത്ത് എത്തിച്ചേരുന്ന തീർഥാടകർക്ക് ജലവിതരണം നടത്താനായി ഒരു വലിയ "ജലസംഭരണി" സ്ഥാപിച്ചതുകൊണ്ടാണ്. അതെ തുടർന്ന് അവിടെ ലഹളയുടെ ഒരു പരമ്പര തന്നെ ഉണ്ടാവുകയും തീവ്രവാദികളായ പലരും കൊല്ലപ്പെടുകയും ചെയ്തു. ഗലീലയിൽ നിന്നും തീർഥാടനത്തിനായി എത്തിയിരുന്ന കുറെ ഭക്തജനങ്ങളെയും റോമാ സൈന്യം വധിക്കുവാൻ ഇടയായി.

പീലാത്തോസിന്റെ ഭാര്യ ക്ലോഡിയയുടെ തോഴി ഞാൻ ചെയ്ത അത്ഭുത പ്രവർത്തികളെപറ്റി അവരോട് പറഞ്ഞിരുന്നത് പീലാത്തോസ് കേട്ടിരുന്നു. തന്നെയല്ല കഫർന്നഹൂമിൽ റോമൻ സൈന്യാധിപന്റെ ദാസനെ ഞാൻ സൗഖ്യമാക്കിയ കാര്യങ്ങളും പിലാത്തോസ് അറിഞ്ഞിരുന്നു. പീലാത്തോസിന്റെ ആസ്ഥാനം കൈസര്യയിൽ ആയിരുന്നെങ്കിലും യെരുശലേമിൽ പെരുന്നാളുകൾ വരുമ്പോൾ ജനക്കൂട്ടത്തെ നിയന്ത്രിക്കാനും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ പെട്ടെന്ന് നടപടിയെടുക്കാനും പിലാത്തോസ് ദേവാലയത്തിനടുത്തുള്ള "അന്തോണിയ കോട്ട"യിൽ സജ്ജീകരിച്ചിട്ടുള്ള താൽക്കാലിക പട്ടാളവസതിയിൽ താമസിക്കുകയായിരുന്നു. അങ്ങോട്ടാണ് എന്നെ വിസ്തരിക്കാനായി കൊണ്ടുപോയത്. യഹൂദ നിയമപ്രകാരം പുറജാതിക്കാരനായ പീലാത്തോസിന്റെ അരമനമുറിയിൽ പ്രവേശിക്കുവാൻ യഹൂദനേതാക്കൾ തയ്യാറാ കാത്തതിനാൽ പിലാത്തോസ് പുറത്തുവന്നു, എന്റെ പേരിലുള്ള കുറ്റങ്ങൾ എന്താണെന്ന് ചോദിച്ചു. അവർ ഇങ്ങനെ മറുപടി പറഞ്ഞു," ഇവനെ ഞങ്ങൾ

വിസ്തരിച്ച കുറ്റക്കാരനാണെന്ന് കണ്ടതുകൊണ്ടാണ് നിന്റെ അടുക്കൽ കൊണ്ടുവന്നത്".

പീലാത്തോസ് പറഞ്ഞു, "ഇവനെപറ്റി എന്തെല്ലാം ആരോപണങ്ങളാണ് ഉള്ളതെന്ന് പറയാതെ എനിക്കയാളെ വിസ്തരിക്കാൻ കഴിയില്ല. നിങ്ങളുടെ നിയമപ്രകാരം നിങ്ങൾ തന്നെ ശിക്ഷിച്ചാൽ മതി." അപ്പോൾ സന്നദ്രിം സംഘത്തിന്റെ സെക്രട്ടറി പീലാത്തോസിനോട് പറഞ്ഞു,

"ഞങ്ങളുടെ നിയമപ്രകാരം കൊല്ലുവാൻ തീരുമാനിച്ചാലും റോമൻ ഗവർണറുടെ അനുവാദമുണ്ടെങ്കിൽ മാത്രമേ ഞങ്ങൾക്ക് അത് നടപ്പാക്കാൻ കഴിയൂ. അതുകൊണ്ടാണ് ഇങ്ങോട്ട് കൊണ്ടുവന്നത്. ഇവൻ പ്രവർത്തിച്ചതും പഠിപ്പിച്ചതും ആയ കാര്യങ്ങൾ ഞങ്ങളുടെ യഹൂദാ സമുദായത്തിന്റെ നിലനിൽപ്പതന്നെ അപകടത്തിൽ ആക്കിയിരിക്കുകയാണ്. അതുകൊണ്ട് ഞങ്ങൾ ഇവനെ മരണത്തിന് വിധിച്ചു. അത് അംഗീകരിച്ചുകൊണ്ട് ഉത്തരവ് നൽകണം എന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്".

റോമൻ ഗവർണർ എന്ന നിലയിൽ ആദരിക്കാനോ അനുസരിക്കാനോ അവർ തയ്യാറല്ല എന്ന വിധത്തിലായിരുന്നു അവരുടെ സംസാരവും പെരുമാറ്റവും. മുൻപുണ്ടായ അനുഭവങ്ങൾ പിലാത്തോസിന് ഓർമ്മയുണ്ട്. പ്രതിക്കെതിരെ കുറ്റപത്രം നൽകാതെയും സാക്ഷികളെ വിസ്തരിക്കാതെയും അവരുടെ തീരുമാനം ഭീഷണി മുഴക്കി അംഗീകരിപ്പിക്കുവാ നാണ് അവർ വന്നത് എന്ന് അദ്ദേഹം മനസ്സിലാക്കി. എന്റെ പ്രവൃത്തികളും പ്രഭാഷണങ്ങളും മൂലം യഹൂദമതനേതാക്കൾക്ക് സാമ്പത്തികമായും മതപരമായും സാമൂഹ്യപരമായും വളരെയേറെ നഷ്ടം സംഭവിക്കുന്നത് മൂലമാണ് അവർ ഇപ്രകാരം അന്യായമായി തീരുമാനിച്ചതെന്ന് പീലാത്തോസ് തിരിച്ചറിഞ്ഞു. മുൻ മഹാപുരോഹിതനായ ഹന്നാസ് ഉൾപ്പെടെ മാന്യന്മാരായ യഹൂദ സംഘ നേതാക്കന്മാർ ഒന്നും അപ്പോൾ അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല എന്ന് പിലാത്തോസ് ശ്രദ്ധിച്ചു. ആ കാരണം പറഞ്ഞു ഈ വിസ്താരം മറ്റൊരു ദിവസത്തേക്ക് നീട്ടി വയ്ക്കുവാൻ പീലാത്തോസ് ആഗ്രഹിച്ചെങ്കിലും, പിറ്റേദിവസം ശാബത് ആയതിനാലും യഹൂദ തീവ്രവാദികൾ എന്ത് കഠിന നടപടി എടുക്കും എന്ന് ഭയപ്പെട്ടതിനാലും പിലാത്തോസ് അവരോട് ഇങ്ങനെ പറഞ്ഞു,: " നിങ്ങൾ കൊലക്കുറ്റത്തിന് ഇന്ന് വിധി കൽപ്പിച്ച ഒരാളെ ശരിയായി വിസ്തരിക്കാതെ അംഗീകരിച്ചുകൊണ്ട് ഉത്തരവ്

നൽകാൻ എനിക്ക് സാധിക്കുകയില്ല. അതുകൊണ്ട്, പ്രതിക്കെതിരെയുള്ള കുറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമായി എനിക്ക് എഴുതി തരണം".

മഹാപുരോഹിതൻ സെക്രട്ടറിയോട് പറഞ്ഞതനുസരിച്ച് ഉടനെ തന്നെ താഴെപ്പറയുന്ന മൂന്ന് കാര്യങ്ങൾ കാണിച്ച് കുറ്റപത്രം എഴുതി പീലാത്തോസിന്റെ മുൻപാകെ സമർപ്പിച്ചു. കുറ്റങ്ങൾ ഇതൊക്കെയാണ്:

1) ജനങ്ങളെ തെറ്റായ കാര്യങ്ങൾ പഠിപ്പിച്ച് യഹൂദ സമുദായത്തിനെതിരെ ലഹളയ്ക്ക് ആഹ്വാനം ചെയ്തു.

2). കൈസർക്ക് നികുതി നൽകേണ്ടതില്ലെന്ന് പറഞ്ഞു.

3). യഹൂദന്മാരുടെ രാജാവാണെന്ന് പറഞ്ഞു. ഒരു സ്വതന്ത്ര രാജ്യം പ്രഖ്യാപിച്ചു ച്ക്രവർത്തിക്കെതിരെ ഭീഷണി ഉയർത്തി.

മേൽപ്പറഞ്ഞ കാരണങ്ങൾ ഒന്നും തന്നെ എന്നെ അവർ വിസ്തരിച്ചപ്പോൾ പറിഞ്ഞിരുന്നില്ല. ഞാൻ "ദൈവദൂഷണം" പറഞ്ഞു എന്നാരോപിച്ചാണ് കയ്യാപ്പാ വസ്ത്രം കീറി, സാക്ഷികൾ പോലും ആവശ്യമില്ല എന്ന് പറഞ്ഞു "കൊലക്കുറ്റം"ചുമത്തി വിധിച്ചത് എന്ന് നിങ്ങൾക്കറിയാമല്ലോ. ഞാനീ ആരോപണങ്ങൾക്ക് ഒരു മറുപടിയും അവരോട് പറഞ്ഞില്ല. പിലാത്തോസ് സംസാരിക്കുവാൻ ആവശ്യപ്പെട്ടിട്ടും ഞാൻ നിശബ്ദനായി തന്നെ നിന്നു. അപ്പോൾ എന്നെയും കൂട്ടി പീലാത്തോസ് അകത്ത് പോയി അദ്ദേഹത്തിന്റെ അടുത്ത് തന്നെ കസേരയിട്ട് എന്നെ ഇരുത്തി എന്നോട് ശാന്തമായി കാര്യങ്ങൾ ചോദിച്ചറിഞ്ഞു. ഞാൻ എനിക്ക് പറയാനുള്ളത് എല്ലാം അദ്ദേഹത്തോട് തുറന്നുപറഞ്ഞു.

എന്നോടൊപ്പം യോഹന്നാനെയും പീലാത്തോസിന്റെ മുറിയിൽ പ്രവേശിപ്പിച്ചു. എന്നോട് കുറെ ചോദ്യങ്ങൾ ചോദിച്ചു. ഒന്നാമത്തെ ആരോപണം തെറ്റാണെന്നും അത് താൻ വിശ്വസിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ കൈസർക്ക് നികുതി കൊടുക്കരുത് എന്ന് പറഞ്ഞത് ശരിയാണോ എന്ന് എന്നോട് ചോദിച്ചു. ഞാൻ യോഹന്നാനെ ചൂണ്ടി കാണിച്ചു കൊണ്ട് പറഞ്ഞു "അവനോട് ചോദിക്കുക. അവൻ എന്റെ എല്ലാ പ്രവൃത്തികളും ഉപദേശങ്ങളും നേരിട്ട് അറിഞ്ഞവനാണ്. പിലാത്തോസ് സാക്ഷിവിസ്താരം എന്ന നിലയിൽ യോഹന്നാനോടു കുറെ കാര്യങ്ങൾചോദിച്ചറിഞ്ഞു.ഞാൻനികുതികൊടുത്തകാര്യവുംയോഹന്നാൻ പറഞ്ഞപ്പോൾ പീലാത്തോസിന് ബോധ്യമായി. പിന്നീട് മൂന്നാമത്തെ ആരോപണത്തെപ്പറ്റി ചോദിച്ചു,"നീ യഹൂദന്മാരുടെ രാജാവാണോ?"

ഞാൻ പുഞ്ചിരിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു,:" പിലാത്തോസ്, നീ ഇത് സ്വയം ചോദിക്കുന്നത് ആണോ?". അല്പം നീരസത്തോടെ പീലാത്തോസ് പറഞ്ഞു," ഞാൻ ഒരു യഹൂദനാണോ?. നിന്റെ മഹാപുരോഹിതനും സ്വന്തം സമുദായക്കാരും ആണ് നിന്നെ വധിക്കുവാൻ വിധിച്ചിരിക്കുന്നത്. അവരുടെ ആരോപണങ്ങളുടെ സത്യാവസ്ഥ മനസ്സിലാക്കുവാനാണ് ഞാൻ നിന്നോട് ചോദിക്കുന്നത്. നീ ഒരു "രാജ്യത്വം" സ്ഥാപിക്കാനോ, രാജാവ് ആകുവാനോ ആഗ്രഹിക്കുകയോ ശ്രമിക്കുകയോ ചെയ്തിട്ടുണ്ടോ.? ഇതിന് ഉത്തരം പറയുക". അതിനു മറുപടിയായി ഞാൻ ഇങ്ങനെ പറഞ്ഞു," എന്റെ രാജ്യം ഐഹികമല്ല.ഈ ലോകത്തിൽ ഒരു രാജ്യം സ്ഥാപിക്കുവാൻ ആയിരുന്നെങ്കിൽ എന്റെ ശിഷ്യന്മാർ അതിനുവേണ്ടി പോരാട്ടുമായിരുന്നു. അവർ ആരും തന്നെ എന്നെ മോചിപ്പിക്കുവാനായി ആരെയും സമീപിച്ചില്ലല്ലോ. എന്റെ സ്വർഗ്ഗരാജ്യസന്ദേശം തികച്ചും ആത്മീയമാണ്, ലൗകികമല്ല. ദൈവം പിതാവും മനുഷ്യരെല്ലാം അവന്റെ മക്കൾ എന്ന നിലയിൽ സഹോദരങ്ങളുമാണെന്ന് എന്ന് ഞാൻ പഠിപ്പിച്ചു. അങ്ങനെ പരസ്പര സ്നേഹത്തിൽ ഈ ലോകത്തിൽ ജീവിച്ച്, ഒരിക്കലും മരണമില്ലാത്ത സ്വർഗ്ഗരാജ്യത്തിലെ നിത്യ ജീവനിൽ എത്തിച്ചേരുവാൻ മാത്രമാണ് ഞാൻ ജനങ്ങളോട് ആവശ്യപ്പെടുന്നത്. ഞാൻ പ്രസംഗിക്കുന്ന രക്ഷയുടെ സന്ദേശം യഹൂദന്മാർക്ക് മാത്രമല്ല എല്ലാ മനുഷ്യർക്കു മായിട്ടാണ് എന്ന് പറഞ്ഞതാണ് യഹൂദന്മാർക്ക് മനസ്സിലാകാതെ, എന്നോടുള്ള വൈരാഗ്യത്തിന് കാരണം. ദൈവം അവരുടെ മാത്രമാണെന്നും രക്ഷ യഹൂദന്മാർക്ക് മാത്രമേ ഉള്ളൂ എന്ന് വിശ്വസിക്കുന്നവരും പഠിപ്പിക്കുന്നവരും ആണ് അവർ. അതുകൊണ്ടാണ് ഒന്നാമത്തെ ആരോപണം അവർ എനിക്കെതിരെ ഉന്നയിച്ചത്. തന്നെയുമല്ല, ലോകരക്ഷകനായ "വാഗ്ദത്ത മിശിഹാ" യഹൂദന്മാർക്ക് മാത്രമായി വരും എന്നാണ് അവർ വിശ്വസിക്കുന്നത്. ഞാൻ തന്നെയാണ് അവർ കാത്തിരിക്കുന്ന വാഗ്ദത്ത മിശിഹാ എന്ന് ഞാൻ അവകാശപ്പെട്ടതാണ് അവരെ പ്രകോപിപ്പിച്ചത്. അത് ദൈവദൂഷണം ആണെന്ന് പറഞ്ഞാണ് അവർ എന്നെ വിസ്തരിച്ചപ്പോൾ കുറ്റപ്പെടുത്തിയത്. നിങ്ങളുടെ മുമ്പാകെ എഴുതിത്തന്ന ആരോപണങ്ങളൊന്നും അപ്പോൾ അവർ എന്നോട് പറഞ്ഞില്ല. അതാണ് അവരുടെ തന്ത്രം."ഞാൻ പറഞ്ഞതെല്ലാം പിലാത്തോസ് വളരെ ശ്രദ്ധയോടെ കേട്ടശേഷം ഇങ്ങനെ ചോദിച്ചു ,"അപ്പോൾ നീ ഒരു രാജാവ് തന്നെയാണല്ലേ?"

ഞാൻ മറുപടി പറഞ്ഞു," അതെ.ഞാൻ ദൈവത്തെ പിതാവായും എല്ലാ മനുഷ്യരെയും സഹോദരങ്ങളുമായും കരുതി ജീവിക്കുന്ന സ്നേഹ സാമ്രാജ്യത്തിലെ രാജകുമാരൻ തന്നെയാണ്. ദൈവപിതാവിന്റെ "സത്യ

സ്നേഹ മാർഗ്ഗം" കാണിച്ചു കൊടുക്കുവാനാണ് ഞാൻ ഈ ലോകത്തിൽ ജനിച്ചത്. ഞാൻ നിന്നോട് പറയുന്ന സത്യത്തെ സ്നേഹിക്കുന്നവരെല്ലാം എന്റെ ശബ്ദം തിരിച്ചറിയും."

പിലാത്തോസ് അല്പം പരിഹാസത്തോടെ ഇങ്ങനെ പറഞ്ഞു," സത്യം എന്നാൽ എന്താണ്? ആർക്കറിയാം?".ഞാൻ പറഞ്ഞ കാര്യങ്ങളൊന്നും അദ്ദേഹത്തിന് മനസ്സിലായില്ലെങ്കിലും എനിക്ക് എതിരെയുള്ള ആരോപണങ്ങൾ ഒന്നും നിലനിൽക്കുന്നതല്ല എന്ന് ബോധ്യപ്പെട്ടിരുന്നു."ബുദ്ധിമാൻ രാജാവാണ്" എന്ന ഗ്രീക്ക് തത്വചിന്തകരുടെ പ്രമാണം അവനറിയാമായിരുന്നതുകൊണ്ട് ഞാൻ രാജാവാണെന്ന കാര്യത്തിൽ അദ്ദേഹത്തിനു സംശയമുണ്ടായിരുന്നില്ല. പീലാത്തോസ് എഴുന്നേറ്റ് മുറിക്ക് പുറത്ത് ചെന്ന് യഹൂദ പ്രമാണിമാരുടെ പറഞ്ഞു,"ഞാൻ ഇയാളെ ചോദ്യം ചെയ്തു. നിങ്ങൾ ആരോപിച്ച മൂന്നു കുറ്റങ്ങളും അയാൾ ചെയ്തതിന് തെളിവൊന്നുമില്ല. അതുകൊണ്ട് ഞാൻ അവനെ വെറുതെ വിടാൻ തീരുമാനിച്ചിരിക്കുകയാണ്." ഇതുകേട്ട് ജനങ്ങൾ വളരെ ബഹളമുണ്ടാക്കാൻ തുടങ്ങി. അവരിൽ ഒരു പ്രമാണി മുന്നോട്ടുവന്നു പീലാത്തോസിനോട് കൈചൂണ്ടി കൊണ്ട് പറഞ്ഞു,"ഈ മനുഷ്യൻ ഗലീല മുതൽ യഹൂദിയാ വരെയുള്ള ഞങ്ങളുടെ ആളുകളെ മുഴുവൻ ഇളക്കി വിട്ടിരിക്കുകയാണ്. ഇവന്റെ ശിഷ്യന്മാരിൽ ഒരാൾ ഞങ്ങളുടെ പടയാളിയെ വെട്ടി മുറിച്ചു. ഇവൻ തീവ്രവാദികളായ അക്രമി സംഘത്തിന്റെ നേതാവാണ്. ഇവനെ വെറുതെ വിട്ടാൽ ദേശം മുഴുവൻ കലാപം ഉണ്ടാകും. നീ തന്നെ അതിന് ഉത്തരം പറയേണ്ടിവരും."

ഗലീലക്കാരൻ എന്ന് കേട്ടപ്പോൾ ആ പ്രദേശത്തിന് ചുമതലയുള്ള ഹെരോദാവിന്റെ അടുക്കലേക്ക് അയക്കുവാൻ പീലാത്തോസ് കൽപ്പിച്ചു. ഉടനെതന്നെ എന്നെ ഹെരോദ് രാജാവിന്റെ അരമനയിൽ എത്തിച്ചു എന്നെ വിസ്തരിക്കാൻ തുടങ്ങി. അയാൾക്ക് എന്നെ കണ്ടപ്പോൾ വളരെ സന്തോഷം തോന്നി. ഞാൻ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനാണെന്ന് അവൻ കേട്ടിരുന്നു. എന്തെങ്കിലും ഒരു അത്ഭുതം കാണിക്കണമെന്ന് എന്നോട് പറഞ്ഞെങ്കിലും ഞാൻ ഒരു വാക്കുപോലും അവനോട് മിണ്ടിയില്ല. താൻ കൊന്ന യോഹന്നാൻ സ്ഥാപകൻ ഉയർത്തെഴുന്നേറ്റതാണ് ഞാൻ എന്ന് അവൻ ഭയപ്പെട്ടു. കൂടുതലൊന്നും ചോദിക്കാതെ, കൊട്ടാരത്തിൽ കിടന്നിരുന്ന ഒരു പഴയ ധൂമ്ര നിലയങ്കി എന്നെ ധരിപ്പിച്ച് പീലാത്തോസിന്റെ അടുക്കലേക്ക് തിരിച്ചയക്കാൻ തുടങ്ങി. യഹൂദപ്രമാണിമാർ പ്രതിഷേധം പറഞ്ഞപ്പോൾ, തനിക്ക് യഹൂദപ്രദേശത്ത് വച്ച് ശിക്ഷിക്കാൻ അധികാരമില്ലെന്നും അടുത്ത ആഴ്ച ഗലീലയ്ക്ക് കൊണ്ടുവരണമെന്നും

പറഞ്ഞതിനാൽ അവർ എന്നെ വീണ്ടും പീലാത്തോസിന്റെ അടുക്കലേക്ക് തന്നെ എത്തിച്ചു. പിലാത്തോസ് പുറത്തുവന്നു ജനങ്ങളോടായി പറഞ്ഞു, "ഞാൻ ഹെരോദാവ്ന്റെ അടുക്കൽ അയച്ചു, അയാളും കുറ്റമൊന്നും കണ്ടെത്താതെ തിരിച്ചയച്ചിരിക്കുകയാണ്. ഞാൻ ഇവനെ അടിപ്പിച്ചശേഷം വിട്ടയയ്ക്കുകയാണ്. പെരുന്നാൾ തോറും ഒരു തടവുകാരനെ ഞാൻ മോചിപ്പിച്ചു തരുന്ന പതിവ് ഉണ്ടല്ലോ. ഇപ്രാവശ്യം ഇവനെ ആകട്ടെ." ജനം അതിനെതിരെ ആർത്തിരമ്പി.

"ഇവനെ വേണ്ട ബർ–അബ്ബാസിനെ അയച്ചാൽ മതി." റോമാ സാമ്രാജ്യത്തിനെതിരെ ലഹളയും അക്രമവും നടത്തിയതിനാൽ തടവിലാക്കപ്പെട്ട കുപ്രസിദ്ധനായ, പേരു കൊണ്ടു തന്നെ എന്നെ പോലെ"ബർ അബ്ബാസ്, (അതായത് ),പിതാവിന്റെപുത്രൻ"തന്നെയായിരുന്നു. എന്റെ നാമത്തിൽ വ്യാജമായി അവരുടെ ഇടയിൽ പ്രവർത്തിക്കുവാൻ എന്റെ സ്വർഗ്ഗപിതാവ് മുൻകൂട്ടി അറിഞ്ഞുകൊണ്ടുതന്നെയാണ് ഇങ്ങനെ ക്രമീകരിച്ചത്. കഴിഞ്ഞ ദിവസം എന്നെ രാജാവായി ഓശാന പാടി സ്വീകരിച്ചവർ തന്നെയാണ് "ബർ അബ്ബാസിന്" വേണ്ടി ജയ് വിളിച്ചത്. പിലാത്തോസ് ജനത്തോട് വീണ്ടും ചോദിച്ചു, "നിഷ്കളങ്കനായ മനുഷ്യന് പകരം കൊലപാതകിയായ ഈ അക്രമിയെ വിട്ടുകിട്ടാൻ നിങ്ങൾക്കെങ്ങനെ ആവശ്യപ്പെടാൻ കഴിയും? ഞാൻ യേശുവിനെ എന്ത് ചെയ്യണം?" "അവനെ ക്രൂശിക്കുക ക്രൂശിക്കുക എന്ന് ജനങ്ങൾ ആർത്തു വിളിക്കാനായി മഹാപുരോഹിതനും മറ്റു പ്രമാണിമാരും സന്നദ്രിം അംഗങ്ങളും ജനങ്ങളോട് ആംഗ്യം കാട്ടി പ്രോത്സാഹിപ്പിക്കുന്നുണ്ടായിരുന്നു.

അപ്പോൾ ഒരു ദൂതൻ പീലാത്തോസിന്റെ ഭാര്യ അടിയന്തരമായി കൊടുത്തയച്ച ഒരു കത്ത് കൊടുത്തു. നിഷ്കളങ്കനായ എന്റെമേൽ ശിക്ഷാവിധി നടത്തരുതെന്നും സ്വപ്നത്തിൽ അവൾ ഭയപ്പെട്ടു എന്നും അതിൽ എഴുതിയത് വായിച്ചു പീലാത്തോസ് കുറച്ചുനേരം മൗനമായി നിന്നു. എന്നെ അടിക്കുവാൻ കൽപ്പിച്ചതിനാൽ ദേവാലയപടയാളികൾ അടുത്ത് തന്നെ ഉണ്ടായിരുന്ന കൽതളത്തിലെ ഒരു തൂണിന്മേൽ എന്റെ കൈകൾ രണ്ടും ചേർത്ത്കെട്ടിയിട്ട് ചാട്ടവാറുകൊണ്ട് ചോരവാർന്ന് ഒഴുകുവോളം 40 പ്രാവശ്യം തുടർച്ചയായി അടിച്ചു. അവർ പിന്നെയും അടിക്കാൻ തുടങ്ങിയപ്പോൾ റോമൻ സൈന്യാധിപൻ ഇടപെട്ട് അതിനെ തടഞ്ഞു. അതുകൊണ്ട് ഞാൻ അവിടെ കിടന്ന് മരിച്ചില്ല എന്ന് പറയാം.

ശരീരം മുഴുവനും രക്തം ഒഴുകുന്ന അവസ്ഥയിൽ എന്റെ തലയിൽ

ഒരു മുൾക്കിരീടം കൂടി ധരിപ്പിച്ചു. അപ്പോൾ തലയിൽനിന്നും മുഖത്ത് കൂടി രക്തം ധാരയായി ഒഴുകി കൊണ്ടിരുന്നു. ആ നിലയിൽ എന്നെ ജനത്തിനു മുൻപ് കൊണ്ടുവന്നു നിർത്തി. പീലാത്തോസ് ജനനത്തോട് ഇങ്ങനെ പറഞ്ഞു,"ഇതാ, ആ മനുഷ്യൻ! ഞാൻ അവന് ശിക്ഷ നൽകി,ഇനി വിട്ടയക്കുകയാണ്." ഇത് കേട്ടപ്പോൾ ജനങ്ങൾ കൂടുതൽ ഉച്ചത്തിൽ "അവനെ ക്രൂശിക്ക ക്രൂശിക്ക" എന്ന് ആർത്തട്ടഹസിച്ചു കൊണ്ടിരുന്നു. പിലാത്തോസ് അവരോട് വളരെ ഉച്ചത്തിൽ വീണ്ടും പറഞ്ഞു,"ഇവന്റെ കുറ്റം എന്താണെന്ന് നിങ്ങളാരെങ്കിലും എന്റെ മുമ്പിൽ കടന്നുവന്ന് പൊതുവായ സാക്ഷ്യം പറയുക."ഉടനെ മഹാപുരോഹിതൻ തന്നെ മുന്നോട്ടു കയറി വന്ന് ഇങ്ങനെ കോപത്തോടെ പറഞ്ഞു,"ഞങ്ങൾക്ക് ഒരു ന്യായപ്രമാണം ഉണ്ട്.

അതനുസരിച്ച് ഈ മനുഷ്യൻ കൊല്ലപ്പെട്ടേ മതിയാകൂ. കാരണം ഇവൻ ദൈവപുത്രനാണെന്ന് "ദൈവദൂഷണം" പറഞ്ഞു". ഇതുകേട്ടപ്പോൾ പിലാത്തോസ് ഭയന്നുവിറച്ചു. ഭാര്യയുടെ സ്വപ്നത്തിന്റെ കാര്യവും റോമൻ കഥകളിൽ പറയുന്ന ദൈവ അവതാര കഥകളുമൊക്കെ അവന്റെ സമനില തെറ്റിച്ചതായി എനിക്ക് തോന്നി. പിലാത്തോസ് തളർന്ന് കസാരയിൽ ഇരുന്ന് എന്നോട് ചോദിച്ചു,"മഹാപുരോഹിതൻ പറഞ്ഞതുപോലെ നീ ദൈവപുത്രൻ ആണോ?" സമനില തെറ്റി ഇരിക്കുന്ന പിലാത്തോസിനോട് എനിക്ക് ഒന്നും പറയാൻ തോന്നിയില്ല. അവൻ എഴുന്നേറ്റു നിന്ന് എന്റെ നേരെ വിരൽ ചൂണ്ടി കൊണ്ട് ചോദിച്ചു "നീ എന്താണ് ഉത്തരം പറയാത്തത്? നിന്നെ ക്രൂശിപ്പാനും വെറുതെ വിടാനും എനിക്ക് അധികാരമുണ്ടെന്ന് നിനക്കറിയില്ലേ?". ഞാൻ വളരെ ശാന്തമായി മൃദുസ്വരത്തിൽ ഇങ്ങനെ പറഞ്ഞു,"മുകളിൽ നിന്ന് കിട്ടിയത് അല്ലാതെ ഒരു അധികാരവും എന്റെ മേൽ നിനക്കില്ല. എന്റെ സ്വർഗ്ഗ പിതാവ് അനുവദിക്കാതെ എന്റെ മേൽ അധികാരം പ്രയോഗിക്കുവാനും നിനക്ക് കഴിയില്ല. എന്നെ നിന്റെ പക്കൽ ഏൽപ്പിച്ചവർക്ക് അധികം പാപമുണ്ട്." എന്റെ ഈ മുന്നറിയിപ്പ് പീലാത്തോസിനെ വീണ്ടും ഭയപ്പെടുത്തി. എന്നെ ക്രൂശിക്കാൻ വിധിച്ചാൽ അവനും പാപം ഉണ്ടെന്ന ബോധ്യം അവനെ തളർത്തിക്കളഞ്ഞു.

പിലാത്തോസ് എഴുന്നേറ്റ് എല്ലാവരോടുമായി ഇങ്ങനെ പറഞ്ഞു,"ഇവൻ മതപരമായ കുറ്റകൃത്യം മാത്രമേ ചെയ്തിട്ടുള്ളൂ. അത് നിങ്ങളുടെ നിയമമനുസരിച്ച് മാത്രം വിധിച്ചാൽ മതി. എന്റെ അടുക്കൽ കൊണ്ടുവരേണ്ട ആവശ്യമില്ലായിരുന്നു." ഇതുകേട്ട് ഉടനെ മഹാപുരോഹിതൻ മുന്നോട്ടു വീണ്ടും വന്ന് പീലാത്തോസിനെ ഭീഷണിപ്പെടുത്തി.,"നീ ഇവനെ വിട്ടയച്ചാൽ കൈസരുടെ സ്നേഹിതൻ

അല്ല. തന്നത്താൻ രാജാവാകാൻ ആഗ്രഹിക്കുന്നവൻ കൈസർ ചക്രവർത്തിയോട് മത്സരിക്കുന്നു. ഞാനിത് ചക്രവർത്തിയെ അറിയിച്ച് നിന്നെ ഇവിടെനിന്നും ഓടിക്കും." ഇതിനുമുൻപും പല പ്രാവശ്യം യഹൂദന്മാർ തനിക്കെതിരെ പരാതി പോയ കാര്യം അയാൾ ഓർത്തപ്പോൾ അയാൾക്ക് തീർത്തും ഭയമായി. പീലാത്തോസ് ഉടനെ എഴുന്നേറ്റ് "ഇതാ നിങ്ങളുടെ രാജാവ്" എന്ന് പറഞ്ഞു. "അവനെ ക്രൂശിക്കുക, കൈസർ അല്ലാതെ ഞങ്ങൾക്ക് രാജാവ് ഇല്ല"എന്ന് ജനം ആർത്തു വിളിച്ചുകൊണ്ടിരുന്നു. യഹോവ അല്ലാതെ മറ്റൊരു രാജാവ് ഇല്ല എന്ന് വിശ്വസിച്ചിരുന്ന യഹൂദമതപ്രധാനികൾ എന്നെ മാത്രമല്ല എന്റെ സ്വർഗ്ഗപിതാവിനെ കൂടി തള്ളിപ്പറയുന്നതു കേട്ടപ്പോൾ, അവർക്ക് വരാനിരിക്കുന്ന ശിക്ഷാവിധി ഓർത്ത് എനിക്ക വരോട് സഹതാപം തോന്നി. സാധാരണ ഭക്തിയുള്ള യഹൂദന്മാർ പോലും യഹോവയെ തള്ളിപ്പറഞ്ഞ അന്നത്തെ നേതാക്കന്മാരെ അവഗണിച്ചതിനാൽ അവരിൽ അനേകരും ആ കാരണത്താൽ തന്നെ എന്റെ ശിഷ്യന്മാരുടെ ഉപദേശം വിശ്വസിച്ച് എന്നെ അനുഗമിക്കുവാൻ തുടങ്ങി.

പിലാത്തോസ് ആകെ ആശയക്കുഴപ്പത്തിലായി. പെസഹാ പെരുന്നാൾ ദിനത്തിൽ യഹൂദന്മാർ ലഹള ഉണ്ടാക്കുമെന്നും തനിക്കെതിരായി പരാതി നൽകുമെന്നും ഭയപ്പെട്ട് ഒടുവിൽ എന്നെ ക്രൂശിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചു. ജനത്തിന് മുൻപാകെ വച്ചുതന്നെ അവൻ ഒരു പാത്രത്തിൽ വെള്ളം എടുപ്പിച്ച് പുരുഷാരം കാൺകെ കൈകഴുകി.,"ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് കുറ്റമില്ല;നിങ്ങൾ തന്നെ നോക്കി കൊള്ളുക"എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു."അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ"എന്ന് ജനം ഒക്കെയും ആർത്തു വിളിക്കുന്നതും ഞാൻ കേട്ടു.

8-3-2021.

## അദ്ധ്യായം 98

# കുരിശിന്റെ വഴിയും കാൽവരിയിലെ ക്രൂശീകരണവും

**മത്തായി 27: 27– 44; മർക്കോസ് 15:16–32;**
**ലൂക്കോസ് 23: 26–43 ; യോഹന്നാൻ19:17–24**

പിലാത്തോസ്സിന്റെ അരമനയിൽ നിന്നും റോമൻ പടയാളികൾ എന്നെ ഏറ്റുവാങ്ങി. ദേവാലയഭടന്മാർ അവരുടെ പൂർണ്ണസ്വാതന്ത്ര്യത്തിൽ എന്നെ വിട്ടുകിട്ടാൻ ശ്രമിച്ചു. അവർ എന്റെ വസ്ത്രമഴിച്ച് ചുവന്ന മേലങ്കി ധരിപ്പിച്ച് മുള്ളുകൊണ്ട് പുതിയ ഒരു മുൾക്കിരീടം ഉണ്ടാക്കി എന്റെ തലയിൽ അമർത്തി വെച്ചു. കയ്യിൽ ഒരു കോലും നൽകി എന്റെ മുമ്പിൽ മുട്ടുകുത്തി കളിയാക്കി ഇങ്ങനെ പറഞ്ഞു,:" യഹൂദന്മാരുടെ രാജാവേ, ജയ! ജയ!". പിന്നെ എന്റെ മേൽ തുപ്പുകയും കോലെടുത്ത് തലയിൽ അടിക്കുകയും ചെയ്തു. അങ്ങനെ കുറെ നേരം പീഡിപ്പിച്ചു കഴിഞ്ഞു മേലങ്കി നീക്കി സ്വന്തം വസ്ത്രം ധരിപ്പിച്ചു. ദേവാലയഭടൻമാർ എന്നെ ഉപദ്രവിക്കുന്നത് കണ്ടു റോമൻ സൈന്യാധിപൻ ഇടപെട്ടു അവരെ നിയന്ത്രിച്ചതിനാൽ എനിക്ക് അല്പം ആശ്വാസം തോന്നി. എങ്കിലും കുറച്ചു കഴിഞ്ഞപ്പോൾ ഞാൻ തളർന്നുപോയി. എന്നാലും ഭടന്മാർ എന്നെ താങ്ങി എഴുന്നേൽപ്പിച്ചു വലിയ ഒരു കുരിശുമരം എന്റെതോളിൽ വച്ചു. എന്റെ കൂടെ മറ്റു രണ്ടു തടവുകാരെ കൂടി ക്രൂശിക്കുവാൻ കൊണ്ടുപോകുന്നതിന് റോമൻ സൈന്യാധിപൻ നിർദ്ദേശം കൊടുക്കുന്നത് ഞാൻ കേട്ടു. അദ്ദേഹം തിരിച്ചെത്തിയ ഉടൻതന്നെ ഞങ്ങളോട് നടക്കാൻ ആജ്ഞാപിച്ചു. ഞാൻ ഭാരവും ക്ഷീണവും നിമിത്തം ആടിയാടിയാണു നടന്നിരുന്നത്. കുരിശിന്റെ ഭാരം നിമിത്തം മുന്നോട്ടു നോക്കാൻ കഴിയാതെവണ്ണം അത്രമേൽ കുനിഞ്ഞാണ് നടന്നിരുന്നത്. ധൃതിയിൽ നടക്കുവാൻ പറഞ്ഞുകൊണ്ട് യഹൂദ പടയാളികൾ എന്റെ പുറത്ത് ചാട്ടവാറുകൊണ്ട് അടിച്ചിരുന്നു. മുൻപ് ഞാൻ പലപ്രാവശ്യവും നടന്ന യെരുശലേം തെരുവിൽ കൂടി കുരിശും

തോളിന്മേൽ ഏന്തി പോകുമ്പോൾ നിരവധി ആളുകൾ ഇരുവശങ്ങളിലും നിന്ന് എന്നെ വീക്ഷിക്കുന്നുണ്ടായിരുന്നു. എനിക്ക് തല ഉയർത്തി നോക്കുവാൻ കഴിയാതെ അൽപം കൂടി മുന്നോട്ട് നീങ്ങി ഞാൻ കുഴഞ്ഞു വീണു.

അതുകണ്ട് റോമൻ സൈന്യാധിപന് എന്നോട് സഹതാപം തോന്നി. ജനക്കൂട്ടത്തിൽ നിന്നും നല്ല ആരോഗ്യമുള്ള ശീമോൻ എന്ന് പേരായ ഒരാളെ വിളിച്ച് എന്റെ കുരിശു എടുത്തു നടക്കുവാൻ ആജ്ഞാപിച്ചു. അയാൾ ആഫ്രിക്കൻ വംശജനായ കുറേന ദേശ ക്കാരൻ ആയിരുന്നു. അപ്പോൾ എനിക്ക് അല്പം ആശ്വാസം തോന്നി. അയാളോട് ഉള്ളിൽ നന്ദിയും സ്നേഹവും എനിക്ക് തോന്നി. ഞാൻ തല ഉയർത്തി നോക്കിയപ്പോൾ എന്നെ നോക്കി യെരുശലേമിലെ സ്ത്രീകൾ കരയുന്നത് ഞാൻ കണ്ടു. ഞാൻ അവരോട് പറഞ്ഞു,:" യെരുശലേം പുത്രിമാരെ നിങ്ങൾ എന്നെ ചൊല്ലി കരയേണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരയുവിൻ. മച്ചികളും പ്രസവിക്കാത്ത ഉദരങ്ങളും കുടിപ്പിക്കാത്ത മുലകളും ഭാഗ്യമുള്ളവ എന്ന് പറയുന്ന കാലം വരുന്നു. അന്ന് മലകളോട് ഞങ്ങളുടെ മേൽ വീഴുവിനെന്നും കുന്നുകളോട് ഞങ്ങളെ മൂടുവിൻ എന്നും പറഞ്ഞു തുടങ്ങും. പച്ച മരത്തോട് ഇങ്ങനെ ചെയ്താൽ ഉണങ്ങിയതിന് എന്ത് സംഭവിക്കും!".(ലൂക്കോസ് 23: 28– 31). എന്റെ കുറച്ച് പിറകിലായി മറ്റ് രണ്ട് തടവുകാരും കുരിശുകൾ എടുത്തുകൊണ്ട് വരുന്നുണ്ടായിരുന്നു. അതിക്രമക്കാരോട് കൂടെ ഞാൻ എണ്ണപ്പെടും എന്ന പ്രവചനം അങ്ങനെ പൂർത്തിയായി.(യെശയ്യ 53: 12). ലോകത്തിന്റെ പാപം മുഴുവൻ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ് ഞാൻ എന്ന് യോഹന്നാൻ സ്നാപകൻ വിളിച്ചു പറഞ്ഞതും എന്റെ ഓർമ്മയിൽ വന്നു. ഏറ്റവും നീചമായ വധശിക്ഷയായിരുന്നു ക്രൂശുമരണം.

എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ എല്ലാം മറ്റുള്ളവരുടെ പാപങ്ങൾക്ക് വേണ്ടി തന്നെത്താൻ നിഷേധിച്ച് കുരിശെടുത്ത് എന്നെ അനുഗമിച്ചു ജീവിക്കുവാനും, ആവശ്യം വന്നാൽ മറ്റുള്ളവർക്ക് വേണ്ടി മരിക്കാനും തയ്യാറാകണം. യെരുശലേം ദേവാലയത്തിനും പട്ടണത്തിനും ഉണ്ടാകാൻ പോകുന്ന ഭീകരമായ നാശത്തെ അനുസ്മരിച്ച് ആണ് യെരുശലേമിലെ സ്ത്രീകളോട് അങ്ങനെ പറഞ്ഞത്. ഗലീലയിൽ നിന്നും വന്നെത്തിയ അനേകം സ്ത്രീകളുടെ കൂട്ടത്തിൽ എന്റെ ശിഷ്യഗണത്തിൽ ഉണ്ടായിരുന്ന പലരുടെയും മുഖങ്ങൾ കണ്ട് തിരിച്ചറിയാൻ എനിക്ക് കഴിഞ്ഞു. എന്റെ അമ്മയെ കണ്ടെത്തി golgotha എന്നറിയപ്പെടുന്ന കാൽവറി മലയിലേക്ക് കൊണ്ടു വരുവാനായി ഞാൻ എന്റെ കൂടെ

ഉണ്ടായിരുന്ന യോഹന്നാനെ പീലാത്തോസിന്റെ അരമനയിൽനിന്ന് പുറപ്പെടുന്നതിന്ന് മുൻപ് തന്നെ പറഞ്ഞയച്ചിരുന്നു. അവരും താമസിയാതെ അവിടെ എത്തുമെന്ന് എനിക്കറിയാം.

കാൽവരിയിലെ "തലയോടിടം" എന്നർത്ഥമുള്ള ഗോൽഗോഥ എന്ന ഒരു ചെറിയ മലയിലേക്ക് എത്തിയപ്പോൾ കൈയ്പ്പ് കലർത്തിയ വീഞ്ഞ് കുടിപ്പാൻ റോമൻ പട്ടാളക്കാർ എനിക്ക് നൽകി. കുരിശിൽ തറയ്ക്കുമ്പോൾ വേദനയുടെ കാഠിന്യം കുറയ്ക്കുവാനായി തടവുകാർക്ക് അപ്രകാരം ഒരുതരം പാനീയം കുടിക്കുവാൻ കൊടുക്കാറുണ്ട്. പക്ഷേ ഞാൻ അത് സ്വീകരിച്ചില്ല. സ്വർഗ്ഗപിതാവ് എനിക്ക് നൽകിയ "മരണക്കാസ"പൂർണ്ണതോതിൽ വേദനയോടെ അനുഭവിക്കുവാൻ തന്നെ ഞാൻ തീരുമാനിച്ചു. മാനുഷികമായ യാതൊരു ആശ്വാസവും സഹായവും ഞാൻ പ്രതീക്ഷിച്ചില്ല.

എന്റെ കൂടെ ഉണ്ടായിരുന്ന രണ്ട് തടവുകാർ ബർ–അബ്ബാസിനോടൊപ്പം പിടിക്കപ്പെട്ടു മരണത്തിന് വിധിക്കപ്പെട്ടവരായിരുന്നു. ബറാബാസിനെ മോചിപ്പിച്ചതിനാൽ അവന്റെ സ്ഥാനത്താണ് സ്വർഗ്ഗപിതാവിന്റെ പുത്രനായ ഞാൻ ക്രൂശിക്കപ്പെടുന്നതു എന്നും നിങ്ങൾ മനസ്സിലാക്കുക. എന്റെ സ്വർഗ്ഗപിതാവ് എന്നെ സ്നേഹിക്കുന്നതിനാൽ എന്നെ ഒരിക്കലും തള്ളിക്കളയില്ല എന്ന ഉറച്ച വിശ്വാസത്തിലാണ് ഞാൻ ഈ ക്രൂശുമരണം സ്വമനസ്സാലെ സ്വീകരിക്കുന്നത്. ഞാൻ ഈ ജീവൻ പിതാവിനെ ഏൽപ്പിച്ചാലും അതിനെ വീണ്ടും പ്രാപിക്കുവാൻ എനിക്ക് കഴിയുമെന്നും പിതാവ് എനിക്ക് വാക്ക് തന്നിട്ടുണ്ട്.

എന്നെ ഒറ്റുകൊടുത്ത യൂദാ ചെയ്ത കാര്യങ്ങൾ എന്റെ പിതാവ് എന്നെ കാണിച്ചു തന്നു. പീലാത്തോസിന്റെ അരമനയിൽ നിന്നും മഹാപുരോഹിതന്മാരും സംഘങ്ങളും നേരെ പോയത് യെരുശലേം ദേവാലയത്തിലെ ഒരു അടച്ചിട്ട മുറിയിലേക്ക് ആയിരുന്നു. കബറടക്കം കഴിഞ്ഞാൽ എന്റെ ശരീരം ആരും കാണാതെ മറവ് ചെയ്യാൻ എന്ത് ചെയ്യണം എന്ന് ആലോചിക്കുകയായിരുന്നു അവർ. ഞാൻ മരിച്ച് അടക്കപ്പെട്ടു മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കും എന്ന എന്റെ വാക്കുകൾ രഹസ്യമായി വിശ്വസിക്കുന്ന ചിലർ അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. അഥവാ അപ്രകാരം സംഭവിച്ചാൽ എന്റെ മൃതശരീരം മോഷ്ടിച്ചതാണെന്ന് പ്രചരിപ്പിക്കാനായി ഗൂഢാലോചന നടത്തുകയായിരുന്നു. ചില ദേവാലയഭടന്മാരെ ചട്ടംകെട്ടി കല്ലറയുടെ

കാവൽ ഏൽപ്പിക്കാനും അവർ തീരുമാനിച്ചു. കയ്യപ്പ മഹാപുരോഹിതൻ തന്നെ പീലാത്തോസിനെ കണ്ടു റോമൻ സൈന്യത്തെ കൊണ്ട് കാവൽ ഏർപ്പെടുത്താൻ ആവശ്യപ്പെടണമെന്നും അവർ തീരുമാനിച്ചു. കഴിയുമെങ്കിൽ അതീവരഹസ്യമായി കല്ലറയിൽ നിന്നും എന്റെ മൃതദേഹം അവർതന്നെ മോഷ്ടിച്ചുകൊണ്ടുപോയി എവിടെയെങ്കിലും വലിച്ചെറിയണം എന്നും മഹാപുരോഹിതനും ദേവാലയപടത്തലവനും മാത്രമായി രഹസ്യ ധാരണയിലെത്തിയിരുന്നു. ഞാൻ ഉയർത്തെഴുന്നേൽക്കും എന്ന വിശ്വാസം അവർക്ക് തീരെ ഇല്ലായിരുന്നു.

യൂദാ എന്നെ കാണിച്ചു കൊടുത്തതിന്റെ പ്രതിഫലം വാങ്ങാനായി മഹാപുരോഹിതനെ അന്വേഷിച്ച സന്നദ്രിം സംഘം കൂടികൊണ്ടിരുന്ന അടച്ചിട്ട ആ മുറിയുടെ സമീപത്തെത്തി. കാവൽക്കാരൻ തടഞ്ഞപ്പോൾ അയാളോട് കാര്യം പറഞ്ഞു. അയാൾ അകത്തു കടന്നു കുറച്ചുകഴിഞ്ഞ് ഒരു ചെറിയ പണക്കിഴിയുമായി പുറത്തു വന്നു, അത് യൂദായ്ക്ക് കൊടുത്തു. അവൻ അത് വാങ്ങി 30 വെള്ളിക്കാശ് എണ്ണിത്തിട്ടപ്പെടുത്തി, ക്രൂശുമരണം നടക്കുന്ന കാൽവറി മലയിൽ എത്തി. ഭടന്മാർ എന്നെ ക്രൂശിൽ കിടത്തി കൈകളും കാലുകളും കെട്ടി തുടങ്ങുന്നത് കണ്ടപ്പോൾ ഞാൻ കൊല്ലപ്പെടുമെന്ന് യൂദായ്ക്ക് ബോധ്യമായി. ദൈവപുത്രനായ ഞാൻ സാക്ഷാൽ മശിഹാ ആണെങ്കിൽ അവസാനം രക്ഷപ്പെടും എന്നാണ് കരുതിയത്. അവന്റെ കണക്കുകൂട്ടൽ തെറ്റി എന്നറിഞ്ഞപ്പോൾ അവൻ ഉടനെ ഒരു ഭ്രാന്തനെപ്പോലെ അലറിക്കൊണ്ട് തിരിച്ചോടി ദേവാലയത്തിലെത്തി. സംഘം കൂടിക്കൊണ്ടിരുന്ന മുറിയുടെ വാതിൽ തള്ളി തുറന്നു അകത്തു കയറി പൊട്ടിക്കരഞ്ഞുകൊണ്ട് ഇങ്ങനെ പറഞ്ഞു,:"ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചു കൊടുത്തതിനാൽ പാപം ചെയ്തു". അവർ വളരെ കോപിച്ച് "അതിനു ഞങ്ങൾക്കെന്ത്, നീ തന്നെ നോക്കി കൊള്ളുക" എന്ന് പറഞ്ഞു. അത് കേട്ടപ്പോൾ അവനു സഹിക്കാനാവാതെ ആ വെള്ളിക്കാശ് മന്ദിരത്തിൽ വലിച്ചെറിഞ്ഞ ശേഷം പുറത്തേക്ക് ഇറങ്ങി "ഹിന്നോം" താഴ്വര വരെ ഓടിപ്പോയി. കുരിശിൽ തറച്ചവരുടെ മൃതദേഹങ്ങൾ വലിച്ച് എറിഞ്ഞിരുന്ന ഒരു മാലിന്യ കുഴിയായിരുന്നു ആ താഴ്വര. അവിടെ നിന്നിരുന്ന ഒരു മരത്തിൽ അവൻ പിടിച്ചുകയറി അവന്റെ അരയിൽ കെട്ടിയിരുന്ന ചരടിന്റെ ഒരറ്റം മരക്കൊമ്പിൽ കെട്ടി മറ്റേ അറ്റം കുടുക്കിട്ട് കഴുത്തിലിട്ട് താഴോട്ട് ചാടി ആത്മഹത്യ ചെയ്തു. മരണവെപ്രാളത്തിൽ മരക്കമ്പിലെ കെട്ട് അഴിഞ്ഞു പോയതിനാൽ താഴെയുണ്ടായിരുന്ന പാറക്ക കല്ലിന്മേൽ വീണു തലയിടിച്ച് വയറുപൊട്ടി ചത്തു പോയി. ദേവാലയത്തിൽ എറിഞ്ഞ വെള്ളി കാശ് എടുത്തു ഭണ്ടാരത്തിൽ ഇടുന്നത് ശരിയല്ല എന്ന് കരുതി അതു

കൊടുത്തു മഹാപുരോഹിതൻ, ദുർമരണം സംഭവിക്കുന്നവരുടെ മൃതദേഹം സംസ്കരിക്കുന്നതിനായി, ഹിന്നോം താഴ്വരയിലുള്ള കുശവന്റെ നിലം വാങ്ങി അതിന് "അക്കൽദാമ" എന്ന് പേരിട്ടു. "രക്തനിലം" എന്നർത്ഥം വരുന്ന ആ സ്ഥലം ഇന്നും യെരുശലേം ദേവാലയത്തിന് സമീപത്തായി സ്ഥിതിചെയ്യുന്നുണ്ട്. എന്നെ ക്രൂശിൽ കിടത്തി രണ്ടു കൈകളും ഇടത്തും വലത്തുമായി വിരിച്ചു വെച്ച് ആദ്യം കെട്ടി ഉറപ്പിച്ചു. അതുപോലെ കാലുകൾ രണ്ടും ഒന്നിനു മുകളിൽ ചേർത്ത് കെട്ടി അല്പം മുകളിലേക്ക് ഉയർത്തി പാദങ്ങൾ താങ്ങിനിർത്താനുള്ള ഒരു മരക്കട്ടമേൽ വച്ച് കെട്ടി ഉറപ്പിച്ചു. പിന്നീട് അഞ്ച് ഇഞ്ച് നീളവും മുകൾവശം ഒരു നാണയത്തിന്റെ വട്ടവും ഉള്ള, ഈ ആവശ്യത്തിനായി പ്രത്യേകം ഉണ്ടാക്കിയ കാരിരുമ്പ് ആണികൾ ഓരോന്ന് വീതം രണ്ട് കൈകളിലും മൂന്നാമത്തെ ഒരെണ്ണം രണ്ട് കാലടികളും ചേർത്തുവെച്ച് അടിച്ചുകയറ്റി. കൈകളിൽനിന്നും കാലുകളിൽ നിന്നും രക്തം ശക്തിയായി വാർന്നൊഴുകി കൊണ്ടിരുന്നു. നേരത്തെ തലയിൽ വച്ചിരുന്ന മുൾക്കിരീടം ഇളകി മാറിയിരുന്നത് എടുത്ത് യഹൂദ ഭടന്മാർ വീണ്ടും ശിരസ്സിൽ വച്ച് നല്ലപോലെ അമർത്തിയപ്പോൾ തലയിലെ നാലു വശത്തു നിന്നും രക്തം മുഖത്ത് കൂടെ ഒഴുകിയിറങ്ങി. ചാട്ടവാർ കൊണ്ട് അടിച്ചപ്പോൾ ഉണ്ടായ മുറിവുകളിൽ നിന്നും കാൽവരിയിലേക്കുള്ള വഴി നീളെ രക്തത്തുള്ളികൾ വീണിട്ടുണ്ടായിരുന്നു. അങ്ങനെ ശരീരത്തിലെ രക്തം മുഴുവനും മിക്കവാറും ഒഴുകിപ്പോയതിന്റെ ക്ഷീണം എനിക്കുണ്ടായിരുന്നു.

എന്നെ പോലെ തന്നെ മറ്റു രണ്ടു തടവുകാരെയും ക്രൂശിൽ ആണി തറച്ചു വെച്ചു. ക്രൂശിക്കപ്പെടുന്നവരുടെ കുറ്റം എന്താണെന്ന് കാണികൾക്ക് വായിക്കാവുന്ന വിധത്തിൽ എഴുതി കുരിശിന്റെ മുകളിൽ തറച്ചു വയ്ക്കുന്ന പതിവുണ്ടായിരുന്നു. എന്റെ തലയ്ക്കു മുകളിൽ കുരിശിന്മേൽ വെച്ചിരുന്ന ഫലകത്തിൽ എഴുതിയിരുന്ന വാക്കുകൾ ഇതായിരുന്നു"യഹൂദന്മാരുടെ രാജാവായ നസ്രായനായ യേശു"(INRI). ലത്തീൻ,ഗ്രീക്ക്, ഹീബ്രൂ എന്നീ മൂന്നു ഭാഷകളിലും, വഴിയിൽ കൂടെ കടന്നു പോകുന്ന എല്ലാവർക്കും വായിക്കതക്കവണ്ണം വ്യക്തമായി എഴുതിയിരുന്നു. ഇത് കണ്ടപ്പോൾ അവിടെ നിന്നിരുന്ന പുരോഹിതന്മാരും മറ്റും അതിനെതിരെ സൈന്യാധിപനോട് പരാതി പറഞ്ഞു."യേശു ഞങ്ങളുടെ രാജാവ് അല്ല. അവൻ അങ്ങനെ പറഞ്ഞതാണ് കുറ്റം. അതുകൊണ്ട് , അവൻ അങ്ങനെ പറഞ്ഞു എന്ന് കൂടി എഴുതി ചേർക്കണം".സൈനാധിപനെ കൂട്ടി അവർ പീലാത്തോസിന്റെ അടുക്കൽ ചെന്നപ്പോൾ"ഞാൻ എഴുതിയത് എഴുതി"എന്ന് പിലാത്തോസ് വളരെ ഗൗരവത്തിൽ പറഞ്ഞു അവരെ മടക്കി അയച്ചു. അങ്ങനെ, രാവിലെ ഏകദേശം ഒമ്പതുമണിയോടെ എന്റെ

കുരിശു ഉയർത്തി അതിനായി വെട്ടിയിരുന്ന കുഴിയിലേക്ക് വെച്ചപ്പോൾ പെട്ടെന്ന് ഒരു കുലുക്കത്തോടെ ഇടിച്ചിറങ്ങി. അതിന്റെ ആഘാതത്തിൽ എന്റെ ശരീരം മുഴുവൻ കുലുങ്ങുകയും കൈ കാലിലെ ആണി പാടുകളിൽ നിന്നും കൂടുതൽ രക്തം വാർന്ന് ഒഴുകുകയും ചെയ്തു.

കണ്ടുനിന്നവരും വഴിയെ കടന്നു പോകുന്നവരും പലതരം ദോഷവാക്കുകൾ പറഞ്ഞു കളിയാക്കി."മന്ദിരം പൊളിച്ച് മൂന്ന് ദിവസം കൊണ്ട് പണിയുന്നവനെ നീ നിന്നെ തന്നെ രക്ഷിക്കാ. ദൈവപുത്രൻ ആണെങ്കിൽ കുരിശിൽ നിന്നും ഇറങ്ങി വാ." മഹാപുരോഹിതന്മാരും ശാസ്ത്രിമാരും പരീശന്മാരും ഇങ്ങനെ പറഞ്ഞ് പരിഹസിച്ചു. മറ്റു കാണികളെല്ലാം അത് കേട്ട് സന്തോഷിച്ചു. "ഇവൻ മറ്റുള്ളവരെ രക്ഷിച്ചു, തന്നെത്താൻ രക്ഷിക്കാൻ കഴിയില്ല. അവൻ ഇസ്രായേലിന്റെ രാജാവ് ആകുന്നുവെങ്കിൽ ഇപ്പോൾ ക്രൂശിൽ നിന്നും ഇറങ്ങി വരട്ടെ. എന്നാൽ ഞങ്ങൾ അവനെ വിശ്വസിക്കും. അവൻ ദൈവത്തിൽ ആശ്രയിക്കുന്നു. അവന് ഇവനിൽ പ്രസാദം ഉണ്ടെങ്കിൽ ഇപ്പോൾ വിടുവിക്കട്ടെ. ഞാൻ ദൈവപുത്രൻ എന്ന് ഇവൻ പറഞ്ഞുവല്ലോ."(മത്തായി 27: 39– 44).

ഇതെല്ലാം കേട്ട് സ്വർഗ്ഗപിതാവിനോട് ഞാൻ ഇങ്ങനെ പ്രാർത്ഥിച്ചു," പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയാത്തതുകൊണ്ട് ഇവരോട് ക്ഷമിക്കേണമേ". അറിഞ്ഞുകൊണ്ടാണ് പാപം ചെയ്യുന്നതെങ്കിൽ അവരോടും നിങ്ങളോടും സ്വർഗ്ഗപിതാവ് ക്ഷമിക്കുകയില്ല എന്നുകൂടി ഞാൻ ഇപ്പോൾ നിങ്ങളെ ഓർമിപ്പിക്കുന്നു. എന്റെ ഇടത്തുവശത്ത് തൂക്കപെട്ടിരുന്നവൻ കൂടി എന്നെ കുറ്റപ്പെടുത്തുന്നത് കേട്ടപ്പോൾ എനിക്ക് അവനോട് സഹതാപം തോന്നി. അവൻ പറയുകയാണ്,:" നീ ക്രിസ്തു അല്ലയോ, നിന്നെ തന്നെയും ഞങ്ങളെയും രക്ഷിക്കാ". വലതുവശത്തെ തടവുകാരൻ അവനെ ശാസിച്ചു ഇങ്ങനെ പറഞ്ഞു,: " സമ ശിക്ഷാവിധിയിൽ തന്നെ ആയിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാമോ ന്യായമായ ശിക്ഷ അനുഭവിക്കുന്നു. നാം പ്രവർത്തിച്ചതിന് യോഗ്യമായ ശിക്ഷയാണല്ലോ നമുക്ക് കിട്ടുന്നത്. ഇവനോ അരുതാത്തതു ഒന്നും ചെയ്തിട്ടില്ല."പിന്നെ അവനെ നോക്കി പറഞ്ഞു,: "യേശുവേ നീ രാജ്യത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തു കൊള്ളണമേ". അത് കേട്ട് ഞാൻ അവനെ ആശ്വസിപ്പിച്ചു പറഞ്ഞു, "നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്ന് ഞാൻ സത്യമായി നിന്നോട് പറയുന്നു."എന്നിൽ വിശ്വസിച്ചു മരിച്ചു പോകുന്നവരെല്ലാം എന്നോടൊപ്പം പറുദീസയിലേക്കും, എന്നെ അറിയാതെയും വിശ്വസിക്കാതെയും മരിച്ചു പോകുന്നവർക്ക് ഒരു അവസരം കൂടി

നൽകുവാനായി ഞാൻ സുവിശേഷം അറിയിച്ച പാതാളത്തിലേക്കും പോകുമെന്ന് കൂടി നിങ്ങൾ അറിഞ്ഞിരിക്കുക.

എന്റെ ക്രൂശുമരണം കണ്ട് പരിഹസിക്കാനായി കുറേപ്പേർ ദൂരെ മാറി നിൽക്കുന്നുണ്ടായിരുന്നു. ഗലീലക്കാരായ സ്ത്രീകളും അവരുടെ ഇടയിൽ കരഞ്ഞുകൊണ്ട് നിൽക്കുന്നത് ഞാൻ ശ്രദ്ധിച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ എന്റെ അമ്മയെ കൊണ്ടുവരുവാൻ പറഞ്ഞയച്ചിരുന്ന യോഹന്നാൻ കുരിശിന്റെ അടുത്തേക്ക് വരുന്നത് ഞാൻ കണ്ടു. അവന്റെ കണ്ണുകൾ കരഞ്ഞ് കലങ്ങിയിരുന്നു. റോമൻ സൈന്യാധിപൻ അവന്റെ അടുത്ത് വന്ന് അവനെ ആശ്വസിപ്പിച്ചു. തോട്ടത്തിൽ വച്ച് എന്നെ അറസ്റ്റ് ചെയ്ത സമയം മുതൽ എന്നെ അനുഗമിക്കുവാൻ അനുവദിച്ചതിനാൽ പീലാത്തോസിന്റെ അരമനയിൽ സ്വകാര്യ വിചാരണ നടത്തുന്ന സമയത്ത് പോലും യോഹന്നാൻ എന്റെ കൂടെ ഉണ്ടായിരുന്നത് ഈ റോമൻ സൈന്യാധിപന്റെ ദയ കൊണ്ടായിരുന്നു. യോഹന്നാൻ, സൈന്യാധിപന്റെ പ്രത്യേകം അനുവാദം വാങ്ങി എന്റെ അമ്മയെയും സഹോദരി ശലോമിയെയും മഗ്ദലന മറിയയെയും കൂട്ടി കുരിശിനു അടുത്തേക്ക് വന്നു. ക്രൂശിൽ കിടക്കുന്ന എന്നെ കണ്ട അമ്മ മോഹാലസ്യപ്പെട്ടു വീഴുവാൻ തുടങ്ങിയപ്പോൾ കൂടെ ഉണ്ടായിരുന്ന സ്ത്രീകൾ താങ്ങി നിർത്തി. ഞാൻ ശിശു ആയിരുന്നപ്പോൾ ദേവാലയത്തിൽ അമ്മ എന്നെയും കൊണ്ട് ചെന്ന സമയം,"നിന്റെ ഹൃദയത്തിൽ കൂടി ഒരു വാൾ കടക്കും" എന്ന് വൃദ്ധനായ ശേമവൂന്റെ പ്രവചനം അവിടെ സാക്ഷാത്കരിക്കുക യായിരുന്നു.(ലൂക്കോസ് 2:35).

എന്നെ ക്രൂശിച്ച പടയാളികൾ എന്റെ വസ്ത്രം 4 പങ്കുവച്ചു എടുത്തു. തുന്നലില്ലാതെ മേൽത്തട്ട് അടിയോളം എന്റെ അമ്മ നെയ്തു തന്ന എന്റെ മേലങ്കി, അവർ ചീട്ട് ഇട്ടു. അത് ലഭിച്ച പടയാളിയിൽനിന്നും സൈന്യാധിപൻ വളരെ വളരെ ഭക്തിപൂർവ്വം ആ മേലങ്കി വാങ്ങിച്ചു മുത്തുന്നത് ഞാൻ ശ്രദ്ധിച്ചു. ഞാൻ ദൈവപുത്രൻ തന്നെയാണെന്ന വിശ്വാസം അവന്റെ മനസ്സിൽ ഉണ്ടായിരുന്നെങ്കിലും പുറത്തു പറയുവാൻ അപ്പോൾ ധൈര്യം കാണിച്ചില്ല. ഇതും ഒരു പ്രവചന പൂർത്തീകരണമായിരുന്നു. (സങ്കീർത്തനങ്ങൾ 22: 18).

9–3–2021.

## അദ്ധ്യായം 99

# എന്റെ മരണവും കബറടക്കവും

**മത്തായി 27: 45– 66; മർക്കോസ് 15: 33– 47; ലൂക്കോസ് 23: 44– 56; യോഹന്നാൻ 19: 25– 42**

കുരിശിന്മേൽ കിടന്നുള്ള എന്റെ അനുഭവങ്ങൾ വാക്കുകൾകൊണ്ട് വിവരിക്കാൻ ആവുന്നതല്ല. എന്റെ കൈകളിൽ പേശികൾ വലിഞ്ഞു മുറുകുന്ന വേദനയും എന്റെ ശരീരത്തിലെ മുറിവുകൾ ഉണ്ടാക്കുന്ന നീറ്റലും അസഹനീയമായിരുന്നു. എന്റെ മാംസപേശികൾ തളർന്നു പോയതുപോലെ ആയതിനാൽ എനിക്ക് ശ്വാസതടസ്സം ഉണ്ടായി തുടങ്ങി. അകത്തേക്ക് ശ്വാസമെടുക്കാൻ കഴിയുമെങ്കിലും പുറത്തേക്ക വിടുവാൻ വളരെ പ്രയാസമായി. കാലുകൾ താങ്ങി നിർത്തിയിരുന്ന തട്ടിൽ കാൽ പത്തികൾ അമർത്തി അല്പം നെഞ്ച് മുന്നോട്ട് ഉയർത്തിയാണ് ഞാൻ ഓരോ പ്രാവശ്യവും ശ്വാസം വലിച്ചിരുന്നത്. ശ്വാസംമുട്ടി മരിക്കുമോ എന്ന് പോലും എനിക്ക് തോന്നി. എനിക്ക് അമ്മയോട് എന്തെങ്കിലുമൊക്കെ പറയണമെന്നുണ്ട്. അടുത്തുനിൽക്കുന്ന യോഹന്നാനെ നോക്കി, പിന്നീട് അമ്മയോട് ഞാനിങ്ങനെ പറഞ്ഞു,: "സ്ത്രീയെ ഇതാ നിന്റെ മകൻ". പിന്നെ യോഹന്നാനോട്, "ഇതാ നിന്റെ അമ്മ"എന്ന് പറഞ്ഞു.

എന്റെ അമ്മയെ മറ്റാരും തന്നെ വേണ്ടതുപോലെ സംരക്ഷിക്കുക ഇല്ലെന്ന് എനിക്കറിയാമായിരുന്നു എന്റെ അർദ്ധ സഹോദരങ്ങൾ ആരും എന്നെ വിശ്വസിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ അവരാരും അമ്മയെയും സ്വീകരിച്ചിരുന്നില്ല. ഞാൻ എന്റെ പ്രിയ ശിഷ്യനായ യോഹന്നാനെ ഏൽപ്പിച്ചപ്പോൾ അവനുടനെതന്നെ അമ്മയുടെ അടുത്തെത്തി അമ്മയെ ചേർത്തുപിടിച്ച് ആശ്വസിപ്പിക്കുന്നത് കണ്ട് ഞാൻ തൃപ്തനായി. അവൻ എന്റെ അമ്മയെ സ്വന്തം അമ്മയായി സ്വീകരിച്ചതുപോലെ എന്റെ അമ്മ എന്റെ ശിഷ്യരായ നിങ്ങളുടെ എല്ലാം അമ്മ ആണെന്ന് കരുതി ആദരിക്കണം.

എനിക്ക് കൂടുതലായി ഒന്നും പറയാൻ കഴിയുന്നില്ല. ഭക്ഷണമോ വെള്ളംപോലുമോ കഴിച്ചിട്ട് ഒരു ദിവസത്തിലേറെയായി. ശാരീരിക അവശതയെക്കാൾ സ്വർഗ്ഗപിതാവുമായി കുറച്ചുസമയത്തേക്ക് ഞാൻ നേരിടേണ്ടിവരുന്ന അകൽച്ചയുടെ അനുഭവത്തെക്കുറിച്ച് ഞാൻ വളരെയേറെ ദുഃഖത്തിൽ ആയി. മനുഷ്യൻ എന്ന നിലയിൽ സ്വർഗ്ഗപിതാവ് എന്നെ കൈ വിടുകയാണെന്ന തോന്നൽ സാത്താൻ എന്റെ മനസ്സിൽ കൊണ്ടുവരുവാൻ ശ്രമിക്കുന്നുണ്ടായിരുന്നു. എന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുവാൻ ഞാൻ മരുഭൂമിയിൽ ഉപവസിച്ച് സ്വർഗ്ഗപിതാവുമായി ആലോചിച്ചിരുന്ന സമയത്തും സാത്താനെനിക്ക് തെറ്റായ ആലോചനകൾ നൽകി കുരിശു മരണത്തിൽ നിന്നും ഒഴിഞ്ഞുമാറുവാൻ പ്രലോഭിപ്പിച്ചിരുന്നത് ഞാൻ ഓർത്തു. ആ സാത്താൻ, ഞാൻ ക്രൂശിന്മേൽ കിടന്ന് ശ്വാസം കിട്ടാതെ കഴിയുന്ന സമയത്തും അവസാനമായി എന്നെ വീഴ്ത്തുവാൻ "അന്ത്യപ്രലോഭനം" നടത്തുന്നതായി ഞാൻ തിരിച്ചറിഞ്ഞു. ഞാനെന്റെ സർവ്വശക്തിയുംഎടുത്തുകൊണ്ട് ,"ഏലി, ഏലി, ലമ്മ ശബക്തത്താനി" (എന്റെ ദൈവമേ, എന്റെ ദൈവമേ എന്നെ നീ കൈവിട്ടതെന്ത്?) എന്ന് ഉറക്കെ നിലവിളിച്ചു. എന്റെ നിലവിളി കേട്ടപ്പോൾ ഒരു റോമൻ പട്ടാളക്കാരൻ ഒരു സ്പോഞ്ച് എടുത്ത് പുളിച്ച വീഞ്ഞു നിറച്ച് ഒരു തണ്ടിന്മേൽ ആക്കി എന്റെ വായോട് അടിപ്പിച്ചു. എന്നാൽ ഒരു യഹൂദ പ്രമാണി അയാളെ തടഞ്ഞുകൊണ്ട് ഇങ്ങനെ പറഞ്ഞു,: " നിൽക്കാ. അവൻ ഏലിയാവെ വിളിക്കുന്നു. അവനെ രക്ഷിക്കാൻ ഏലിയാവ് വരുമോ എന്ന് നോക്കട്ടെ" എന്ന് പറഞ്ഞു.

(മത്തായി 27: 46– 49). യഹൂദന്മാരുടെ പെസഹായോടനുബന്ധിച്ച് വാഗ്ദത്ത മിശിഹായുടെ വരവിനു മുൻപ് ഏലിയാവ് വരുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. അതിനാൽ അവരുടെ പെസഹായോടനുബന്ധിച്ച് വിരുന്ന് സമയത്ത് ഒരു കസേരയും മേശപ്പുറത്ത് ഒരു കപ്പ് വീഞ്ഞും പ്രത്യേകം കരുതുന്ന പതിവുണ്ടായിരുന്നു

യഥാർത്ഥത്തിൽ രാവിലെതന്നെ സങ്കീർത്തന ഭാഗം (22:1,2) ആലപിച്ച് പിതാവിനോട് ഞാൻ പ്രാർത്ഥിക്കുകയായിരുന്നു എന്ന് പുറജാതിക്കാരായ പട്ടാളക്കാർക്ക് മനസ്സിലായില്ല. ഇസഹാക്കിനെ ബലിയർപ്പിച്ചതിനുപകരം ആട്ടിൻകുട്ടിയെ ബലിയർപ്പിച്ചത് എന്റെ കാൽവരിബലിയുടെ മുൻകുറി ആയിരുന്നു. ബലിമൃഗത്തിന്റെ തലയിൽ പുരോഹിതൻ കൈവെച്ച് വഴിപാടായി കൊണ്ടുവന്ന ആളുടെ പാപം ആവാഹിക്കുന്ന പതിവ് യഹൂദ ന്യായപ്രമാണത്തിൽ ഉണ്ടായിരുന്നു. (ലേവ്യ 1: 4––).അപ്രകാരം ലോകത്തിലെ സകല മനുഷ്യരുടെയും പാപം

വഹിക്കുന്ന "ദൈവത്തിന്റെ കുഞ്ഞാടായ ഞാൻ"ബലി അർപ്പിക്കപ്പെടുക നിമിത്തം സകല "മൃഗബലികളും" അവസാനിപ്പിക്കുകയാണെന്ന കാര്യം സ്വർഗ്ഗപിതാവ് എന്നെ ഒന്നു കൂടി ഓർമ്മപ്പെടുത്തിയത് എനിക്ക് വളരെ ആശ്വാസം നൽകി. തന്നെയുമല്ല മോശ, മരുഭൂമിയിൽ സർപ്പങ്ങളുടെ കടിയേറ്റ് മരിച്ചു കൊണ്ടിരുന്ന ഇസ്രായേൽ മക്കളെ രക്ഷിക്കാനായി പിത്തള സർപ്പത്തെ നാട്ടിയതിന്റെ(സംഖ്യ 21: 5– 10) പൊരുളായിട്ടാണ് ഞാൻ കാൽവറിയിൽ ക്രൂശിക്കപ്പെടുന്നതു എന്ന് ഓർത്തപ്പോൾ, ഞാൻ മൂലം മരണത്തിൽ നിന്നും സർവ്വ ജനങ്ങൾക്ക് ലഭിക്കുന്ന രക്ഷയെ ഓർത്ത് സംതൃപ്തനായി. ഞാൻ ഈ കാര്യം നിക്കോദിമോസിനോട് പറഞ്ഞത് അവൻ ഓർത്തു കാണും (യോഹന്നാൻ 3: 14).

എന്റെ മൃതശരീരം ഏറ്റുവാങ്ങാനായി അരിമത്യ യൗസേപ്പിനോടൊപ്പം നിക്കോദിമോസ് കാൽവറിയിൽ എത്തിയതായി ഞാനറിഞ്ഞു. എനിക്ക് വലിയ ദാഹം തോന്നി. അബ്രഹാമിന്റെ മടിയിലിരിക്കുന്ന ലാസറി നോട് വെള്ളം കൊടുക്കാനായി പാതാളത്തിൽ കിടക്കുന്ന ധനവാൻ ആവശ്യപ്പെടുന്ന ചിത്രം എന്റെ മനസ്സിൽ തെളിഞ്ഞു വന്നപ്പോൾ എന്റെ ദാഹം കൂടി വന്നു. ഞാൻ ഇങ്ങനെ പറഞ്ഞു,: "എനിക്ക് ദാഹിക്കുന്നു." ഇതും പ്രവചന പൂർത്തീകരണമായിരുന്നു, "എന്റെ ദാഹത്തിന് അവർ എനിക്ക് ചൊറുക്ക കുടിപ്പാൻ തന്നു"(സങ്കീ. 69: 21 – 22). എന്റെ ദാഹം തീർക്കാൻ കൈപ്പുചേർത്ത പുളിച്ച വീഞ്ഞ് പട്ടാളക്കാരൻ എന്റെ വായോട് വീണ്ടും അടുപ്പിച്ചു. ഞാൻ അത് നിരസിക്കാതെ ചുണ്ടോട് അടിപ്പിച്ചു രുചിച്ചുനോക്കി. അതിൽ വേദനസംഹാരി ചേർത്തിരുന്നത് ഞാനറിഞ്ഞു. ഞാൻ പൂർണതോതിൽ വേദന അറിഞ്ഞു മരിക്കാൻ തന്നെ ആഗ്രഹിച്ചു. അതേസമയം തിരുവചനം നിവൃത്തിയാക്കാൻ വേണ്ടി ഞാനത് രുചിക്കുകയും ചെയ്തു. ശാരീരികമായ ദാഹം എനിക്ക് കഠിനമായി തോന്നിയില്ല. ലോകത്തിലെ സകല മനുഷ്യരുടേയും ദാഹം തീർക്കുവാൻ "ജീവജലം" ഒഴുകുന്നതിന്റെ പ്രതീകം കൂടി ആയിട്ടാണ് ഞാൻ എന്റെ ദാഹത്തെ പരസ്യമായി പ്രകടിപ്പിച്ചത്. ജീവന്റെ ഉറവയായ എന്നിൽ എന്നും നിങ്ങളെല്ലാവരും പാനം ചെയ്ത് തൃപ്തരാകണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ശമരിയ സ്ത്രീയോട് പറഞ്ഞതുപോലെ എല്ലാവർക്കും ജീവജലം ഞാൻ നൽകും. (യോഹന്നാൻ 4).

വീഞ്ഞ് രുചിച്ചശേഷം എന്നെ കുറിച്ചുള്ള എല്ലാ പ്രവചനങ്ങളും പൂർത്തിയായി എന്ന് മനസ്സിലാക്കി കൊണ്ട്, "സകലതും നിവൃത്തിയായി" എന്ന് ഞാൻ പറഞ്ഞു. എന്റെ സ്വർഗ്ഗപിതാവ് എന്നെ ഭരമേൽപ്പിച്ച രക്ഷാകര ദൗത്യം അവസാന നിമിഷം വരെ പൂർത്തിയാക്കിയതിന്റെ

സംതൃപ്തി എന്റെ അന്തരാത്മാവിൽ നിറഞ്ഞുനിന്നു. മനുഷ്യനെന്ന നിലയിൽ പിതാവായ ദൈവവുമായി ഐക്യപ്പെട്ട് പരിശുദ്ധാത്മ നിയന്ത്രണത്തിൽ ഞാൻ കാണിച്ച ജീവിതമാതൃക അവസാന നിമിഷംവരെ സ്വർഗ്ഗപിതാവിന്റെ ഇഷ്ടം മാത്രം അനുസരിച്ച് കാൽവറിയിലെ ക്രൂശുമരണം വഴി, ആദം നഷ്ടപ്പെടുത്തിയ നിത്യജീവൻ ലോകത്തിന് മുഴുവൻ ലഭ്യമാക്കാൻ കഴിഞ്ഞതിലുള്ള പൂർണ്ണസംതൃപ്തി, വേദനകൾ എല്ലാം മറക്കുവാൻ എന്നെ പ്രാപ്തനാക്കി. എന്റെ ശിഷ്യരായ നിങ്ങൾ ഓരോരുത്തരും ഇപ്രകാരം എന്നെപോലെ മറ്റുള്ളവർക്കുവേണ്ടി ജീവിക്കുവാനും പ്രാണത്യാഗം ചെയ്യാനും തയ്യാറാകണമെന്ന് എല്ലാവരോടുമായി പറയുന്നു.

സമയം മൂന്നുമണിയോടടുക്കാറായി. 6 മണിയോടെ ശബത്തും പെസഹ പെരുന്നാളും ആരംഭിക്കുന്നതിനാൽ, പുരോഹിതന്മാരും പ്രമാണിമാരും എന്റെ മരണത്തിനായി ധൃതികൂട്ടി. സാധാരണനിലയിൽ ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന സാവധാന മരണമാണ് ക്രൂശിൽ കിടക്കുമ്പോൾ ഉണ്ടാകുന്നത്. പരമാവധി വേദനിപ്പിക്കുക എന്നതാണ് ശിക്ഷിക്കുന്നവരുടെ ലക്ഷ്യം. എന്നാൽ ശബത്ത് ദിവസം മൃതദേഹം കുരിശിൽ കിടക്കരുത് എന്ന നിയമം ഉള്ളതിനാൽ (പുറപ്പാട് 12: 16; ആവർത്തനം 24: 23),ക്രൂശിക്കപ്പെട്ടവരുടെ കാൽമുട്ടുകൾ ഓടിച്ച് മരണം പെട്ടെന്ന് സംഭവിക്കാൻ പീലാത്തോസ്സിൽ നിന്നും അനുവാദം വാങ്ങാൻ മഹാപുരോഹിതനും മറ്റും പോകുന്നത് ഞാൻ കണ്ടു. എന്റെ അസ്ഥികൾ ഒടിക്ക പെടുകയില്ല എന്ന പ്രവചനം (പുറപ്പാട് 12: 48; സംഖ്യ 9: 12; സങ്കീർത്തനം 9: 34) പൂർത്തീകരിക്കണമെങ്കിൽ അവർ തിരിച്ചു വരുന്നതിനു മുൻപ് ഞാൻ മരിക്കണം എന്ന് എനിക്ക് തോന്നി.

അപ്പോൾ സമയം മൂന്നുമണി ആയിരുന്നു, യഹൂദന്മാർ പെസഹയുടെ ആടിനെ അറുക്കുന്ന സമയം! ഞാൻ അത്യുച്ചത്തിൽ "പിതാവേ ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏൽപ്പിക്കുന്നു" എന്ന് നിലവിളിച്ചു പറഞ്ഞു പ്രാണനെ വിട്ടു.(ലൂക്കോസ് 23: 46). ഉടൻ തന്നെ അവിടെ അന്ധകാരവും ഇടിമിന്നലും ഭൂമികുലുക്കവും ഉണ്ടായി, ജനങ്ങളെല്ലാം പ്രാണഭയം കൊണ്ട് അവിടെ നിന്നും ഓടി പോകാൻ തുടങ്ങി. എന്റെ ആത്മാവ് ശരീരത്തിൽ നിന്നും വിട്ടു മാറുന്നത് എനിക്ക് അറിയാമായിരുന്നു. ശരീരത്തിൽ നിന്നും വേർപ്പെട്ട നിമിഷം മുതൽ ഞാൻ പൂർണ്ണ സ്വതന്ത്രനായി,യാതൊരു വേദനയും പ്രയാസവും ഭാരവും ഒന്നുമില്ലാത്ത അവസ്ഥയിലായി. ഞാൻ കുറേസമയം അവിടെ നടക്കുന്നതെല്ലാം വീക്ഷിച്ചുകൊണ്ട് നിലകൊണ്ടു. ശരീരം

ഇല്ലാത്തതിനാൽ സ്ഥലകാല നിയമങ്ങൾക്ക് പുറത്ത് എവിടെ, എപ്പോൾ വേണമെങ്കിലും പ്രത്യക്ഷപ്പെടാനും അപ്രത്യക്ഷപ്പെടാനും എനിക്ക് കഴിവ് ലഭിച്ചു. ഞാൻ ഉടനെ യെരുശലേം ദേവാലയത്തിൽ എത്തി. അവിടുത്തെ മഹാ വിശുദ്ധാ സ്ഥലത്ത് ഇതുവരെ എനിക്ക് പ്രവേശനമില്ലായിരുന്നു. ആദ്യമായി ഞാൻ ദേവാലയത്തിലെ തിരശ്ശീല മുകൾമുതൽ അടിവരെ വലിച്ചുകീറി, അതിവിശുദ്ധാസ്ഥലത്ത് പ്രവേശിച്ചു കൃപാസനത്തിന്റെ അടുത്ത് ചെന്ന് സ്വർഗ്ഗപിതാവിനോട് ഹൃദയം തുറന്ന് സംസാരിച്ചു. ഞാൻ അദൃശ്യരൂപി ആയതിനാൽ ആരും എന്നെ കണ്ടില്ല. ഇനി മേലാൽ സ്വർഗ്ഗ പിതാവിനോട് നേരിട്ട് പ്രാർഥിക്കാനും കാഴ്ചകൾ അർപ്പിക്കുവാനും എന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും അവകാശം നൽകി. ദൈവത്തിനും മനുഷ്യർക്കുമിടയിൽ മ റയായിരുന്ന "ദേവാലയതിരിശീല" ഞാൻ കീറിയത്, എന്റെ ശിഷ്യർക്ക് നേരിട്ട് ദൈവത്തോട് സംസാരിക്കാൻ ഞാൻ അവകാശം കൊടുക്കുന്നതിന്റെ പ്രതീക മായിട്ടായിരുന്നു.

ഞാൻ തിരിച്ച് കാൽവറിയിൽ എത്തിയപ്പോൾ അവിടെ ശക്തമായ മണൽ കാറ്റും കൂരിരുട്ടും ഇടിമിന്നലും ഭൂകമ്പവും തുടരുന്നുണ്ടായിരുന്നു. ഭൂമികുലുക്കം മൂലം അവിടെയുണ്ടായിരുന്ന കല്ലറകൾ പൊട്ടിച്ചിതറി. ആളുകളെല്ലാം പരിഭ്രാന്തരായി ഓടിയതിനാൽ പലരും വീണു പരിക്കുപറ്റി. എന്റെ അമ്മയും ശിഷ്യന്മാരും പട്ടാളക്കാരും ഉൾപ്പെടെ കുറച്ച് ആളുകൾ മാത്രമേ അപ്പോൾ അവിടെ ഉണ്ടായിരുന്നുള്ളൂ.

മഹാപുരോഹിതൻ ഓടിവന്ന് തടവുകാരുടെ കാൽ ഒടിക്കാൻ പീലാത്തോസിന്റെ അനുവാദവും വാങ്ങി റോമൻ സൈന്യാധിപനെ ഏൽപ്പിച്ചു. സൈന്യാധിപൻ എന്റെ മൃതദേഹം ചൂണ്ടിക്കാട്ടി മഹാപുരോഹിതനോട് പറഞ്ഞു,"ഈ മനുഷ്യൻ വാസ്തവമായി നീതിമാൻ ആയിരുന്നു". പിന്നീട് പട്ടാളക്കാരോട് ക്രൂശിൽ കിടക്കുന്നവരുടെ കാലുകൾ ഓടിക്കുവാൻ നിർദ്ദേശിച്ചതനുസരിച്ച് അപ്രകാരം രണ്ട് തടവുകാരുടെ കാലുകൾ ഒടിച്ചു. അവർക്ക് ശ്വാസം വലിക്കാൻ കഴിയാതെ ഏതാനും നിമിഷങ്ങൾക്കകം അവർ മരിക്കുന്നത് ഞാൻ കണ്ടു. കാൽ, മരകട്ടയിൽ ചവിട്ടി നെഞ്ചു ഉയർത്തി കൊണ്ടാണ് അതിനു മുൻപ് ഓരോ ശ്വാസവും വലിച്ചിരുന്നത്. മുട്ടുകൾ ഒടിച്ചതിനാൽ അപ്രകാരം ചെയ്യാൻ കഴിയാതെ വന്നതുകൊണ്ടാണ് പെട്ടെന്ന് ശ്വാസം മുട്ടി അവർ മരിച്ചത്.

എന്റെ കാൽ ഒടിക്കാൻ പട്ടാളക്കാർ വന്നപ്പോൾ ഞാൻ മരിച്ചതായി സൈനാധിപൻ അറിയിച്ചു. അതുകൊണ്ട് പട്ടാളക്കാർ എന്റെ കാൽമുട്ട് ഒടിച്ചില്ല. എന്നാൽ മഹാപുരോഹിതന്റെ നിർബന്ധത്തിനു വഴങ്ങി എന്റെ മരണം ഉറപ്പുവരുത്താനായി എന്റെ വിലാവിൽ ഹൃദയഭാഗത്ത്

കുന്തംകൊണ്ട് കുത്തുവാൻ ആവശ്യപ്പെട്ടു. അവർ കുത്തിയപ്പോൾ "വെള്ളവും രക്തവും" ഒഴുകിവന്നു. റോമൻ കെട്ടുകഥകളിൽ ദേവന്മാർ മരിച്ചാൽ അവരുടെ ഹൃദയത്തിൽ വെള്ളവും രക്തവും കാണുമെന്ന ഒരു അന്ധവിശ്വാസം ഉണ്ടായിരുന്നതിനാൽ, ഞാൻ ഒരു ദേവൻ തന്നെയാണെന്ന് റോമൻ പട്ടാളക്കാർ വിശ്വസിച്ചു.

എന്റെ മരണം ഉറപ്പാക്കിയ ഉടനെ മഹാപുരോഹിതനും മറ്റു ചിലരും ശാബത് ആരംഭിക്കുന്നതിനു മുൻപ് ആരാധനയും ബലികളും നടത്താനുള്ളഒരുക്കത്തിലായിരുന്നു. അവർ ദേവാലയത്തിൽ എത്തിയപ്പോൾ വിശുദ്ധാ സ്ഥലത്തുണ്ടായിരുന്ന തിരശ്ശീല കീറി യിരിക്കുന്നത് കണ്ട് അത്ഭുതപ്പെട്ടു. അവിടെ നിന്നിരുന്നവർ, എന്റെ മരണസമയത്ത് ഭൂകമ്പവും കൊടുങ്കാറ്റും എല്ലാം ഉണ്ടായപ്പോഴാണ് തിരശ്ശീല കീറിയതെന്നു പറഞ്ഞത് കേട്ട് പുരോഹിതന്മാർ ഭയപ്പെട്ടു. തിരശ്ശീല തുറന്നിട്ടുകൊണ്ട് യാതൊരുവിധ ആരാധനകളും ബലികളും യെരുശലേം ദേവാലയത്തിൽ അതുവരെ നടന്നിട്ടില്ലാത്ത തിനാൽ അവർ വളരെ പരിഭ്രാന്തരായി. ദൈവവും മനുഷ്യരും തമ്മിലു ണ്ടായിരുന്ന വേർപാടിന്റെ പ്രതീകമായ തിരശ്ശീല കീറിയത് വഴി നിങ്ങൾക്കെല്ലാവർക്കും സ്വർഗ്ഗപിതാവിനോട് നേരിട്ട് സ്തോത്രബലി അർപ്പിക്കാനുള്ള അവസരം എന്റെ മരണം മൂലം ഞാൻ സാധ്യമാക്കി എന്ന് പറഞ്ഞുവല്ലോ. നിങ്ങളെല്ലാവരും എന്റെ ശിഷ്യൻമാരും സഹോദരന്മാരുമായി തീരുമെങ്കിൽ ദൈവമക്കളെ പോലെ സ്വർഗ്ഗപിതാവിന്റെ സന്നിധിയില് നേരിട്ട് പ്രവേശനം ലഭ്യമാക്കി രിക്കുകയാണ്. ഇനിമുതൽ യാതൊരു മൃഗബലിയും നടത്തുവാൻ ആവശ്യമില്ല. അപ്രകാരം ബലിയർപ്പണം നടത്തുന്ന പഴയനിയമ പുരോഹിത വർഗ്ഗത്തെയും എന്റെ സഭയിൽ ആവശ്യമില്ല. നിങ്ങളെല്ലാവരും എന്നിൽ വിശ്വസിച്ചു വിശുദ്ധാ മാമ്മോദീസാ വഴിയായി എന്റെ പൗരോഹിത്യവും രാജ്യത്വവും പ്രവാചകത്വവും സ്വീകരിച്ച് എന്റെ "തിരുശരീര രക്തങ്ങൾ" ആകുന്ന നിത്യ ബലിയർപ്പിച്ച് ജീവിക്കുവാനുള്ള പദ്ധതിയാണ് ഞാൻ സെഹിയോൻ മാളികയിൽ വച്ച് സ്ഥാപിച്ച "പുതിയനിയമബലി." അവിടെ മൽക്കിസാദേക് സ്ഥാപിച്ച ക്രമപ്രകാരമുള്ള "അപ്പ- വീഞ്ഞു"കൾ ആണ് ബലി വസ്തുക്കളായി ഉപയോഗിക്കേണ്ടത്. എന്റെ വിലാപ്പുറത്തു കുത്തിയപ്പോൾ ഒഴുകിയ "വെള്ളം" വിശുദ്ധാ മാമോദീസയുടെ പ്രതീ കമായും "രക്തം"എന്റെ ബലി അർപ്പണത്തിന്റെ പ്രതീകമായും നിങ്ങൾ കരുതുക. ഞാൻ രണ്ടാമത് ന്യായവിധി നടത്തുവാൻ വരുന്നതുവരെ നിങ്ങൾ അനുഷ്ഠിക്കാനായി നിങ്ങളെ ഭരമേൽപ്പിച്ച ഈ വലിയ അനുഷ്ഠാനം വിശുദ്ധിയോടെയും വിശ്വാസത്തോടെയും എന്റെ ഓർമ്മയ്ക്കായി അർപ്പിച്ചുകൊള്ളണം.

# എന്റെ കബറടക്കം

എന്റെക്രൂശുമരണംകണ്ടുനിന്നവരുടെകൂട്ടത്തിൽഅരിമത്യക്കാരൻ യൗസേപ്പ് എന്ന് പേരായ ഒരു പ്രമുഖ യഹൂദൻ ഉണ്ടായിരുന്നു. സന്നദ്രിം സംഘത്തിൽ ഉണ്ടായിരുന്നെങ്കിലും എന്നെ ക്രൂശിക്കണം എന്നുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് ഇറങ്ങിപ്പോയവനായിരുന്നു. അദ്ദേഹത്തിന്റെ കൂട്ടുകാരനായ നിക്കോദിമോസ് നേരത്തെ രാത്രിയിൽ എന്നെ കാണാൻ വന്നപ്പോൾ ഈ മരണത്തെപ്പറ്റി ഞാൻ സൂചന നൽകിയിരുന്നു. (യോഹന്നാൻ 3: 13– 21). ശ്രേഷ്ഠമന്ത്രിപദവി ഉണ്ടായിരുന്ന അദ്ദേഹം സന്ധ്യയായപ്പോൾ പീലാത്തോസിനെ ധൈര്യത്തോടെ സമീപിച്ച്, എന്റെ ശരീരം അവന്റെ സ്വന്തം പുതിയ കല്ലറയിൽ അടക്കം ചെയ്യേണ്ടതിന് വിട്ടുകൊടുക്കാൻ അനുവാദം ചോദിച്ചു. ക്രൂശിക്കപ്പെട്ടവരുടെ മൃതദേഹം യഹൂദ സെമിത്തേരിയിൽ അടക്കം ചെയ്യുകയില്ലെന്ന് അവനറിയാമായിരുന്നു. ഞാൻ ഇത്ര വേഗം മരിച്ചു കഴിഞ്ഞു എന്ന് വിശ്വസിക്കാൻ കഴിയാതെ എന്റെ മരണത്തിന്റെ ചുമതല വഹിച്ച സൈന്യാധിപനെ വരുത്തി മരണം ഉറപ്പുവരുത്തിയശേഷം കബറടക്കം ചെയ്യാൻ അനുവാദം നൽകി. നിക്കോദിമോസും ഏകദേശം 100 റാത്തൽ മൂരും അഖിലും അടങ്ങിയ സുഗന്ധദ്രവ്യങ്ങളും ദേഹം മുഴുവനും പൊതിയാനുള്ള പുതിയ "കെതാനാ" ശീലയും വാങ്ങിക്കൊണ്ട് കാൽവറി ക്രൂശിനരികെ എത്തി. കൂടെ സഹായത്തിനായി യോഹന്നാനും റോമൻ പട്ടാളക്കാരും ചേർന്ന് മൃതദേഹം വളരെ സാവധാനം കുരിശിൽ നിന്നും താഴെ ഇറക്കി. ഒരു പരന്ന കല്ലിന്മേൽ മൃതദേഹം കിടത്തി ദേഹശുദ്ധി വരുത്തി യഹൂദൻമാരുടെ ക്രമപ്രകാരം സുഗന്ധ വർഗ്ഗങ്ങൾ നിരത്തിയ വെള്ളത്തുണിയിൽ പൊതിഞ്ഞുകെട്ടി.(മർക്കോസ് 15: 46; യോഹന്നാൻ 19: 39– 40). എന്റെ അമ്മയും യോഹന്നാനും മറ്റു സ്ത്രീകളും എന്തുചെയ്യണമെന്നറിയാതെ വിഷമിച്ച് നിൽക്കുന്ന സമയത്താണ് മേൽപ്പറഞ്ഞ എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായത്. ഇതെല്ലാം എന്റെ സ്വർഗ്ഗപിതാവ് പരിശുദ്ധാത്മാവ് വഴി നിയന്ത്രിക്കുന്നുണ്ട് എന്ന് എനിക്കറിയാമായിരുന്നു. എന്റെ മരണം മുതൽ കബറടക്കുന്ന സമയം വരെയുള്ള ഏകദേശം മൂന്നുമണിക്കൂർ അമ്മയും മറ്റു സ്ത്രീകളും യഹൂദ ക്രമപ്രകാരം എന്റെ മൃതദേഹത്തിനരികിൽ ഇരുന്ന് വിലാപഗീതം പാടുന്നത് ഞാൻ കേട്ടു.

കാൽവരി മലയിൽ എന്നെ ക്രൂശിച്ച സ്ഥലത്തിനടുത്ത് യൗസേപ്പിന്റെതായി, കല്ലിൽ കൊത്തി ഉണ്ടാക്കിയ ഒരു പുതിയ കല്ലറ ഉണ്ടായിരുന്നു.

യൗസേപ്പുംനിക്കോദിമോസ്സുംയോഹന്നാനുംകൂടിമൃതദേഹംഎടുത്ത് കല്ലറയിലേക്ക് വേഗം നടന്നു നീങ്ങി. എന്റെ ഭാരവും സുഗന്ധദ്രവ്യങ്ങളുടെ ഭാരവും കൂടി ആയപ്പോൾ എന്നെ എടുത്തു കൊണ്ട് പോകുന്നത് അവർക്ക് വളരെ ക്ലേശകരമായിരുന്നു. അപ്പോൾ അവരെ സഹായിക്കാനായി അദൃശ്യ ദൂതന്മാരെ സ്വർഗ്ഗപിതാവ് അയച്ചു കൊടുക്കുന്നത് ഞാൻ കണ്ടു. കല്ലറക്കകത്തു എന്റെ മൃതദേഹം ഒരു കൽപീഠത്തിന്മേൽ കിടത്തി. അവർ പുറത്തുകടന്ന് ഒരു വലിയ ചക്രക്കല്ല് ഉരുട്ടി വെച്ച് വാതിൽ അടച്ച് ഭദ്രമാക്കി. യഹൂദസ്ത്രീകൾ പുരുഷന്മാരോടൊപ്പം സംസ്കാരത്തിൽ പങ്കെടുക്കാൻ അനുവാദം ഇല്ലാതിരുന്നതിനാൽ എന്റെ അമ്മ ഉൾപ്പെടെ സ്ത്രീകളാരും അപ്പോൾ കല്ലറയുടെ അടുത്തു വന്നില്ല.

ശാബത് തുടങ്ങിയതിനാൽ, യഹൂദ ക്രമപ്രകാരം മൃതദേഹം ഒരുക്കി സുഗന്ധതൈലം പൂശുവാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. മഗ്ദലന മറിയവും സലോമിയും കൂടി ജെറുസലേം പട്ടണത്തിലേക്ക് ഓടി കടകൾ അടയ്ക്കുന്നതിനു മുമ്പ് സുഗന്ധദ്രവ്യങ്ങൾ വാങ്ങി ബദാന്യയിൽ പോയി. എന്റെ അമ്മയേയും കൂട്ടി യോഹന്നാൻ അവിടേക്ക് നേരത്തെ തന്നെ പോയി. ശാബത് ദിനം മുഴുവനും വിലാപവും ജാഗരണവും നടത്തി പ്രാർത്ഥനയോടെ ലാസറിന്റെ ഭവനത്തിൽ കഴിച്ചുകൂട്ടി.

യഹൂദാ പുരോഹിതന്മാരും മൂപ്പന്മാരും എന്റെ മരണത്തിന്റെ സമയത്ത് ദേവാലയത്തിന്റെ മറശ്ശീല കീറിയത്, ഭൂമികുലുക്കം, അന്ധകാരം എന്നിവ കണ്ടു വളരെയേറെ ഭയപ്പെട്ടിരിക്കുന്നു. തന്നെയല്ല ഞാൻ മൂന്നുദിവസംകൊണ്ട് ദേവാലയം പണിയും എന്ന് പറഞ്ഞതും മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കും എന്ന് പറഞ്ഞത് എല്ലാം സംഭവിക്കുമെന്ന ഭയം ഉണ്ടായി. അവർ നേരത്തെ കൂടിയാലോചിച്ച് തീരുമാനിച്ച പ്രകാരം കാവൽക്കാരായി റോമൻ പട്ടാളക്കാരെ വിട്ടുകിട്ടാൻ പീലാത്തോസിനെ സമീപിച്ചു ഇങ്ങനെ പറഞ്ഞു, "യജമാനനെ, ആ ചതിയൻ ജീവനോടെ ഇരിക്കുമ്പോൾ മൂന്നു നാൾ കഴിഞ്ഞിട്ട് ഞാൻ ഉയിർത്തെഴുന്നേൽക്കും എന്ന് പറഞ്ഞ പ്രകാരം ഞങ്ങൾക്ക് ഓർമ്മവന്നു. അതുകൊണ്ട് അവന്റെ ശിഷ്യന്മാർ ചെന്ന് അവൻ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴുന്നേറ്റു എന്നു ജനത്തോട് പറയുകയും ഒടുവിലത്തെ ചതിവ് മുമ്പിലെ ത്തെതിലും വിഷമമായി തീരുകയും ചെയ്യാതിരിക്കാൻ , മൂന്നാം നാൾ വരെ കല്ലറ ഉറപ്പാക്കുവാൻ കല്പിക്കേണ മേ."(മത്തായി 27: 62– 66). പിലാത്തോസ് അവരോട് "കാവൽ കൂട്ടത്തെ തരാം, പോയി നിങ്ങളാൽ ആവുന്നിടത്തോളം ഉറപ്പുവരു ത്തുവിൻ" എന്ന് പറഞ്ഞു. അങ്ങനെ അവർ ചെന്ന് കല്ലിനു മുദ്രവെച്ചു കാവൽ കൂട്ടത്തെ നിർത്തി കല്ലറ ഉറപ്പാക്കി.

അരിമത്യക്കാരൻ യൗസേപ്പിന്റെയും നിക്കോദിമോസ്സിന്റെയും ധൈര്യം കണ്ട് ഞാൻ സന്തോഷിച്ചു. അവരെ സംഘത്തിൽ നിന്ന് പുറത്താക്കുക മാത്രമല്ല, ഒരുപക്ഷേ എന്തെങ്കിലും കള്ളക്കേസുണ്ടാക്കി ജയിലിലടയ്ക്കാനും സാധ്യതയുണ്ടെന്ന് ഞാൻ കാണുന്നു. പക്ഷേ അവർ മുഖാന്തരം ഗമാലിയേൽ ഉൾപ്പെടെ അനേകം യഹൂദ പ്രമാണിമാർ എന്റെ പുനരുദ്ധാനത്തോടെ എന്നിൽ വിശ്വസിച്ച എന്റെ ശിഷ്യന്മാർ ആകും എന്ന് എനിക്ക് ഉറപ്പുണ്ട്.

പത്രോസ് ഉൾപ്പെടെ എന്റെ ശിഷ്യന്മാർ എല്ലാവരും ഞാൻ നേരത്തെ പറഞ്ഞതനുസരിച്ച് യഹൂദന്മാരാൽ പിടിക്കപ്പെടാതിരിക്കാൻ മറ്റു വിശ്വസ്ത യഹൂദ ക്രിസ്ത്യാനി സഹോദരങ്ങളുടെ ഭവനങ്ങളിൽ ഒളിച്ച് താമസിക്കുന്നുണ്ടായിരുന്നു.

എന്നെ രക്ഷപ്പെടുത്തി കൊണ്ടു പോകാൻ വന്നിരുന്ന ഗ്രീക്ക യഹൂദന്മാർ ഫിലാഡൽഫിയായിൽ ലാസറിനോടൊപ്പം അഭ്നേരിന്റെ ഭവനത്തിലും താമസിച്ചിരുന്നു. ഇവരെല്ലാം തമ്മിൽ ആശയവിനിമയത്തിനായി യാക്കോബിന്റെ ചുമതലയിൽ രഹസ്യ ദൂതന്മാർ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയാമല്ലോ. എന്റെ കൂടെ ക്രൂശിക്കപ്പെട്ടവരുടെ മൃതദേഹങ്ങൾ ഏറ്റുവാങ്ങാൻ ആൾ ഇല്ലാതിരുന്നതിനാൽ പട്ടാളക്കാർ തന്നെ അവ ചുമന്നുകൊണ്ട് ഹിന്നോം താഴ്വരയിൽ (ഗേഹന്ന) കൊണ്ടുപോയിരുന്നു.

## ശനിയാഴ്ച വലിയ ശാബത് ദിനം

ഏകദേശം പത്ത് ലക്ഷം യഹൂദന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പെസഹ പെരുന്നാളിന് യെരുശലേമിൽ വന്നിരുന്നു. ഒരാഴ്ച നീണ്ടുനിൽക്കുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിന് ആദ്യ ദിവസം തന്നെ ഞാൻ ക്രൂശിക്കപ്പെട്ടു അടക്കപ്പെട്ടു മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുമ്പോൾ ലോകത്തിന്റെ നാനാഭാഗത്തേയും ആളുകൾക്കിടയിൽ എന്നെ പറ്റിയുള്ള സന്ദേശം പ്രചരിക്കപ്പെടുമെന്നതിനാൽ ഞാൻ സന്തോഷിച്ചു.

എന്നെ അറിയാതെയും വിശ്വസിക്കാൻ ഇടയാകാതെയും മരിച്ചുപോയ മനുഷ്യരുടെ ആത്മാക്കൾ എന്റെ രണ്ടാമത്തെ വരവു വരെ താമസിക്കുന്ന പാതാളത്തിലേക്ക് (Sheol)ആണ് ഞാൻ ശനിയാഴ്ച പോയത്. അവിടെ ഉള്ളവർ എന്റെ സ്വർഗ്ഗരാജ്യ സന്ദേശം

കേൾക്കുവാനും വിശ്വസിക്കുവാനും, എന്നെ കേൾക്കുവാൻ തയ്യാറായി മുന്നോട്ടുവന്ന ഒരു കൂട്ടം ആത്മാക്കളോട് പറഞ്ഞുകൊടുത്ത് ആവശ്യമായ ക്രമീകരണം ചെയ്യുകയായിരുന്നു. എന്നോടൊപ്പം ക്രൂശിക്കപ്പെട്ട ഒരു കള്ളന്റെയും യൂദായുടെയും ഉൾപ്പെടെ അനേകം ആത്മാക്കളുടെ വിവിധ കൂട്ടങ്ങളെ ഞാൻ അന്ന് പാതാളത്തിൽ സന്ദർശിച്ച് അവരോടെല്ലാം ദൈവരാജ്യസുവിശേഷം അറിയിച്ചു. എന്നിൽ വിശ്വസിക്കുന്നവർക്ക് പറുദീസയിലേക്ക് കടന്നുവരാൻ വേണ്ട സംവിധാനവും ഞാനവിടെ ഏർപ്പെടുത്തി.(1 പത്രോസ് 4: 6; 3: 19).

(കൂടുതൽ വായനയ്ക്ക്" യേശുവിന്റെ ആത്മകഥ വാല്യം രണ്ട് അധ്യായം 28,"ഞാൻ മരിച്ചവരെ ഉയർപ്പിച്ച രണ്ട് അനുഭവങ്ങൾ" കാണുക).

10–3–2021.

## അദ്ധ്യായം 100

# കണ്ടാലും ഞാൻ ഉയർത്തെഴുന്നേറ്റു! പലർക്കും പ്രത്യക്ഷനായി!

**മത്തായി 28: 1– 15; മർക്കോസ് 16: 1 –11; ലൂക്കോസ് 24: 1– 12; യോഹന്നാൻ 20: 1– 18**

പാതാളത്തിലും പറുദീസയിലുമായി ശരീരം ഇല്ലാതെ 36 മണിക്കൂർ നേരത്തെ സന്ദർശനം കഴിഞ്ഞ് ഞാൻ തിരിച്ചെത്തി, ഞായറാഴ്ച പുലർച്ചെ മൂന്ന് മണിയോടെ എന്റെ കബറിനകത്ത് പ്രവേശിച്ചു. അവിടെ എന്റെ മൃതദേഹം യാതൊരു വ്യത്യാസവും വരാതെ കിടപ്പുണ്ടായിരുന്നു. സ്വർഗ്ഗപിതാവിന്റെ പ്രത്യേക കല്പനയാൽ ആ മൃതദേഹം പെട്ടെന്ന് തന്നെ രൂപാന്തരം പ്രാപിച്ചു. എന്റെ ആത്മാവ് പുതിയ ശരീരത്തിൽ പ്രവേശിച്ചു. എന്റെ ശരീരം ദ്രവത്വം കാണുകയില്ലെന്ന പ്രവചനം അങ്ങനെ പൂർത്തിയായി. (സങ്കീർത്തനം 16: 10). ഇതാണ് പുനരുദ്ധാനം! ചരിത്രത്തിലാദ്യമായി നടക്കുന്ന അത്ഭുതകരമായ സംഭവം! എന്റെ പുതിയ ശരീരത്തിന് ഭാരമില്ലായ്മയും എല്ലാ തടസ്സങ്ങളും മറികടന്ന് എപ്പോഴും എവിടെയും ആവശ്യാനുസരണം പ്രത്യക്ഷമാകാനും അപ്രത്യക്ഷമാകാനുമുള്ള കഴിവുണ്ടായതിനാൽ ഞാൻ പുറത്തിറങ്ങി അനേകർക്ക് പ്രത്യക്ഷ പ്പെടാൻ തീരുമാനിച്ചു. ഇപ്രകാരമുള്ള പുതിയ ശരീരം നിങ്ങൾക്ക് ലഭിക്കണമെങ്കിൽ നിങ്ങൾ മരിച്ചുകഴിഞ്ഞ് നിങ്ങളുടെ ശരീരം ജീർണിച്ച് മണ്ണിൽ ലയിച്ചുചേരണം. അന്ത്യന്യായവിധിനാളിൽ നിങ്ങൾക്കും ഇതുപോലുള്ള പുതിയശരീരം ലഭിക്കും.

എന്റെ ശരീരം പൊതിഞ്ഞിരുന്ന തുണി അവിടെ ഉപേക്ഷിച്ചു തലയിലും മുഖത്തുമായി പൊതിഞ്ഞിരുന്ന റുമാൽ (തുവാല) ഞാൻ നല്ലതുപോലെ മടക്കി അവിടെ പ്രത്യേകം മാറ്റിവെച്ചു. ഞാൻ രണ്ടാമതും വരും എന്നതിന് ഒരു അടയാളം കൂടി ആയിരുന്നു അത്. യഹൂദന്മാർ

ഭക്ഷണത്തിനിടയിൽ എന്തെങ്കിലും ആവശ്യത്തിന് എഴുന്നേറ്റ് പോകുമ്പോൾ, തുവാല മടക്കി വെച്ചിട്ടുണ്ടെങ്കിൽ, തിരിച്ചു വന്ന് ഭക്ഷണം കഴിക്കും എന്ന സൂചനയാണ് നൽകുന്നത്. അതുവരെയും വിളമ്പുകാർ അരകെട്ടി കാത്തു നിൽക്കുന്നത് പോലെ, നിങ്ങളും എന്റെ രണ്ടാമത്തെ വരവിനുവേണ്ടി കാത്തുനിൽക്കേണ്ടവരാണ് എന്ന സൂചനയാണ് അതുവഴി നൽകിയത്.

ഞായറാഴ്ച അതിരാവിലെ എന്നെ സുഗന്ധവർഗ്ഗം പൂശുവാനായി മഗ്ദലനമറിയം, ലാസറിന്റെ സഹോദരി മറിയ, എന്റെ അമ്മയുടെ സഹോദരി ശലോമി, ക്ലൂസയുടെ ഭാര്യ യോഹന്നാ എന്നീ സ്ത്രീകൾ കബറിങ്കലേക്ക് പുറപ്പെടുന്നത് ഞാനറിഞ്ഞു. ശാബത് ആയതിനാൽ യഹൂദൻമാരുടെ പതിവുപോലെ വിലാപം നടത്തുവാനോ, എന്റെ മൃതദേഹം പരിമളതൈലം കൊണ്ട് അഭിഷേകം ചെയ്യുവാനോ അവർക്ക് നേരത്തെ സാവകാശം ലഭിക്കാതിരുന്നതിനാലാണ് അവർ അതിനുവേണ്ടി ഒരുങ്ങിയത്. അവരുടെ കൂട്ടത്തിൽ നിന്നും മഗ്ദലനമറിയം മുന്നോട്ട് ഓടിവരുന്നത് ഞാൻ കണ്ടു.

കല്ലറവാതിൽ ഭദ്രമായി അടഞ്ഞിരിക്കുകയും കാവൽക്കാർ ഉറങ്ങുന്നതും കണ്ടു അവൾ വിഷമിക്കുകയായിരുന്നു. ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് പെട്ടെന്ന് ഒരു ഭൂകമ്പമുണ്ടായി. കാവൽക്കാരും സ്ത്രീകളും ഞെട്ടിത്തെറിച്ചു. സ്വർഗത്തിൽ നിന്നും ഒരു മാലാഖ വന്നു കല്ലറയുടെ മൂടിക്കല്ലുരുട്ടിമാറ്റി. കാവൽക്കാർ അത് കണ്ട് ബോധംകെട്ടു നിലത്തുവീണു. കല്ലറ തുറക്കുന്നതിനു മുൻപ് തന്നെ ഞാൻ അദൃശ്യനായി പുറത്തു കടന്നിരുന്നു. മഗ്ദലനമറിയ വളരെ ഭയത്തോടെ കല്ലറയുടെ വാതിൽക്കൽ ചെന്ന് അകത്തേക്ക് എത്തിനോക്കി. എന്റെ ശരീരം കാണാതെ തുണി മാത്രം കിടക്കുന്നത് കണ്ടു പരിഭ്രമിച്ച് ഓടിപ്പോയി, സുഗന്ധവർഗ്ഗവുമായി വന്നിരുന്ന ശേഷം സ്ത്രീകളോട് വഴിയിൽവെച്ച് മൃതദേഹം കാണുന്നില്ലെന്ന് വിളിച്ചുപറഞ്ഞു, അവൾ ശിഷ്യന്മാരെ അറിയിക്കുവാൻ മാളികയിലേക്ക് ഓടിപോയി. സ്ത്രീകളും വേഗം നടന്നു കല്ലറക്കൽ എത്തി. അവർ നോക്കുമ്പോൾ, മിന്നലിനോട് സദൃശ്യമായ പ്രകാശവസ്ത്രം ധരിച്ച ഒരാൾ വാതിൽക്കൽ ഇരിക്കുന്നത് കണ്ടു. കാവൽക്കാരും അവനെ കണ്ടു മരിച്ചവരെപ്പോലെ ആയി. ദൂതൻ സ്ത്രീകളോട് ഇങ്ങനെ പറഞ്ഞു," ഭയപ്പെടേണ്ട, ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു അവൻ ഇവിടെ ഇല്ല. താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു. അവൻ കിടന്ന സ്ഥലം വന്നു കാണ്മിൻ. അവൻ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴുന്നേറ്റു

എന്ന് വേഗം ചെന്ന് അവന്റെ ശിഷ്യന്മാരോട് പറയുക. അവൻ നിങ്ങൾക്കു മുൻപേ ഗലീലയിലേക്ക് പോകുന്നു അവിടെ നിങ്ങൾ അവനെ കാണും. ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു."എന്ന് പറഞ്ഞു. ദൂതൻ പറഞ്ഞത് കാവൽക്കാരും കേട്ടു. സ്ത്രീകൾ ഓടി പോകുന്നത് കണ്ടപ്പോൾ അവർക്ക് അത്ര വിശ്വാസം വന്നതായി എനിക്ക് തോന്നിയില്ല. ഞാൻ തന്നെ അവർക്ക് ആദ്യമായി പ്രത്യക്ഷപ്പെട്ട് ഇങ്ങനെ പറഞ്ഞു," നിങ്ങൾക്ക് സമാധാനം". ഉടനെ അവർ എന്നെ തിരിച്ചറിഞ്ഞു എന്റെ കാൽക്കൽ വീണു നമസ്കരിച്ചു. "ഭയപ്പെടേണ്ട, നിങ്ങൾ പോയി എന്റെ സഹോദരന്മാരോട് ഗലീലയിലേക്ക് പോകുവാൻ പറയുക. അവിടെ അവർ എന്നെ കാണും"എന്ന് പറഞ്ഞു.

അവർ പോയതിനു പിന്നാലെ കാവൽ കൂട്ടത്തിൽ ചിലർ അവിടെ സംഭവിച്ചതെല്ലാം മഹാപുരോഹിതന്മാരുടെ അടുത്ത് ചെന്ന് അറിയിച്ചു. അവർ ഒന്നിച്ചു കൂടി മൂപ്പന്മാ രുമായി ആലോചന കഴിച്ചിട്ട് പടയാളികൾക്ക് വേണ്ടുവോളം പണം കൊടുത്തു. എന്നിട്ട് ഇങ്ങനെ പറഞ്ഞു,"യേശുവിന്റെ ശിഷ്യന്മാർ രാത്രിയിൽ വന്നു ഞങ്ങൾ ഉറങ്ങുമ്പോൾ അവനെ കട്ടുകൊണ്ടുപോയി എന്നു പറയുവിൻ. വസ്തുത നാടുവാഴിയുടെ സന്നിധാനത്തിൽ എത്തി എങ്കിലോ ഞങ്ങൾ അവനെ സമ്മതിപ്പിച്ചു നിങ്ങളെ നിർഭയരായി കൊള്ളാം."പടയാളികൾ പണം വാങ്ങി ഉപദേശപ്രകാരം ചെയ്തു ഈ കഥ ഇന്നുവരെ യഹൂദന്മാരുടെ ഇടയിൽ നടപ്പായിരിക്കുന്നു. (മത്തായി 28: 1– 15).

ആദ്യം കല്ലറക്കൽ എത്തി ഒഴിഞ്ഞ കല്ലറ കണ്ട കാര്യം ശിഷ്യന്മാരോട് മറിയം പറഞ്ഞത് അവർ വിശ്വസിച്ചില്ല. അവൾ ദിവാസ്വപ്നം കണ്ടു ഭ്രാന്ത് പറയുകയാണെന്ന് അവർ കരുതി,കുറെ നേരം അവിടെ തന്നെ ഒളിച്ചിരുന്നു. മഗ്ദലനമറിയം വീണ്ടും തിരിച്ച് ഓടി കല്ലറയുടെ അടുക്കലെത്തി ആരെയും കാണാതെ കുറച്ചുനേരം കരഞ്ഞുകൊണ്ട് നിന്നു. അവൾ കല്ലറ വാതിൽക്കലെത്തി നോക്കിയപ്പോൾ എന്റെ ശരീരം കിടന്നിടത്ത് വെള്ളവസ്ത്രം ധരിച്ച രണ്ട് ദൂതന്മാർ, ഒരാൾ തലയ്ക്കലും ഒരാൾ കാൽക്കലും ഇരിക്കുന്നത് കണ്ടു. അവർ അവളോട്,"സ്ത്രീയെ നീ കരയുന്നത് എന്ത്?"എന്ന് ചോദിച്ചു. എന്റെ കർത്താവിനെ ആരോ എടുത്തുകൊണ്ടുപോയി, എവിടെ വെച്ചു എന്ന് ഞാൻ അറിയുന്നില്ല എന്ന് അവൾ അവരോട് പറഞ്ഞു. അവൾ പിന്നോക്കം തിരിഞ്ഞപ്പോൾ എന്നെ കണ്ടെങ്കിലും ഞാൻ ആരാണെന്ന് അവൾ അറിഞ്ഞില്ല."സ്ത്രീയെ നീ കരയുന്നത് എന്ത്? ആരെ തിരയുന്നു?" എന്ന് ഞാൻ ചോദിച്ചു. ഞാൻ തോട്ടക്കാരൻ ആണെന്ന് കരുതി," യജമാനനെ, നീ അവനെ

എടുത്തുകൊണ്ടുപോയി എങ്കിൽ അവനെ എവിടെ വെച്ചു എന്ന് പറഞ്ഞു തരിക. ഞാനവനെ എടുത്തുകൊണ്ടുപോയി കൊള്ളാം"എന്ന് പറഞ്ഞു.

അവൾക്ക് ഒറ്റയ്ക്ക് എന്റെ മൃതദേഹം എടുത്തു കൊണ്ടു പോകാൻ കഴിയില്ലെന്ന് അറിയാമെങ്കിലും എന്നോടുള്ള അവളുടെ സ്നേഹം ആ വാക്കുകളിലൂടെ എനിക്ക് മനസ്സിലായി. ഞാനെന്നെ തന്നെ അവൾക്ക് വെളിപ്പെടുത്തുവാൻ "മറിയേ" എന്ന് വിളിച്ചു. ഉടനെ അവൾക്ക് എന്നെ മനസ്സിലായി. എന്റെ ഗുരുവേ എന്നർത്ഥമുള്ള "റബ്ബൂനി" എന്ന് എബ്രായ ഭാഷയിൽ എന്നെ വിളിച്ചു കൊണ്ട് ആരാധനയോടെ വന്ദിക്കുവാൻ എന്റെ നേരെ കൈ നീട്ടി. ഉടനെ ഞാൻ അവളോട് പറഞ്ഞു," എന്നെ തടയരുത്. ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറി പോയിട്ടില്ല. എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്ന്,എന്റെ പിതാവും നിങ്ങളുടെ പിതാവും, എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കലേക്ക് ഞാൻ കയറി പോകുന്നു എന്ന് അവരോട് പറയുക."അത് അവൾ കേട്ട് വളരെ സന്തോഷത്തോടെ ഓടി പോയി വീണ്ടും ശിഷ്യന്മാരെ അറിയിച്ചു. (യോഹന്നാൻ 20: 11– 18).

രണ്ടാം പ്രാവശ്യവും മഗ്ദലനമറിയം വന്നു പറഞ്ഞപ്പോൾ, പത്രോസും യോഹന്നാനും കല്ലറയ്ക്കൽ  നേരിട്ട് ചെന്ന് കാണുവാൻ മുറിക്ക് പുറത്ത് ഇറങ്ങി ഓടി. യോഹന്നാൻ ആദ്യം എത്തിയെങ്കിലും  കുനിഞ്ഞു നോക്കി ശീലകൾ മാത്രം കിടക്കുന്നത് കണ്ടു. പത്രോസ് എത്തുന്നതുവരെ അകത്തു കടന്നില്ല. പത്രോസും ഓടിയെത്തിയപ്പോൾ  രണ്ടുപേരും കല്ലറയിൽ പ്രവേശിച്ചു ശീലകൾ കിടക്കുന്നതും എന്റെ തലയിൽ ചുറ്റിയിരുന്ന റൂമാൽ, കേത്താന ശീലയോട് കൂടികിടക്കാതെ വേറിട്ടൊരിടത്ത് ചുരുട്ടി വെച്ചിരിക്കുന്നത് കണ്ടു. രണ്ടുപേരും അത് കണ്ടു വിശ്വസിച്ച് മടങ്ങി പോയി. (യോഹന്നാൻ 20: 1– 10).

ഞാൻ ഉയർത്തെഴുന്നേറ്റ അന്നുതന്നെ പ്രത്യക്ഷപ്പെട്ടവരിൽ എല്ലാവരും തന്നെ എന്നെ പൂർണ്ണമായി സ്നേഹിച്ചിരുന്നവരും വിശ്വസിച്ചിരുന്നവരും എന്റെ ഉപദേശങ്ങൾ അനുസരിച്ചിരുന്നവരുമായിരുന്ന യഹൂദന്മാർ തന്നെയായിരുന്നു. എന്നാൽ ലോകം മുഴുവനും എന്റെ സന്ദേശം എത്തിക്കുവാൻ ഇനിയും അനേകർക്ക് പ്രത്യക്ഷപ്പെടണം എന്ന് ഞാൻ തീരുമാനിച്ചു. സ്വർഗത്തിലേക്ക് കരേറി പോകുന്നതിനു മുൻപ് പല ദിവസങ്ങളിലായി പലർക്കായിപലസ്ഥലത്ത്വച്ച്ഞാൻഅങ്ങനെപ്രത്യക്ഷപ്പെടുകയുണ്ടായി. ആ വിവരണങ്ങൾ പൂർണമായും ആരും എഴുതി വെച്ചിട്ടില്ല. ശിഷ്യന്മാർ

എഴുതിയ സുവിശേഷങ്ങളിൽ പൂർണ്ണതയില്ല എന്ന കാര്യം അവർ സൂചിപ്പിച്ചിട്ടുണ്ടല്ലോ. എന്റെ പ്രിയശിഷ്യനായ യോഹന്നാൻ ആണ് വ്യക്തമായിട്ട് ഇങ്ങനെ എഴുതിയത്,"ഈ പുസ്തകത്തിൽ എഴുതിയതല്ലാതെ മറ്റ് അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു."(യോഹന്നാൻ 20: 30)."യേശു ചെയ്തത് മറ്റു പലതുമുണ്ട്. അത് ഓരോന്നായി എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നെയും ഒതുങ്ങുകയില്ല എന്ന് ഞാൻ നിരൂപിക്കുന്നു"(യോഹന്നാൻ 21: 25). യോഹന്നാൻ സുവിശേഷത്തിൽ ഇങ്ങനെ എഴുതിയത് അതിശയോക്തിയായി തന്നെ നിങ്ങൾ കരുതിയാൽ മതി. ഞാൻ യാതൊന്നും തന്നെ എഴുതിയില്ല എന്ന് മാത്രമല്ല, എന്തെങ്കിലും എഴുതി വയ്ക്കുവാൻ ആരോടും ആവശ്യപ്പെട്ടുമില്ല. ഞാൻ പിതാവിൽനിന്ന് ആജ്ഞ സ്വീകരിച്ച് നിങ്ങളുടെ രക്ഷയ്ക്ക് വേണ്ടി നിങ്ങൾ എപ്രകാരം ജീവിക്കണം എന്ന് നിങ്ങൾക്ക് ജീവിച്ചു കാണിച്ചു തരികയായിരുന്നുവല്ലോ. അതുതന്നെയാണ് യോഹന്നാൻ തന്റെ സുവിശേഷങ്ങളിലൂടെയും എഴുത്തുകളിലൂടെയും ചെയ്തത്. യോഹന്നാൻ എഴുതുന്നത് കാണുക, "യേശു ദൈവപുത്രനായ ക്രിസ്തു എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിനും, വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിന്നും ഇത് എഴുതിയിരിക്കുന്നു.". (യോഹന്നാൻ 20: 31). ലൂക്കോസ് ഇങ്ങനെ എഴുതിയത് നിങ്ങൾ ശ്രദ്ധിച്ചു കാണുമല്ലോ,: "അവൻ കഷ്ടം അനുഭവിച്ചശേഷം 40 നാളോളം അവർക്ക് പ്രത്യക്ഷനായി ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ട് താൻ ജീവിച്ചിരിക്കുന്നു എന്ന് അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്ക് കാണിച്ചു കൊടുത്തു."(അ.പ്ര.1:2,3).

അങ്ങനെ 40 ദിവസങ്ങൾ കൂടി ഈ ഭൂമിയിൽ തന്നെ വസിച്ചു, എന്നെ സ്വീകരിക്കുവാനും എന്റെ പ്രത്യക്ഷപ്പെടൽ കണ്ട് വിശ്വസിക്കുവാനും സാധ്യതയുള്ളവരെ സന്ദർശിക്കുവാൻ പദ്ധതിയൊരുക്കി. എന്നെ ശത്രുവായി കരുതി ക്രൂശിക്കുവാൻ നേതൃത്വം നൽകിയ ആർക്കും തന്നെ ഞാൻ പ്രത്യക്ഷപ്പെട്ടില്ല എന്ന് നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. നിങ്ങളുടെ ലൗകിക കാഴ്ചപ്പാടിൽ, ക്രൂശിക്കുവാൻ മുൻകൈയെടുത്ത മഹാപുരോഹിതർ, പരീശന്മാർ, ശാസ്ത്രിമാർ, പട്ടാളക്കാർ, പീലാത്തോസ്,ഹെരോദാവ് എന്നിവർക്കായി പ്രത്യക്ഷപ്പെട്ടു, അവരുടെ മുൻപാകെ വീരവാദം മുഴക്കണമെന്ന് ഒരുപക്ഷേ നിങ്ങൾ പറയുമെന്ന് എനിക്കറിയാം.

അങ്ങനെ ഞാൻ ചെയ്യുന്നതുകൊണ്ട് അവരുടെ ഹൃദയം കഠിനമായി, എന്നോടും എന്നെ അനുഗമിക്കുന്നവരോടുമുള്ള ശത്രുത

കൂട്ടതലായിതീരും എന്ന് ഞാൻ മനസ്സിലാക്കുന്നു. ഞാൻ ഉയർത്തെഴുന്നേറ്റു എന്ന് കാവൽ പട്ടാളക്കാരിൽ നിന്നും അറിഞ്ഞ പ്രമാണിമാർ എന്റെ ജഡം ശിഷ്യന്മാർ മോഷ്ടിച്ചുകൊണ്ടുപോയി എന്ന് പ്രചരിപ്പിക്കാനായി, പ്രത്യേകം ദൂതന്മാരെ പണം കൊടുത്തു യെരുശലേമിലും പരിസര ഗ്രാമങ്ങളിലും നിയോഗിച്ചതായും ഞാനറിഞ്ഞു. തന്നെയല്ല ഞാൻ പ്രത്യക്ഷപ്പെട്ടത് കണ്ടതായി ആരെങ്കിലും പറയുന്നുണ്ടെങ്കിൽ അവരെ ഉടനെ പിടിച്ചുകെട്ടി സന്നദ്രിം സംഘത്തിന്റെ മുൻപാകെ എത്തിക്കുവാൻ ദേവാലയ ഭടന്മാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

ആയതിനാൽ എന്റെ ശിഷ്യന്മാർ എല്ലാം പല രഹസ്യ സ്ഥലങ്ങളിലായി ഒളിച്ചിരുന്ന് പ്രാർഥനയിൽ കഴിയുകയാണ്. എന്നെ കണ്ടിട്ടും ചിലർക്ക് പൂർണ്ണ വിശ്വാസം വന്നിട്ടി ല്ലാത്തതിനാൽ കൂടുതൽ പേർക്ക് ഞാൻ പ്രത്യക്ഷപ്പെടാൻ തീരുമാനിച്ചു.

## എമ്മാവൂസിലെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു.

ഞാൻ ഉയർത്തെഴുന്നേറ്റ അന്ന് തന്നെ എന്റെ പുനരുദ്ധാന വാർത്ത കേട്ട രണ്ട് ശിഷ്യർ, എന്റെ വളർത്തുപിതാവിന്റെ സഹോദരൻ ക്ലേയൊപാവും ഭാര്യ മറിയയും കൂടി, യെരുശലേമിൽ നിന്ന് 10 കിലോമീറ്റർ ദൂരത്തുള്ള എമ്മാവൂസ്സിലേ അവരുടെ ഭവനത്തിലേക്ക് നടന്നു പോവുകയായിരുന്നു. എന്റെ ക്രൂശുമരണവും കബറടക്കവും പുനരുദ്ധാനവും ഒക്കെയായിരുന്നു അവരുടെ ചർച്ചാവിഷയം. അവർ അങ്ങനെ പല കാര്യങ്ങളെ കുറിച്ചും സംസാരിച്ചു നടന്നു കൊണ്ടിരുന്നപ്പോൾ ഞാൻ അപരിചിതനെപോലെ അടുത്തുചെന്ന് അവരോട് ചേർന്ന് നടന്നു. എന്നെ തിരിച്ചറിയാതെ വണ്ണം അവരുടെ കണ്ണുകൾ ഞാൻ നിരോധിച്ചിരുന്നു. നിങ്ങൾ തമ്മിൽ സംസാരിക്കുന്ന കാര്യം എന്താണെന്ന് ഞാൻ ചോദിച്ചപ്പോൾ അവർ വാടിയ മുഖത്തോടെ എന്നെ നോക്കി, ഇങ്ങനെ ചോദിച്ചു,"യെരുശ ലേമിലെ പരദേശികളിൽ നീ മാത്രം ഈ നാളുകളിൽ അവിടെ സംഭവിച്ച കാര്യം അറിയാതെ ഇരിക്കുന്നുവോ?"ഏതു കാര്യം എന്ന് ഞാൻ ചോദിച്ചപ്പോൾ ക്ലേയൊപാവ് പറഞ്ഞു, "ദൈവത്തിനും സകല ജനത്തിനും മുൻപാകെ സകലപ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകൻ ആയിരുന്ന നസ്രായനായ യേശുവിനെക്കുറിച്ച് തന്നെ.

നമ്മുടെ മഹാപുരോഹിതന്മാരും പ്രമാണിമാരും അവനെ

മരണവിധിക്ക് ഏൽപ്പിച്ച ക്രൂശിച്ചു. ഞങ്ങളോ, അവൻ ഇസ്രായേലിനെ വീണ്ടെടുക്കാനുള്ളവൻ എന്ന് ആശിച്ചിരുന്നു. അത്രയുമല്ല, ഇത് സംഭവിച്ചിട്ട് ഇന്ന് മൂന്നാംനാൾ ആകുന്നു. ഞങ്ങളുടെ കൂട്ടത്തിൽ ചില സ്ത്രീകൾ രാവിലെ കല്ലറക്കൽ പോയി അവന്റെ ശരീരം കാണാതെ മടങ്ങി വന്നു, അവൻ ജീവിച്ചിരിക്കുന്നു എന്ന് പറഞ്ഞ ദൂതന്മാരുടെ ദർശനം കണ്ടു എന്ന് പറഞ്ഞ് ഞങ്ങളെ ഭ്രമിപ്പിച്ചു. ഞങ്ങളുടെ കൂട്ടത്തിൽ ചിലർ കല്ലറക്കൽ പോയി സ്ത്രീകൾ പറഞ്ഞതുപോലെ തന്നെ കണ്ടു, അവനെ കണ്ടില്ല താനും."

ഇത്രയും ഞാൻ കേട്ടു കഴിഞ്ഞ് അവരോട് ഇങ്ങനെ പറഞ്ഞു," അയ്യോ ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളെ, ക്രിസ്തു ഇങ്ങനെ കണ്ടിട്ടും അനുഭവിച്ചിട്ടും മഹത്വത്തിൽ കടക്കേണ്ടത് അല്ലയോ...... എന്നിങ്ങനെ വിവരിച്ച് പറഞ്ഞു. (ലൂക്കോസ് 24: 13– 35). ആ ശിഷ്യന്മാരുടെ കൂടെ നടന്ന സംഭവം വിശദമായി ലൂക്കോസ് എഴുതിയത് വായിക്കുക. അതിലെ ചില പ്രധാന കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുകയാണ്.

1). എന്റെ ക്രൂശുമരണ സംഭവം മുഴുവൻ നേരിട്ട് കാണുവാൻ തക്കവിധം അവർ എന്നോട് താൽപര്യമുള്ളവരും ഉപദേശങ്ങൾ സ്വീകരിച്ചവരും ആയിരുന്നതിനാൽ അവർക്ക് എന്നെ മനസ്സിലായില്ലെങ്കിലും എന്നെ തന്നെ അവർക്ക് വെളിപ്പെടുത്തണമെന്ന് എനിക്ക് താല്പര്യം ഉണ്ടായിരുന്നു. നിങ്ങൾ അങ്ങനെ അവരെ പോലെ ആണെങ്കിൽ നിങ്ങൾക്കും ഞാൻ എന്നെ തന്നെ വെളിപ്പെടുത്തി തരും.

2) എന്റെ ഉപദേശങ്ങളും പ്രവർത്തനങ്ങളും മരണവും പുനരുദ്ധാനവും എല്ലാം തിരുവചനങ്ങളിൽ ഉള്ളകാര്യം അവരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് ആവശ്യമായിരുന്നു. നിങ്ങളിൽ പലരും തിരുവചനം ശ്രദ്ധയോടെ വായിക്കുന്നതിനും ഗ്രഹിക്കുന്നതിനും വേണ്ടത്ര ശ്രദ്ധിക്കാതെ എന്റെ മനുഷ്യാവതാരവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംശയങ്ങളും തർക്കങ്ങളുമായി കഴിയയരുതെന്ന് ഞാൻ നിങ്ങളോട് ആവശ്യപ്പെടുകയാണ്.

3). വേദപഠനം ശരിയായ വ്യാഖ്യാനത്തോടെ ഉൾക്കൊള്ളാൻ ശ്രമിച്ചാൽ കൂട്ടായ്മയുടെയും അതിഥിസൽക്കാരത്തിന്റെയും അനുഭവത്തിൽ നിങ്ങൾ എത്തിച്ചേരും. അവരുടെ ഭവനത്തിൽ ഭക്ഷണത്തിന് ക്ഷണിച്ചപ്പോൾ തന്നെ അവരുടെ സ്നേഹവും കരുതലും ഞാൻ മനസ്സിലാക്കി. അങ്ങനെ എന്നെ തന്നെ അവർക്ക് വെളിപ്പെടുത്തുവാൻ ഞാൻ തീരുമാനിച്ചു. നിങ്ങളും അപ്രകാരം സ്നേഹവും

സാഹോദര്യവും അതിഥിപ്രിയവും സത്യസന്ധമായി കാണിക്കുന്നവർ ആകു മെങ്കിൽ ഞാനും എന്നെ തന്നെ നിങ്ങൾക്ക് വെളിപ്പെടുത്തിതരും.

4) ഭക്ഷണത്തിന് ഇരുന്നപ്പോൾ തിരുവത്താഴ ത്തിന്റെ അനുഭവം അനുസ്മരിപ്പിച്ചുകൊണ്ട് ഞാൻ അപ്പം എടുത്തു, വാഴ്ത്തി, നുറുക്കി, അവർക്ക് കൊടുത്തപ്പോൾ അവരുടെ കണ്ണുകൾ തുറന്നത് നിങ്ങൾ ശ്രദ്ധിച്ചു കാണുമല്ലോ. നിങ്ങൾ ഓരോ പ്രാവശ്യവും ഭക്ഷണത്തിനിരിക്കുമ്പോൾ എന്റെ തിരുവത്താഴ സമയം ഓർക്കുകയും, ഞായർ ദിനം തോറും ആരാധനയിൽ "അപ്പം നുറുക്കി"പുതിയനിയമബലി ആചരിക്കുകയും, യോഗ്യതയോടെ ഭക്ഷിക്കുകയും വേണം.

5). അപ്പം ഭക്ഷിച്ചപ്പോൾ അവരുടെ കണ്ണു തുറന്നു എന്നെ തിരിച്ചറിഞ്ഞ ഉടനെ ഞാൻ അപ്രത്യക്ഷനായി എങ്കിലും, അവർ ആ രാത്രിയിൽ തന്നെ എഴുന്നേറ്റ് യെരുശലേമിലേക്കു തിരിച്ച് നടന്നെത്തി അപ്പോസ്തോലൻമാരോട് അവരുടെ സാക്ഷ്യം അറിയിച്ചു എന്നത് നിങ്ങൾക്ക് എല്ലാവർക്കും ഒരു മാതൃകയായിരിക്കട്ടെ. എന്നെക്കുറിച്ച് ശരിയായ കാര്യങ്ങൾ മനസ്സിലാക്കാൻ, എന്നോട് കേട്ട് പഠിക്കുകയും അത്താഴം കഴിക്കുകയും ചെയ്യുക മാത്രമല്ല എന്നെപ്പറ്റി അറിഞ്ഞ കാര്യങ്ങൾ മറ്റുള്ളവരുമായി തീക്ഷ്ണതയോടെ പങ്കുവെക്കുന്ന ശീലമുള്ള വരായി തീരുകയും വേണം. തിരുവചനം ശരിയായി പഠിക്കുക , കൂട്ടായ്മ ആചരിക്കുക, അപ്പം നുറുക്കുക, സുവിശേഷം അറിയിക്കുക എന്നിവ ഒന്നിനോടൊന്ന് ചേർന്ന് (അപ്പൊ.പ്രവ.2: 42) പ്രവർത്തിക്കേണ്ട കാര്യങ്ങളാണ് എന്ന് എന്റെ കൂടെ നടക്കുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും.

മറ്റു പലർക്കും പ്രത്യക്ഷപ്പെട്ട കാര്യങ്ങൾ ഞാൻ പിന്നീട് പറയാം.

11-3-2021.

## അദ്ധ്യായം 101

# ഉയിർപ്പിന്ശേഷം 40 ദിവസങ്ങൾ പലസ്ഥലങ്ങളിൽ പ്രത്യക്ഷനായി

1). **പത്രോസിന് മാത്രമായി പ്രത്യക്ഷപ്പെട്ടു**

ശിഷ്യന്മാരെല്ലാം ഭയത്തോടെ കാത്തിരുന്ന സെഹിയോൻ മാളികയുടെ സമീപത്തുണ്ടായിരുന്ന പൂന്തോട്ടത്തിൽ പത്രോസ് ഏകനായിരുന്ന് ചിന്തിക്കുകയായിരുന്നു. അവന്റെ മുഖം കുറ്റബോധം കൊണ്ട് മ്ലാനമായിരുന്നു. എന്നെ തള്ളി പറഞ്ഞ അവനോട് പിണക്ക മായതിനാലാണ് ഞാൻ അവന് പ്രത്യക്ഷപ്പെടാത്തത് എന്ന് അവൻ കരുതി. ഒന്നുകിൽ ഞാനവനോട് ക്ഷമിച്ചിട്ടില്ല, അല്ലെങ്കിൽ ഞാൻ ഉയർത്ത് എഴുന്നേറ്റിട്ടില്ല – ഇങ്ങനെയുള്ള സംശയത്താൽ അവൻ വളരെ ധർമ്മസങ്കടത്തിൽ ആയിരുന്നു. അവന്റെ സംശയവും കുറ്റബോധവും അവനെ വളരെ ഏറെ അലട്ടിയിരുന്നു. യൂദായെ പോലെ അവനെയും അപോസ്തോലഗണത്തിൽ നിന്നും ഞാൻ തള്ളിക്കളഞ്ഞതാണോ എന്ന് പോലും അവൻ ഭയപ്പെട്ടു. ഞാൻ ഒരിക്കൽ അവനെ "സാത്താനെ" എന്നു വിളിച്ച കാര്യം അവന് മറക്കാൻ കഴിയുന്നില്ല. അതെല്ലാം ഓർത്ത് അവൻ തന്നെത്താൻ ശപിച്ചു കൊണ്ടിരിക്കുകയായിരുന്നു.ഞാൻ മഗ്ദലന മറിയത്തോട്, എന്നെ കണ്ട കാര്യം പത്രോസിനോട് പറയണം എന്ന് പ്രത്യേകം പറഞ്ഞത് അവനു ഓർമ്മ വന്നു. അപ്പോൾ അവൻ ചാടി എഴുന്നേറ്റ് ഉറക്കെ ഇങ്ങനെ സ്വയം പറയുന്നത് ഞാൻ അദൃശ്യനായി തന്നെ അവന്റെ അടുത്തുനിന്ന് കേട്ടു.,"ഞാൻ വിശ്വസിക്കുന്നു, യേശു സത്യമായിട്ടും ഉയർത്തെഴുന്നേറ്റു!". ഇത് കേട്ട ഉടനെ ഞാൻ അവനു പ്രത്യക്ഷനായി "പത്രോസ്സേ" എന്നു വിളിച്ചു. എന്നെ കണ്ട ഉടനെ അവൻ വാവിട്ടു നിലവിളിച്ച് എന്റെ കാൽക്കൽ വീണു. ഞാനവനെ എഴുന്നേൽപ്പിച്ച് ഇങ്ങനെപറഞ്ഞു,"പത്രോസ്സേ, നിന്നെ നിരാശപ്പെടുത്തിയത് സാത്താനാണെന്ന് എനിക്കറിയാം. ഞാൻ നിന്റെ ഹൃദയം അറിയുന്നു. നിന്നെ ഉപദ്രവിക്കാൻ ഇനി സാത്താനു കഴിയില്ല. ഞാൻ പാതാളത്തിൽ

ചെന്ന് അവന്റെ കോട്ടകളെ തകർത്തുകളഞ്ഞു. അവനു മനുഷ്യരുടെമേൽ ഇനി ഒരു അധികാരവുമില്ല. പാതാളത്തി ന്റെയും പറുദീസയുടെയും താക്കോലുകൾ ഞാൻ അവനിൽ നിന്നും പിടിച്ചു വാങ്ങി. ഞാൻ സ്വർഗത്തിലേക്ക് കരേറി പോകുന്നതിനു മുൻപ് അത് നിന്നെ ഏൽപ്പിക്കും. അതുകൊണ്ട് ഇനി ഒരിക്കലും ഭയപ്പെടരുത്, നിരാശപ്പെട്ടുകയുമരുത്. നിങ്ങൾ എല്ലാവരെയും നേരിട്ട് കണ്ട് ബലപെടുത്തുവാൻ ഞാൻ വീണ്ടും പ്രത്യക്ഷപ്പെടും."അവൻ മറുപടി പറയുന്നതിന് മുൻപ് തന്നെ ഞാൻ അപ്രത്യക്ഷനായി.

2) **ലാസറിന്റെ ഭവനത്തിൽ**

ഞാൻ പിന്നീട്, എന്റെ അമ്മ താമസിച്ചിരുന്ന ബദാന്യയിലെ ലാസറിന്റെ ഭവനത്തിലെത്തി. അവരും മഗ്ദലനമറിയം പറഞ്ഞത് വിശ്വസിക്കാനാവാതെയും, യഹൂദ പ്രമാണിമാരുടെ കുപ്രചരണം മൂലവും ദുഃഖത്തിലും ധർമ്മസങ്കടത്തിലും കഴിയുകയായിരുന്നു. എന്റെ അമ്മയെ രാവിലെ കല്ലറക്കൽ കൊണ്ടുപോകാൻ ശ്രമിച്ചെങ്കിലും, യഹൂദന്മാരെ ഭയപ്പെട്ടുകൊണ്ട് ഒരു പരീക്ഷണത്തിന് പോകേണ്ട എന്ന് പറഞ്ഞു അമ്മയെ തടഞ്ഞത് മാർത്ത ആയിരുന്നു. ഞാനവിടെ എത്തിയപ്പോൾ ലാസറിനെ ഉയർപ്പിച്ച കല്ലറക്കരികിൽ യാക്കോബ് എന്തോ ചിന്തിച്ചു കൊണ്ട് നിൽക്കുന്നുണ്ടായിരുന്നു. ഞാൻ പിറകെ ചെന്ന് അവന്റെ തോളിൽ തൊട്ടു.

അവൻ തിരിഞ്ഞു നോക്കിയപ്പോൾ എന്നെ കണ്ട ഉടനെ കവിണ്ണു വീണു. ഞാൻ അവനെ പിടിച്ചെഴുന്നേൽപ്പിച്ചു പറഞ്ഞു,"യാക്കോബേ, ഞാൻ നിങ്ങളോട് പറഞ്ഞതുപോലെ ഉയർത്തെഴുന്നേറ്റിരിക്കുന്നു. ഇനിയും ദുഃഖിച്ചിരിക്കാതെ എല്ലാ ശിഷ്യന്മാരെയും കൂട്ടി സെഹിയോൻ മാളികയിൽ എത്തുക. ഞാൻ നിങ്ങൾക്ക് എല്ലാവർക്കുമായി അവിടെ പ്രത്യക്ഷപ്പെടുന്നുണ്ട്. "ഉടൻതന്നെ അവൻ ഒലിവ് മലയിലെ രഹസ്യ സങ്കേതത്തിൽ ഒളിച്ചിരിക്കുന്ന ശിഷ്യന്മാരുടെ അടുത്തേക്ക് പോയി.

ഞാൻ അവന്റെ കാഴ്ചയിൽ നിന്നും മറഞ്ഞു, ലാസറിന്റെ ഭവനത്തിനകത്ത് പ്രവേശിച്ചു. എല്ലാ സ്ത്രീകളും ക്ഷീണിച്ചും തളർന്നും ഭയപ്പെട്ടും പലയിടങ്ങളിലായി പായവിരിച്ച തറയിൽ കിടന്ന് ഉറങ്ങുന്നുണ്ടായിരുന്നു. എന്റെ അമ്മയെ അവർ പ്രത്യേക കട്ടിലിൽ കിടത്തിയിരുന്നു. ഞാൻ ശബ്ദമുണ്ടാക്കാതെ അമ്മയെ തൊട്ടുണർത്തി. അവൾ കണ്ണുതുറന്ന് എന്നെ കണ്ട് ഞെട്ടി എഴുന്നേറ്റു ചാരി ഇരുന്നു. ഞാനും കട്ടിലിൽ തന്നെ ഇരുന്ന് അമ്മയെ നോക്കി ഇങ്ങനെ

പറഞ്ഞു: "അമ്മേ, ഞാൻ മരിച്ചു എങ്കിലും നേരത്തെ പറഞ്ഞതുപോലെ ഉയർത്തെഴുന്നേറ്റിരിക്കുന്നു. ഇനിയും നിങ്ങൾ ദുഃഖിക്കേണ്ടതില്ല. ഞാൻ കുറച്ചു ദിവസം കൂടി നിങ്ങളോടൊപ്പം ഈ ഭൂമിയിൽ വസിച്ചു എന്റെ സ്വർഗ്ഗപിതാവിന്റെ അടുക്കലേക്ക് കയറി പോകും. ഇപ്പോൾ നിങ്ങളെല്ലാവരും ഗലീലയിൽ പോവുക. ഞാൻ അവിടെ വച്ച് വീണ്ടും നിങ്ങളെ കാണുന്നതാണ്. "എന്റെ വാക്കുകൾ കേട്ട് അമ്മയുടെ മുഖം സന്തോഷം കൊണ്ട് നിറഞ്ഞു. അവൾ എന്റെ ശിരസ്സിൽ ചുംബിച്ചു സ്നേഹപൂർവ്വം യാത്രപറഞ്ഞു. ഞാൻ സംസാരിക്കുന്നത് കേട്ട് മറിയയും സലോമിയും അവിടെയുണ്ടായിരുന്ന മറ്റു ശിഷ്യസ്ത്രീകളും അത്ഭുതത്തോടും സന്തോഷത്തോടുകൂടി എന്നെ വണങ്ങി നിന്നു. ലാസറിനെ ഉയർപ്പിച്ച ഞാൻ ഉയിർത്തെഴുന്നേൽക്കും എന്ന് അവരും വിശ്വസിച്ചിരുന്നതായി സഹോദരി മറിയ പറഞ്ഞു. ഞാൻ അവരെ ആശീർവദിച്ചു, ഉടനെ അപ്രത്യക്ഷനായി. മാർത്തയും സലോമിയും ഉടനെ മറ്റു ശിഷ്യരെ അറിയിക്കാനായി പുറപ്പെടുന്നത് കണ്ടു, ഒലിവ് തോട്ടത്തിൽ ശിഷ്യന്മാരെ കാണാതെ തിരിച്ചുവന്ന യാക്കോബ് അവരെ തടഞ്ഞു. എന്നെ കണ്ട വിവരം അവർ പരസ്പരം സന്തോഷത്തോടെ പങ്കുവച്ചു . യാക്കോബ് സ്ത്രീകളെ അകത്തു കയറ്റി ഇരുത്തി ഉടൻതന്നെ സെഹിയോൻ മാളിക മുറിയിൽ എത്തി, ഞാൻ ലാസറിന്റെ ഭവനത്തിൽ പ്രത്യക്ഷപ്പെട്ട വിവരം മറ്റ് ശിഷ്യന്മാരെ അറിയിച്ചു. പത്രോസിന് ഞാൻ പ്രത്യക്ഷപ്പെട്ട വിവരം അവർ നേരത്തെ അറിഞ്ഞിരുന്നു.

### 3). **അരിമത്യക്കാരൻ യൗസേപ്പിന്റെ ഭവനം**

ഞാൻ അവിടെ ചെന്നപ്പോൾ ഏകദേശം 25 ലധികം സ്ത്രീകളും കുറേ പുരുഷൻമാരും അകത്തും പുറത്തുമായി ഉണ്ടായിരുന്നു. യൗസേപ്പ് പ്രമുഖ മന്ത്രി കൂടി ആയിരുന്നതിനാൽ,യഹൂദാ പ്രമാണിമാരിൽ നിന്നും അന്വേഷണം അവന്റെ ഭവനത്തിൽ ഉണ്ടാകില്ലെന്ന പ്രതീക്ഷയോടെ അവർ അവിടെ അഭയം തേടി യതായിരുന്നു. മഗ്ദലന മറിയയും ശിഷ്യസ്ത്രീകളെ ധൈര്യപ്പെടുത്തികൊണ്ട് അവിടെയുണ്ടായിരുന്നു. ഞാൻ അവർക്ക് പ്രത്യക്ഷപ്പെട്ട് ഇങ്ങനെ പറഞ്ഞു,"നിങ്ങൾക്ക് സമാധാനം! കണ്ടാലും,ഇതാ ഞാൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു. സ്വർഗ്ഗരാജ്യത്തിൽ, യഹൂദൻ എന്നോ യവനൻ എന്നോ, പണക്കാരനെന്നോ ദരിദ്രനെന്നോ, പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസം ഉണ്ടാകില്ല. നിങ്ങളെല്ലാവരും എന്റെ മരണത്തിനും പുനരുദ്ധാനത്തിനും സാക്ഷികളായവരാകയാൽ നിങ്ങൾ കഴിയാവുന്ന സ്ഥലങ്ങളിലെല്ലാം പോയി സ്വർഗ്ഗരാജ്യം പ്രസംഗിക്കുകയും വിശ്വസിക്കുന്നവരെ എല്ലാം എന്റെ ശിഷ്യന്മാർ

ആക്കുകയും ചെയ്യുവിൻ. അതോടൊപ്പം രോഗികളെയും അനാഥരെയും ദരിദ്രരെയും സംരക്ഷിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ഞാൻ ലോകാവസാനത്തോളം നിങ്ങളോട് കൂടെ ഉണ്ടാകും. നിങ്ങളെ സഹായിക്കാനായി ഞാൻ പരിശുദ്ധാത്മാവിനെ അയക്കുന്നത് വരെ നിങ്ങൾ ആരും യെരുശലേം വിട്ടു പോകരുത്." കേട്ടുനിന്ന വരെല്ലാം എന്നെ കുമ്പിട്ട് വണങ്ങുന്നത് കണ്ടു ഞാൻ അവരെ ആശിർവദിച്ച ശേഷം അപ്രത്യക്ഷനായി.

### 4) ഗ്രീക്ക് യഹൂദന്മാർക്ക് പ്രത്യക്ഷനായി

ഗ്രീക്കുകാരനായ ഫ്ലാവിയസ് യെരുശലേമിൽ സ്ഥിരതാമസക്കാരനായിരുന്നു. എന്നെ കാണാനും അവരുടെ ദേശത്ത് കൊണ്ടുപോയി സംരക്ഷിക്കുന്നതിനുമായി വന്നിരുന്ന ഗ്രീക്ക് യഹൂദന്മാരെ ഫിലിപ്പോസ് ആണ് ഈ ഭവനത്തിൽ സുരക്ഷിതസ്ഥാനം എന്ന നിലയിൽ താമസിപ്പിച്ചിരുന്നത്. ഇവരും എന്റെ ക്രൂശുമരണത്തിനും ഖബറടക്കത്തിനും സാക്ഷികളായിരുന്നവരാണ്.

എന്നിരുന്നാലും, എന്റെ ഉപദേശങ്ങളും അത്ഭുത പ്രവൃത്തികളും നേരിട്ട് കേൾക്കുവാനും വേണ്ടതുപോലെ വിശ്വസിക്കുവാനും അവരിൽ പലർക്കും കഴിഞ്ഞിട്ടില്ല എന്ന് എനിക്ക് മനസ്സിലായി. അതുകൊണ്ടുതന്നെ അവർക്ക് പ്രത്യക്ഷപ്പെട്ടു അവരെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ ഞാൻ തീരുമാനിച്ചു. ഞാൻ പ്രത്യക്ഷപ്പെട്ടപ്പോൾ അവരെല്ലാവരും അത്ഭുതപ്പെട്ട് പരസ്പരം നോക്കിക്കൊണ്ടിരുന്നു. ഞാൻ അവരോട് ഇങ്ങനെ പറഞ്ഞു,:" നിങ്ങൾക്ക് സമാധാനം! ഞാൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു.!

ഞാൻ യഹൂദൻ ആയിട്ടാണ് ജനിച്ചതെങ്കിലും മരിച്ചതും ഉയർത്തെഴുന്നേറ്റതും ലോകത്തിലെ എല്ലാ മതത്തിലും വർഗ്ഗത്തിലും ദേശത്തിലും ഉൾപ്പെട്ട സകല മനുഷ്യർക്ക് വേണ്ടിയാണ്. എല്ലാവരുടെയും ദൈവമായ സ്വർഗ്ഗപിതാവിന്റെ മക്കളാണ് എല്ലാ മനുഷ്യരും. ആയതിനാൽ എല്ലാ മനുഷ്യരോടും ദൈവരാജ്യത്തിലെക്കുള്ള പ്രവേശനത്തിനായി ദൈവരാജ്യസന്ദേശം പ്രചരിപ്പിക്കുക എന്ന ചുമതല നിങ്ങളെ ഭരമേൽപ്പിക്കുന്നു. നിങ്ങളെ ശക്തിപ്പെടുത്തി വഴിനടത്തുവാനായി പരിശുദ്ധാത്മാവിനെ ഞാൻ അയച്ചുതരും. പരിശുദ്ധാത്മാവിനെ സ്വീകരിക്കാനായി യെരുശലേമിൽ തന്നെ താമസിക്കുക. നാല്പതാം നാൾ മാത്രമേ ഞാൻ സ്വർഗത്തിലേക്ക് കരേറി പോവുകയുള്ളൂ. അതുകഴിഞ്ഞ് പത്താം ദിവസം പെന്തിക്കോസ്തി പെരുന്നാൾ ദിനത്തിൽ പരിശുദ്ധാത്മാവിനെ നിങ്ങൾക്ക് അയച്ചു തരികയും ചെയ്യും. എന്റെ ശ്ലീഹമാരുമായി എപ്പോഴും നിങ്ങൾ ബന്ധപ്പെട്ടിരിക്കുക."

അവരെല്ലാവരും ഇരുകൈകളും ഉയർത്തി എന്റെ സന്ദേശം സ്വീകരിച്ചു. ഞാൻ അവരെ ആശീർവദിച്ചു, ഉടനെ അവിടെ നിന്നും അപ്രത്യക്ഷനായി.

ഇനിയും എന്റെ 11 അപ്പസ്തോലന്മാരെ ഒന്നിച്ച് കാണണം എന്നാണ് ചിന്തിക്കുന്നത്. എന്നാൽ അവർ ഇപ്പോഴും പല സ്ഥലത്തായി കഴിയുകയാണ്. കുറച്ചുപേർ അന്ത്രയോസിനോടൊപ്പം ബെത്ഫാഗയിൽ ഒളിച്ചു താമസിക്കുന്നുണ്ട്. എന്നാൽ തോമസ് ഏകനായി പലയിടങ്ങളിൽ അലഞ്ഞു തിരിഞ്ഞു നടക്കുകയാണ്. ഒരു തരത്തിൽ അവൻ ധൈര്യശാലി ആണെങ്കിലും എന്റെ പുനരുത്ഥാനകാര്യത്തിൽ അല്പം സംശയത്തിൽ തന്നെയാണ്.എന്റെ മൃതശരീരം യഹൂദ പ്രമാണിമാർ തന്നെ രാത്രിയിൽ കല്ലറയിൽ നിന്നും നീക്കം ചെയ്തു കാണും എന്നാണ് അവൻ കരുതിയത്. അങ്ങനെയെങ്കിൽ, എന്റെ മൃതദേഹം എവിടെ അവർ ഒളിപ്പിച്ചു വെച്ചിരിക്കുന്നു എന്ന് അന്വേഷിച്ച് നടക്കുകയായിരുന്നു അവൻ. അങ്ങനെ സംശയിച്ചതിൽ അല്പം കാര്യമുണ്ട്. എന്റെ മൃതശരീരം കുരിശിൽ നിന്ന് ഇറക്കുന്നതിനു മുൻപ് അരിമത്യക്കാരൻ യൗസേപ്പ് ചെന്നപ്പോൾ, ഞാൻ മരിച്ചു കഴിഞ്ഞുവോ എന്ന സംശയം പീലാത്തോസ് പ്രകടിപ്പിച്ചിരുന്നു. മഹാപുരോഹിതന്മാർ എന്റെ കല്ലറ കാവൽ ചെയ്യാനുള്ള അനുവാദത്തിനായി അപ്പോൾ അവിടെ ഉണ്ടായിരുന്നു. അവർ യൗസേപ്പിന്റെ കൂടെ കുരിശിന്റെ അരികിലെത്തി, പടയാളികളെ പണം കൊടുത്ത് വശത്താക്കി എന്റെ മൃതദേഹം അവർക്ക് വിട്ടു കൊടുക്കാൻ ഏർപ്പാടു ചെയ്തു. പക്ഷേ ഔസേപ്പ് സൈന്യാധിപനെ കണ്ടു പീലാത്തോസിന്റെ രേഖാമൂലമുള്ള അനുവാദം കാണിച്ചപ്പോൾ പടയാളികളോട് നേരിട്ട് ആജ്ഞാപിച്ചു എന്റെ മൃതദേഹം യൗസേപ്പിനെ ഏൽപ്പിക്കുകയായിരുന്നു. എന്റെ കൂടെ ഉണ്ടായിരുന്ന യോഹന്നാനും ഇക്കാര്യം ശ്രദ്ധിച്ചിരുന്നു. യഹൂദാ പ്രമാണിമാരുടെ പദ്ധതി ഫലിക്കാതെ വന്നപ്പോഴാണ്, രാത്രിയിൽ ദേവാലയ കാവൽക്കാരെ ഏർപ്പെടുത്തി പണം നൽകി മൃതദേഹം കല്ലറയിൽ നിന്നും സൂത്രത്തിൽ മോഷ്ടിക്കുവാൻ അവർ പദ്ധതിയിട്ടത്. ഇങ്ങനെ ഗൂഢാലോചന നടത്തിയ കാര്യം യാക്കോബിന്റെ രഹസ്യദൂതൻ പറഞ്ഞത് തോമസ് കേട്ടിരുന്നു. അപ്പോൾ മുതൽ തോമസ് സംശയിച്ചിരുന്ന സ്ഥലങ്ങളിലെല്ലാം എന്റെ മൃതദേഹം അന്വേഷിച്ചു നടക്കുകയായിരുന്നു. അതുകൊണ്ടു കൂടിയാണ് ഞാൻ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടാൻ അല്പം താമസിച്ചത്. ഒടുവിൽ ശിഷ്യന്മാർ 10 പേരും തോമസിനെ കണ്ടെത്താൻ കഴിയാതെ വന്നപ്പോൾ, 10 പേർക്ക് മാത്രമായി പ്രത്യക്ഷപ്പെടാൻ ഞാൻ തീരുമാനിച്ചു. ഇതിനോടകം യാക്കോബ് നിയോഗിച്ച രഹസ്യ ദൂതന്മാർ വഴി തോമസ് ഒഴികെ

എല്ലാ ശിഷ്യന്മാരും വാർത്ത അറിഞ്ഞു സെഹിയോൻ മാളികയിൽ എത്തിയിരുന്നു.

### 5) ഞാൻ ലാസറിന് പ്രത്യക്ഷനായി.

എന്നോടൊപ്പം ലാസറിനെ കൂടി പിടിച്ചു കൊല്ലുവാൻ യഹൂദപ്രമാണിമാർ ശ്രമിക്കുന്നതായി അറിഞ്ഞു, കുറേ ദൂരെ ഫിലാഡൽഫിയായിൽ അബ്നേരിന്റെ ഭവനത്തിൽ അതീവ രഹസ്യമായിട്ടാണ് ലാസർ കഴിഞ്ഞിരുന്നത്. അതിനാൽ എന്റെ ക്രൂശു മരണത്തോട് ചേർന്ന കാര്യങ്ങളൊന്നും അവനുകാണാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് ഞാൻ അവനു കൂടി പ്രത്യക്ഷനായി. എന്റെ അറിയിപ്പുകാരിൽ 50 പേരും അവിടെത്തന്നെ കൂടിയിരുന്നു. യാക്കോബ് അയച്ച രഹസ്യദൂതൻ ഞാൻ ഉയർത്തെഴുന്നേറ്റ സന്തോഷവാർത്തകൾ അവരോട് വിവരിച്ചു കൊണ്ടിരിക്കുകയായിരുന്നു. ലാസറിന്റെ ഉയർപ്പിന് സാക്ഷിയായിരുന്നതിനാൽ എന്റെ പുനരുദ്ധാനവാർത്ത അവർ പെട്ടെന്ന് വിശ്വസിച്ചു. ഞാനും അവർ ഇരിക്കുന്ന അകത്തേക്ക് കയറി ചെന്ന് "നിങ്ങൾക്ക് സമാധാനം! ഞാൻ ഉയർത്തെഴുന്നേറ്റി രിക്കുന്നു! " എന്ന് പറഞ്ഞ് അവർക്ക് പ്രത്യക്ഷനായി. എന്നെ കണ്ടു സന്തോഷിച്ചു നിൽക്കുന്ന അവരോട് ഞാൻ ഇങ്ങനെ പറഞ്ഞു,:" എന്റെ സ്വർഗ്ഗപിതാവ് തന്റെ സ്നേഹം എന്നിലൂടെ നിങ്ങൾക്ക് കാണിച്ചു തന്നത് പോലെ നിങ്ങളും ആ സ്നേഹം മറ്റുള്ളവർക്ക് നിങ്ങളുടെ ജീവിതത്തിലൂടെ കാണിച്ചു കൊടുക്കണം. ഗ്രീക്ക്, റോമൻ,എത്തിയോപ്യൻ, പേർഷ്യൻ എന്നീ വ്യത്യാസങ്ങൾ ഒന്നും കാണിക്കാതെ നിങ്ങൾ ദൈവരാജ്യസന്ദേശം എല്ലാവരോടും പ്രഖ്യാപിക്കണം. സത്യത്തിന്റെ ആത്മാവിനെ നിങ്ങൾക്ക് എല്ലാവർക്കും ലഭിക്കേണ്ടതിന് നാല്പതാം ദിവസം ഞാൻ സ്വർഗ്ഗത്തിൽ കയറി പോയശേഷം, പത്താം ദിവസം പെന്തിക്കോസ്തി ദിനത്തിൽ എന്റെതന്നെ അദൃശ്യ സാന്നിധ്യമായ പരിശുദ്ധാത്മാവിനെ ഞാൻ അയക്കും. ആകയാൽ നിങ്ങൾ കഴിവുള്ളവർ എല്ലാം യെരുശലേമിലെ ഒലിവുമലയിലും എന്റെ സ്വർഗ്ഗാരോഹണം ദർശിച്ചശേഷം സെഹിയോൻ മാളികയിലും എത്താൻ ശ്രമിക്കുക. വിശ്വാസത്തിൽ നിങ്ങൾ ഉറച്ചു നിൽക്കുന്നതുപോലെ, വിനയത്തിലും വിശുദ്ധിയിലും സ്നേഹത്തിലും ജീവിച്ച് എന്റെ ശിഷ്യന്മാരാണ് നിങ്ങൾ എന്ന് ലോകത്തിന് കാണിച്ചു കൊടുക്കുക. ദൈവം എല്ലാവരുടെയും പിതാവാണെന്നും ലോകത്തിലെ എല്ലാ മനുഷ്യരും പരസ്പരം സഹോദരങ്ങളുമാണെന്നും മറക്കാതിരിക്കുക. എന്റെ സമാധാനം എന്നാളും നിങ്ങളോടുകൂടെ!"ഇത്രയും പറഞ്ഞ് ഞാൻ അപ്രത്യക്ഷനായി.

### 6) ഞാൻ അലക്സാണ്ട്രിയയിലും പ്രത്യക്ഷപ്പെട്ടു.

ഇവിടെയും യാക്കോബ് അയച്ച രഹസ്യദൂതൻ യെരുശലേമിൽ സംഭവിച്ച കാര്യങ്ങൾ അറിയിച്ചിരുന്നു. അവിടുത്തെ ഗ്രീക്കുകാരായ യഹൂദസമൂഹത്തിന്റെ നേതാവായ റോഡൻ ജനങ്ങളെ വിളിച്ചുകൂട്ടി, രഹസ്യദൂതൻ പറയുന്നത് കേട്ടുകൊണ്ടിരിക്കുന്ന സമയത്താണ് ഞാൻ അവിടെ എത്തിയത്. ദൂതന്റെ അറിയിപ്പ് കഴിഞ്ഞപ്പോൾ ഞാൻ അവരുടെ മുൻപാകെ പ്രത്യക്ഷപ്പെട്ടു, "നിങ്ങൾക്ക് സമാധാനം!" എന്ന് പറഞ്ഞു. അവരെല്ലാവരും എന്നെ കണ്ട സന്തോഷത്തോടെ ഉച്ചത്തിൽ ഹല്ലേലൂയാ പാടി സ്വർഗ്ഗപിതാവിന് മഹത്വം കരേറ്റി. ഞാൻ എന്റെ കൈകളുയർത്തി അവരെ അനുഗ്രഹിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു," എന്റെ പിതാവ് എന്നെ ലോകത്തിലേക്ക് അയച്ചത് ലോകത്തിലെ സകല മനുഷ്യരും ദൈവത്തെ പിതാവായി സ്വീകരിക്കുവാനും അങ്ങനെ ദൈവമക്കൾ എന്ന പദവി തിരിച്ചറിഞ്ഞ് പരസ്പരം സഹോദര സ്നേഹത്തിൽ ജീവിക്കുവാനും ആയിട്ടാണ്.

ജാതി,മത, വർണ്ണ,വർഗ്ഗ വിവേചനം ഒന്നും ദൈവ പിതാവ് അംഗീകരിക്കുന്നില്ല.

ദൈവം പിതാവും മനുഷ്യരെല്ലാം ദൈവമക്കളുമാണെന്ന ലളിതമായ സത്യം നിങ്ങൾ മറക്കരുത്. എന്റെ പിതാവ് എന്നെ അയച്ചത് പോലെ ഞാൻ നിങ്ങളെയും അയക്കുന്നു. പഴയനിയമ പൗരോഹിത്യനേതൃത്വമല്ല, സാക്ഷാൽ രാജാവും പ്രവാചകനും പുരോഹിതനുമായ എന്റെ പുതിയ നിയമ ഉടമ്പടിയിലൂടെ എന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും ലഭിക്കുന്ന ദൈവീക ഉത്തരവാദിത്വം ലോകപ്രകാരമുള്ള "ഭരണക്രമം" ആയി നടപ്പാക്കാനുള്ളതല്ല; ഞാൻ ചെയ്തതുപോലെ ശുശ്രൂഷകളും സേവനങ്ങളുമായി എന്നോട് ചേർന്ന് നടപ്പാക്കാനുള്ളതാണ്. പരിശുദ്ധാത്മാവ് വന്ന് എന്റെ തന്നെ അദൃശ്യസാന്നിധ്യമായി എന്നാളും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും."ഇത്രയും പറഞ്ഞ് ഞാൻ അവരുടെ കാഴ്ചയിൽ നിന്നും മറഞ്ഞു.

12–3–2021.

## അദ്ധ്യായം 102

# അപ്പോസ്തലന്മാർക്ക് മാത്രമായി ഞാൻ മൂന്ന് പ്രാവശ്യം പ്രത്യക്ഷപ്പെട്ടു

**ലൂക്കോസ് 24: 36– 49; യോഹന്നാൻ 20:19– 29; 21:1–14**

യഹൂദ മതനേതാക്കന്മാർ എന്റെ അപ്പസ്തോലന്മാരെ അന്വേഷിച്ചുകൊണ്ടിരുന്ന തിനാൽ, സെഹിയോൻ മാളികയിലെ പ്രത്യേക മുറിയിൽ തോമസ് ഒഴികെ ശിഷ്യന്മാർ എല്ലാവരും വാതിലടച്ച് കുറ്റിയിട്ടു സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. തോമസ് അപ്പോഴും അവിടെ എത്തിയിരുന്നില്ല. എന്റെ മൃതദേഹം യഹൂദ പുരോഹിതന്മാർ രാത്രിയിൽ കാവൽക്കാർ വഴി എടുപ്പിച്ച് എവിടെയോ തള്ളിക്കളഞ്ഞു കാണണമെന്ന് അവൻ കരുതി അന്വേഷിച്ചു നടക്കുകയാണ്. ഹിന്നോം താഴ്വരയിൽആത്മഹത്യ ചെയ്ത യൂദായുടെ കുടൽ പുറത്തുചാടി കിടന്ന മൃതശരീരം അവൻ കണ്ടു വളരെ ഏറെ ദുഃഖത്തോടെ തളർന്ന് വഴിയിൽ ഇരുന്നു പോയി. രാത്രി 9 മണി ആയിട്ടും അവൻ മാളികയിൽ എത്തിയിരുന്നില്ല.

ഞാൻ പത്രോസിനു പ്രത്യക്ഷപ്പെട്ട കാര്യം മറ്റ് ശിഷ്യന്മാരോട് പത്രോസ്പറയുന്നത് ഞാൻ ശ്രദ്ധിച്ചു. അവൻ പറയുന്നത് മറ്റുള്ളവർക്ക് വിശ്വസിക്കാൻ പ്രയാസമാണ് എന്ന് ഞാൻ കണ്ടു. കാരണം, ഭൂതത്തെ കണ്ടതു പോലെയുള്ള വിവരണമാണ് എന്നെപ്പറ്റി പത്രോസ് പറഞ്ഞുകൊണ്ടിരുന്നത്. പണ്ട് ഞാൻ കടലിന്മേൽ നടന്നപ്പോൾ, ഞാൻ ഭൂതം എന്നുകരുതി ഭയപ്പെട്ടവരാണ് ശിഷ്യന്മാർ. തന്നെയല്ല ഭൂതങ്ങൾ മനുഷ്യരിൽ പ്രവേശിച്ചാൽ അവയെ ഞാൻ പുറത്താക്കുന്നത് അവർ കണ്ടിട്ടുള്ളതാണല്ലോ. ഭൂതങ്ങളുടെ തലവനെക്കൊണ്ടാണ് ഞാൻ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നതു എന്ന് പരീശന്മാർ എന്നെ കുറ്റപ്പെടുത്തി പറഞ്ഞിരുന്നതും അവർ ഓർത്തുകാണും.

അങ്ങനെ ഭയാശങ്കകളോടെ ശിഷ്യന്മാർ ഇരുന്നിരുന്ന മുറിയിലേക്കാണ് പാതി രാത്രിയോടെ വാതിൽ തുറക്കാതെ നിശബ്ദനായി ഞാൻ കടന്നു ചെന്നത്.

മുറിയിൽ ഒരു ചെറിയ വിളക്കിന്റെ ഇരുണ്ട വെളിച്ചത്തിൽ മുഖം തിരിച്ചറിയാനാവാത്ത വിധം ഞാൻ അവരുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടു ,"നിങ്ങൾക്ക് സമാധാനം!"എന്ന് ഉറച്ച ശബ്ദത്തിൽ പറഞ്ഞു. എന്റെ ശബ്ദം തിരിച്ചറിഞ്ഞെങ്കിലും അവർ വളരെ പരിഭ്രാന്തരായിരുന്നു. ഞാൻ അവരോട് ചോദിച്ചു,"നിങ്ങൾ എന്നെ ഒരു ഭൂതത്തെ കണ്ടതുപോലെ പേടിച്ചിരിക്കുന്നത് എന്താണ്?എനിക്ക് സംഭവിച്ച കാര്യങ്ങളൊക്കെ ഞാൻ ശരീരത്തിൽ ഇരുന്നപ്പോൾ പലപ്രാവശ്യം മുൻകൂട്ടി പറഞ്ഞിട്ടുള്ളതല്ലേ? പ്രധാന ആചാര്യന്മാരും കശീശൻമാരും മൂപ്പൻമാരും എല്ലാം എന്നെ പിടിച്ച് ഉപദ്രവിച്ച് കൊല്ലുമെന്നും, എന്നാൽ മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു വരുമെന്ന് ഞാൻ പറഞ്ഞത് നിങ്ങൾ കേട്ടതല്ലേ?. അതെല്ലാം പ്രവചന പൂർത്തീകരണമാണെന്ന് വിശ്വസിക്കുവാൻ നിങ്ങൾക്ക് കഴിയാത്തത് എന്തുകൊണ്ട്? യൂദാ എന്നെ ഒറ്റു കൊടുക്കും എന്ന് പറഞ്ഞത് നിങ്ങൾ കേട്ടതല്ലേ? അവൻ എന്നെ ചുംബിച്ച് ഒറ്റി കൊടുക്കുന്നത് പത്രോസും യോഹന്നാനും നേരിട്ട് കണ്ടതല്ലേ? യൂദായുടെ നാശം, പ്രവചനം പോലെ തന്നെ ആത്മഹത്യയിൽ അവസാനിച്ചതും നിങ്ങൾ അറിഞ്ഞില്ലേ? മഗ്ദലനമറിയം രണ്ടുപ്രാവശ്യം എന്റെ പുനരുദ്ധാനവാർത്ത അറിയിച്ചിട്ടു പോലും അത് വിശ്വസിക്കാതെ നിങ്ങൾ അവളെ ഓടിച്ചുവിട്ടില്ലേ? ഇപ്പോൾ നിങ്ങൾ എന്നെ നേരിട്ട് കാണുകയാണ്, എന്നിട്ടും എന്നെ നിങ്ങൾക്ക് വിശ്വാസമില്ല, അല്ലേ?

ഇത്രയൊക്കെ ഞാൻ പറഞ്ഞിട്ടും ഞാൻ യഥാർത്ഥത്തിൽ ഉയർത്തെഴുന്നേറ്റതായി അവർ പൂർണ്ണമായി വിശ്വസിച്ചു എന്ന് എനിക്ക് ബോധ്യമായില്ല. ഒടുവിൽ ഞാൻ എന്റെ ആണി പഴുതുള്ള കൈകളും കുന്തം കൊണ്ട് കുത്തേറ്റ വിലാപുറവും അവർക്ക് കാണിച്ചു കൊടുത്തു. അത് കണ്ടപ്പോൾ അവർക്ക് വിശ്വാസമായി. അവർ സന്തോഷത്തോടെ എന്നെ വണങ്ങി നമസ്കരിച്ചു. ഞാൻ അവരോട് പറഞ്ഞു, "നിങ്ങൾക്ക് സമാധാനം. എന്റെ പിതാവ് എന്നെ അയച്ചത് പോലെ ഞാനും നിങ്ങളെ അയക്കുന്നു." ഇങ്ങനെ പറഞ്ഞശേഷം ഞാൻ അവരുടെ മേൽ ഊതി അവരോട്, "നിങ്ങൾ പരിശുദ്ധാത്മാവിനെ കൈ കൊള്ളുവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു.; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവ നിർത്തിയിരിക്കുന്നു."എന്ന് പറഞ്ഞു.

അവർ ഓരോരുത്തരായി ഭക്തിപൂർവ്വം തല കുനിച്ച് കൈകൂപ്പി എന്റെ അടുക്കലെത്തി. ഞാൻ അവരുടെ തലയിൽ കൈവച്ച് പ്രത്യേക പരിശുദ്ധാത്മ നൽവരം നൽകി. പത്രോസ് എന്നോട് പറഞ്ഞു, "കർത്താവേ, അവിടുന്ന് ഞങ്ങളെ ഭരമേൽപ്പിക്കുന്ന എല്ലാ കാര്യങ്ങളും നിനക്ക് പ്രസാദകരമായി ചെയ്യുവാൻ ഞങ്ങൾക്ക് പ്രാപ്തി ഇല്ല."ഞാൻ അവരോട് പറഞ്ഞു," നിങ്ങൾ പ്രയാസപ്പെടേണ്ട. ഞാൻ നിങ്ങളോട് കൂടിയിരുന്ന് വഴി നടത്തിയതുപോലെ നിങ്ങളെ എല്ലാവിധത്തിലും നേരായ പാതയിൽ വഴി നടത്തുവാൻ എന്റെ സ്വർഗ്ഗപിതാവ് നിങ്ങൾക്കായി പരിശുദ്ധാത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ അയച്ചു തരുമെന്ന് ഞാൻ നേരത്തെ പറഞ്ഞത് നിങ്ങൾ മറന്നുപോയോ? ശരീരമില്ലാത്ത എന്റെ തന്നെ അദൃശ്യസാന്നിധ്യമാണ് പരിശുദ്ധാത്മാവ് എന്ന പേരിൽ സ്വർഗ്ഗപിതാവ് നിങ്ങൾക്ക് അയച്ചുതരുന്നത്.അന്ത്യ അത്താഴ സമയത്ത്  ഞാൻ നിങ്ങളെ പഠിപ്പിച്ച കാര്യങ്ങളെല്ലാം ഇത്രവേഗം നിങ്ങൾ മറന്നുപോയോ? ഇവിടെ നിങ്ങളുടെ കൂട്ടത്തിൽ തോമസിനെ ഞാൻ കാണുന്നില്ലെങ്കിലും അവൻ ഇപ്പോഴും എന്റെ മൃതദേഹം എവിടെ എന്ന് അന്വേഷിച്ച് ഹിന്നോം  താഴ്വരയുടെ സമീപത്ത് ഇരുന്ന് വിലപിക്കുകയാണ്. അവൻ വരുന്നതുവരെ ഞാൻ കാത്തിരിക്കുന്നില്ല. ഈ വരുന്ന "പുതിയ ഞായറാഴ്ച" തന്നെ ഞാൻ വീണ്ടും ഈ സ്ഥലത്തുവെച്ച് നിങ്ങളെ കാണാൻ വരും. സമാധാനത്തോടെ വസിക്കുക." ഇത്രയും പറഞ്ഞ് ഞാൻ ഉടനെ അപ്രത്യക്ഷനായി.

കുറച്ചു കഴിഞ്ഞപ്പോൾ തോമസ് കയ്യിൽ വലിയ ഒരു പൊതി കെട്ടുമായി മുറിയിലേക്ക് കടന്നു വന്നു. എല്ലാവർക്കും അത്താഴത്തിനുള്ള ഭക്ഷണമായിരുന്നു അത്. പകൽസമയത്ത് ആരും പുറത്തിറങ്ങാതെ ഭയന്ന് ഒളിച്ചിരുന്നതിനാൽ തോമസ് ധൈര്യമായി എന്റെ മൃതദേഹം അന്വേഷിച്ച് അലഞ്ഞുനടന്ന്, ഒടുവിൽ ഒരു കടയിൽ കയറി അവിടെ ഉണ്ടായിരുന്ന അപ്പവും മീനും വാങ്ങിക്കൊണ്ടുവന്നത് അവരെല്ലാവരും സന്തോഷത്തോടെ കഴിച്ചു.(ഞാൻ നേരത്തെ പ്രത്യക്ഷപ്പെട്ടപ്പോൾ അവരോട് ഭക്ഷണം ചോദിച്ചു വാങ്ങി കഴിച്ചു എന്ന് ലൂക്കോസ് സുവിശേഷത്തിൽ എഴുതിയിട്ടുണ്ടെങ്കിലും(24: 41– 43) അത് ഞാൻ ശരീരത്തിൽ ഇരുന്നപ്പോൾ നടന്ന സംഭവത്തെ (യോഹന്നാൻ 21: 5) തെറ്റിദ്ധരിച്ചു എഴുതിയതാണ്.) പുനരുത്ഥാനം ചെയ്ത ശരീരത്തിന് ഭക്ഷണപാനീയങ്ങൾ ഒന്നും ആവശ്യമില്ലെന്ന് അറിയുക. സുവിശേഷ കർത്താക്കൾ ഓർമ്മയിൽ നിന്നും എഴുതിയതിനാൽ ഇതുപോലുള്ള ചെറിയ തെറ്റുകൾ ഒക്കെ വേദപുസ്തക വിവരണങ്ങളിൽ സംഭവിച്ചിട്ടുണ്ട്. ഒരേ സംഭവം തന്നെ നാല് സുവിശേഷകർ വിവരിക്കുമ്പോൾ

വിശദാംശങ്ങളിൽ ചില വ്യത്യാസങ്ങൾ ഉണ്ടെങ്കിലും അവർ പറഞ്ഞ സത്യങ്ങളിൽ വ്യത്യാസങ്ങളൊന്നുമില്ല എന്ന് നിങ്ങൾ വിശ്വസിക്കുക. "അക്ഷരങ്ങൾ"തെറ്റാവുന്നത് ആണെങ്കിലും അവ നൽകുന്ന ആത്മീയ സന്ദേശങ്ങൾക്ക് യാതൊരു ന്യൂനതയും ഇല്ലെന്ന് നിങ്ങൾ അറിയണം. "അക്ഷരം കൊല്ലുന്നു ആത്മാവ് ജീവിപ്പിക്കുന്നു" എന്ന് നേരത്തെ പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ.

തോമസ് കൊണ്ടുവന്ന ഭക്ഷണം അല്പാല്പമായി എല്ലാവരും കഴിച്ചു കഴിഞ്ഞ് പത്രോസിന്റെ നേതൃത്വത്തിൽ എല്ലാവരുംകൂടി, ഞാൻ അവർക്ക് പ്രത്യക്ഷപ്പെട്ട കാര്യം തോമസിനോട് പറഞ്ഞു. അവൻ അത് വിശ്വസിക്കുവാൻ തയ്യാറായില്ല. തോമസിന്റെ അടുത്ത വിശ്വസ്തനായ നദാനിയേൽ തോമസിനെ പറഞ്ഞ് വിശ്വസിപ്പിക്കാൻ ശ്രമിച്ചെങ്കിലും, വളരെ ഉറച്ച ശബ്ദത്തിൽ തോമസ് ഇങ്ങനെ പറഞ്ഞു,: "ഞാനവ ന്റെ കൈകളിൽ ആണി പഴുതു കാണുകയും ആണി പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപുറത്ത് കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല." തോമസ് ആവശ്യപ്പെട്ടത് തീർത്തും ശരിയാണെന്ന് എനിക്ക് തോന്നി. എട്ടാം ദിവസം, അതായത് ഞാൻ ഉയർത്തെഴുന്നേറ്റ ശേഷം വരുന്ന ആദ്യ ഞായറാഴ്ച, ഒരു പുതിയ യുഗത്തിന്റെ ആരംഭമായിരുന്നു. അന്നേ ദിവസം ഞാൻ അപ്പസ്തോലന്മാർക്ക് രണ്ടാമതും പ്രത്യക്ഷനായി. തോമസിനും മറ്റു ശിഷ്യന്മാരെ പോലെ എന്നെ നേരിട്ട് കാണുവാനും അങ്ങനെ കണ്ട കാര്യം സത്യമായി മറ്റുള്ളവരോട് പറയുവാനും അവകാശമുണ്ടായിരുന്നതിനാലാണ് ഞാൻ രണ്ടാമതും ശിഷ്യൻമാരെ സന്ദർശിച്ചത്. തന്നെയുമല്ല, എന്റെ ഒന്നാമത്തെ സന്ദർശനത്തിൽ ഞാൻ ഭൂതം ആണെന്ന ഓർമ്മ അവരുടെ മനസ്സുകളിൽ നിന്നും പൂർണമായും നീക്കിക്കളയാൻ തോമസിന്റെ പിടിവാശി കാരണമായി എന്നും ഞാൻ മനസ്സിലാക്കി. അങ്ങനെ അവർ ഇരുന്നിരുന്ന മാളികയുടെ അടച്ചിട്ടിരുന്ന മുറിയിൽ കടന്നുചെന്നു, "നിങ്ങൾക്ക് സമാധാനം!" എന്ന് പറഞ്ഞു. പിന്നെ ഞാൻ തോമസിന്റെ അടുക്കലേക്ക് നേരെ ചെന്ന് ഞാനവനോട് ഇങ്ങനെ പറഞ്ഞു," നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാണുക. നിന്റെ കൈ നീട്ടി എന്റെ വിലാ പുറത്ത് ഇടുക. അവിശ്വാസി ആകാതെ വിശ്വാസി ആയിരിക്ക." തോമസ് ഉടൻതന്നെ കവിണ്ണുവീണു എന്റെ കാൽതൊട്ട് വന്ദിച്ച് ഇങ്ങനെ ഉറക്കെ വിളിച്ചു പറഞ്ഞു, : "എന്റെ കർത്താവും എന്റെ ദൈവമേ". അവന്റെ എല്ലാ സംശയങ്ങളും എന്നെ കണ്ടപ്പോൾ തന്നെ നീങ്ങിയിരുന്നു. കൈ ഇട്ട് എന്നെ പരീക്ഷിക്കാൻ അവൻ മുതിർന്നില്ല. അപ്പോൾ ഞാൻ എല്ലാവരോടുമായി പറഞ്ഞു,

"ഇപ്പോൾ നിങ്ങൾ എല്ലാവരും എന്നെ കണ്ടതുകൊണ്ടാണ് വിശ്വസിച്ചത്, എന്നാൽ എന്നെ കാണാതെ വിശ്വസിച്ചവരാണ് കൂടുതൽ ഭാഗ്യവാന്മാർ". കണ്ടു കഴിഞ്ഞാൽ പിന്നെ അത് വിശ്വാസം അല്ല; അറിവാണ്. ആ ബുദ്ധിപരമായ അറിവിനേക്കാൾ കാണാതെയുള്ള ഹൃദയപൂർവ്വമായ ഉൾകാഴ്ചയാണ് നിങ്ങളെ ഭക്തിയിലേക്കും അനുസരണത്തിലേക്കും നയിക്കുന്നത്. നിങ്ങൾ പഞ്ചേന്ദ്രിയങ്ങൾ വഴി എന്നെ അറിയാൻ ശ്രമിക്കുന്നതിനുപകരം ഹൃദയപൂർവ്വം ആത്മാവിൽ ബന്ധപ്പെട്ട് എന്നിൽ വിശ്വസിച്ച് പ്രവർത്തിക്കുവാനുള്ള "ഭക്തി" ലഭിക്കുവാൻ ആഗ്രഹിക്കുക. നിങ്ങൾ എന്നെ കണ്ടു വിശ്വസിക്കുവാൻ ആഗ്രഹിച്ചത് പോലെ, നിങ്ങൾ മറ്റുള്ളവരോട് എന്നെപ്പറ്റി പറയുമ്പോൾ, എന്നെ ശരീര പ്രകാരം കാണുന്നതുപോലെ തന്നെ മറ്റുള്ളവർക്ക് നിങ്ങളെയും കാണുവാൻ തക്കവിധം നിങ്ങൾ എന്റെ സാദൃശ്യത്തിലേക്ക് വളരണം. അതായത് നിങ്ങളോരോരുത്തരും എന്നെ ശരീര പ്രകാരം കാണിച്ചു കൊടുക്കുവാൻ തക്കവിധം എന്നെപ്പോലെ രൂപാന്തരം പ്രാപിക്കണം. അതിനുള്ള അടിസ്ഥാനമായ "ദൈവ സ്വരൂപം" (Image of God) നിങ്ങൾക്ക് സ്വർഗ്ഗപിതാവ് നൽകിയ കാര്യം തിരിച്ചറിഞ്ഞു, എന്റെ "സാദൃശ്യം" (Likeness)ധരിക്കാൻ ഇടയാകട്ടെ.(1 യോഹന്നാൻ, 3:1–5). ആയതിലേക്ക് നിങ്ങളെ പ്രാപ്തരാക്കാനായി പരിശുദ്ധാത്മാവു എന്ന "സഹായകനെ" ഞാൻ നിങ്ങൾക്ക് നൽകും.അത്രയും പറഞ്ഞ് ഞാൻ അവിടെ നിന്നും അപ്രത്യക്ഷമായി.

## അപ്പസ്തോലന്മാർക്ക് മൂന്നാം പ്രാവശ്യവുംപ്രത്യക്ഷപ്പെടുന്നു.

(യോഹന്നാൻ 21: 1– 14).

മഗ്ദലനമറിയം പറഞ്ഞതുപോലെ ശിഷ്യന്മാർ ഗലീലയിലേക്ക് പോയി. ഞാൻ ശിഷ്യന്മാരോട് പറഞ്ഞ കാര്യങ്ങളെല്ലാം അവർ മറന്നതുപോലെ പ്രവർത്തിക്കുന്നതായി കണ്ട് ഞാൻ അത്ഭുതപ്പെട്ടു. പത്രോസും തോമസും നദാനിയേലും യാക്കോബും യോഹന്നാനും വേറെ രണ്ടു പേരുമായി 7 പേർ കൂടിയി രുന്ന് ആലോചിച്ചപ്പോൾ പത്രോസ് പറഞ്ഞു,"ഞാൻ മീൻപിടിക്കാൻ പോവുകയാണ്."അപ്പോൾ ബാക്കി ആറു പേരും അവനോടുകൂടി പുറപ്പെട്ടു പടകിൽ കയറി മീൻപിടിക്കാൻ പോയി. ആ രാത്രി അവർക്ക് ഒന്നും കിട്ടിയില്ല. പുലർച്ചെ ആയപ്പോൾ കരയിൽ ഞാൻ അവർക്ക് മൂന്നാമതും പ്രത്യക്ഷനായി. മീൻ ഒന്നും

കിട്ടാതെ രാത്രി മുഴുവൻ അധ്വാനിച്ച് ക്ഷീണിച്ച് വന്ന അവരോട് ഞാൻ ഇങ്ങനെ ചോദിച്ചു,"കുഞ്ഞുങ്ങളെ കൂട്ടുവാൻ വല്ലതും ഉണ്ടോ?" "ഇല്ല" എന്ന് പറഞ്ഞപ്പോൾ

"പടകിന്റെ വലതുവശത്ത് വീശുവിൻ, എന്നാൽ നിങ്ങൾക്ക് കിട്ടും" എന്ന്ഞാൻ അവരോട്പറഞ്ഞു. അവർ വീശി, മീനിന്റെ പെരുപ്പം നിമിത്തം അവർക്ക് വലിക്കുവാൻ കഴിഞ്ഞില്ല. യോഹന്നാൻ പത്രോസിനോട് "അത്കർത്താവാകുന്നു"എന്ന് പറഞ്ഞു. അത് കേട്ട ഉടനെ പത്രോസ് അങ്കി എടുത്ത് അരയിൽ ചുറ്റി കടലിൽ ചാടി എന്റെ അടുക്കൽ നീന്തി എത്തി. മറ്റുള്ളവർ വല നിറയെ മീനും കൊണ്ട് പടകിൽ വന്നു. അവർ കരയിൽ ഇറങ്ങിയപ്പോൾ തീക്കനലും അതിന്മേൽ മീൻ വച്ചിരിക്കുന്നതും അപ്പവും കണ്ടു. ഞാൻ അവരോട് പറഞ്ഞു,"ഇപ്പോൾ പിടിച്ച മീൻ ചിലത് കൊണ്ടുവരുവിൻ". പത്രോസ് കയറി153 വലിയ മീൻ നിറഞ്ഞ വല കരയ്ക്ക് വലിച്ചുകയറ്റി. അത്ര വളരെ മീൻ ഉണ്ടായിട്ടും വല കീറിയില്ല. "പ്രാതൽ കഴിച്ചു കൊള്ളുവിൻ" എന്ന് ഞാൻ അവരോട് പറഞ്ഞു. ശിഷ്യന്മാർ എന്നെ തിരിച്ചറിഞ്ഞതിനാൽ കുറ്റബോധമുണ്ടായി ഒന്നും മിണ്ടാതെ നിന്നു. മീൻപിടുത്തം ഉപേക്ഷിച്ച് മനുഷ്യരെ പിടിക്കുന്നവരാക്കാനായി ഞാൻ അവർക്ക് നൽകിയ പരിശീലനവും ആഹ്വാനവും അവർ മറന്നു പോയതിനാൽ ഞാനവരെ കുറ്റപ്പെടുത്തുമെന്ന് അവർ ഭയപ്പെട്ടു. ഞാൻ അവരെ വഴക്ക് ഒന്നും പറയാതെ അപ്പവും മീനും എടുത്തു വാഴ്ത്തി നുറുക്കി അവർക്ക് ഭക്ഷിപ്പാൻ കൊടുത്തു. അപ്പോൾ അവർ എല്ലാവർക്കും ഞാൻ പറഞ്ഞ കാര്യങ്ങളൊക്കെ ഓർമ്മ വന്നു. അവർ പിന്നീട് ഒരിക്കലും ദൈവരാജ്യപ്രവർത്തനത്തിൽ നിന്നും പിന്മാറുകയില്ലെന്ന് എനിക്ക് പൂർണ്ണ ബോധ്യമായി. മൂന്ന് പ്രാവശ്യത്തെ പ്രത്യക്ഷപ്പെടൽ മൂലം എന്റെ ശിഷ്യന്മാർ എനിക്ക് വേണ്ടി മരണംവരെയും പ്രവർത്തിക്കുമെന്ന സംതൃപ്തിയോടെ അവർക്ക് സമാധാനം ആശംസിച്ചുകൊണ്ട് ഞാൻ അപ്രത്യക്ഷനായി. പത്രോസിന്റെ നേതൃത്വത്തിൽ എനിക്ക് ആശങ്ക തോന്നി. അവന്റെ തെറ്റായ തീരുമാനമാണ് മറ്റു ശിഷ്യന്മാരെയും വഴി തെറ്റിച്ചത്. അതുകൊണ്ടുതന്നെ പത്രോസിനെ ശരിയായി ഉറപ്പിക്കുന്നതിനായി ഞാൻ വീണ്ടും അവന് ഒരിക്കൽ കൂടി പ്രത്യക്ഷപ്പെടാനും ഭാവി കാര്യങ്ങൾ പറഞ്ഞുകൊടുത്ത് ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

13–3–2021.

## അദ്ധ്യായം 103

# സകല മനുഷ്യരെയും എന്റെ ശിഷ്യരാക്കി കൊൾവിൻ

**മത്തായി 28: 16– 20**

ഗലീല കടൽതീരത്ത് ഞാൻ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞ് പത്രോസിനെ പ്രത്യേകമായി വിളിച്ചു സംസാരിച്ചു. അവന്റെ പഴയ പേരായ ശീമോനെ എന്ന് വിളിച്ചാണ് ഞാൻ സംസാരം ആരംഭിച്ചത്. അവന്റെ ജീവിതത്തിലെ വീഴ്ചകളെ ഓരോന്നായി ഞാൻ അവന്റെ ഓർമ്മയിൽ കൊണ്ടുവന്നു. അന്ന് ഞാൻ ആദ്യം സാത്താനെ എന്ന് വിളിച്ചത്, അവൻ കടലിൽ താഴുവാൻ തുടങ്ങിയപ്പോൾ കൈപിടിച്ച് കയറ്റിയത്, എന്നെക്കൊണ്ട് കരം അടപ്പിച്ചത്, പടയാളിയുടെ കാത് അറുത്തത്, മൂന്നു പ്രാവശ്യം എന്നെ തള്ളി പറഞ്ഞത്, ഏറ്റവും ഒടുവിലായി മീൻപിടുത്തത്തിന് തിരിച്ചു പോയത് ഇക്കാര്യങ്ങളെല്ലാം അവനോട് പറഞ്ഞപ്പോൾ അവന്റെ മുഖത്ത് ഉണ്ടായിരുന്ന ഭാവമാറ്റം ഞാൻ ശ്രദ്ധിച്ചു. ഏതായാലും ഞാൻ സ്വർഗ്ഗാരോഹണം ചെയ്തു ശിഷ്യന്മാരുടെ ദൃഷ്ടിയിൽ നിന്നും മറഞ്ഞു കഴിയുമ്പോൾ ശിഷ്യന്മാർ പതറിയും ചിതറിയും പോകാതിരിക്കാൻ അവരെ ഉറപ്പിക്കുന്നതിനായി ഞാൻ തീരുമാനിച്ചു.

അങ്ങനെ പത്രോസിനെ ആണ് ആദ്യം സമീപിച്ചത്. അവനോട് ഇങ്ങനെ ചോദിച്ചു, "ശിമോനേ, നീ എല്ലാവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" "ഉവ്വ് കർത്താവേ, എനിക്ക് നിന്നോട് പ്രിയം ഉണ്ട് എന്ന് നീ അറിയുന്നുവല്ലോ?" എന്ന് അവൻ പറഞ്ഞപ്പോൾ, "എന്റെ കുഞ്ഞാടുകളെ മേയ്ക്കുക" എന്ന് ഞാൻ പറഞ്ഞു. രണ്ടാമതും ചോദിച്ചു, "യോഹന്നാന്റെ മകനായ ശീമോനെ, നീ എന്നെ സ്നേഹിക്കുന്നുവോ?" "ഉവ്വ് കർത്താവേ, എനിക്ക് നിന്നോട് പ്രിയം ഉണ്ട് എന്ന് നീ അറിയുന്നുവല്ലോ?" എന്ന് പറഞ്ഞപ്പോൾ "എന്റെ ആടുകളെ പരിപാലിക്കുക" എന്ന് പറഞ്ഞു.

മൂന്നാമതും ഞാനവനോട് ചോദിച്ചു,"യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?"ഞാൻ മൂന്നാമതും ഒരേ ചോദ്യം തന്നെ ചോദിക്കയാൽ അവൻ ദുഃഖിച്ചു ഇങ്ങനെ പറഞ്ഞു,"കർത്താവേ നീ എല്ലാം അറിയുന്നു. എനിക്ക് നിന്നോട് പ്രിയം ഉണ്ട് എന്നും നീ അറിയുന്നു"."എന്റെ പെണ്ണാട്ടുകളെ മേയ്ക്കുക.ആമേൻ, ആമേൻ ഞാൻ നിന്നോട് പറയുന്നു. നീ യൗവനക്കാരനായിരുന്നപ്പോൾ നീ തന്നെ അരകെട്ടി ഇഷ്ടമുള്ളിടത്ത് നടന്നു. വയസ്സനായ ശേഷമോ നീ കൈ നീട്ടുകയും മറ്റൊരുവൻ നിന്റെ അരകെട്ടി നിനക്ക് ഇഷ്ടമല്ലാത്ത ഇടത്തേക്ക് കൊണ്ടുപോവുകയും ചെയ്യും". ഇതു പറഞ്ഞിട്ട് "നീ എന്നെ അനുഗമിക്ക" എന്ന് പറഞ്ഞു. പത്രോസ് യോഹന്നാനെ ചൂണ്ടിക്കാണിച്ചുകൊണ്ട് "കർത്താവേ, ഇവന് എന്ത് സംഭവിക്കും" എന്ന് ചോദിച്ചു.

"ഞാൻ വരുവോളം ഇവൻ ഇരിക്കണം എന്ന് എനിക്ക് ഇഷ്ടമേങ്കിൽ നിനക്ക് എന്ത്? നീ എന്നെ അനുഗമിക്ക" എന്ന് പറഞ്ഞു. മരണംവരെയും എന്നെ അനുഗമിച്ച്, എന്റെ സഭയിലെ കുഞ്ഞുങ്ങളെയും പുരുഷന്മാരെയും സ്ത്രീകളെയും പരിപാലിക്കണം എന്നുള്ള കർത്തവ്യം മറന്നുപോകരുത് എന്ന് ഉറപ്പായി പത്രോസിനെ ബോധ്യപ്പെടുത്താനായിരുന്നു ഞാൻ ഇങ്ങനെ ചോദ്യം ചെയ്തത്.

"സ്നേഹിക്കുന്നുവോ" എന്നാണ് ഞാൻ ചോദിച്ചത്. ദൈവസ്നേഹം (Agape) എന്നതിനുപകരം ഇഷ്ടം (Filio) അഥവാ പ്രിയം എന്നാണ് അവൻ ഉത്തരം പറഞ്ഞത്. ദൈവിക സ്നേഹത്തിന് പകരം മാനുഷിക ഇഷ്ടങ്ങൾ നിലനിർത്താനാണ് പത്രോസിനെ പോലെ നിങ്ങളും ശ്രമിക്കുന്നത്. സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുന്നവരെ മാത്രമേ നിങ്ങൾ ഇഷ്ടപ്പെടുകയുള്ളൂ. എന്നാൽ ശത്രുക്കളെപ്പോലും വ്യവസ്ഥ കൂടാതെ എല്ലാ സാഹചര്യങ്ങളിലും സ്വയം ത്യാഗമായി അർപ്പിക്കേണ്ടിവന്നാലും അവർക്കുവേണ്ടി പ്രവർത്തിക്കുന്ന മനോഭാവമുള്ളവരെയാണ് എനിക്ക് ആവശ്യം. അങ്ങനെയുള്ളവർക്ക് മാത്രമേ ദൈവരാജ്യപ്രവർത്തകരായി, ഫലപ്രദമായി, എന്റെ സാക്ഷികളാകാൻ കഴിയുകയുള്ളൂ. ഈ വലിയ മർമ്മം പത്രോസിനെ പഠിപ്പിക്കുവാൻ ഞാൻ ശ്രമിക്കുകയായിരുന്നു. മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറഞ്ഞതിന്റെ പ്രായശ്ചിത്തമായിട്ടാണ് മൂന്നുപ്രാവശ്യം അവനെക്കൊണ്ട് എന്നോടുള്ള സ്നേഹം ഏറ്റു പറയിച്ചത്. എന്നോടുള്ള സ്നേഹം വ്യാജമല്ലെങ്കിൽ മാത്രമേ എന്റെ ജനത്തെ പരിപാലിക്കുവാൻ ഇടയൻമാർക്ക് അർഹതയുള്ളൂ എന്ന വലിയ പാഠമാണ് ഞാൻ പഠിപ്പിക്കുവാൻ ശ്രമിച്ചത്. എല്ലാ കാലത്തുമുള്ള ഇടയന്മാർക്കും ഇത് ഒരു പാഠമായിരിക്കട്ടെ. പത്രോസ് യോഹന്നാന്റെ കാര്യം എന്നോട്

ചോദിച്ചപ്പോൾ, എന്നെ അനുഗമിക്കുക എന്ന് ഞാൻ മറുപടി പറഞ്ഞത് നിങ്ങൾ ശ്രദ്ധിച്ചില്ലേ? മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെടാതെ പൂർണ ജാഗ്രതയിൽ എന്നെ അനുസരിക്കാനുള്ള സന്നദ്ധതയാണ് ഞാൻ ആവശ്യപ്പെടുന്നത്. എന്നെ വ്യവസ്ഥകൂടാതെ എല്ലാ സാഹചര്യങ്ങളിലും പിൻതുടരുവാനുള്ള മനോഭാവം ഉണ്ടെങ്കിൽ മാത്രമേ, എന്നെ ശരിയായി അനുസരിക്കാനുള്ള ശക്തി നിങ്ങൾക്ക് ലഭിക്കുകയുള്ളൂ.

യെരുശലേമിൽ വെച്ച് പറയാതെ, ശിഷ്യന്മാരെ ഗലീലയിലേക്ക് കൂട്ടി വരുത്തിയതിന് പ്രത്യേക കാരണമുണ്ട്. എന്നെ ആഴത്തിൽ വിശ്വസിച്ചിരുന്ന ആളുകൾ കൂടുതലും ഗലീലയിലായിരുന്നു. എന്റെ പതിനൊന്ന് ശിഷ്യന്മാർക്കും അവരുടെ പിന്തുണയുണ്ടെന്ന് ഉറപ്പുവരുത്തണമെന്നതായിരുന്നു പ്രധാന ഉദ്ദേശം. സ്വന്തം ഭവനക്കാരോടും ദേശക്കാരോടും ദൈവരാജ്യം അറിയിച്ചശേഷം മാത്രം മറ്റു പ്രദേശങ്ങളിലേക്ക് പോയാൽ മതി എന്നൊരു സന്ദേശവും കൊടുക്കാൻ ഞാൻ അതുമൂലം ലക്ഷ്യമിട്ടു. അവിടെ ഒരു പൊതു സമ്മേളനം തന്നെ ഞാൻ ക്രമീകരിച്ചു. അവിടെയും ഞാൻ പ്രത്യക്ഷപ്പെട്ട് അവരോട് ഇങ്ങനെ പറഞ്ഞു,, " സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചു, ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കി കൊള്ളുവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്". (മത്തായി 28: 18– 20).

ഞാൻ ആദ്യമായി ഗിരിപ്രഭാഷണം നടത്തിയ സ്ഥലത്ത് വച്ച് തന്നെ എന്റെ അവസാനത്തെ ആഹ്വാനവും നൽകണമെന്ന സ്വർഗ്ഗപിതാവിന്റെ ക്രമീകരണം അങ്ങനെ പൂർത്തിയാക്കാനിടയായി. എന്റെ ആദ്യകാല പ്രഭാഷണങ്ങളും അത്ഭുത പ്രവൃത്തികളും ഒക്കെ കണ്ട് എന്നെ വിശ്വസിച്ച് അനുഗമിച്ച വിശ്വാസികൾക്ക്, ഞാൻ മരിച്ചു ഉയർത്തെഴുന്നേറ്റു എന്ന്, "പ്രത്യക്ഷപ്പെട്ട്" തന്നെ കാണിച്ചു കൊടുക്കേണ്ടത് എന്റെ കടമയാണ് എന്നും ഞാൻ കരുതി. എന്നെ കണ്ടവരെല്ലാം എന്റെ ഉയർപ്പിൽ വിശ്വസിച്ചു എന്നെ കൈകൂപ്പി വണങ്ങുന്നത് ഞാൻ കണ്ടു സന്തോഷിച്ചു. ചിലരൊക്കെ ഉള്ളിൽ സംശയിച്ചിരുന്നതായി എനിക്ക് തോന്നി. എല്ലാ കാലത്തും എല്ലാ സമൂഹങ്ങളിലും ഇത്തരം സംശയാലുക്കൾ ആയ "പരസ്യ ഭക്തരെ" കാണാം. നിങ്ങൾ ആരും അത്തരക്കാരാകരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്റെ അന്ത്യ ആഹ്വാനം അവർ പൂർണ ഗൗരവത്തോടെ

തന്നെ സ്വീകരിച്ചു. അവരുടെ കഴിവനുസരിച്ച് ദൈവരാജ്യ പ്രവർത്തനത്തിൽ ഏർപ്പെടുമെന്ന പ്രതീക്ഷ എനിക്കുണ്ടായിരുന്നു.

ആദ്യകാലങ്ങളിൽ ജാതികളുടെ ഇടയിൽ പോകാതെ യഹൂദന്മാരുടെ ഇടയിലെ കാണാതെപോയവരെ മാത്രം അന്വേഷിച്ചാൽ മതി എന്നാണ് ഞാൻ ശിഷ്യന്മാരോട് പറഞ്ഞിരുന്നത്. എന്നാൽ ഞാൻ ഉയർത്തെഴുന്നേറ്റു കഴിഞ്ഞപ്പോൾ ഇസ്രായേൽ ഗോത്രത്തിലെ തെരഞ്ഞെടുപ്പും പ്രത്യേകതകളും ലക്ഷ്യം പൂർത്തിയായതിനാൽ,പിന്നീട് ലോകം മുഴുവനും നിറഞ്ഞു കിടക്കുന്ന സകല മനുഷ്യ വംശങ്ങളിലേക്കും എന്റെ രക്ഷാസന്ദേശം എത്തിക്കുവാനുള്ള സാർവ്വലൗകിക ദൗത്യമാണ് സ്വർഗ്ഗപിതാവ് എനിക്ക് കാണിച്ചുതന്നത്. അതുകൊണ്ടാണ് എന്റെ പുനരുദ്ധാനശേഷം ഭൂമിയുടെ നാനാഭാഗങ്ങളിലേക്കും പോകാൻ ശിഷ്യന്മാരോട് ഞാൻ ആവശ്യപ്പെട്ടത്.

**എന്റെ ആഹ്വാനത്തിൽ രണ്ട് പ്രത്യേക കാര്യങ്ങൾ കൂടി നിങ്ങൾ ശ്രദ്ധിക്കാനുണ്ട്.**

1) എന്റെ സുവിശേഷം കേട്ട് വിശ്വസിക്കുന്ന എല്ലാവരെയും ഉടൻതന്നെ വിശുദ്ധ ത്രിത്വ നാമത്തിൽ സ്നാനം നൽകുകയും ചെയ്യണം. അങ്ങനെ അവർ ദൈവമക്കൾ എന്ന പദവിയിൽ എത്തിയശേഷം പരിശുദ്ധാത്മ നൽവരം പ്രാപിച്ച പ്രകാശിതരാകുകയും ക്രിസ്തീയ രഹസ്യങ്ങൾ മനസ്സിലാക്കാൻ പ്രാപ്തരാകുകയും ചെയ്യും. സ്ഥാനമേറ്റത് കൊണ്ട് മാത്രം ആരും രക്ഷയുടെ പൂർണ്ണതയിൽ എത്തുകയില്ല.

തുടർന്നുള്ള സത്യവിശ്വാസപഠനത്തിലൂടെയും കൂട്ടായ്മയുടെ ജീവിതത്തിലൂടെയും വിശുദ്ധ കുർബാന അനുഭവത്തിലൂടെ എന്റെ "ശരീരരക്തങ്ങൾ" അനുഭവിച്ചു വളരു ന്നതിലൂടെയുമാണ് എന്റെ "സാദൃശ്യത്തിൽ" എത്തിച്ചേരുന്നത്. ആദാമിന്റെ പാപം മൂലം നിങ്ങളിലുള്ള ദൈവസ്വരൂപത്തിന്റെ ശോഭ നഷ്ടപ്പെട്ടു എങ്കിലും അത് ശുദ്ധീകരിക്കപ്പെട്ട് പ്രകാശിതമാക്കപ്പെടുന്നത് വിശുദ്ധ മാമോദീസയിലൂടെയാണ്. എന്നാൽ ആ ദൈവ സ്വരൂപം, ദൈവപുത്രസാദൃശ്യത്തിലേക്ക് വളർന്നു, സാക്ഷാൽ ദൈവപുത്രനായ എന്നെ പോലെ ആയിത്തീരുമ്പോൾ ആണ് നിങ്ങൾക്കും എന്നോടൊപ്പം ദൈവമക്കളുടെ പദവിയിൽ, സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ നിത്യമായി ജീവിക്കാനുള്ള അവകാശം ലഭിക്കുന്നത്.

രണ്ടാമത്, സ്നാനം കഴിഞ്ഞാലും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും അനുസരിക്കാൻ മറ്റുള്ളവരെ പഠിപ്പിക്കണം.

അവിടെയാണ് നിങ്ങൾ പരാജയപ്പെടുന്നത്. ഏതെങ്കിലും വിഷയം പറഞ്ഞ് പഠിപ്പിക്കുന്നത് പോലെ എന്നെപറ്റിയും എന്റെ ഉപദേശങ്ങളെപറ്റിയും പറഞ്ഞ് പഠിപ്പിക്കുന്നത് കൊണ്ട് കാര്യമില്ല. ഞാൻ നിങ്ങളുടെ മുമ്പാകെ മാതൃകയായി ജീവിച്ചു കാണിച്ചു കൊണ്ട്, അത് കണ്ട് മറ്റുള്ളവർ അനുസരിച്ച് ജീവിക്കുവാൻ ഇടയാവണം. പ്രവാചകന്മാർ വഴി കുറെ കാര്യങ്ങൾ ജനത്തെ പഠിപ്പിക്കുവാൻ ഞാൻ ശ്രമിച്ചെങ്കിലും അത് ഫലപ്രദമാകാതെ വന്നതിനാലാണ് ഞാൻ തന്നെ ശരീരം ധരിച്ച് നിങ്ങളുടെ ഇടയിൽ വന്നു ദൈവഹിതം മരണംവരെ അനുസരിച്ച് ജീവിച്ചു കാണിച്ചു തന്നത്. ഞാൻ അങ്ങനെ ശ്രമിച്ചതിന്റെ ഫലമാണ് എന്റെ പുനരുത്ഥാനം എന്ന് നിങ്ങൾ മനസ്സിലാക്കണം. ബുദ്ധിപരമായി കുറേ കാര്യങ്ങൾ പറഞ്ഞ് പഠിപ്പിക്കുക അല്ലായിരുന്നു ഞാൻ ചെയ്തത്. അങ്ങനെ പഠനത്തിനായി ഞാൻ എന്തെങ്കിലും എഴുതി വയ്ക്കുകയോ ആരോടെങ്കിലും പറഞ്ഞ് എഴുതി വയ്പ്പിക്കുകയോ ചെയ്തിട്ടില്ലെന്ന് നിങ്ങൾക്കറിയാമല്ലോ. ആകയാൽ ബുദ്ധിപരമായി കുറെ അറിവ് നേടി മറ്റുള്ളവരെ പഠിപ്പിക്കുന്നതിന് പകരം,അറിഞ്ഞ കാര്യങ്ങൾ സത്യസന്ധമായി ജീവിച്ച് മറ്റുള്ളവരുടെ ഹൃദയത്തിൽ വിശ്വാസം ഉളവാക്കി യഥാർത്ഥ ഭക്തിയുള്ള ക്രിസ്ത്യാനികളായി ജീവിക്കുവാൻ അവരെ പ്രാപ്തരാക്കുന്ന വലിയ ദൗത്യമാണ് ഞാൻ നിങ്ങളെ ഭരമേൽപ്പിക്കുന്നത്. ഇക്കാര്യം ശരിയായി നിങ്ങൾ മനസ്സിലാക്കാതെ പ്രവർത്തിച്ചാൽ നിങ്ങളുടെ പരിശ്രമം വിജയിക്കുകയില്ല.എന്റെ കൽപനകൾ സ്വന്തം ജീവിതത്തിൽ അനുസരിക്കുന്നതിന് നിങ്ങൾക്ക് സ്വയമായി കഴിയില്ല എന്ന് അറിയുന്നത് കൊണ്ടാണ് നിങ്ങളെ സഹായിക്കാനായി പരിശുദ്ധാത്മാവിനെ നിങ്ങൾക്ക് എല്ലാവർക്കും അയച്ചു തരുന്നത്. വിനയത്തോടും വിശുദ്ധിയോടും വിശ്വാസത്തോടുകൂടി കാത്തിരിക്കുന്ന എല്ലാവർക്കും പരിശുദ്ധാത്മാവിനെ ലഭിക്കുകയും അങ്ങനെ പരിശുദ്ധാത്മ സഹായത്താൽ നല്ല സാക്ഷ്യജീവിതം നയിച്ചു, അനേകരെ എന്റെ ശിഷ്യരാക്കുവാൻ കഴിയുകയും ചെയ്യും.

ശിഷ്യന്മാർ 11 പേരെയും പ്രത്യേകം കണ്ടു ഉറപ്പിച്ചശേഷം ഞാൻ ഒരാഴ്ചത്തേക്ക് അവരിൽ നിന്നും മാറിനിന്ന്, അവരുടെ പ്രവൃത്തികളെ വീക്ഷിച്ചു കൊണ്ടിരുന്നു. പത്രോസും മറ്റു ശിഷ്യന്മാരും ഞാൻ പറഞ്ഞ പ്രകാരം ഗലീലായിലെ ജനങ്ങളെ ഒരു പൊതു സമ്മേളനത്തിലേക്ക് വിളിച്ചു കൂട്ടുന്നുണ്ടായിരുന്നു. അവർ വീടുകൾതോറും കയറി ഉയർത്തെഴുന്നേറ്റ എന്നെ കണ്ട കാര്യങ്ങൾ പറയുമ്പോൾ പലരും ഉത്സാഹത്തോടെ കേൾക്കുന്നുണ്ടായിരുന്നു. അവരെയെല്ലാം അടുത്ത ശാപത് ദിവസം മൂന്നുമണിക്ക് ഗലീലകടൽ തീരത്ത് നടക്കുന്ന സമ്മേളനത്തിലേക്ക് ശിഷ്യന്മാർ വീടുകൾതോറും കയറി ക്ഷണിച്ചു. അതിൻപ്രകാരം 500

പേരിൽ അധികം ആളുകൾ അവിടെ വന്നുകൂടി. യെരുശലേമിൽ എന്റെ കുരിശുമരണവും കബറടക്കവും പുനരുദ്ധാനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എല്ലാം വിശദമായി പത്രോസ് പ്രസംഗത്തിലൂടെ അവർക്ക് പറഞ്ഞു കൊടുത്തു. എന്റെ പുനരുദ്ധാനത്തിന്ശേഷം പത്രോസ് നടത്തിയ ആ പ്രസംഗം വളരെ ഏറെ വികാരസാന്ദ്രമായിരുന്നു. പത്രോസ് ഇങ്ങനെ പറഞ്ഞാണ് പ്രസംഗം ഉപസംഹരിച്ചത്,"ഞങ്ങൾ ഉറപ്പിച്ചുപറയുന്നു: യേശു മരിച്ചു, ഉയർത്തെഴുന്നേറ്റിരിക്കുന്നു. സത്യമായിട്ടും അവൻ കല്ലറതുറന്ന് പുറത്തു വന്നു, ഞങ്ങൾക്ക് പലപ്രാവശ്യം പ്രത്യക്ഷപ്പെട്ടതായി ഞങ്ങൾ പ്രഖ്യാപിക്കുന്നു. ഞങ്ങൾ അവനെ കാണുക മാത്രമല്ല അവനോടൊപ്പം നിന്ന് സംസാരിക്കുകയും ചെയ്തു. യേശു സത്യമായിട്ടും ഉയർത്തെഴുന്നേറ്റിരിക്കുന്നു എന്ന് നിങ്ങൾ വിശ്വസിക്കുക."

ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ ഞാൻ പത്രോസിന്റെ അടുക്കൽ പെട്ടെന്ന് പ്രത്യക്ഷനായി, "നിങ്ങൾക്ക് സമാധാനം!"എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു. അതുകണ്ട് ജനങ്ങളെല്ലാം അമ്പരന്നു, സന്തോഷത്തോടെ ദൈവത്തെ മഹത്വപ്പെടുത്തി കൊണ്ട് ഉച്ചത്തിൽ "ഹാലേലൂയ" ആലപിച്ചു. ഞാൻ കൈ ഉയർത്തി അവരെ ആശീർവദിച്ച ഇങ്ങനെ പറഞ്ഞു,"എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു. ലോകം തരുന്നത് പോലെയല്ല. ഞാൻ ലോകാവസാനത്തോളവും നിങ്ങളോട് കൂടെയുണ്ട്". ഇത്രയും പറഞ്ഞ് ഞാൻ അപ്രത്യക്ഷനായി.

എന്റെ പുനരുത്ഥാനശേഷം പലർക്കും ഇതുപോലെ പല പല സാക്ഷ്യ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അവയെല്ലാം രേഖപ്പെടുത്തുവാൻ ആരും ആ സമയത്ത് താൽപര്യം എടുത്തില്ല. എന്നാൽ ജാതികളുടെ അപ്പോസ്തോലൻ ആയി ഞാൻ നിയമിച്ച പൗലോസ് എഴുതിയത് കാണുക,"ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൽ പ്രകാരം മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു, പിന്നെ മൂന്നാംനാൾ കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതു തന്നെ നിങ്ങൾക്ക് ഏൽപ്പിച്ചുതന്നുവല്ലോ?. അനന്തരം അവൻ അഞ്ഞൂറിൽ അധികം സഹോദരന്മാർക്ക് ഒരുമിച്ച് പ്രത്യക്ഷനായി..... ഒടുവിൽ അകാലപ്രജപോലുള്ള എനിക്കും പ്രത്യക്ഷനായി. ഞാൻ അപ്പോസ്തലന്മാരിൽ ഏറ്റവും ചെറിയവനല്ലോ." (1 കോരി 15: 3– 9).

പത്രോസും ശിഷ്യന്മാരും ഞാൻ നേരത്തെ അവരോട് പറഞ്ഞിരുന്നത് പോലെ യെരുശലേമിലേക്കു പുറപ്പെട്ടു. പോകുന്നവഴി ശമരിയയിലും യോർദാൻ പ്രദേശത്തും ജനക്കൂട്ടത്തോട് സുവിശേഷം

അറിയിച്ചു. പിന്നെ അവർ സിയോൺ മാളികയിൽ എത്തി എന്റെ അമ്മയെ സന്ദർശിച്ചു, എന്നെ കണ്ട ശേഷം ഉണ്ടായ കാര്യങ്ങളൊക്കെ ചുരുക്കമായി വിവരിച്ചു. അത് കഴിഞ്ഞ് ഞങ്ങൾ എല്ലാവരും കൂടി തിരുവത്താഴമുറിയിലെ എല്ലാ ഉപകരണങ്ങളും മാറ്റി താഴെ ഇരിക്കുവാൻ പായവിരിച്ച് സജ്ജീകരണം നടത്തി.

എന്റെ അമ്മയും ശിഷ്യന്മാരും ഉള്ള സമയത്ത് ഞാൻ സെഹിയോൻ മാളികയിൽ അവസാനമായി പ്രത്യക്ഷപ്പെട്ടു, ഇങ്ങനെ പറഞ്ഞു: "ഞാൻ ഉയർത്ത് എഴുന്നേറ്റിട്ട് നാളെ 40 ദിവസം തികയുകയാണ്. സ്വർഗ്ഗ പിതാവിന്റെ നിർദ്ദേശപ്രകാരം ഞാൻ ഈ ലോകത്തിലെ ദൗത്യം പൂർത്തീകരിച്ചശേഷം സ്വർഗ്ഗപിതാവിന്റെ അടുക്കലേക്ക് കയറി പോവുകയാണ്. അതിനുശേഷം നിങ്ങൾ ഈ ഭൂമിയിൽ മനുഷ്യരൂപത്തിൽ എന്നെ കാണുകയില്ല. നാളെ അതിരാവിലെ നിങ്ങളെല്ലാവരും ഒലിവ് മലയിലേക്ക് എത്തണം. രാവിലെ 7 മണിക്ക് ഞാൻ അവിടെ നിങ്ങൾക്ക് പ്രത്യക്ഷനാകും. നിങ്ങൾ എല്ലാവരും കാൺകെ ഞാൻ സ്വർഗത്തിലേക്ക് കയറി പോകും. നിങ്ങൾ തിരിച്ചുവന്ന് ഈ മുറിയിൽ തന്നെ അടുത്ത പെന്തിക്കൊസ്തി ദിനം വരെ പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുക. ഞാൻ സ്വർഗ്ഗപിതാവിനോട് പറഞ്ഞു പരിശുദ്ധാത്മാവിനെ നിങ്ങൾക്ക് ഓരോരുത്തർക്കും അയച്ചുതരും." ഇത്രയും പറഞ്ഞ് ഞാൻ അവിടെനിന്നും അപ്രത്യക്ഷനായി.

യോഹന്നാനെ എന്റെ അമ്മയ്ക്ക് കൂട്ടിനിരുത്തി ശിഷ്യന്മാർ ഉടനെ എന്റെ സ്വർഗ്ഗാരോഹണ കാര്യവും പരിശുദ്ധാത്മാവിന് വേണ്ടി കാത്തിരിക്കുന്ന കാര്യവും അറിയിക്കാനായി വിവിധ രഹസ്യ കേന്ദ്രങ്ങളിലേക്ക് പോയി.

14–3–2021.

## അദ്ധ്യായം 104

# സ്വർഗ്ഗാരോഹണവും പെന്തിക്കോസ്തിയും

**മർക്കോസ് 16: 19 –20 ; ലൂക്കോസ് 24: 50– 53; അപ്പോ. പ്രവ . 1:6–11**

ഞാൻ ഉയർത്തെഴുന്നേറ്റശേഷം അനേകർക്ക് പ്രത്യക്ഷപ്പെട്ടുകഴിഞ്ഞ് ഇന്ന് നാല്പതാം ദിവസമാണ്. എന്റെ സ്വർഗ്ഗപിതാവിന്റെ സന്നിധിയിലേക്ക് അടുത്തുചെല്ലുവാൻ എനിക്ക് ധൃതിയായി. എനിക്ക് തിരിച്ച് ലഭിക്കാനിരിക്കുന്ന സ്വർഗ്ഗമഹത്വത്തെപ്പറ്റി ഓർത്തപ്പോൾ എന്റെ മനസ്സ് വെമ്പൽ കൊണ്ടു. ശരീരം എടുത്ത് മനുഷ്യരോടൊപ്പം ഈ ലോകത്തിൽ ജീവിച്ച അനുഭവങ്ങൾ മനുഷ്യലോകത്തെ മുഴുവൻ അറിയിക്കുവാൻ വേണ്ടി ഞാൻ ഏർപ്പെടുത്തിയ "രക്ഷാമാർഗ്ഗം" പൂർണമായി നടപ്പാക്കുവാൻ, ശിഷ്യന്മാർ പരിശ്രമിച്ചാലും അത് ഫലപ്രദമാകണമെങ്കിൽ അവരെ സഹായിക്കേണ്ടതിന്, പിതാവിങ്കൽനിന്ന് പരിശുദ്ധാത്മാവിനെ അയച്ചു കൊടുക്കേണ്ടത് അത്യാവശ്യമായതിനാൽ, ഞാൻ സ്വർഗ്ഗത്തിലേക്കു കയറിപോകുകയാണ്. ഞാൻ ഈ ലോകത്തിൽ മനുഷ്യശരീരം എടുത്ത് പരിശുദ്ധാത്മാവിന്റെ അദൃശ്യശക്തിയാൽ സ്വർഗ്ഗപിതാവിന്റെ പൂർണ്ണ ഇഷ്ടം നടപ്പാക്കിയത് പോലെ, വിശ്വസിക്കുന്ന ഓരോ മനുഷ്യനെയും എന്നെപ്പോലെ അഭിഷേകം ചെയ്യപ്പെട്ട "ക്രിസ്തു" ആക്കി, എന്റെ നാമത്തിൽ പ്രവർത്തിപ്പിക്കുവാനാണ് പരിശുദ്ധാത്മാവ് മുഖാന്തരം സ്വർഗ്ഗപിതാവ് പദ്ധതിയിട്ടിരിക്കുന്നത്. അപ്രകാരമുള്ള ദൈവരാജ്യപ്രവർത്തനം എന്റെ ശിഷ്യന്മാരിൽ കൂടി സമാരംഭിക്കുവാൻ ഈ വരുന്ന പെന്തിക്കൊസ്തിദിനത്തിൽ ഞാൻ പരിശുദ്ധാത്മാവിനെ അയക്കാൻ വേണ്ടി ഇന്നുതന്നെ സ്വർഗത്തിലേക്ക് കയറി പോവുകയാണ്.

വിശുദ്ധ പട്ടണമായ യെരുശലേമിലെ ഒലിവു മലയുടെ പടിഞ്ഞാറെ ചരിവിൽ രാവിലെ 7 മണിയോടെ ഞാൻ പറഞ്ഞതനുസരിച്ച്,

എന്റെ അമ്മയും അപ്പോസ്തോലന്മാരും അറിയിപ്പുകാരും ശേഷം ശിഷ്യന്മാരും ശിഷ്യകളുമായി ഒരുകൂട്ടം ജനങ്ങൾ സമ്മേളിച്ചിരുന്നു. എന്റെ അവസാനത്തെ പ്രത്യക്ഷത ആയിരുന്നു അത്. ആ സ്ഥലത്ത് നിന്ന് കണ്ണുകൾ ഉയർത്തി നോക്കുമ്പോൾ ഞാൻ ദേവാലയത്തിലേക്ക് ഓശാന ജൈത്രയാത്ര നടത്തി പ്രവേശിച്ച സുവർണ്ണവാതിലും, അതിനുള്ളിലായി യെരുശലേം ദേവാലയത്തിന്റെ താഴികക്കുടങ്ങൾ ഇളം വെയിലേറ്റു തിളങ്ങുന്നതും ഞാൻ കണ്ടു. അവിടെ പന്ത്രണ്ടാം വയസ്സുമുതൽ ഞാൻ നടത്തിയ സന്ദർശനങ്ങളും, പ്രഭാഷണങ്ങളും, ദേവാലയ ശുദ്ധീകരണത്തോടനുബന്ധിച്ച് ഉണ്ടായ കോലാഹലങ്ങളുമെല്ലാം എന്റെ ഓർമ്മയിൽ ഓടിയെത്തി. അല്പം കഴിഞ്ഞ് താഴോട്ട് നോക്കിയപ്പോൾ, ഗത്സമന തോട്ടവും ഞങ്ങളുടെ വിശ്രമസങ്കേതവും കിദ്രോൻ തോടിനക്കരെ ഞാൻ പ്രാണവേദനയോടെ കുമ്പിട്ടു കിടന്ന് പ്രാർത്ഥിച്ച പാറയും, പടയാളികൾ എന്നെ പിടിച്ചു കൊണ്ടുപോയ ഓർമ്മകളുമെല്ലാം എന്റെ മനസ്സിലൂടെ മിന്നി മറഞ്ഞു. അതിനുശേഷം സംഭവിച്ച പീഡനങ്ങളും ക്രൂശുവഹിച്ചുള്ള യാത്രയും ഒടുവിൽ കാൽവരിയിലെ ക്രൂശുമരണ സംഭവങ്ങളും ഖബറടക്കവും പുനരുദ്ധാനവും എല്ലാം എല്ലാം ഞാൻ നേരിട്ട് കാണുന്നത് പോലെ എന്റെ മനോമുകുരത്തിൽ കൂടെ കടന്നു പോയി.

ഞാനങ്ങനെ കണ്ണുകളടച്ച് ഓർമ്മകൾ അയവിറക്കികൊണ്ട് നിന്നപ്പോൾ, പത്രോസ് എന്റെ അടുക്കൽ വന്നു ," കർത്താവേ നീ ഇസ്രായേലിന് ഈ കാലത്തിലോ രാജ്യം യഥാസ്ഥാനപെടുത്തി കൊടുക്കുന്നത്?" എന്ന് ചോദിച്ചു. ഞാനവരോട്, "പിതാവ് തന്റെ സ്വന്തം അധികാരത്തിൽ വച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയൊ അറിയുന്നത് നിങ്ങൾക്കുള്ളതല്ല. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദിയായിലെ എല്ലായിടത്തും ശമരിയയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും"

(അപ്പോ. പ്രവ.1:6–11). ലോകപ്രകാരം ഒരു രാജ്യം സ്ഥാപിക്കുമെന്ന പ്രതീക്ഷയിലാണ് പത്രോസ് എന്നോട് അങ്ങനെ ചോദിച്ചത്. സ്വർഗ്ഗരാജ്യത്തെപറ്റിയും എന്റെ രണ്ടാംവരവിനെപറ്റിയും മുൻകൂട്ടി ഞാൻ പറഞ്ഞ കാര്യങ്ങളൊന്നും അവർ വേണ്ടവിധം ഇനിയും മനസ്സിലാക്കിയില്ലല്ലോ എന്ന്ഞാൻഓർത്തു.പരിശുദ്ധാത്മാവ്വരുമ്പോൾ അവർക്കെല്ലാം വേണ്ടവിധം മനസ്സിലാക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും കഴിയുമെന്ന് എനിക്കറിയാമായിരുന്നതുകൊണ്ട് കൂടുതലായി ഞാനൊന്നും അപ്പോൾ പറഞ്ഞില്ല.

എന്റെ അമ്മയേയും അപ്പോസ്തോലന്മാരെയും ഞാനെന്റെ അടുക്കലേക്ക് മാടി വിളിച്ചു. അവർ എന്റെ മുൻപാകെ വട്ടമിട്ട് തലകുനിച്ച് മുട്ടുകുത്തി വണങ്ങി നിന്നു. ഞാൻ അവരെ കൈവച്ച് അനുഗ്രഹിച്ച് സമാധാന ചുംബനം നൽകി.

സാവധാനം എന്റെ കാലുകൾ ഭൂമിയിൽ നിന്നും ഉയരുവാൻ തുടങ്ങി. അവിടെ നിൽക്കുന്ന എല്ലാവരും കൈവീശി അത്ഭുത പൂർവ്വം നോക്കികൊണ്ട് എന്നെ യാത്രയാക്കി. ഒരു മേഘം വന്ന് എന്നെ മൂടിയപ്പോൾ അവരുടെ കാഴ്ചയിൽ നിന്നും ഞാൻ പൂർണ്ണമായും മറഞ്ഞു. അപ്പോൾ വെള്ളവസ്ത്രം ധരിച്ച രണ്ട് ദൂതന്മാർ അവരുടെ മുൻപാകെ പ്രത്യക്ഷപ്പെട്ടു ഇങ്ങനെ അവരോട് പറഞ്ഞു, "ഗലീല പുരുഷന്മാരെ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടത്പോലെ തന്നെ അവൻ വീണ്ടും വരും."(അപ്പോ. പ്രവ.1:10,11). ഈ വാക്കുകൾ കേട്ട് അവർ ആശ്വസിച്ച് ദൈവത്തെ സ്തുതിച്ചുകൊണ്ട് സന്തോഷത്തോടെ തിരിച്ചു പോകുന്നത് ഞാൻ കണ്ടു. ഞാൻ നേരത്തെ നിർദേശിച്ചിരുന്നതുപോലെ അവർ അന്ത്യ അത്താഴവിരുന്ന് നടത്തിയ മാളികമുറിയിൽ എത്തി, പ്രാർത്ഥനയിൽ മുഴുകി പരിശുദ്ധാത്മാവിന്റെ വരവിനായി കാത്തിരുന്നു.

ഞാൻ സ്വർഗ്ഗത്തിലെത്തി, മാലാഖവൃന്ദങ്ങൾ കാഹളത്തോടെ എന്നെ എതിരേറ്റു. എന്റെ പിതാവിന്റെ വലതുഭാഗത്ത് , ഞാൻ നേരത്തെ ഇരുന്നിരുന്ന അതേ സ്ഥാനത്ത്, ദൈവപുത്രന്റെ സർവ്വ മഹത്വങ്ങളോടും കൂടെ ഉപവിഷ്ടനായി. എന്റെ തിരിച്ചുവരവിൽ സ്വർഗ്ഗത്തിലെ മാലാഖവൃന്ദങ്ങൾ നിരനിരയായി ചുറ്റുംനിന്നുകൊണ്ട് ഹാലേലൂയാ സ്തുതികൾ പാടിക്കൊണ്ടിരുന്നു. താഴെ മാളികയിൽ എന്റെ അമ്മയും ശിഷ്യഗണങ്ങളും, ദുഃഖം മാറി, പ്രത്യാശയും സന്തോഷവും സംതൃപ്തിയും സ്നേഹവും നിറഞ്ഞവരായി ആരാധിക്കുന്നത് കണ്ടു സ്വർഗ്ഗത്തിൽ ഇരുന്ന് ഞാനും എന്റെ പിതാവും ആനന്ദിച്ചു.

## പെന്തകൊസ്തി ദിനത്തിലെ പരിശുദ്ധാത്മ ആവാസം

പെന്തകൊസ്തി ദിനത്തിൽ ഞാൻ വാഗ്ദാനം ചെയ്തതുപോലെ അവർക്ക് പരിശുദ്ധാത്മാവിനെ അയച്ചുകൊടുത്ത സംഭവം ശിഷ്യനായ ലൂക്കോസ് വിശദമായി എഴുതിയിട്ടുള്ള വിവരണങ്ങൾ നിങ്ങൾ വായിച്ച

മനസിലാക്കണം.(അപ്പൊ. പ്രവ. അദ്ധ്യായം 2). പരിശുദ്ധാത്മാവിന്റെ വരവോടുകൂടി കേട്ട ശബ്ദം ആകാശത്തുനിന്ന് ഉണ്ടായതാണ്. എന്നാൽ എന്റെ പേരിൽ കൂടിവരുന്ന ചില സമൂഹങ്ങളിൽ മനുഷ്യരുടെ അട്ടഹാസങ്ങളും ബഹളങ്ങളും ഒക്കെ ഉണ്ടാക്കി പരിശുദ്ധാത്മ അഭിഷേക ലക്ഷണമായി പഠിപ്പിക്കുന്ന തായും പാലിക്കുന്നതായും ഞാൻ മനസ്സിലാക്കുന്നു. അതുപോലെതന്നെ അന്ന് മാളികമുറിയിൽ കൂടിയിരുന്ന 120 പേരുടെ മേലും അഗ്നി നാവുകളിൽ പരിശുദ്ധാത്മാവ് ആവസിച്ച് അവർ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. അവർ സംസാരിച്ചതെല്ലാം വിവിധ ദേശങ്ങളിൽ നിന്നും വന്നിരുന്ന ആളുകൾക്ക് അവരവരുടെ ഭാഷകളിൽ മനസ്സിലായി. ഏകദേശം പതിനഞ്ച് ഭാഷകൾ സംസാരിച്ചിരുന്ന കേൾവിക്കാർ ഉണ്ടായിരുന്നെങ്കിലും പരിശുദ്ധാത്മാവ് നിറഞ്ഞ് പത്രോസ് പ്രസംഗിച്ചപ്പോൾ അവർക്കെല്ലാം അവരവരുടെ ഭാഷകളിൽ അത് മനസ്സിലായി. പണ്ട് ബാബേൽ ഗോപുരം ഉണ്ടാക്കി നിമ്രോദ് രാജാവ് ദൈവത്തോട് മത്സരിച്ചപ്പോൾ യഹോവ അവരുടെ ഭാഷ കലക്കി കളഞ്ഞു, അവരുടെ ഗോപുര നിർമ്മാണം നിർത്തിവെച്ച കാര്യം നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. (ഉല്പത്തി. 11: 1– 9). ദൈവത്തോട് മത്സരിക്കുമ്പോൾ, എതിർത്ത് പ്രവർത്തിക്കുമ്പോൾ, നിങ്ങളുടെ ഒരേ ഭാഷ പരസ്പരം മനസ്സിലാകാതെ, തർക്കങ്ങളും തകർച്ചകളും സംഭവിക്കുന്നത് നിങ്ങളുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും സഭകളിലും സർവ്വസാധാരണമാണല്ലോ. അതിന് ഒരു പരിഹാരം മാത്രമേയുള്ളൂ, ദൈവഹിതമനുസരിച്ച് ജീവിക്കാൻ തീരുമാനിച്ചു വിനയത്തോടും വിശുദ്ധിയോടും വിശ്വാസത്തോടും കൂടി പരിശുദ്ധാത്മ നൽവരങ്ങൾ പ്രാപിക്കുന്നതിനായി പ്രാർത്ഥനയോടെ കാത്തിരിക്കുക. പഴയ ബാബേൽ ഗോപുരത്തിന് പകരം, ശിഷ്യന്മാർ എന്റെ സഭയാകുന്ന "പുത്തൻ യെരുശലേമിന്റെ" നിർമാണത്തിനുവേണ്ടി ദൈവഹിതമനുസരിച്ച് പ്രവർത്തിക്കാൻ സന്നദ്ധരായി ഒരുക്കത്തോടെ കാത്തിരുന്നതിനാലാണ് അവർക്ക് പരിശുദ്ധാത്മ അഭിഷേകം മൂലം "ഭാഷാവരം" പ്രത്യേകമായി ലഭിച്ചത്. "അന്യഭാഷ" അഥവാ "മറുഭാഷ" എന്ന പേരിൽ അർത്ഥം അറിയാതെ കുറെ അക്ഷരങ്ങൾ കൊണ്ടുള്ള ശബ്ദം പുറപ്പെടുവിക്കുന്നത് പരിശുദ്ധാത്മ വ്യാപാരത്താൽ അല്ല, വ്യാജ ആത്മാക്കളുടെ സ്വാധീനത്താലോ, മാനസികവിഭ്രാന്തിയാലോ ആണെന്ന് തിരിച്ചറിയുക.

പെന്തിക്കൊസ്തി ദിനത്തിൽ പരിശുദ്ധാത്മാവിനെ(Holy Spirit) പലരും തെറ്റിദ്ധരിച്ച്, ശിഷ്യന്മാർ വീഞ്ഞ് (Alchoholic Spirit) കുടിച്ച് മത്ത് പിടിച്ചവരാണെന്ന് കുറ്റപ്പെടുത്തിയിരുന്നു. എന്നാൽ പത്രോസ് അതേപ്പറ്റി യോവേൽ പ്രവചനം(അപ്പോ. പ്രവ. 2:14––; യോവേൽ 2: 28– 32)

ചൂണ്ടിക്കാണിച്ചുകൊണ്ട് പരിശുദ്ധാ ആത്മാവിന്റെ സാന്നിധ്യമാണെന്ന് കേൾവിക്കാർക്ക് വിവരിച്ചു കൊടുത്തു. പത്രോസിന്റെ പ്രസംഗം കേട്ട് 3000 ആളുകൾ എന്നിൽ വിശ്വസിച്ചു സ്നാനം ഏറ്റ കാര്യം ലൂക്കോസ് വിവരിക്കുന്നുണ്ട്.(അപ്പോ. പ്രവ. 2:37–42).

ഞങ്ങൾ അയച്ചുകൊടുത്ത പരിശുദ്ധാത്മാവ് ശിഷ്യന്മാരിൽ കൂടി പ്രവർത്തിച്ച് സഭ വളരുന്നത് കണ്ട് ഞാനും സ്വർഗ്ഗപിതാവും അത്യന്തം സന്തോഷിച്ചു. സ്വർഗ്ഗരാജ്യസന്ദേശം ലോകം മുഴുവൻ വ്യാപിച്ചു എല്ലാ മനുഷ്യരും എന്നെ അറിയുവാനായി നിങ്ങളെല്ലാവരും പരിശ്രമിക്കണം.

## പരിശുദ്ധാത്മാവ് എന്ന സഹായകൻ

വിശുദ്ധ ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവായ ദൈവത്തെപ്പറ്റി ഞാൻ നേരത്തെ കുറേ കാര്യങ്ങൾ നിങ്ങളോട് പറഞ്ഞിട്ടുള്ളത് ഓർക്കുന്നുണ്ടല്ലോ. അതിനോട് ചേർന്ന ചില കാര്യങ്ങൾ കൂടി അക്കമിട്ടു പറയാം.

1) പാപത്തിൽ നിന്നും പൂർണ്ണ മോചനം നൽകുന്ന സത്യത്തിന്റെ പൂർത്തീകരണമായ സത്യാത്മാവ്, "നുണ" പറയുന്ന സാത്താന്റെ കെണികളെ തിരിച്ചറിഞ്ഞ് അതിൽ നിന്നും രക്ഷപ്പെടുവാൻ നിങ്ങളെ സഹായിക്കും.

2) അനാഥരും നിസ്സഹായരും ആണെന്ന ബോധ്യം അകറ്റി, എപ്പോഴും സഹായം നൽകി നിങ്ങളെ പ്രവർത്തനനിരതരാക്കുന്നത് പരിശുദ്ധാത്മാവാണ്. അവനിൽ ആശ്രയിക്കുക.

3) ദൈവം കൂടെയുണ്ടെന്ന ഉൾക്കാഴ്ച നൽകി, എപ്പോഴും ഭയം നീക്കി ധൈര്യവും ഉത്സാഹവും നിങ്ങൾക്ക് നൽകുന്നു.

4)ഞാൻ പഠിപ്പിച്ച കാര്യങ്ങൾ തക്കസമയത്ത് നിങ്ങളെ ഓർമിപ്പിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുവാൻ ശക്തി നൽകി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

5) പരിശുദ്ധാത്മാവ് വളരെ ശാന്തമായി സ്വയം മറഞ്ഞിരുന്ന് പ്രവർത്തിക്കുന്നവനാണ്. അവന്റെ സാന്നിധ്യം അറിയിക്കാനായി "ബഹളം, അത്ഭുതങ്ങൾ, മറുഭാഷാ" എന്നിങ്ങനെയുള്ള പ്രകടനങ്ങൾ ഒന്നും പരിശുദ്ധാത്മാവ് അനുവദിക്കുകയില്ല. അപ്രകാരമുള്ള

ശബ്ദകോലാഹലങ്ങൾ ഒക്കെ വ്യാജമാണെന്ന് തിരിച്ചറിഞ്ഞ് അവയിൽ നിന്നും വിട്ടു ഒഴിയുക.

6). ശരീരത്തിൽ പ്രത്യക്ഷപ്പെട്ട് ഞാൻ എന്റെ പിതാവിന്റെ ഇഷ്ടമനുസരിച്ച് ജീവിച്ചതുപോലെ എന്റെ ഉപദേശങ്ങൾ നടപ്പാക്കുക മാത്രമേ പരിശുദ്ധാത്മാവ് ചെയ്യുകയുള്ളൂ. ഞാൻ പരിശുദ്ധാത്മാവിൽ നിറഞ്ഞ് തുള്ളുകയും ആളുകളെ തള്ളിമറിച്ചിടുകയും വിറയ്ക്കുകയും ആർക്കും മനസ്സിലാകാത്ത മറുഭാഷ പറയുകയും ചെയ്യുന്നത് നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?

7) ഞാൻ ചെയ്തു, പഠിപ്പിച്ച നിങ്ങൾക്ക് കാണിച്ചു തന്നത് പോലെ നിങ്ങളും ചെയ്യേണ്ടതിന് നിങ്ങളെ ശക്തരാക്കുകയാണ് പരിശുദ്ധാത്മാവ് ചെയ്യുന്നത്. അതിനും അപ്പുറത്ത് ചെയ്യുന്നതെല്ലാം പൈശാചികമാണ്.

8). രാജ്യങ്ങൾ തോറും സംസ്കാരങ്ങൾക്ക നുസരിച്ചും സാഹചര്യത്തിന് അനുയോജ്യമായതും തലമുറകളുടെ പ്രത്യേകതകൾ അനുസരിച്ചും ഞാൻ പഠിപ്പിച്ച കാര്യങ്ങൾ ശരിയായ വിധം വ്യാഖ്യാനിച്ച് നടപ്പാക്കാനുള്ള കഴിവ് ലഭിക്കേണ്ടതിന് അത്തരം സാഹചര്യങ്ങളിലെല്ലാം പരിശുദ്ധാത്മാവിന്റെ സഹായം തേടുക.

9). ദൈവം പിതാവാണെന്നും നിങ്ങളെല്ലാവരും സഹോദരങ്ങളാണെന്നും നിങ്ങൾക്ക് ബോധ്യം വരുന്നത് പരിശുദ്ധാത്മ നൽവരമാകുന്ന ദൈവീകസ്നേഹം നിങ്ങളിൽ നിറയുമ്പോഴാണ്. ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിക്കുവാൻ നിങ്ങൾക്ക് കഴിയണമെങ്കിൽ പരിശുദ്ധാത്മ സഹായം കൂടിയേതീരൂ.

10) എന്റെ പിതാവായ ദൈവവും എല്ലാവരുടെയും ദൈവവുമായ നിങ്ങളുടെ പിതാവും ഒരാളാണെന്ന തിരിച്ചറിവും, "എന്നെപറ്റി" ഉള്ള സുവിശേഷവും "എന്റെ" സുവിശേഷവും തമ്മിലുള്ള വ്യത്യാസവും, "എന്നിലുള്ള" നിങ്ങളുടെ വിശ്വാസവും, സ്വർഗ്ഗപിതാവിലുള്ള "എന്റെ വിശ്വാസവും"തമ്മിലുള്ള വ്യത്യാസങ്ങൾ നിങ്ങൾക്ക് സത്യമായി മനസ്സിലാക്കണമെങ്കിൽ പരിശുദ്ധാത്മസഹായം അത്യാവശ്യമാണ്.

11). എന്റെ ജീവിതവും ഉപദേശവും ശരിയായി മനസ്സിലാക്കി ആചരിക്കുവാൻ മനസ്സുകൊണ്ട് നിങ്ങൾ തയ്യാറാണെങ്കിൽ മാത്രമേ പരിശുദ്ധാത്മാവിനെ ബോധപൂർവ്വം സ്വീകരിക്കുവാൻ വിശുദ്ധ മാമോദിസ വഴി നിങ്ങൾക്ക് സാധിക്കുകയുള്ളൂ.

12) ഞാൻ എന്റെ സ്വർഗ്ഗപിതാവിനെ ശരീര പ്രകാരം നിങ്ങൾക്ക് കാണിച്ചുതന്നത് പോലെ, ആത്മീയ ഉൾക്കാഴ്ച നൽകി എന്നെ നിങ്ങളുടെ ഹൃദയത്തിൽ വെളിപ്പെടുത്തി തരുന്നത് പരിശുദ്ധാത്മാവാണ്.

13) പിതാവിന്റെ സ്നേഹവും എന്റെ കൃപയും നിങ്ങൾക്ക് ലഭിക്കുന്നത് പരിശുദ്ധാത്മാവിന്റെ സംബന്ധവും സഹവാസവും മൂലമാണ്.

14). ഞാൻ ഭൂമിയിൽ പ്രവർത്തിച്ചപ്പോൾ എനിക്ക് പൂർണമായി പരിശുദ്ധാത്മാവിന്റെ സഹായം ലഭിച്ചിരുന്നത്പോലെ, വിശുദ്ധ മാമോദിസ മൂലം സഭയോട് ചേർന്ന എല്ലാവർക്കും പരിശുദ്ധാത്മാവിനെ ലഭിക്കുന്നതിനാൽ, ഞാൻ പിതാവിനെ അനുസരിച്ച് ജീവിച്ചതുപോലെ നിങ്ങൾക്കും ജീവിക്കുവാൻ കഴിയും എന്ന് വിശ്വസിക്കുക.

ഞാൻ ദൈവപുത്രനാണ്, അതുകൊണ്ടാണ് എനിക്ക് കഴിഞ്ഞത് എന്ന് നിങ്ങൾ തെറ്റിദ്ധരിക്കരുത്. മനുഷ്യൻ എന്ന നിലയിൽ മാത്രമാണ് ഞാൻ ലോകത്തിൽ പ്രവർത്തിച്ചത്. മനുഷ്യൻ എന്ന നിലയിൽ എന്നെ ദൈവീകശക്തി ഉള്ളവനാക്കിയത് പരിശുദ്ധാത്മാവാണ്. ആ കാരണത്താൽ തന്നെ വിശുദ്ധ മാമോദിസ മൂലം ദൈവമക്കളുടെ പദവി ലഭിച്ച നിങ്ങൾക്കും പരിശുദ്ധാത്മ സഹായം, എനിക്ക് ലഭിച്ചപോലെ തന്നെ നിങ്ങൾക്കും ലഭിക്കും. നിങ്ങൾക്ക് സ്വയം ചെയ്യുവാൻ കഴിയാത്ത കാര്യങ്ങൾ ചെയ്യുവാൻ ആലോചനയും ശക്തിയും നൽകി സഹായിക്കാനാണ് പരിശുദ്ധാത്മാവിനെ നിങ്ങൾക്ക് അയച്ചത്.

15) പരിശുദ്ധാത്മ ഫലങ്ങൾ (ഗലാത്യർ 5: 22) വ്യക്തിപരമായി സ്വായത്തമാക്കുകയും പരിശുദ്ധാത്മ വരങ്ങൾ (ഒന്ന് കൊരിന്ത്യർ പന്ത്രണ്ടാം അധ്യായം) ദൈവം നൽകുന്നത് അനുസരിച്ച് പൊതു നന്മയ്ക്കു വേണ്ടി പ്രവർത്തിക്കുവാൻ എല്ലാവരും ഉത്സാഹിക്കണം. ഏറ്റവും വലിയ വരം സ്നേഹമാണെന്നും,(1 കൊരിന്ത്യർ 13) ഭാഷാവരം താൽക്കാലികമാണെന്നും ഓർക്കുക.

16) പരിശുദ്ധാത്മാവ് നിരന്തരം മനസ്സ് പുതുക്കി നിങ്ങളെ രൂപാന്തരപെടുത്തി കൊണ്ടിരിക്കും. അനന്തമായ ആത്മീയ വളർച്ചയിലൂടെ ദൈവ സാദൃശ്യത്തിലേക്ക് നിങ്ങളെ വളർത്തുന്നത് പരിശുദ്ധാത്മാവാണ്.

17) ഞാൻ യഹൂദമതത്തിലെ ചട്ടക്കൂട്ടിൽ പഴയ നിയമങ്ങൾക്ക് വിധേയമായി മനുഷ്യാവതാരം ചെയ്തു. എന്നാൽ പരിശുദ്ധാത്മാവ് സകല മതനിയമങ്ങൾക്കും അതീതമായി വർണ-വർഗ സംസ്കാര ചിന്തകൾക്കപ്പുറം എല്ലാ മനുഷ്യരെയും ഉൾക്കൊള്ളാനുള്ള

സാർവ്വലൗകിക വീക്ഷണമായി, കാറ്റുപോലെ ഇഷ്ടാനുസരണം മനുഷ്യരെ പ്രേരിപ്പിക്കുന്നവനാണ്. എല്ലാ ലോക നിയമങ്ങളെയും ശരിയായ അർത്ഥത്തിൽ പാലിക്കുവാൻ പരിശുദ്ധാത്മാവ് മനുഷ്യർക്ക് സുബോധവും വിവേചനശക്തിയും നൽകുന്നു.

18). സ്ഥലകാലങ്ങൾക്കപ്പുറത്ത് ഒതുങ്ങി കാത്തിരിക്കുന്ന ഏത് മനുഷ്യ മനസ്സുകളിലേക്കും എപ്പോഴും ഇറങ്ങിച്ചെല്ലാൻ കാത്തിരിക്കുന്ന പരിശുദ്ധാത്മാവിനെ ദേവാലയങ്ങളിലെ നാലതിരുകളിലോ അനുഷ്ഠാനങ്ങളുടെ ചട്ടക്കൂട്ടുകളിലോ വിശ്വാസപ്രമാണങ്ങളുടെ നിർവചനങ്ങളിലോ ഒതുക്കി നിർത്താൻ ശ്രമിക്കരുത്.

19). തിന്മയെ നന്മ കൊണ്ട് ജയിക്കുവാനും അനീതിയെ നീതി കൊണ്ട് കീഴ്പ്പെടുത്താനും അസത്യത്തെ സത്യം കൊണ്ട് തിരുത്തുവാനും അന്ധകാര ശക്തികളെ ദൈവീക ശക്തിയുള്ള പ്രകാശം കൊണ്ട് നേരിടുവാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് പരിശുദ്ധാത്മാവാണ്.

20). മനുഷ്യ മനസ്സിനെ ദൈവ മനസ്സിന് കീഴ്പ്പെടുത്തുവാനും ദൈവഹിതം തിരിച്ചറിഞ്ഞവരായി അതിനു കീഴ്പ്പെട്ട് ജീവിക്കുവാനും, സ്വന്തം താല്പര്യത്തിന് "ദൈവത്തെ ഉപയോഗിക്കുവാൻ" ആഗ്രഹിക്കുന്നവരെ "ദൈവം ഉപയോഗിക്കുന്ന മനുഷ്യരായി " തീരുന്നതിനു മനുഷ്യരെ രൂപാന്തരപ്പെടുത്തി പ്രാപ്തരാക്കുന്നത് പരിശുദ്ധാത്മാവാണ്.

21). മനുഷ്യരുടെ സ്വാർത്ഥത നശിപ്പിച്ച് കൂട്ടായ്മ വരുത്തുകയും സമൂഹ സേവനത്തിനായി ഒരുക്കുകയും ചെയ്യുന്നത് പരിശുദ്ധാത്മാവാണ്.

22). പരിശുദ്ധാത്മാവ് നൽകുന്ന സ്നേഹം,സന്തോഷം, സമാധാനം എന്നിവ ശരീരത്തിന് ഔഷധവും മനസ്സിന് പ്രചോദനവും ആത്മാവിന് ഊർജ്ജവും ആയി പ്രവർത്തിക്കുന്നു.

23). ദീർഘമായി പ്രാർത്ഥിക്കുന്നതിന്റെ അടിസ്ഥാനത്തിലല്ല, പ്രാർത്ഥനയുടെ ഫലമായി വിനയപൂർവ്വമുള്ള നിങ്ങളുടെ സമർപ്പണത്തിന്റെ ആഴം അറിഞ്ഞുകൊണ്ടാണ് പരിശുദ്ധാത്മാവ് നിങ്ങളിൽ വന്നു നിങ്ങളെ സഹായിക്കുന്നത്. "ന്യൂനമർദ്ദം"ഉള്ളിടത്തേക്ക് കൊടുങ്കാറ്റ് ആഞ്ഞടിക്കുന്നത് പോലെ, നിങ്ങളെത്രമാത്രം താഴ്മയുള്ളവർ ആകുന്നുവോ അത്രയും ശക്തിയായി പരിശുദ്ധാത്മാവ് നിങ്ങളിൽ ആഞ്ഞടിക്കും. പെന്തിക്കൊസ്തിയുടെ അനുഭവം അതായിരുന്നു!!!

15–3–2021.

## അദ്ധ്യായം 105

# സ്വർഗ്ഗരാജ്യവും എന്റെ രണ്ടാം വരവും

**മത്തായി 24:1–44; മർക്കോസ് 13: 1–31; ലൂക്കോസ് 21: 5– 33**

സ്വർഗ്ഗരാജ്യ അനുഭവത്തെപ്പറ്റി ഞാൻ കുറേ കാര്യങ്ങൾ പലപ്രാവശ്യമായി നിങ്ങളോട് പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. ഗോത്ര പിതാവായ യാക്കോബിനെ സ്വർഗ്ഗം തുറന്നു കാണിച്ചത് (ഉൽപ്പത്തി 27: 42---), ഹൃദയശുദ്ധിയുള്ളവർക്ക് സ്വർഗ്ഗപിതാവിനെ കാണാമെന്നു പറഞ്ഞത് (മത്തായി 5: 8) നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ജീവിച്ചിരിക്കുമ്പോൾ തന്നെ ഏശയ്യ പ്രവാചകന് സ്വർഗ്ഗദർശനം ഉണ്ടായ കാര്യം നിങ്ങൾ വായിച്ചിട്ടില്ലേ? (ഏശയ്യ 6: 1---). എസക്കിയേൽ പ്രവാചകനും സ്വർഗ്ഗം കണ്ട കാര്യം എഴുതിവച്ചിട്ടുണ്ട്.(യഹ്സ്കി. 1: 1– 28). എന്റെ പ്രിയ ശിഷ്യനായ യോഹന്നാനും കൂടുതൽ വ്യക്തമായി സ്വർഗ്ഗത്തിലെ അനുഭവങ്ങൾ വിവരിക്കുന്നുണ്ട്. (വെളി 21: 1– 22:5). സ്വർഗ്ഗ ദർശന വിവരണങ്ങൾ നിങ്ങൾ വായിക്കുമ്പോൾ നിങ്ങൾക്ക് കുറേ അവ്യക്തതകളും സംശയങ്ങളും ഉണ്ടാകുമെങ്കിലും അവ തമ്മിലുള്ള സാമ്യങ്ങളും വിവരണങ്ങളും പരിശുദ്ധാത്മ പ്രേരിതമാണെന്ന് വിശ്വസിക്കുവാൻ നിങ്ങൾക്ക് കഴിയണം. ജീവികൾ, മാലാഖമാർ, സിംഹാസനം, പളുങ്കു കൊട്ടാരങ്ങൾ, സ്വർണ്ണം വിരിച്ച പാതകൾ ഇങ്ങനെ വിവിധങ്ങളായ വിവരണങ്ങൾ ഭൂമിയിൽ കാണപ്പെടുന്ന യാഥാർഥ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ആണ് ഇപ്രകാരം ആശയക്കുഴപ്പം ഉണ്ടാകുന്നത്. "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല" എന്ന്പൗലോസ് ശ്ലീഹ എഴുതിയിരിക്കുന്നതു പോലെതന്നെ, പരിശുദ്ധാത്മാവിനാൽമാത്രമേ മനുഷ്യരായ നിങ്ങൾക്ക് സ്വർഗ്ഗം വെളിപ്പെട്ടു കിട്ടുകയുള്ളൂ.(1 കോരി 2: 9–10).

തിരുവെഴുത്തുകൾ പരിശോധിക്കുമ്പോൾ കുറേക്കൂടി കാര്യങ്ങൾ കണ്ടെത്താൻ നിങ്ങൾക്ക് കഴിയും. അന്ത്യന്യായവിധിയിൽ എല്ലാവരെയും, നല്ലവരും ദുഷ്ടന്മാരും ആയി തരംതിരിക്കുന്ന സമയത്ത് മാത്രമേ മനുഷ്യരായ നിങ്ങൾക്ക് യോഗ്യത ഉണ്ടെങ്കിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിയുകയുള്ളൂ. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന ഞാൻ അല്ലാതെ ആരും സ്വർഗ്ഗം നേരിട്ട് കണ്ടിട്ടില്ല. സ്വർഗ്ഗം കണ്ടതായി പലരും നൽകുന്ന വിവരണങ്ങൾ നിങ്ങൾ അതുപോലെ വിശ്വസിക്കരുത്. അവയെല്ലാം മാനുഷിക സങ്കൽപ്പങ്ങളാണ്. എന്നിൽ വിശ്വസിച്ച് മരിച്ചുപോയവരുടെ ആത്മാക്കൾ "പറുദീസയിലും", എന്നെ അറിയാതെയും വിശ്വസിക്കാതെയും മരിച്ചവരുടെ ആത്മാക്കൾ "പാതാളത്തിലും" അന്ത്യന്യായവിധി ദിവസം വരെ ശരീരം ഇല്ലാതെ കഴിയുന്നു എന്നും, അന്ത്യന്യായവിധി സമയത്ത് സകല മനുഷ്യരും പുതിയ ശരീരം പ്രാപിച്ച് ഉയർത്തെഴുന്നേറ്റ ശേഷം ന്യായം വിധിക്കപ്പെടും എന്നും, നൻമ ചെയ്തവർ സ്വർഗ്ഗത്തിലേക്കും തിന്മ ചെയ്തവർ നരകത്തിലേക്കും പ്രവേശിക്കും എന്നും ഞാൻ നേരത്തെ നിങ്ങളോട് പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. സ്വർഗ്ഗത്തെ "ആകാശം" എന്ന അർത്ഥത്തിൽ പരാമർശിച്ചിട്ടുള്ളത് നിങ്ങൾക്ക് ആശയകുഴപ്പം ഉണ്ടാക്കിയിട്ടുണ്ട് എന്ന് എനിക്കറിയാം. സൃഷ്ടിതമായ യാതൊന്നും യഥാർത്ഥ സ്വർഗരാജ്യത്തിൽ നിങ്ങൾക്ക് കാണുവാൻ കഴിയില്ല എന്ന് അറിയുക."ആകാശവും ഭൂമിയും" സൃഷ്ടിതമായതിനാൽ അവയെല്ലാം ഒടുവിൽ അഴിഞ്ഞു ശൂന്യമായി പോകുന്നതാണ് എന്ന് നിങ്ങൾ മനസ്സിലാക്കണം. സ്വർഗ്ഗം എന്നത് ഭൂമിയിൽ പറയപ്പെടുന്നത്പോലുള്ള "സ്ഥലമല്ല"; അത് ദൈവത്തോട് കൂടിയുള്ള ഒരു "ജീവിതഅവസ്ഥയാണ്. "നിത്യജീവൻ" എന്താണെന്നും അതിന്റെ പ്രത്യേകതകൾ എന്താണെന്നുമൊക്കെ അവിടെ എത്തുമ്പോൾ മാത്രമേ പൂർണ്ണമായി മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിയൂ. ഭൂമിയിൽ നിങ്ങൾക്കറിയാവുന്ന പ്രതീകങ്ങളുമായി താരതമ്യപ്പെടുത്തുന്ന വെളിപാടുകളിൽ പരിശുദ്ധാത്മ നിയോഗം ഉണ്ടെങ്കിലും, അത് മാത്രമാണ് അല്ലെങ്കിൽ അത് തന്നെയാണ് സ്വർഗ്ഗ അവസ്ഥ എന്ന് നിങ്ങൾ വിശ്വസിച്ച് തൃപ്തിയടയരുത്.

തിരുവെഴുത്തുകൾ പരിശോധിക്കുമ്പോൾ താഴെപ്പറയുന്ന ചില കാര്യങ്ങൾ നിങ്ങൾക്ക് വ്യക്തമാകും.

1). ദൈവത്തോട് കൂടിയുള്ള വിശുദ്ധജീവിതമാണ് മനുഷ്യർക്ക് ദൈവം ഒരുക്കി വെച്ചിട്ടുള്ളത്. നന്മ മാത്രം, സത്യം മാത്രം, വെളിച്ചം മാത്രം, ആനന്ദം മാത്രം– ഇങ്ങനെ ഈ ലോകത്തിൽ കാണുന്ന കലർപ്പുകൾ

ഒന്നുമില്ലാത്ത അനുഭവമാണ് സ്വർഗ്ഗത്തിൽ മക്കൾക്ക് ദൈവപിതാവ് ഒരുക്കിയിരിക്കുന്നത്. മൺമയമായ നിങ്ങളുടെ ശരീരത്തിന് ഭക്ഷണം,വായു, വെള്ളം എന്നീ വിധത്തിലുള്ള പല ആവശ്യങ്ങൾ ജീവൻ നിലനിർത്തുവാൻ വേണ്ടി വരുന്നതുപോലെ, സ്വർഗ്ഗത്തിൽ മരണവും നാശവും ഇല്ലാത്തതിനാൽ അതിന്റെ ഒന്നും ആവശ്യമില്ല. "ദൈവരാജ്യം ഭക്ഷണവും പാനീയവും അല്ല നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ"എന്ന് പൗലോസ്ശ്ലീഹ പറയുന്നത് ഈ അർത്ഥത്തിലാണ്. (റോമർ 14: 17). ദൈവമക്കളായി തന്നെ രൂപാന്തരം പ്രാപിച്ച ദൈവത്തോടൊപ്പം നിത്യമായി വസിക്കാനുള്ള സ്വർഗീയ അനുഭവമാണ് നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നത്. ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളെയും ഇരുത്തുമെന്നും എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടെന്നും ഞാൻ നിങ്ങളോട് പറഞ്ഞത് നിങ്ങൾ വിശ്വസിക്കുക. ആ കാര്യങ്ങളൊക്കെ പൂർണ്ണമായി മനസ്സിലാക്കുവാൻ ഇപ്പോൾ നിങ്ങൾക്ക് കഴിവില്ലെന്ന് മനസ്സിലാക്കുക.

2). സ്വർഗ്ഗത്തിലെ ഒരു മുന്നാസ്വാദനം നിങ്ങൾക്ക് സാധിക്കുന്നത് എന്റെ സഭയിൽ കൂടെയാണ്. ഞാൻ ശിഷ്യന്മാരെ കൂട്ടി മറുരൂപമലയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ നിങ്ങൾക്ക് സ്വർഗ്ഗ ദർശനത്തിന്റെ ഒരു മുന്നാസ്വാദനമാണ് നൽകിയത്. അവിടെ സ്വർഗ്ഗപിതാവിന്റെ "ശബ്ദ സാന്നിധ്യവും", പരിശുദ്ധാത്മാവിന്റെ "പ്രകാശ സാന്നിധ്യവും" എന്റെ രൂപാന്തരം പ്രാപിച്ച "ശരീര സാന്നിധ്യവും" ശിഷ്യന്മാർക്ക് കാണാൻ കഴിഞ്ഞതാണല്ലോ. ന്യായപ്രമാണത്തിന്റെ സൂചനയായ മോശയും തിരുവെഴുത്തുകളുടെ സൂചനയായ ഏലിയാവും അവിടെ കാണപ്പെട്ടപ്പോൾ സ്വർഗ്ഗത്തിലെ മാത്രമല്ല, ഞാൻ ലോകത്തിൽ സ്ഥാപിച്ച എന്റെ സഭയുടെ ചിത്രീകരണവും കൂടി ആയിരുന്നു അത്. സഭയിൽ വിശുദ്ധ ത്രിത്വത്തോടൊപ്പം ജീവനുള്ള നിങ്ങളും മരിച്ചുപോയവരും ഒന്നിച്ച് ആരാധിക്കുന്ന അനുഭവം സ്വർഗ്ഗത്തിന്റെ മുൻകുറി തന്നെയാണ്. എന്റെ കൂടെ നിങ്ങളെയും ഉയർത്തി എഴുന്നേൽപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുമെന്നു പൗലോസ് എഴുതിവച്ചിരിക്കുന്നത് സത്യമാണ്.(എഫെ. 2: 6– 7). ഞാൻ ഉയർത്തെഴുന്നേറ്റതുപോലെ നിങ്ങളും ഉയർത്തെഴുന്നേറ്റ്, ഞാൻ വെളിപ്പെടുമ്പോൾ നിങ്ങളും സ്വർഗ്ഗതേജസ്സിൽ വെളിപ്പെടും എന്നും സൂചന നൽകുന്നുണ്ട്.(കൊലോ. 3: 1– 4). ആരാധനയിൽ "സാക്ഷികളുടെ ഒരു വലിയ സമൂഹത്തോടൊപ്പം" പങ്കെടുക്കുന്നതായും, സ്വർഗ്ഗ സിംഹാസനത്തിനരികിൽ നിൽക്കുന്നതായും വിവരിക്കുന്നുണ്ടല്ലോ. (എബ്രായർ 12: 1– 2). സ്വർഗ്ഗീയ യെരുശലേമിൽ, "സ്വർഗ്ഗത്തിൽ പേര് എഴുതപ്പെട്ടിരിക്കുന്ന ആദ്യജാതൻമാരുടെ സഭ"എന്ന് വിശേഷിക്കപ്പെട്ട

അനുഭവവും സ്വർഗ്ഗരാജ്യമഹത്വത്തെ കൂടുതൽ വ്യക്തമാക്കുന്നുണ്ട്. (എബ്രായർ 12: 22– 23).

3) യഥാർത്ഥ സ്വർഗ്ഗദർശനം ലഭിക്കുമെന്ന പ്രത്യാശയിൽ, ഈ ലോകത്തിൽ പരിശുദ്ധാത്മ ശക്തിയാൽ ദൈവീക പരിജ്ഞാനത്തിലും, സ്വർഗ്ഗം കാണാമെന്ന പ്രത്യാശയിലും ജീവിക്കുവാൻ നിങ്ങൾ പരമാവധി ശ്രമിക്കുക. ഇപ്പോൾ നിങ്ങൾ പൂർണമായി ഗ്രഹിക്കുവാൻ കഴിവുള്ളവർ അല്ല. പൗലോസ് വീണ്ടും പറയുന്നു,

"ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും. ഇപ്പോൾ അംശമായി അറിയുന്നു, അപ്പോഴോ ഞാൻ അറിയേണ്ടത് പോലെ അറിയും."(1 കോരി.13:12.). സഭയിലെ ആരാധന സ്വർഗ്ഗീയരും ഭൗമികരും, ജീവനുള്ളവരും മരിച്ചുപോയവരും ചേർന്നുള്ള അനുഭവമാണെന്ന് നിങ്ങളോർക്കുക. ഇപ്പോൾ ജീവനോടെ ഇരിക്കുന്നവർ ശരീരംവിട്ട് മരിച്ചടക്കപെട്ടാലും, ദൈവത്തെ പ്രസാദിപ്പിക്കുന്നവരാകയാൽ എന്നിലുള്ള പുനരുദ്ധാന പ്രത്യാശയിൽ മരണംവരെ നിങ്ങൾ നിലനിൽക്കുക.(2 കൊരി.5: 9).ആകയാൽ ഞാൻ രണ്ടാമത് വരും എന്നുള്ള പ്രത്യാശ കൈവിടാതെ നിങ്ങൾ വിശ്വാസപൂർവ്വം പരസ്പരസ്നേഹത്തിൽ നിലനിൽക്കുക.(കൂടുതൽ വായനയ്ക്ക്: "യേശുവിന്റെ ആത്മകഥ വാല്യം 2, അധ്യായം 30," സ്വർഗ്ഗ രാജ്യത്തിന്റെ സവിശേഷതകൾ").

## എന്റെ രണ്ടാംവരവ് അടുത്തിരിക്കുന്നു

മനുഷ്യരെ ന്യായം വിധിക്കാനുള്ള എന്റെ രണ്ടാമത്തെ വരവ് നിശ്ചയമായും സംഭവിക്കും, എന്നാൽ അത് എപ്പോഴാണ് എന്ന കാര്യത്തിൽ ആർക്കും ഒന്നും പറയാൻ കഴിയില്ല."ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രം അല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല" എന്ന് ഞാൻ നേരത്തെ പറഞ്ഞത് ഓർക്കുന്നുണ്ടല്ലോ. (മത്തായി 24: 36– 51). നിങ്ങൾ ആരും വിചാരിക്കാത്ത നാളിൽ ആയിരിക്കും ലോകാവസാനവും ന്യായവിധിയും സംഭവിക്കുക. ഇക്കാര്യം നിങ്ങൾ വളരെ ഗൗരവമായി മനസ്സിലാക്കുക. പലരും പല കാലങ്ങളിൽ ഈ കാര്യത്തെപ്പറ്റി പ്രവചനങ്ങൾ നടത്തുന്നതൊന്നും നിങ്ങൾ വിശ്വസിക്കരുത്. ലോകാവസാനത്തിലെ ലക്ഷണങ്ങൾ ഓരോ തലമുറയിലും പലവിധത്തിൽ കാണപ്പെടുന്നത് പലരും പ്രവചനങ്ങൾ ആയി

പറഞ്ഞിട്ടുണ്ട്. യെരുശലേമിന്റെ നാശത്തെപറ്റിയും യുഗാന്ത്യത്തെപറ്റിയും ഞാൻ തന്നെ പറഞ്ഞ കാര്യങ്ങൾ "ലോകാവസാനം" ആയും എന്റെ രണ്ടാമത്തെ വരവിന്റെ ലക്ഷണങ്ങളായും പലരും തെറ്റിദ്ധരിച്ച് വ്യാഖ്യാനിച്ചിട്ടുണ്ട്. അത് കേട്ട് പലരും ഭയപ്പെട്ടിട്ടുമുണ്ട്. എന്നാൽ എന്നെ വിശ്വസിച്ച് ഞാൻ പറഞ്ഞ കാര്യങ്ങൾക്ക നുസരിച്ച് ജീവിക്കുന്ന ആർക്കും തന്നെ ഒന്നും ഭയപ്പെടാനില്ല. ഇത് സംബന്ധിച്ച് ഞാൻ ഭൂമിയിൽ ശരീര പ്രകാരം ജീവിച്ച നിങ്ങളോട് പറഞ്ഞ കാര്യങ്ങൾ ശിഷ്യന്മാർ സുവിശേഷങ്ങളിലും ലേഖനങ്ങളിലുമായി രേഖപ്പെടുത്തിയിരിക്കുന്നത് ശരിയായി വായിച്ച് ,ഗ്രഹിച്ച എന്നിലുള്ള പ്രത്യാശയിൽ ജീവിക്കുക. (അധികവായനയ്ക്ക്, "യേശുവിന്റെ ആത്മകഥ" വാല്യം 6. അദ്ധ്യായം 89:"യുഗാന്ത്യ പ്രവചനങ്ങൾ ഭയപ്പെടാതെ ജാഗ്രതയോടെ കാത്തിരിക്കുക"). ഞാൻ ഈ കാര്യത്തിൽ അറിവില്ലാത്തവൻ ആണെന്ന്, നിങ്ങളോടൊപ്പം ശരീരത്തിൽ ഇരിക്കുമ്പോൾ പറഞ്ഞതാണ് എന്ന് അറിയാമല്ലോ. അതിന്റെ കാരണം, എനിക്ക് മാനുഷികമായ പരിമിതികളുണ്ടായിരുന്നു. എന്നാൽ സ്വർഗ്ഗത്തിൽ പിതാവിനോടൊപ്പം വസിക്കുന്ന അവസ്ഥയിലും നിങ്ങളുടെ കാലഗണന പ്രകാരം ഒരു കൃത്യസമയം പറയാൻ എനിക്ക് കഴിയില്ല. കാരണം ഞങ്ങളുടെ ഒരു ദിവസം നിങ്ങളുടെ ആയിരം വർഷങ്ങൾ ആയതിനാൽ ഒരു നിശ്ചിത തീയതി പറയാനാവില്ല.(2പത്രോസ് 3: 8, സങ്കീ. 90:4).

ദൈവം സൃഷ്ടി നടത്തിയത് ആറുദിവസം കൊണ്ട് എന്ന് ചരിത്രത്തിൽ എഴുതിയെങ്കിലും അതു നിത്യയുടെ കാലഗണന (കൈറോസ്) അനുസരിച്ച് കണക്കാക്കിയാൽ ചരിത്രത്തിലെ (ക്രോണോസ്) ആറ് യുഗങ്ങൾ ആണ് എന്ന് നിങ്ങൾ മനസ്സിലാക്കണം. അതായത് നിങ്ങളുടെ ശാസ്ത്രം അഭിപ്രായപ്പെടുന്നത് പോലെ പ്രപഞ്ചവും സകല സൃഷ്ടികളും ദൈവം സൃഷ്ടിച്ചത് നിത്യയുടെ കാലഗണന അനുസരിച്ച് തന്നെയാണ്. ആദാമിന്റെ വീഴ്ച മൂലം ആരംഭവും അവസാനവും ഉള്ള "പ്രപഞ്ചചരിത്രം" ഉണ്ടായി. ഇന്ന് നിങ്ങൾ സൃഷ്ടിയിൽ കാണുന്ന എല്ലാം ആരംഭവും അവസാനവും തമ്മിലുള്ള ഇടവേളയിലേക്ക് മാത്രം മാറി മാറിക്കൊണ്ടിരിക്കുന്ന താൽക്കാലിക യാഥാർത്ഥ്യങ്ങളാണ്. അനാദികാലം മുതൽ നിത്യമായി നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങൾക്ക് ആരംഭവും അവസാനവും ഇല്ലാത്തതുകൊണ്ടാണ് ദൈവത്തെ "ആദ്യവും മാറ്റവും അന്ത്യവുമില്ലാത്തവൻ" എന്ന അർത്ഥത്തിൽ "ആൽഫയും ഒമേഗയും"എന്ന് നിങ്ങൾ പറയുന്നത്. സൃഷ്ടിയുടെ മാനദണ്ഡമനുസരിച്ച് സൃഷ്ടാവിനെ സൃഷ്ടിക്ക് മനസ്സിലാക്കാൻ കഴിയില്ല എന്ന് മനസ്സിലാക്കുക. സൃഷ്ടിയെ മനസ്സിലാക്കാൻ ശ്രമിക്കുന്ന അളവുകോൽ കൊണ്ട്

സൃഷ്ടാവിനെ അളക്കുന്നത് കൊണ്ടാണ് നിങ്ങൾക്ക് അബദ്ധം പറ്റുന്നത്. ദൈവം "ഉണ്ട്" എന്ന് പറഞ്ഞാലും "ഇല്ല" എന്ന് പറഞ്ഞാലും ദൈവത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ച് അർത്ഥമില്ലാത്ത വാക്കുകൾ ആണ്. "ഉണ്ട്" എന്ന് പറയുന്ന കാര്യങ്ങൾക്കെല്ലാം ഇല്ലാതിരുന്ന ഒരു ഭൂതകാലവും ഇല്ലാതാകുന്ന ഒരു ഭാവി കാലവും ഉണ്ട്. "ദൈവം" ആ കാലഗണനയിൽ ഉൾപ്പെടുന്നതല്ല. അതുകൊണ്ട് ദൈവത്തെപ്പറ്റി നിങ്ങൾ "എന്ത് അറിയുന്നു" എന്നതിനേക്കാൾ "എന്ത് വിശ്വസിക്കുന്നു" എന്നുള്ളതാണ് പ്രധാനം. ദൈവം വെളിപ്പെടുത്തുന്ന കാര്യങ്ങൾ വിശ്വസിക്കുക മാത്രമേ നിങ്ങൾക്ക് നിവൃത്തിയുള്ളു. അതുകൊണ്ടാണ് "ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിക്കുവിൻ" എന്ന് ഞാൻ നിങ്ങളോട് ആവർത്തിച്ച് പറഞ്ഞത്.(അധികവായനയ്ക്ക് . "യേശുവിന്റെ ആത്മകഥ" വാല്യം 3, അധ്യായം 38 കൂടി കാണുക).

ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ മാത്രം നശിച്ചുപോകാതെ നിത്യതയിലേക്ക് തന്നെ തിരിച്ചെത്താൻ ഉള്ളതാണ്. അതുകൊണ്ടാണ് മനുഷ്യൻ "നിത്യപാപി" ആകാതെയിരിപ്പാൻ അവനെ രക്ഷിക്കേണ്ടത് പിതാവിനന്റെ കൂടി ആഗ്രഹം ആയത്. ഞാൻ മനുഷ്യാവതാരം എടുത്ത് ഭൂമിയിൽ അവതരിച്ചത് അതുകൊണ്ടാണ്. ദൈവ സ്വരൂപം വഹിക്കുന്ന ഒരു മനുഷ്യൻ പോലും നഷ്ടപ്പെടാൻ സ്വർഗ്ഗപിതാവ് സമ്മതിക്കുകയില്ല. അതുകൊണ്ടാണ് ലോകം മുഴുവനും എന്റെ രക്ഷാ സന്ദേശം അറിയിക്കുവാൻ ഞാൻ നിങ്ങളെ ഏൽപ്പിച്ചത്.

നിങ്ങൾ അത് എത്രയും വേഗം പൂർത്തിയാക്കുമോ അത്രയുംവേഗം ഞാൻ രണ്ടാമതും വരും. ഞാൻ എന്ന് വരണം എന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നത് നിങ്ങളുടെ സുവിശേഷപ്രവർത്തനത്തെ ആശ്രയിച്ചാണ്. സ്വർഗ്ഗപിതാവ് മനുഷ്യരുടെ രക്ഷക്കുവേണ്ടി ചെയ്യാവുന്ന എല്ലാ കാര്യങ്ങളും പൂർത്തിയാക്കിക്കഴിഞ്ഞു. ഇനിയും എല്ലാം, ഒരു നിശ്ചിത കാലയളവ് വരെ നിങ്ങളുടെ സ്വാതന്ത്ര്യത്തിന് വിട്ടിരിക്കുകയാണ്. ആകയാൽ എന്റെ രണ്ടാമത്തെ വരവ് എന്നാണെന്നതിനെപ്പറ്റി ചിന്തിക്കാതെ, അതിനു വേണ്ടി ജാഗ്രതയോടെ ഒരുങ്ങിയിരിക്കുക എന്നാണ് ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നത്. ഒരു വിധത്തിൽ ചിന്തിച്ചാൽ, നിങ്ങളുടെ ഓരോരുത്തരുടെയും മരണം നിങ്ങളുടെ ലോകാവസാനമാണ്. ഞാൻ വീണ്ടും വരും എന്ന പ്രതീക്ഷ മാത്രമല്ല, ഞാൻ വരുമ്പോൾ നിങ്ങൾ എന്നോട് സാദൃശ്യന്മാർ ആയിത്തീ തീരണമേ എന്നും നിങ്ങൾ പ്രതീക്ഷിക്കണം. (1യോഹന്നാൻ3:1–5). നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന "ദൈവ സ്വരൂപം" എന്റെ മഹത്വപൂർണത ആകുന്ന

"സാദൃശ്യം" പ്രാപിക്കുവാൻ വിശ്വാസത്തോടെയും പ്രത്യാശയോടെയും എന്റെ കൽപനകൾ അനുസരിച്ച് ജീവിക്കാനായിട്ടാണ് നിങ്ങൾക്ക് ഈ ലോകത്തിൽ മനുഷ്യജീവിതം നൽകിയിരിക്കുന്നത്. ഞാൻ ജീവിച്ചു കാണിച്ച മാതൃക ഒരിക്കലും നിങ്ങൾ അവഗണിക്കരുത്. അവയെ അവഗണിച്ചും അവിശ്വസിച്ചും കഴിയുന്നവർ അന്ത്യന്യായവിധിയിൽ കുറ്റം വിധിക്കപ്പെടുകയും, ആകാശവും ഭൂമിയും ശൂന്യതയിലേക്ക് ചേർക്കപ്പെടുകയും ചെയ്യുന്നതുപോലെ ശൂന്യതയിൽ എത്തിച്ചേ രുകയും ചെയ്യും എന്ന കാര്യം ഞാൻ എല്ലാവരെയും ഓർമിപ്പിക്കുന്നു. എന്നെ വിശ്വസിച്ച് വിശുദ്ധ മാമോദിസ വഴിയായി മനുഷ്യരിലുള്ള "ദൈവസ്വ രൂപം" വീണ്ടും പുതുക്കുവാൻ ശ്രമിക്കാത്തവരെല്ലാം ഒന്നുമ ല്ലാതായിത്തീരും എന്നറിയുക.

എന്റെ രണ്ടാമത്തെ വരവിനെപ്പറ്റി ചിലർ ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുന്നത് ഒരുതരത്തിലും നിങ്ങൾ വിശ്വസിക്കുകയോ പ്രചരിപ്പിക്കുകയോ പങ്കാളികളാകുകയോ ചെയ്യരുത്. എന്റെ വരവിനെപ്പറ്റി പലതരം പ്രചരണങ്ങൾ നടക്കുന്നതായി ഞാനറിയുന്നുണ്ട്. (മത്തായി 24 :3 –8,36,44,50; ലൂക്കോസ് 21: 7 –9, 34; അപ്പൊ. പ്രവ.1:7; 1 തെസ്സ. 5:1–3; 2 പത്രോസ് 3: 8–10).

"സഹസ്രാബ്ദ വാഴ്ച"എന്ന ഉപദേശങ്ങളെ പറ്റി "മുൻപും പിൻപും" വിശ്വാസികൾ സ്വർഗത്തിലേക്ക് "എടുക്കപ്പെടും" എന്നും "ഇല്ലെന്നും" ഒക്കെയുള്ള തർക്കങ്ങൾ നിങ്ങൾ ഗൗരവമായി എടുക്കേണ്ടതില്ല.

ഈ തർക്കങ്ങളും ആശയക്കുഴപ്പങ്ങളും എല്ലാം അന്ത്യകാലത്ത് "എന്റെ നാമത്തിൽ" വ്യാജമായി പ്രവർത്തിക്കുന്ന സാത്താന്റെ തന്ത്രങ്ങൾ ആണെന്ന് നിങ്ങൾ തിരിച്ചറിഞ്ഞ് അതിൽ നിന്നെല്ലാം ഒഴിഞ്ഞു ജീവിക്കുവാൻ പരിശുദ്ധാത്മാവ് നിങ്ങളെ ശക്തിപ്പെടുത്തി സഹായിക്കട്ടെ. "ഞാൻ വേഗം വരുന്നു"എന്ന് യോഹന്നാൻ എഴുതിയിരിക്കുന്നത്(വെളി.22: 20) വിശ്വസിച്ചു,"ആമേൻ കർത്താവായ യേശുവേ വേഗം വരേണമേ,മാറാനാത്ത!"എന്ന് പ്രാർത്ഥിച്ചുകൊണ്ട് വിശുദ്ധിയെ തികച്ച് ഒരുങ്ങിയിരിക്കുക. ഞാൻ വേഗം വരും നിശ്ചയം.

എന്ന്, സ്വർഗ്ഗത്തിൽനിന്നും,<br>
നിങ്ങളുടെ സ്വന്തം **യേശു**<br>
15–3–2021.

**("യേശുവിൻറെ ആത്മകഥ" ഈ ഏഴാം വാല്യത്തോടെ ഇവിടെ അവസാനിക്കുന്നു.)**

# ഒടുവിൽ ഒരു വാക്ക്

ഭൂമിയിലെ എൻറെ ജനനം മുതൽ മരണവും പുനരുദ്ധാനവും സ്വർഗ്ഗാരോഹണവും രണ്ടാം വരവും വരെയുള്ള കുറേ കാര്യങ്ങൾ എൻറെ പ്രിയ ശിഷ്യൻ എൻറെ പേരിൽ നിങ്ങളോട് എഴുതി അറിയിച്ചു. എന്നോട് ധ്യാനപൂർവം ആലോചിച്ചു എൻറെ ചിന്തകളുമായി ചേർന്ന് പോകാൻ ആഗ്രഹിച്ച എൻറെ പ്രിയശിഷ്യൻ ഒരു സാധാരണ മനുഷ്യൻറെ എല്ലാ പരിമിതികളും ബലഹീനതകളുമുള്ളയാൾ തന്നെയാണ്. നിങ്ങൾ എല്ലാവരെക്കാൾ കൂടുതൽ ചെറുപ്പം മുതൽ എനിക്ക് അവൻറെ ഹൃദയത്തുടിപ്പുകൾ അറിയാം.

എൻറെ ചിന്തകളും പ്രവൃത്തികളും ഞാൻ പ്രതീക്ഷിക്കുന്ന വിധത്തിൽ എഴുതി അവതരിപ്പിക്കുവാൻ അവനു കഴിഞ്ഞിട്ടില്ലെന്നും എനിക്കറിയാം. എന്നിരുന്നാലും, അവൻറെ ജീവിതത്തിൻറെ സായാഹ്നവേളയിലും എന്നെ മനസ്സിലാക്കാൻ ശ്രമിക്കുകയും, മനസ്സിലാക്കിയ കാര്യങ്ങൾ കാലാനുസൃതമായി വിവരിച്ചു വ്യാഖ്യാനിച്ചു അവതരിപ്പിക്കുകയും ചെയ്തത് എനിക്ക് ഏറെ ഇഷ്ടമായി. ഇക്കാലത്ത് എൻറെ പേരിൽ പ്രവർത്തിക്കുന്നവരും പ്രസംഗിക്കുന്നവരും എന്നെ വേണ്ടത്ര ശരിയായി മനസ്സിലാക്കുവാനോ, മനസ്സിലാക്കിയാൽ തന്നെ മറ്റുള്ളവരോട് അവർക്ക് മനസ്സിലാകുന്ന വിധം പറഞ്ഞു കൊടുക്കുവാനോ, മാതൃകയായി ജീവിച്ച് കാണിച്ച് കൊടുക്കുവാനോ താല്പര്യമെടുത്തുടുത്ത് കാണുന്നില്ല. ഞാൻ രണ്ടായിരം വർഷം മുൻപ് പറഞ്ഞ കാര്യങ്ങളൊന്നും ഇന്നത്തെക്കാലത്ത് ചേർന്നു പോകുന്നതല്ലെന്നും, ദൈവപുത്രൻ എന്ന നിലയിൽ ഞാൻ പറഞ്ഞതും പ്രവർത്തിച്ചതും എല്ലാം മനുഷ്യരെന്ന നിലയിൽ ആർക്കും നടപ്പിലാക്കാൻ സാധിക്കാത്തത് ആണെന്ന വിധത്തിലാണ് പണ്ഡിതരും പ്രഗത്ഭരുമായ പലരുടെയും നിലപാട്. പഴയ നിയമ ചരിത്രകഥകൾ ആണ് മിക്ക പ്രസംഗകരുടെയും ചിന്താവിഷയം. ശ്രോതാക്കൾക്ക് ഇക്കാലത്ത് ഇഷ്ടപ്പെടുന്ന വിധത്തിലുള്ള സന്ദേശങ്ങൾ അവതരിപ്പിച്ച് സംതൃപ്തി തേടുന്നവരാണ് അവർ. ആന്തരികമായി ദൈവസ്വഭാവം രൂപപ്പെടുത്തുന്നതിന് പകരം ബാഹ്യമായി, മാന്യമായി ജീവിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ കേട്ടുകൊണ്ട് ജീവിക്കുവാൻ ആഗ്രഹിക്കുന്നവരാണ് ശ്രോതാക്കളിൽ അധികവും. മനസ്സാക്ഷിയെ

കുത്തിനോവിക്കുന്ന സന്ദേശങ്ങൾ പറയുന്നവരോട് പൊതുവേ വിമുഖതയാണ് അവർക്കുള്ളത്. അതുകൊണ്ടുതന്നെ അപ്രിയസത്യങ്ങൾ പറഞ്ഞു ജനത്തെ പ്രബുദ്ധരാകാൻ അധികം ആരും മുന്നോട്ടു വരാറില്ല. വന്നാൽ തന്നെ അവർക്ക് സ്വീകാര്യത ലഭിക്കാറുമില്ല. ഈ ലോകത്തിന് അനുരൂപമായ സന്ദേശങ്ങളാണ് എല്ലാവർക്കും പൊതുവെ സ്വീകാര്യമായി കാണുന്നത്. ഞാൻ പഠിപ്പിക്കാൻ ശ്രമിച്ച കാര്യങ്ങളുടെ പൊരുൾ മനസ്സിലാക്കുവാനും അവതരിപ്പിക്കുവാനും പൊതുവേ പണ്ഡിതരായ പ്രസംഗകർ ശ്രമിക്കുന്നത് കാണുന്നില്ല.

എൻറെ പുതിയ നിയമസന്ദേശത്തെ പറ്റിയുള്ള നല്ല ആധികാരിക ഗ്രന്ഥങ്ങളൊന്നും പുതുതായി അധികം എഴുതപ്പെടുന്നുമില്ല. യഹൂദമതത്തിലെ ശാസ്ത്രിമാരും പരീശന്മാരും പുരോഹിതന്മാരും ചെയ്തിരുന്നതുപോലെ എൻറെ പേരിൽ നടത്തപ്പെടുന്ന സഭകളുടെ പ്രധാനികൾ, ബുദ്ധിക്കും അറിവിനും മുൻതൂക്കം നൽകി വിശ്വാസത്തിൻറെ ആത്മാവായ "ദൈവഭക്തി" വിട്ടുകളഞ്ഞു. പരസ്പരം തർക്കിച്ച്, ബുദ്ധി തെളിയിച്ച് അവരവരുടെ വാദങ്ങൾക്ക് യോജിച്ച "പാരമ്പര്യങ്ങൾ" "പ്രമാണങ്ങൾ" എന്നിവ ഉണ്ടാക്കുന്നത് മൂലം പല വിഭാഗങ്ങളായി എൻറെ പേരിൽ തന്നെയുള്ള സഭകൾ തർക്കിക്കുന്നത് കാണുമ്പോൾ എനിക്ക് വളരെയേറെ ദുഃഖം തോന്നാറുണ്ട്. ഞാൻ യഹൂദനായി അവതരിച്ചു എങ്കിലും ലോകം മുഴുവനും വേണ്ടിയുള്ള ദൈവപുത്രനായി അവതരിച്ചത്, എല്ലാ മനുഷ്യരെയും ദൈവമക്കൾ ആക്കി സ്വർഗ്ഗപിതാവിൻറെ അടുക്കലേക്ക് കൊണ്ടുപോകാനാണ് എന്ന സത്യം ഈ ആത്മകഥ വഴി നിങ്ങൾക്ക് മനസ്സിലായിക്കാണും എന്ന് ഞാൻ കരുതുന്നു.

എൻറെ ഈ ശിഷ്യനെപ്പോലെ നിങ്ങളും ആവുംവിധം എന്നെ അടുത്തറിയാനും അറിഞ്ഞ കാര്യങ്ങൾ പരിശുദ്ധാത്മ സഹായത്തോടെ മറ്റുള്ളവരുമായി സ്നേഹപൂർവ്വം പങ്കുവെച്ച് എൻറെ യഥാർത്ഥ ശിഷ്യന്മാരായി തീരുവാനും നിങ്ങൾ ഓരോരുത്തർക്കും ഇടയാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

എൻറെ പേരിൽ മാസങ്ങളോളം അധ്വാനിച്ച ഈ എഴുത്തുകാരൻറെ ഒപ്പം ഞാനും സ്വർഗ്ഗപിതാവും പരിശുദ്ധാത്മാവും കൂടിയിരുന്നു ശക്തിപ്പെടുത്തിയത് പോലെ നിങ്ങളും പരിശ്രമിക്കും എങ്കിൽ നിങ്ങളെയും ശക്തിപ്പെടുത്തി സഹായിക്കുമെന്ന് നിങ്ങൾക്ക് ഞാൻ വാക്കു തരുന്നു. "യേശുവിൻറെ ആത്മകഥയുടെ 7 വാല്യങ്ങളും നിങ്ങളെല്ലാവരും ശ്രദ്ധാപൂർവം വായിച്ച്, ഗ്രഹിച്ച്, ദൈവത്തെ പ്രസാദിപ്പിച്ച് ജീവിക്കുവാൻ

പരിശ്രമിക്കുക. എൻറെ ഈ ആത്മകഥ എന്നെ അനുകരിച്ച് ജീവിക്കുവാൻ വായിക്കുന്ന എല്ലാവർക്കും പ്രചോദനം നൽകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. ഏതായാലും ഇത് എഴുതിയ എൻറെ പ്രിയശിഷ്യന് ഇത് അനുഗ്രഹകരമായ അനുഭവമായി തീർന്നിട്ടുണ്ട് എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്ന് നിങ്ങളുടെ, സ്വന്തം യേശു.



# ആത്മഗതം

"യേശുവിന്റെ ആത്മകഥ" പൂർത്തിയായിക്കഴിഞ്ഞു.വലിയ നോമ്പ് അവസാനിക്കുന്നതിനു മുൻപ് തന്നെ എഴുതി തീർക്കാൻ ഇടയായത് തികച്ചും ദൈവീക നിയോഗം തന്നെയായിരുന്നു.2020 നവംബറിൽ തുടങ്ങി, പ്രതിമാസം ഓരോ വാല്യം വീതം എഴുതി, സ്വയം ടൈപ്പ് ചെയ്തു, പ്റൂഫ് തിരുത്തി 7 വാല്യങ്ങളും പൂർത്തിയാക്കിയത് ഞാനാണെന്ന് പറയാമെങ്കിലും യഥാർത്ഥത്തിൽ പരിശുദ്ധാത്മാവ് എന്റെ കൈപിടിച്ച് എഴുതിപ്പിക്കുക യായിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.

എന്റെ കോളേജ് വിദ്യാഭ്യാസത്തിനു ശേഷം വൈദിക പഠനത്തിലേക്ക് തിരിഞ്ഞതും സെമിനാരി പഠനത്തിനുശേഷം സെമിനാരിയിലെ ലൈബ്രറിയിൽ 40 വർഷം പ്രവർത്തിക്കാൻ അവസരം ലഭിച്ചതും ദിവ്യബോധനം പഠന പദ്ധതിയിൽ നിരവധി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക എന്ന ചുമതല ലഭിച്ചതും ദൈവിക നടത്തിപ്പിന്റെ ഭാഗമായി ഞാൻ കാണുന്നു. സെമിനാരിയിൽ നിന്നും വിരമിച്ചശേഷം മറ്റു പല ഉത്തരവാദിത്തങ്ങളും ഏറ്റെടുക്കുവാൻ നിർദ്ദേശങ്ങൾ ഉണ്ടായെങ്കിലും അവയൊന്നും സ്വീകരിക്കാതെ, വായനയിലും കേൾവിയിലും മനനത്തിലും എഴുത്തിലും ചർച്ചകളിലും മറ്റുമായി പൂർണസമയം വ്യാപരിക്കാനാണ് സ്വർഗ്ഗപിതാവ് ആഗ്രഹിക്കുന്നത് എന്ന് എനിക്ക് ഒരു ഉൾവിളി ഉണ്ടായി. അങ്ങനെ കഴിയുന്ന അവസരത്തിൽ കുറേ ചിന്തകൾ പ്രഭാഷണ രൂപത്തിൽ ശബ്ദരേഖകൾ(Voice Clips) ആയി തയ്യാറാക്കി ഇൻറർനെറ്റ് സൗകര്യം ഉപയോഗിച്ച് ദിനംതോറും വാട്സ്ആപ്പ്, യൂട്യൂബ് എന്നീ സാമൂഹ്യമാധ്യമങ്ങളിൽ അവതരിപ്പിക്കുവാൻ ഇടയായി. ഓർത്തഡോക്സ് സഭ, ക്രിസ്തീയ ആദ്ധ്യാത്മികത, ക്രിസ്തീയ ഉപവാസം, അന്ധവിശ്വാസ പ്രതിഭാസങ്ങൾ, ധ്യാന ചിന്തകൾ, ബൈബിൾ പഠനങ്ങൾ എന്നിങ്ങനെ ഇരുന്നൂറിൽപ്പരം ലഘു ശബ്ദരേഖകൾ അവതരിപ്പിക്കുവാൻ ഇടയായതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. യേശുക്രിസ്തുവിനെ കുറേക്കൂടി അടുത്ത് അറിയാനുള്ള ആഗ്രഹം മനസ്സിൽ ഉയർന്ന് വന്നപ്പോൾ "യേശുവിനെ നോക്കുക" എന്ന ഒരു ശബ്ദരേഖ പരമ്പര 14 ലഘു പ്രഭാഷണങ്ങളിൽ കൂടി അവതരിപ്പിച്ചതിന് നല്ല പ്രതികരണം ഉണ്ടായി. യേശുവിന്റെ ജീവിതവും ഉപദേശങ്ങളും കൂടുതൽ ആഴത്തിൽ ഹൃദയപൂർവ്വം മനസ്സിലാക്കണമെന്ന

ആഗ്രഹത്തോടെ ഞാൻ അന്വേഷണം ആരംഭിച്ചു. ഗ്രന്ഥങ്ങൾക്ക് പുറമേ ഇൻറർനെറ്റ് വഴി സാമൂഹ്യ മാധ്യമങ്ങളെയും ഞാൻ ഏറെ ആശ്രയിച്ചു.

അങ്ങനെ മനസ്സ് ഒരുവിധം ശാന്തമായി മുന്നോട്ടു പോയി കൊണ്ടിരുന്നപ്പോൾ, മലങ്കര സഭയിലെ തർക്കങ്ങളെപ്പറ്റിയുള്ള ഒരു പാട് ചർച്ചകൾ സാമൂഹികമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ചരിത്രം അറിയുന്നവരും അറിയാത്തവരും അവ രവരുടെ നിലയിലുള്ള അഭിപ്രായങ്ങൾ സാമൂഹ്യമാധ്യമങ്ങളിൽ അവതരിപ്പിക്കുവാൻ തുടങ്ങിയപ്പോൾ ഞാനും എന്റെ പരിമിതമായ അറിവിൽ നിന്നുകൊണ്ട് ചില കാര്യങ്ങളൊക്കെ തുറന്നുപറയാൻ തുടങ്ങി. അതിന്റെ പേരിൽ വളരെയേറെ പരിഹാസങ്ങളും ഭീഷണികളും ഇരു ഭാഗങ്ങളിൽനിന്നും നേരിടേണ്ടി വന്നപ്പോൾ ഞാൻ മനസ്സുകൊണ്ട് വളരെയധികം ദുഃഖിതനായി. ക്രിസ്തു സ്ഥാപിച്ച സഭയുടെ യഥാർത്ഥ സ്വഭാവവും ലക്ഷ്യവും വേണ്ടതുപോലെ മനസ്സിലാക്കാതെയാണ് സഭാ തർക്കങ്ങൾ മുന്നേറുന്നത് എന്ന് മനസ്സിലാക്കിയപ്പോൾ ഞാൻ അതിൽ നിന്നും പൂർണമായി പിന്മാറുകയായിരുന്നു.

പിന്നീട്, യേശുവിനെ കൂടുതൽ അടുത്ത റിയുവാനും മനസ്സിലാക്കുവാനും അത്യധികം ഉത്സാഹത്തോടെ ശ്രമിക്കുവാൻ തുടങ്ങി. എന്റെ ഗുരുനാഥൻ അഭിവന്ദ്യ ടി. ജെ. ജോഷ്വ അച്ചന്റെ പിതൃസഹജമായ വാത്സല്യം, ഞാൻ വൈദിക സെമിനാരി വിദ്യാർഥിയായിരുന്ന കാലം മുതൽ എനിക്ക് അനുഭവിക്കുവാൻ ഇടയായിട്ടുണ്ട്. സഭാ സംബന്ധമായ കാര്യങ്ങളിൽ മൗനം പാലിക്കുവാനും പ്രയോജനകരമായ ഗ്രന്ഥരചനയിൽ ഏർപ്പെടാനും ബഹുമാനപ്പെട്ട ജോഷ്വ അച്ചൻ എന്നെ വളരെയേറെ പ്രോത്സാഹിപ്പിച്ചു. എഴുപതോളം ഗ്രന്ഥങ്ങൾ രചിച്ച ബഹുമാനപ്പെട്ട ജോഷ്വ അച്ചന്റെ ഏറ്റവും പുതിയ ഗ്രന്ഥം("എന്റെ കൃപ നിനക്ക് മതി") എനിക്ക് അയച്ചുതന്നു. അതിൽ "പീലാത്തോസിന്റെ ആത്മകഥ" എന്നൊരു അദ്ധ്യായം ഉണ്ടായിരുന്നു. അത് വായിച്ചപ്പോൾ എന്റെ മനസ്സിൽ ഉദിച്ച ആശയമായിരുന്നു "യേശുവിന്റെ ആത്മകഥ" എന്നത്. ബഹുമാനപ്പെട്ട അച്ചനോട് ഞാൻ ഈ കാര്യം പറഞ്ഞപ്പോൾ വളരെ സന്തോഷപൂർവ്വം അദ്ദേഹം എന്നോട് ഇങ്ങനെ പറഞ്ഞു: " അച്ചൻ തീർച്ചയായും എഴുതണം. ഭാഷയുണ്ട്, സമയമുണ്ട്, ഇതിനു മുൻപ് പല ഗ്രന്ഥങ്ങൾ എഴുതിയ പരിചയവുമുണ്ട്. അതുകൊണ്ട് അച്ചൻ തീർച്ചയായും എഴുതി തുടങ്ങണം. എന്റെ എല്ലാവിധ പിന്തുണയും ഉണ്ടാകും". ബഹുമാനപ്പെട്ട ജോഷ്വ അച്ചന്റെ ഈ വാക്കുകളാണ് "യേശുവിന്റെ ആത്മകഥ" എഴുതിതുടങ്ങുവാൻ കാരണമായത്. അങ്ങനെ 2020 നവംബർ മാസത്തിലെ "കുദോശ്

ഈത്തോ" ദിനത്തിൽ ഒന്നാം വാല്യം പ്രസിദ്ധീകരിച്ചു. അന്ന് മുതൽ ഇന്ന് വരെയും പ്രസിദ്ധീകരിച്ച 7 വാല്യങ്ങളും പൂർണമായി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ഉജ്ജ്വലമായ അവതാരിക എഴുതി നൽകിയ ബഹുമാനപ്പെട്ട ജോഷ്വാ അച്ചനോടുള്ള കടപ്പാട് അറിയിക്കുവാൻ വാക്കുകളില്ല. അതുപോലെതന്നെ എന്നെ ഏറെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത റവ. ഫാ. ഡോ. ജേക്കബ് കുര്യൻ; റവ.ഫാ. ഡോ. ഓ. തോമസ്; റവ. ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ എന്നിവർ നൽകിയ വിലയേറിയ പ്രോത്സാഹനങ്ങൾ, ഈ ഗ്രന്ഥരചനയ്ക്ക് വേണ്ടി എനിക്ക് ദൈവം നൽകിയ അമൂല്യ സംഭാവനകളാണ്. അവരോടുള്ള നന്ദിയും സ്നേഹവും എന്റെ ഹൃദയത്തിൽ ഞാൻ സൂക്ഷിക്കുന്നു.

യേശുവിന്റെ പേരിൽ സംഘടിതമായി ഇന്ന് നടത്തപ്പെടുന്ന പല കാര്യങ്ങളും ക്രിസ്തുവിന്റെ മനസ്സുമായി ചേർന്നുപോകുന്നതല്ലെന്ന യാഥാർത്ഥ്യം എന്റെ മനസ്സിനെ ആഴത്തിൽ മുറിവേൽപ്പിച്ചു. യേശു തന്നെ എന്നോട് പറയുന്നതായി ഭാവനയിൽ കണ്ടുകൊണ്ടാണ് ഞാൻ ഓരോ അധ്യായവും എഴുതിക്കൊണ്ടിരുന്നത്. ചിലപ്പോഴൊക്കെ ചില പ്രസ്താവനകൾ യേശുവിന്റെ വാക്കുകളായി അവതരിപ്പിക്കുമ്പോൾ, അത് വായനക്കാർ എപ്രകാരം ഉൾക്കൊള്ളും എന്ന ആശങ്ക എനിക്കുണ്ടായിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ എന്റെ അറിവില്ലായ്മയിൽ കൂടി ശരിയായ അറിവ് അന്വേഷിച്ച് കണ്ടെത്തുവാൻ വായനക്കാർക്ക് ഒരു അവസരം ദൈവം നൽകുകയാണെന്ന ഒരു പ്രതീക്ഷയാണ് എന്റെ അപക്വമനസ്സിൽ ഉയർന്നു വന്നത്. വായനക്കാരുടെ മനസിലെ "ക്രിസ്തു അനുഭവത്തെ" അല്പമെങ്കിലും തളർത്തിക്കളയുവാൻ എന്റെ "ഭാവനാവിഷ്കാരം" ഒരിക്കലും ഇടയാക്കരുതേ എന്ന് ഞാൻ എപ്പോഴും പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയാണ്. ജാതിമതഭേദമന്യേ എല്ലാ മനുഷ്യർക്കും പിന്തുടരാവുന്ന ഒരു ജീവിത മാതൃകയാണ് "സ്നേഹമാർഗ"മായി യേശു കാണിച്ചത് എന്നതിനാൽ, എല്ലാ മനുഷ്യർക്കും അതിനുള്ള ഒരു ഉത്തേജനം ഈ ഗ്രന്ഥപാരായണം മൂലം ലഭിക്കണം എന്ന ലക്ഷ്യമാണ് തുടർന്ന് എഴുതാൻ എന്നെ പ്രേരിപ്പിച്ചത്.

കേവലം ഒരു സാധാരണ മനുഷ്യൻ യേശുവിനെ നോക്കി കാണുന്നത് പോലെ കാണാനും കേൾക്കാനും വായിക്കാനും പിന്തുടരുവാനുമുള്ള ഒരു ശ്രമം വ്യക്തിപരമായി ഞാൻ നടത്തിയപ്പോൾ, എല്ലാ മനുഷ്യർക്കും യേശുവിനെ അവരുടെ സാഹചര്യത്തിൽ മനസ്സിലാക്കി അനുകരിക്കുവാനും അനുഭവിക്കുവാനും അനുഗമിക്കുവാനും

പരിശുദ്ധാത്മാവിന്റെ സഹായത്താൽ കഴിയും, അഥവാ കഴിയണം എന്ന ഉത്തമ ബോധ്യത്തിൽ ഉറച്ചു വരുവാൻ ഒരു പരിധിവരെ ബലഹീനനായ എനിക്ക് ഈ ഗ്രന്ഥരചനയിലൂടെ കഴിയുന്നു എന്ന് ഞാൻ വളരെ വിനയത്തോടെ വായനക്കാരെ അറിയിക്കട്ടെ. അപ്രാപ്യമായ, അപ്രായോഗികമായ കുറെ കാര്യങ്ങൾ രണ്ടായിരം വർഷങ്ങൾക്കു മുൻപ് യേശു പറഞ്ഞു വച്ചത്, ഇക്കാലത്ത് ഒരിക്കലും ജീവിതത്തിൽ പകർത്തുവാനും അതനുസരിച്ച് ജീവിക്കുവാനും കഴിയില്ല എന്ന "മുൻവിധി" സാത്താന്റെ വലിയ ഒരു "നുണ"യാണെന്ന തിരിച്ചറിവ് പരിശുദ്ധാത്മാവ്, വിനയ ഭാവമുള്ള വായനക്കാർക്ക് നൽകുമെന്ന വലിയ ഒരു "സത്യം" ഈ ഗ്രന്ഥ വായനയിലൂടെ വായനക്കാർ ഗ്രഹിക്കുമെങ്കിൽ, എന്റെ പ്രയത്നം സഫലമായി എന്ന് ഞാൻ കരുതും. ശിശുസഹജമായ മനസ്സോടെ യേശുവിന്റെ ജീവിതവും ഉപദേശങ്ങളും വിനയപൂർവ്വം മനസ്സിലാക്കി അവനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ മനുഷ്യർക്കും, അതിനാവശ്യമായ കൃപാവരങ്ങൾ പരിശുദ്ധാത്മാവ് നൽകുമെന്ന യാഥാർത്ഥ്യം എല്ലാവരും തിരിച്ചറിയുവാൻ ഇടയാകട്ടെ.

"എന്റെ പിതാവിന്റെ ഭവനത്തിൽ ഞാൻ ഇരിക്കേണ്ടത് അല്ലയോ?" എന്ന് ബാലനായ യേശു യെരുശലേം ദേവാലയത്തിൽ നടത്തിയ പ്രസ്താവനയോടെ ആരംഭിക്കുന്ന "യേശുവിന്റെ ആത്മകഥ", ഒടുവിൽ "പിതാവേ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഭരമേൽപ്പിക്കുന്നു" എന്ന് ക്രൂശിൽ കിടന്ന് നടത്തിയ അന്ത്യവചനത്തോടെ പൂർത്തിയാക്കിയ ഈ "രക്ഷാകര ചരിത്രം"എല്ലാ മാനവർക്കും എല്ലാകാലത്തും അനുഭവിക്കാവുന്നതും അനുകരിക്കാവുന്നതുമായ മാതൃകയാണെന്ന് ഞാൻ ബലമായി വിശ്വസിക്കുന്നു. "ഞാൻ എന്റെ ഇഷ്ടമല്ല എന്നെ അയച്ച പിതാവിന്റെ ഇഷ്ടമത്രേ ചെയ്യുവാൻ സ്വർഗ്ഗത്തിൽനിന്ന് വന്നിരിക്കുന്നത്"(യോഹ. 6:38) എന്ന യേശുവിന്റെ പ്രസ്താവനയിൽ തന്റെ മനുഷ്യാവതാരത്തിന്റെ പൂർണ ലക്ഷ്യം വെളിവാകുന്നു. എല്ലാ മനുഷ്യരും സ്വന്തം ഇഷ്ടം മാറ്റിവെച്ച് ദൈവഹിതത്തിന് കീഴ്പ്പെട്ട് ജീവിക്കുവാൻ മനസ്സുവെച്ചാൽ, യേശുവിനെപ്പോലെ ദൈവമക്കളായി രൂപാന്തരം പ്രാപിച്ചു ജീവിതസാഫല്യ ത്തിൽ എത്തിച്ചേരാൻ ഓരോ മനുഷ്യനും അവസരം നൽകിക്കൊണ്ട് സ്നേഹവാനായ സ്രഷ്ടാവാം ദൈവം പദ്ധതി ഒരുക്കിയിട്ടുണ്ട് എന്ന യാഥാർത്ഥ്യം മനുഷ്യമനസ്സുകളിൽ രൂപപ്പെടുത്തുവാൻ ഈ ഗ്രന്ഥപാരായണം മുഖാന്തര മായി തീരണം എന്നാണ് എന്റെ എളിയ പ്രാർത്ഥന. ദൈവം പിതാവാണെന്നും എല്ലാ മനുഷ്യരും ആ നിലയിൽ പരസ്പരം സഹോദരങ്ങളുമാണെന്ന യാഥാർത്ഥ്യം അംഗീകരിച്ചാൽ,

ഇന്ന് കാണുന്ന സഭകൾ തമ്മിലുള്ള വ്യത്യാസങ്ങളോ, മതഭേദങ്ങളോ, സാംസ്കാരിക പ്രതിഭാസങ്ങളോ, പ്രത്യയശാസ്ത്രങ്ങളോ ഒന്നും തന്നെ യേശു വിഭാവനംചെയ്ത സ്വർഗ്ഗ രാജ്യപൂർണതയ്ക്ക് തടസ്സമാകുന്നില്ല. യഥാർത്ഥ "ദൈവികസ്നേഹം"എന്താണെന്ന് തിരിച്ചറിഞ്ഞ് അത് എല്ലാവരും സ്വജീവിതത്തിൽ പ്രാവർത്തികമാക്കുന്നത് എങ്ങനെയെന്ന് ജീവിച്ചു കാണിച്ചുതന്ന യേശുവിന്റെ ജീവിതമാതൃക, മതത്തിന്റെ യും വിശ്വാസപ്രമാണങ്ങളുടെ യും ആചാരാനുഷ്ഠാനങ്ങളുടെയും ചട്ടക്കൂടുകളിൽ നിർവചിക്കാനും ഒതുക്കി നിർത്താനും നടത്തുന്ന ശ്രമങ്ങൾ ക്രിസ്ത്യാനികൾ എന്ന പേരിൽ ഇന്നറിയപ്പെടുന്ന സഭകളും സംഘടനകളും അവയുടെ നടത്തിപ്പുകാരും പുന പരിശോധന നടത്തി, ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം മനുഷ്യർക്ക് കാണിച്ചു കൊടുക്കുവാൻ തയ്യാറാകണമെന്നത് അടിയന്തര പ്രാധാന്യമുള്ള വസ്തുതയായി ഞാൻ കാണുന്നു. നൂറ്റാണ്ടുകളായി പടുത്തുയർത്തിയ "ക്രിസ്തീയമത"മെന്ന വലിയ പ്രസ്ഥാനം യേശു സ്വന്തമായി സ്ഥാപിച്ച"സഭ" (യോഹ16:18)എന്ന യാഥാർത്ഥ്യത്തിൽ നിന്നും എന്തുമാത്രം അകന്നു പോയി എന്ന് കണ്ടെത്തുവാനും, ആവശ്യമായ തിരുത്തലുകൾ വരുത്തുവാനും ഈ ഗ്രന്ഥപാരായണം അൽപ്പമെങ്കിലും ഇടയാക്കു മെങ്കിൽ ഞാൻ കൃതാർത്ഥനായി. മറ്റ് മതങ്ങളെ പോലെ ഒരു "മതം" സ്ഥാപിക്കാൻ ആയിട്ടല്ലല്ലോ യേശു വന്നത്. എല്ലാ മനുഷ്യരുടേയും ഏകദൈവം സ്വർഗ്ഗപിതാവാണെന്നും എല്ലാവരും സഹോദരന്മാർ ആണെന്നുമുള്ള "സ്നേഹ മാർഗ്ഗം" ലളിതമായി വിശ്വാസപൂർവ്വം ജീവിച്ചു കാണിക്കുവാൻ എല്ലാ മനുഷ്യരെയും സ്വന്തം ജീവിത മാതൃക മൂലം പ്രാപ്തരാക്കുക എന്നതാണ് യേശുവിന്റെ അനുയായികൾക്കുള്ള ഏക കടമ. ആ കാര്യം എപ്പോഴും ഓർത്തുകൊണ്ട് യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിച്ചു കാണിക്കുവാൻ "യേശുവിന്റെ ആത്മകഥ" എല്ലാവർക്കും പ്രചോദനമാ കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന് അനന്തമായ സ്തുതിയും സ്തോത്രവും ഹൃദയപൂർവ്വം അർപ്പിച്ചുകൊണ്ട്,

സ്നേഹാദരവുകളോടെ,<br>
ഫാ.സി.സി. ചെറിയാൻ.<br>
കോട്ടയം, ഈസ്റ്റർ, 2021.

# അനുബന്ധം 1
# ഉള്ളടക്കം

(വാല്യം – 1)

1) എന്റെ ബാല്യകാല സ്മരണകൾ.
2) എന്റെ ജ്ഞാനസ്നാനം ജോർദാനിൽ.
3) സാത്താൻറ പ്രലോഭനങ്ങളിൽ അകപ്പെടാതെ സൂക്ഷിക്കുക.
4) എന്റെ അത്ഭുതങ്ങൾ നിങ്ങൾക്കുള്ള അടയാളങ്ങളാണ്.
5) എന്നെ അന്വേഷിക്കുന്നവരെ ഞാൻ സ്നേഹത്തോടെ സ്വീകരിക്കുന്നു.
6) വരുവിൻ, എന്നെ അനുഗമിക്കുവിൻ.
7) ഞാൻ യഥാർത്ഥ ശിഷ്യന്മാരെ അന്വേഷിക്കുകയാണ്.
8) സ്വർഗരാജ്യത്തിലേക്ക് ഞാൻ നിങ്ങളെ കൊണ്ടു പോകാം.
9) കാനാവിലെ കല്യാണ വീട്ടിലെ എന്റെ ആദ്യ ദിവ്യ അനുഭവം.
10) ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം.
11) സൗഖ്യ ദാന ശുശ്രൂഷ ഞാൻ തുടരുകയാണ്.
12) ഭൂത ബാധയെ ഭയപ്പെടരുത്,ഞാൻ സൗഖ്യം നൽകാം.
13) ശമരിയകാരെയും ഞാൻ എന്റെ സന്ദേശം അറിയിച്ചു.
14) നിക്കോദിമോസ്സുമായി ഒരു കൂടിക്കാഴ്ച: ചർച്ചാവിഷയം "വീണ്ടും ജനനം".
15) നിങ്ങൾക്കും എന്നെപ്പോലെ ദൈവമക്കളായി തീരാം.

(വാല്യം – 2)

16 ഗ്രഹിപ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ
17. എല്ലാ നിയമങ്ങളും മനുഷ്യനന്മയ്ക്ക് വേണ്ടിയുള്ളതാണ്
18. ദൈവരാജ്യ പ്രഭാഷണപരമ്പര പരസ്യമായി ആരംഭിച്ചു
19. സ്വർഗ്ഗ സൗഭാഗ്യങ്ങൾ ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം

20. നിങ്ങൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവും ആകുന്നു
21. എന്റെ ഉപദേശങ്ങൾക്ക് നിങ്ങൾ കാതോർക്കുക
22. മൂന്ന് പ്രധാന രഹസ്യ പ്രമാണങ്ങൾ
23. ശിഷ്യപ്രാർത്ഥന നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുക.
24 ഗിരിപ്രഭാഷണ വിചിന്തനങ്ങൾ
25. എന്റെ ചില ജീവിത പ്രമാണങ്ങൾ
26.എന്റെ ഉപമകൾ കേട്ട് അനുസരിക്കുന്നവർ വഴി തെറ്റുകയില്ല
27. എന്നെ വിശ്വസിക്കുന്നവർക്ക് അത്ഭുതങ്ങൾ ആസ്വദിക്കാം
28. ഞാൻ മരിച്ചവരെ ഉയർപ്പിച്ച രണ്ട് അനുഭവങ്ങൾ
29. എന്റെ മുന്നോടിയായ സ്നാപകയോഹന്നാൻ
30 സ്വർഗ്ഗരാജ്യത്തിന്റെ സവിശേഷതകൾ

## (വാല്യം – 3)

31. സമ്പാദ്യങ്ങൾ എന്ത്, എവിടെ,എങ്ങനെ?
32. ആഹാരത്തെക്കാൾ ജീവനും, ഉടുപ്പിനേക്കാൾ ശരീരവും വലുതല്ലോ?
33. ആകാശ പറവകളെയും വയലിലെ പുഷ്പങ്ങളെയും നോക്കുവിൻ
34. നിങ്ങൾക്ക് എന്നെ അനുഗമിക്കുവാൻ മനസ്സുണ്ടോ?
35. വിതയ്ക്കുന്നവൻ വിതയ്ക്കുവാൻ പുറപ്പെട്ടു
36. ആ നല്ല ശമര്യക്കാരൻ ഞാൻ തന്നെ
37. ഒരു ധനവാന്റെയും ഒരു ലാസറിന്റെയും കഥ
38. ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ
39. വിശ്വാസമെന്ന പാറമേൽ ഞാൻ എന്റെ സഭയെ പണിയും
40. ഞാനാകുന്നു നിങ്ങളുടെ നല്ല ഇടയൻ
41. സ്വർഗ്ഗരാജ്യവിരുന്നിൽ സംബന്ധിക്കുന്നവർ ഭാഗ്യവാന്മാർ
42. എന്റെ താലന്തുകൾ കൊണ്ട് നിങ്ങൾ എന്ത് ചെയ്തു?
43. സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്
44. കാണാതെപോയ ആടും നഷ്ടപ്പെട്ട നാണയവും
45. വീട് വിട്ടുപോയ ധൂർത്ത്പുത്രനും, മകനെ കാത്തിരിക്കുന്ന സ്നേഹപിതാവും

## (വാല്യം – 4)

46. അനുകമ്പയുള്ള ശിഷ്യരെയാണ് ഞാൻ അന്വേഷിക്കുന്നത്.
47. സ്വർഗ്ഗപിതാവിനാൽ ആകർഷിക്കപ്പെടാതെ
    ആരും എന്റെ അടുക്കലെത്തുന്നില്ല.
48 നിങ്ങൾക്ക് എന്നെ വിട്ടു പോകുവാൻ തോന്നുന്നുണ്ടോ?
49. എന്നെ ലോകം വെറുത്തത്പോലെ നിങ്ങളെയും വെറുക്കും.
50 കുരിശ് ചുമക്കുന്നതാണ് എന്റെ ശിഷ്യന്റെ അടയാളം.
51. എന്റെ ശിഷ്യൻമാരോടുള്ള രണ്ട് പ്രത്യേക നിർദ്ദേശങ്ങൾ
52 നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ.
53 ജീവന്റെ അപ്പം ഞാൻ നിങ്ങൾക്ക് നൽകാം.
54. ന്യായപ്രമാണങ്ങളും പാരമ്പര്യങ്ങളും എന്റെ കാഴ്ചപ്പാടിൽ ആചരിക്കുക
55. "കൊർബോനും" "ദശാംശവും" : എന്ത്? എന്തിന്?
56. ബധിരനും മൂകനുമായ ഒരാളെ സൗഖ്യമാക്കി.
57. നിങ്ങൾ അടയാളങ്ങൾ അന്വേഷിക്കുന്നത് എന്തിന്?
58. പരീശന്മാരുടെയും സദൂക്ക്യരുടെയും പുളിച്ചമാവിനെ സൂക്ഷിക്കുക.
59. മനുഷ്യ മാനദണ്ഡങ്ങൾ അല്ല,
    ദൈവത്തിന്റെ പ്രമാണങ്ങൾ തന്നെ പാലിക്കുക.
60. ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തുന്നത് തീരാ
    നഷ്ടം തന്നെ

## (വാല്യം – 5)

61. മറുരൂപമലയിലെ സ്വർഗ്ഗദർശനം
62. ഭൂതബാധയെ അകറ്റുവാൻ ദൈവവിശ്വാസം തന്നെ വേണം
63 ശിശുക്കളെപ്പോലെ ആകുന്നതാണ് നിങ്ങൾക്ക് നല്ലത്
64. ഇടർച്ചകൾ വരുത്തുന്നവന് അയ്യോ കഷ്ടം.
65 അനുരഞ്ജനവും ഐക്യവും, ദൈവ– മനുഷ്യബന്ധങ്ങളിൽ
66. എന്റെ യെരുശലേം യാത്ര വീണ്ടും ശമര്യവഴി തന്നെ
67 യരുശലേമിലെ എന്റെ കൂടാരപെരുന്നാൾ അനുഭവങ്ങൾ
68 പാപം ഇല്ലാത്തവൻ അവളെ ആദ്യം കല്ലെറിയട്ടെ
69. എന്നെപോലെ നിങ്ങളും ലോകത്തിന്റെ വെളിച്ചം ആകണം
70. യഹൂദന്മാർക്ക് ഞാൻ ആരാണെന്ന് മനസ്സിലായില്ല, നിങ്ങൾക്കോ?
71. സത്യം നിങ്ങളെ സ്വതന്ത്രരാക്കിയാൽ ദുഷ്ടനു നിങ്ങളെ തൊടാൻ കഴിയില്ല

72. കുരുടനായി പിറക്കതക്കവണ്ണം 'ആര് പാപം ചെയ്തു?'
73. ഞാൻ വാതിൽ ആകുന്നു, എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും
74. പലതിനെചൊല്ലി വിചാരപെടാതെ മറിയ നല്ല അംശം തെരഞ്ഞെടുത്തു
75. സ്ത്രീകളുടെ മാനസാന്തരം ഞാൻ ഏറെ വിലമതിക്കുന്നു.

(വാല്യം – 6)

76. ഇവരെല്ലാമാണ് എന്റെ അപ്പോസ്തോലന്മാരും അറിയിപ്പുകാരും.
77. നല്ല കാര്യവിചാരകൻമാരെ എനിക്ക് ആവശ്യമുണ്ട്.
78. മുന്തിരിത്തോപ്പിൽ നമുക്കൊന്നിച്ച്ജോലിചെയ്യാം.
79. നിങ്ങൾ ദൈവദാസന്മാർ അല്ല;ദൈവമക്കൾ ആണ്.
80. എന്റെ ഇടത്തും വലത്തും ഇരിക്കുവാൻ നിങ്ങൾക്കും ആഗ്രഹമില്ലേ?
81. പാപിയായിരുന്ന സക്കായി വിശുദ്ധനായതെങ്ങനെ?
82. ബഥന്യായിലെ ലാസറിനെ ഉയിർപ്പിക്കുന്നു.
83. എനിക്കും ലാസറിനും ബഥന്യയിൽ വിരുന്ന് സൽക്കാരം.
84. ഓശാന ജൈത്രയാത്രയും യെരുശലേം വരവേൽപ്പും.
85. യെരുശലേം ദൈവാലയം ഞാൻ ശുദ്ധീകരിച്ചു.
86. വീണ്ടും ചില ഉപമകളും ചോദ്യങ്ങളും ഉത്തരങ്ങളും.
87. എന്നെ അന്വേഷിക്കുന്ന എല്ലാവരെയും ഞാൻ സ്നേഹത്തോടെ സ്വീകരിക്കും.
88. പരീശന്മാരെ, ശാസ്ത്രിമാരെ നിങ്ങൾക്ക് അയ്യോ കഷ്ടം!
89. യുഗാന്ത്യ പ്രവചനങ്ങൾ: ഭയപ്പെടാതെ, ജാഗ്രതയോടെ, കാത്തിരിക്കുക.
90. ഞാൻ യാത്ര പറയുന്നു; നിങ്ങൾ ധൈര്യമായിരിക്കുക.

# വിഷയ അനുക്രമണിക

(A Brief Subject Index).

യേശുവിൻറെ ആത്മകഥ ഏഴ് വാല്യങ്ങളിൽ പലയിടങ്ങളിലായി പരാമർശിക്കപ്പെടുന്ന വിഷയങ്ങൾ കണ്ടുപിടിക്കുന്നതിന് സഹായകമായ വിധത്തിൽ ഒരു ലഘു വിഷയാനുക്രമണിക തയ്യാറാക്കിയതാണ്. ഭാഷാപരമായും സാങ്കേതികമായും വേണ്ടത്ര പരിജ്ഞാനമില്ലെങ്കിലും, എൻറെ പരിമിതമായ കഴിവനുസരിച്ച് തയാറാക്കിയതിൽ വന്നു കൂടിയിരിക്കുന്ന പിശകുകളും കുറവുകളും വായനക്കാർ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. "അകാരാദി" ക്രമം കൃത്യമായി പാലിക്കുവാൻ കഴിഞ്ഞിട്ടില്ല. തന്നെയല്ല വാക്കുകൾ കൃത്യമായി കണ്ടുപിടിക്കുവാൻ ചിലപ്പോൾ ഒരു പേജ് മുഴുവനും പരിശോധിക്കേണ്ടി വന്നേക്കും. പ്രതീക്ഷിച്ച അത്ര വിശദീകരണങ്ങൾ ഉണ്ടാകണമെന്നില്ല. എല്ലാ വാല്യങ്ങളും പൂർണ്ണമായി വായിക്കുവാൻ ഒരു പ്രചോദനം നൽകുക എന്നത് കൂടിയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

വിശുദ്ധ വേദപുസ്തക വാക്യങ്ങൾ എഴുതുന്ന രീതിയാണ് ഇതിൽ അവലംബിച്ചിരിക്കുന്നത്. ഓരോ വാക്കു കഴിഞ്ഞ്, ആദ്യം വാല്യം നമ്പരും പിന്നീട് പേജ് നമ്പറുകളും ആണ് നൽകുന്നത്. ചില വാക്കുകൾ പല വാല്യങ്ങളിൽ ഉണ്ടെങ്കിൽ ആ വാല്യങ്ങളുടെ നമ്പറുകളും കൂടെ ചേർത്ത് കാണും. ഉദാഹരണം: അൽഭുതങ്ങൾ, 1:19,23–30; 2:31. അതായത് ഒന്നാം വാല്യം 19 ആം പേജിലും 23 മുതൽ 30 വരെ പേജുകളിലും, രണ്ടാം വാല്യം 31 ആം പേജിലും കാണാവുന്നതാണ്. ഇപ്രകാരം ആവശ്യാനുസരണം വാക്കുകൾ, വാല്യങ്ങൾ, പേജുകൾ എന്നിവ പരിശോധിച്ച് കണ്ടുപിടിക്കാവുന്നതാണ്.

## അ

അന്വേഷിപ്പിൻ കണ്ടെത്തും 1:32; 2:100.
അക്ഷരവും ആത്മാവും, 1:61,62; 2:34.
അത്ഭുതങ്ങൾ
അവിശ്വാസികൾക്ക്.1:19,23–30; 2:31.
അനുസരണം 2:63,64; 6:94.
അനുകമ്പ 4:15;
അഞ്ചപ്പവും അയ്യായിരവും. 4:58.
അപ്പം, ജീവൻറെ 4:65; 2:90;7:30.
അടയാളങ്ങൾ. 4: 101.
അനുരഞ്ജനം അത്യാവശ്യം. 2:68; 5:45.
അപ്പോസ്തലന്മാർ 6:.15 7:19, 35;111–
അറിയിപ്പുകാർ 6:21
അനീതിയുള്ള മാമോൻ.2:95; 6:29
അറിവും തിരിച്ചറിവും 2:22.
അയ്യോ കഷ്ടം! 6:112
അത്തിയെ ശപിക്കുന്നു 6:83
അന്ത്യ അത്താഴം 7:28–33
അന്ത്യപ്രഭാഷണം.7: 42,42

## ആ

ആരാധന 1:20
ആത്മാവ് നഷ്ടപ്പെട്ടാൽ 4:123
ആത്മീയ അച്ചടക്കം 2:41
ആണ ഇടരുത് 2:71.
ആകുലചിന്ത അരുത് 2:96.
ആഹാരവും ജീവനും 3:20.
ആട്, കാണാതെപോയ 3:113–117.
ആശ്വാസപ്രദനായ
പരിശുദ്ധാത്മാവ്.7:46,47

## ഇ

ഇൻറർനെറ്റും പരിശുദ്ധാത്മാവും 5:80
ഇൻറർനെറ്റും ദൈവരാജ്യവും1:80,81.
ഇടയൻ, നല്ല 3:82.
ഇടർച്ച വരുത്തുന്നവന് കഷ്ടം5:37.

## ഈ

ഈ ലോകത്തിൻറെ ദൈവം1:21.

## ഉ

ഉപവാസം,എന്ത്? എങ്ങനെ?2:80–82.
ഉപമകൾ, യേശു പറഞ്ഞവ.2:113
ഉപമകളും ചോദ്യങ്ങളും 6:94
ഉപ്പ്, ഭൂമിയുടെ 2:54–56.
ഉയിർത്തെഴുനേൽപ്പ്, യേശുവിൻറെ 7:96–

## ഒ

ഒരു ദിവസം, ആയിരം സംവത്സരം 7:136
ഓശാന ജൈത്രയാത്ര 6:78

## എ

എതിർ ക്രിസ്തു ആര്? 5:81
എൻറെ നാമത്തിൽ അപേക്ഷിക്കുക, 6:134
എൻറെ വാഗ്ദാനങ്ങൾ 7:42.
എമ്മവൂസിലെ ശിഷ്യർ 7:101
എളിയവരെ ആദരിക്കുക.4:54.

## ഏ

ഏവൻഗേലിസ്ഥർ 6:21,22

## ഐ

ഐക്യവും അനുരഞ്ജനവും.5:45.
ഐസ്, വെള്ളം, നീരാവി (ത്രിത്വം–
ഉദാഹരണം).7:50

## ക

കരുണ, ദൈവീക 2:49,105.
കടങ്ങളും പാപങ്ങളും 2:91.
കപടഭക്തി അപകടം 6:115
കബറടക്കം, യേശുവിൻറെ. 7:92–94
കഷ്ടങ്ങളുടെ മധ്യത്തിൽ 6:137
കള്ള പ്രവാചകന്മാർ 2:100–
കനാന്യ സ്ത്രീയുടെ മകൾ 2:122.
കമ്പ്യൂട്ടർ സ്നേഹമാർഗ്ഗം5:112.
കാനാവിലെ കല്യാണം, 1:64
കാര്യവിചാരകൻമാർ 6:24
കാൽ കഴുകൽ, ശിഷ്യരുടെ7:19–
കിദ്ദുഷ് /ഖബ്ബുറ വിരുന്ന്.7:23
കുറ്റപത്രം, യേശുവിൻറെ7:73
കുടുംബജീവിതവും വിവാഹവും. 1:66
കുരുടനെ സൗഖ്യം 5:98

കുരുടന്മാരായ വഴികാട്ടികൾ.2:115.
കുറുനരികൾക്ക് മാളമുണ്ട്.3:15.
കുരിശ് ചുമക്കുന്നവരാണ് ശിഷ്യന്മാർ. 4:43.
കുഷ്ഠരോഗിയുടെ സൗഖ്യം1:85; 5:56.
കൂടാര പെരുന്നാൾ 5:59
കൊർബോൻ, വഴിപാട് 4:83

## ഗ

ഗത്സമൻ തോട്ടം 7:62
ഗദര ദേശത്തെ "ലഗിയോൻ"1:95.
ഗ്രഹിക്കുക 1:43.

## ജ

ജനക്കൂട്ടത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കുക.4:51
ജീവിത മാതൃക 1:12
ജോലിക്കാർ മുന്തിരിത്തോപ്പിൽ 6:31.

## ഞാ

ഞാൻ ആകുന്നവൻ ഞാൻ ആകുന്നു. 5:74.

## ത

തളർവാത രോഗി 1:86.
തർക്കവും ചർച്ചയും 2:24
താഴ്മയുടെ മഹത്വം 1:58.
താലന്തുകൾ, ദൈവീകം 3:97
തീർത്ഥാടനം 1:1–3.
തോമാശ്ലീഹ 6:.17     7:114
ത്രീയേക ദൈവം 1:11; 7:50

## ദ

ദനഹ 1:11;
ദശാംശം 4:87.
ദാസനും സ്വതന്ത്രനും 5:93
ദാനധർമ്മം 2:74;110–12
ദാരിദ്ര്യം, ആത്മീയ 2:44.
ദുഃഖം, ആശ്വാസത്തിലേക്ക്2:44.
ദൈവവിളി 1:7
ദൈവഹിതം 1:15; 2:88
ദൈവസ്വരൂപം 1:51; 2:109
ദൈവ മക്കൾ ആരെല്ലാം?1:118,124.
ദൈവരാജ്യം 1:78; 2:88
ദൈവരാജ്യമർമ്മങ്ങൾ 2:36.
ദൈവപിതാവിനോട് പ്രാർത്ഥിക്കുക 2:86.
ദൈവ പിതാവിനാൽ ആകർഷിക്കപ്പെടുക 4:23.
ദൈവവിശ്വാസവും സൗഖ്യവും 5:23.
ദൈവ–മനുഷ്യബന്ധങ്ങൾ 5:45
ദൈവദാസൻമാർ അല്ല ദൈവമക്കൾ ആണ്. 6:39
ദേവാലയ ശുദ്ധീകരണം:6:86,91
ദൗത്യ ബോധം 1:5

## ധ

ധന സമ്പാദ്യങ്ങൾ 3:13,19
ധനവാനും ലാസറും 3:58
ധൂർത്ത പുത്രൻ 3:123.

## ന

നല്ല ഇടയൻ 3:82
നല്ല അംശം 5:115
നസ്രേത്ത് 1:12
നഥാനിയേൽ 1:50
നയീനിലെ മകൻ 2:127
നിക്കോദിമോസ് 1:110
നിയമങ്ങൾ, മനുഷ്യന് 2:29,34
നിക്ഷേപം എവിടെ? 3:19.
ന്യായവിധി, ദൈവീക 2:108
ന്യായപ്രമാണങ്ങൾ.4: 74.

## പ

പരിശുദ്ധാത്മാവ് 2:116;7:43–
പരിശുദ്ധാത്മ സഹായം 1:53,7:43,128–131
പരിശുദ്ധാത്മവ് പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നു.6:136
പരിശുദ്ധാത്മ ദാനം 7:45_50
പരിമളതൈലം, മറിയ 6:71
പഴയനിയമ ഉടമ്പടികൾ 7:39,40.
പരീശന്മാർ 4:108
പതിനൊന്നാം മണി വേലക്കാർ 6:31
പത്രോസ് പ്രധാന ശിഷ്യൻ 4:33

പറവകളും ആകാശവും 3:28
പരിഹാസം, യേശുവിനെപ്രതി 2:53
പഠിക്കാതെ പഠിപ്പിക്കരുത്.    2: 116.
പാതാളം 2:41,7:92_94
പത്ത് കന്യകമാർ. 6: 128
പാപം ഇല്ലാത്തവൻ കല്ലെറിയട്ടെ. 5:66
പാപവും രോഗവും തമ്മിൽ ബന്ധം.5: 98
പാരമ്പര്യങ്ങൾ 4:77
പാപമില്ലാതെ ജീവിക്കാം 2:38
പിതാവിനോട് പ്രാർത്ഥിക്കുക. 2:86
പിതാവേ കഴിയുമെങ്കിൽ..7:79–85
പീലാത്തോസ് 7:70.
പീഡനങ്ങൾ, നീതിനിമിത്തം  2:52
പെസഹ, പ്രത്യേകതകൾ7:28
പുതിയ വീഞ്ഞ് പുതിയ തുരുത്തി.1: 63
പുതിയനിയമ ബലി 7:28–33
പുതിയനിയമ പ്രമാണങ്ങൾ 2:39
പുത്രനെ കൊലചെയ്ത കുടിയാന്മാർ 6:96
പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവും 5:87
പ്രത്യക്ഷപ്പെടലുകൾ, യേശുവിൻറെ 7:100,104,111
പ്രതികാരം പാടില്ല 2:72.
പ്രലോഭനവും പരീക്ഷകളും 2:92.
പ്രവൃത്തിയും വിശ്വാസവും 1:120.
പ്രശംസ പ്രതീക്ഷിക്കരുത്.2: 27.
പ്രകാശം, ദൈവിക 2:59–62.
പ്രാർത്ഥന എന്ത്? എങ്ങനെ?2:75–79
പ്രാർത്ഥന, ശിഷ്യരുടെ 2:83

## ബ

ബർ– അബ്ബാസ് (ബറാബാസ് ) 7:96
ബർത്തലോമിയോ.6:17

## ഭ

ഭക്ഷണപ്രിയം 1:17
ഭവനാന്തരീക്ഷം 1:2,3.
ഭൂതബാധയും ഭൂതോച്ചാടനവും5:22;

## മ

മശിഹാ അവബോധം.1: 1;6:
മര്യാദയോടെ സംസാരിക്കാം. 2:98.
മക്കളെ മറക്കരുത് 1:5
മൺരാജ്യം (കിങ്ഡ്ഡം ഓഫ് എർത്ത് ) 1:61
മധ്യസ്ഥ പ്രാർത്ഥന 1:71,72
മനുഷ്യരെ പിടിക്കുന്നവർ 1:74
മനോഭാവം,നല്ല 2:66
മതം, മനുഷ്യ നിർമ്മിതം 2:118
മരണവും കബറടക്കവും, യേശുവിൻറെ 7:86–
മരണവും മരണാനന്തര അവസ്ഥയും. 2:130–135
മനുഷ്യ മാനദണ്ഡങ്ങൾ 4:115
മറുരൂപമല, സ്വർഗ്ഗദർശനം 5:14
മഹാപുരോഹിതർ, സന്നദ്രിം.7:65
മഹാപുരോഹിതപ്രാർത്ഥന, യേശുവിൻറെ 7:52–
മാമോദിസ 1:10,12,115,122
മാനസിക പ്രലോഭനം 1:18
മാമോൻ യജമാനനാകരുത് 2:95
മാർഗ്ഗനിർദ്ദേശങ്ങൾ, ശിഷ്യന്മാരോട് 4:17
മാനസാന്തരം 5:121
മാളികയിലെ വിരുന്ന് 7:28–33
മുന്തിരിത്തോപ്പിലെ ജോലിക്കാർ. 6:31

## യ

യഥാർത്ഥ ശിഷ്യത്വം 1:48; 6:71.
യജമാനന്മാർ 2 വേണ്ട. 2: 94.
യാചിക്കുവിൻ, ലഭിക്കും.1:53;2:75
യായീറോസിൻറെ മകൾ 2:128
യുഗാന്ത്യം:ലക്ഷണങ്ങൾ 6:125
പ്രവചനങ്ങൾ. 6:122
യൂദായുടെ ദ്രവ്യാഗ്രഹം 6:19,72;  7:82.

## ര

രക്ഷയും മാമോദീസയും.1:155,122
രണ്ടാം വരവ്, യേശുവിൻറെ1:123;  7:135
രോഗശാന്തിക്ക്, മനുഷ്യ വിശ്വാസവും ദൈവ ശക്തിയും 2:123–125.

## ല

ലാസറിനെ ഉയിർപ്പിക്കുന്നു.6:60

ലേവി എന്ന മത്തായി 1:88
ലോക രാജ്യം 1:59
ലോകം നിങ്ങളെ പകയ്ക്കും 4: 36
ലോകത്തെ സ്നേഹിക്കരുത് 4:49
ലോകം മുഴുവൻ നേടിയാലും 4:123
ലോകത്തിൻറെ വെളിച്ചം 2:57;5:74
ലോകാവസാനം 6:126

## വ

വല– ഇൻററർനെറ്റ് 5:110
വാഗ്ദാനങ്ങൾ, യേശുവിൻറെ 7:42
വിവാഹവും കുടുംബജീവിതവും 1:66.
വിവാഹമോചനം 1:67.
വിശ്വാസവും പ്രവൃത്തിയും 1:120.
വിശ്വസിപ്പിൻ, ദൈവത്തിൽ 3:67.
വിശ്വാസത്തിൻറെ വിസ്തൃതി.3:70
വിശ്വാസപ്രമാണങ്ങൾ 3:74
വിശ്വാസമാകുന്ന പാറ 3:76.
വിരുന്ന്, സ്വർഗീയ അനുഭവം.3:90
വിരുന്ന്, ബഥാന്യായിലെ 6:70
വിധവയുടെ ചില്ലിക്കാശ് 6:82
വീഞ്ഞും വിരുന്നും.1: 71; 7:28
വീട്ടുകാരുടെ അനുവാദം 3:39
വെളിച്ചം, ലോകത്തിൻറെ 2:57,58
വെളിച്ചം, സൃഷ്ടിക്കപ്പെടാത്ത 5:77.
വേദപഠനം 1:4

## ശ

ശമരിയക്കാർ 1:52,101
ശമര്യ സ്ത്രീ 1:102
ശമര്യക്കാരൻറെ ഉപമ.3: 50
ശാബത് ശനി 7:94–
ശാരീരിക പ്രലോഭനം. 1:17
ശിഷ്യത്വവ്യവസ്ഥകൾ 4:15,29
ശിഷ്യ പ്രാർത്ഥന, 2:83.
ശിഷ്യന്മാരോട് വ്യക്തിപര സംഭാഷണം. 6:74; 7:117–
ശിശുക്കളെപ്പോലെ ആകണം.5:29
ശീമോൻ പത്രോസ് 1:40;7:117
ശിമോനേ നീ എന്നെ സ്നേഹിക്കുന്നുവോ? 7:117

## സ

സഭ, യേശുവിൻറെ 3:77;7:59
സഭയാകുന്ന മുന്തിരിത്തോപ്പ്.6:34
സക്കായി വിശുദ്ധനായി 6:52
സകലരെയും ശിഷ്യരാക്കി കൊൾവിൻ 7:117–
സമാധാനം, ദൈവീക 2:51.
സമർപ്പണം, ആരാധനയിൽ.2:93.
സമ്പാദ്യങ്ങൾ എന്ത് ?എവിടെ? 3:13
സമാധാനം അല്ല വാൾ അത്രേ.3: 104
സാദൃക്ക്യർ 4:108

സുവിശേഷ വെളിച്ചം 1:6
സുവിശേഷ പ്രവർത്തനങ്ങൾ 5:120
സെഹിയോൻ മാളികയിലെ പ്രബോധനം. 7:41,42.
സ്നാപകയോഹന്നാൻ 1:10; 2:136.
സ്നേഹം –ഇഷ്ടം 4:43
സ്നേഹിക്കണം 2:103
സ്നേഹിക്കരുത്, ലോകത്തെ 4:49
സ്നേഹമാർഗ്ഗം, സോഫ്റ്റ്‌വെയർ 5:112.
സ്വർഗ്ഗരാജ്യം 1:56,60;7:132
സ്വർഗ്ഗ സൗഭാഗ്യങ്ങൾ 2:44.
സ്വർഗ്ഗരാജ്യസവിശേഷതകൾ. 2:141
സ്വർഗ്ഗരാജ്യം, പഴയനിയമം 2:147
സ്വർഗ്ഗരാജ്യം പുതിയ നിയമം 2:149
സ്വർഗത്തിൽ വിവാഹമില്ല 6:99
സ്വർഗ്ഗാരോഹണം 7:124
സൗമ്യത, 2:46.
സൗഖ്യദായക ശുശ്രൂഷകൾ. 1:83–86.

സ്ത്രീകളുടെ സ്ഥാനം 2:70
സ്ത്രീകളും ആത്മീയ ജീവിതവും.5: 124
സ്ത്രീ ശിഷ്യകൾ 5:129.

(സമാപ്തം).

# അനുബന്ധം 2

## About the Author

Fr.C.C.Cherian, aged 72, born in ”Chungath Family” from Kunnamkulam Diocese of the Malankara Orthodox Church, received the following education: B.Sc&B.Lib.Sc degrees from the Kerala University, B.D & M.Th degrees from the Serampore College,and PG Diploma Certifcates :

1. in Syriac language from SEERI, Kottayam,

2. in Archival studies, from the National Archives,New Delhi, and from the State Library Tiruvananthapuram,

3. in Christian Spirituality from Tandoor Ecumenical Institute, Jerusalem.

He served as the chief Librarian and Archivist for 40 years at the Orthodox Teological Seminary Kottayam. He has also contributed his eforts towards the formation of “MGDM Archives”, “MJDM Micro Library” ,”OSDL” Digital library, “Divyabodhanam “Study Program& Publication of 30 text books, Tiruvachana Bhashyam,”a commentary series of N T in 15 volumes, The Church Encyclopedia”,”Sabhavijnanakosam”,”Mar Gregorios Foundation” & several Publications of the writings of LL.Dr Paulose Mar Gregorios etc. He served as the personal secretary to H.G. Dr Paulose Mar Gregorios for 20 years, till his demise in1996.

He also served as the Secretary of the “Alumne Association”and has published”Sabha Gana Madhuri” a series of 16Audio Cassette tapes of Ekkara& other Church Musics sung by Revd.Fr. Malpan N K Koruth Njarthankal of blessed memory. He also served as the staf advisor for diferent activities in the seminary. He retired from the Seminary in 2014.

Fr.Cherian served in 14 parishes of Kottayam Diocese from 1973 onwards and retired in 2018.He lives in Kottayam with his wife Saly Cherian. His children Reena, Cyril and Paul live abroad with their families. All of them are much grateful to the Almighty God who provided them with His abundant blessings.


# Books by the Author

1. ദൈവജനം, ദിവ്യബോധനം ഗ്രന്ഥാവലി, കോട്ടയം 1986
2. നേർവഴിയിൽ (ഒന്നാം ഭാഗം), ദിവ്യബോധനം, 1988
3. The People of God, Divyabodhanam, 1989
4. ഭൂമിയുടെ അറ്റത്തോളവും, പാരിഷ് മിഷൻ ഗ്രന്ഥാവലി, 1995
5. ഉപവാസം ക്രിസ്തീയ വീക്ഷണത്തിൽ, സി. സി. ബുക്സ്, കോട്ടയം, 1996
6. ഉപവാസവും ആത്മീയ ശിക്ഷണവും, സി. സി. ബുക്സ്, കോട്ടയം 1996
7. മാർ ഗ്രീഗോറിയോസ്, ഓർമ്മയുടെ തീരങ്ങളിൽ, സി. സി. ബുക്സ്, കോട്ടയം 1996
8. ക്രൈസ്തവ ആദ്ധ്യാത്മികത, ദിവ്യബോധനം, 1997
9. ഉപവാസം ഒരു പഠനം, സി. സി. ബുക്സ് 1996
10. സംഘർഷങ്ങൾ ആത്മീയ ജീവിതത്തിൽ, MGOCSM, 1998
11. അന്ധവിശ്വാസത്തിന്റെ ബന്ധനങ്ങൾ, Premier Books, Kottayam, 2000
12. യെരുശലേമിലേയ്ക്ക് ഒരു സഫല യാത്ര, കോട്ടയം, 2008
13. ക്രിസ്തീയ ജീവിത സാഫല്യം, MOC Publications, Kottayam, 2008
14. ക്രിസ്തീയ ഉപവാസം എന്ത്, എന്തിന്, എങ്ങനെ, കോട്ടയം 2008
15. Walk The Way: Reflections on the faith and practices of the Orthodox Church. C. C. Books, Kottayam, 2020
16. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 1, സി. സി. ബുക്സ്, കോട്ടയം 2020
17. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 2, സി. സി. ബുക്സ്, കോട്ടയം 2020
18. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 3, സി. സി. ബുക്സ്, കോട്ടയം 2021
19. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 4, സി. സി. ബുക്സ്, കോട്ടയം 2021
20. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 5, സി. സി. ബുക്സ്, കോട്ടയം 2021
21. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 6, സി. സി. ബുക്സ്, കോട്ടയം 2021
22. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 7, സി. സി. ബുക്സ്, കോട്ടയം 2021

# യേശുവിന്റെ ആത്മകഥ

(ഒരു ഭാവനാവിഷ്കാരം)

വാല്യം 7



ഫാദർ. സി. സി. ചെറിയാൻ

Chungath House,
Malloosserry P.O.
Kottayam - 686 041
E-Mail: frcccherian@gmail.com
Website: www.ccbooks.in

C.C. BOOKS KOTTAYAM
CHRISTIAN COMMUNICATIONS

Rs. 120/-